22 ജൂലൈ 2025 ചൊവ്വ
1200 കർക്കടകം 6

# മലയാള മനോരമ

ESTABLISHED 1888

വി.എസ് പ്രത്യേക പേജുകൾ P.2,6,7,8,9,10,11,12,13

## ജനനായകൻ വി.എസ്. അച്യുതാനന്ദൻ വിടവാങ്ങി

സിപിഎമ്മിന് രൂപം കൊടുത്ത 32 പേരിൽ വിടവാങ്ങുന്ന അവസാന നേതാവ്

കേരളത്തിലെ ഏറ്റവും പ്രായം കൂടിയ മുഖ്യമന്ത്രി; 2006ൽ സ്ഥാനമേറ്റത് 82–ാം വയസ്സിൽ

ഏറ്റവും കൂടുതൽ കാലം പ്രതിപക്ഷനേതാവ്; 14 വർഷം



“ സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ പങ്കുവഹിക്കാൻ കഴിഞ്ഞതാണ് എന്റെ സന്തോഷം

\- വി എസ്

പുന്നപ്ര–വയലാർ സമരനായകൻ

മനുഷ്യനും മണ്ണിനും നീതിക്കുമായി നിലകൊണ്ട പോരാട്ടവീര്യം

വര: വിനയ തേജസ്വി

1923–2025

# വി Salute

ഓർമയാകുന്നത് ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഏറ്റവും തലമുതിർന്ന നേതാവ്

## ഇന്നും നാളെയും പൊതുദർശനം; സംസ്കാരം നാളെ മൂന്നിന്

തിരുവനന്തപുരം ● ജീവിതകാലമത്രയും സമരം ചെയ്ത വിഎസ് മരണത്തോടുള്ള ധീരമായ ചെറുത്തുനിൽപ് അവസാനിപ്പിച്ചു. ജീവിതത്തിലും സമൂഹത്തിലും പാർട്ടിയിൽപോലും ‘കൊടിയ ദുഷ്പ്രഭുത്വ’ത്തോടു സമരസപ്പെടാതെ പോരാടിയ മുൻ മുഖ്യമന്ത്രിയും സമുന്നത സിപിഎം നേതാവുമായ വി.എസ്.അച്യുതാനന്ദൻ (101) ഇനി ഓർമയിലെ കെടാത്തീ.

മനുഷ്യനുവേണ്ടി കമ്യൂണിസ്റ്റായി, മനുഷ്യനും മണ്ണിനും നീതിക്കും വേണ്ടി പോരാടിയ പുന്നപ്ര-വയലാർ സമരസേനാനി ഇന്ന് അവസാനമായി തിരുവനന്തപുരത്തുനിന്ന് ആലപ്പുഴയിലേക്കു യാത്രയാകും. ഒട്ടേറെ കമ്യൂണിസ്റ്റ് നേതാക്കളുടെ സ്മരണകളിരമ്പുന്ന ആലപ്പുഴ വലിയ ചുടുകാട്ടിൽ സിപിഎമ്മിന്റെ സ്ഥാപകനേതാക്കളിലെ അവസാനത്തെയാളും നാളെ ജ്വാലയാകും.

തിരുവനന്തപുരം എസ്‌യുടി ആശുപത്രിയിൽ ഇന്നലെ ഉച്ചകഴിഞ്ഞ് 3.20നായിരുന്നു വിയോഗം. കഴിഞ്ഞ മാസം 23നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

● എകെജി പഠനഗവേഷണ കേന്ദ്രത്തിലെ പൊതുദർശനത്തിനുശേഷം മൃതദേഹം ഇന്നലെ രാത്രി തിരുവനന്തപുരം ബാർട്ടൺ ഹില്ലിൽ മകൻ വി.എ.അരുൺകുമാറിന്റെ വസതിയായ വേലിക്കകത്ത് വീട്ടിലെത്തിച്ചു.

● ഇന്നു രാവിലെ 9 മുതൽ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ പൊതുദർശനം.

● ഉച്ചയ്ക്കുശേഷം വിലാപയാത്രയായി ദേശീയപാതയിലൂടെ കൊല്ലം വഴി ആലപ്പുഴയിലേക്കു കൊണ്ടുപോകും. ഇതിനിടയിലുള്ള വിവിധ കേന്ദ്രങ്ങളിൽ പൊതുദർശനത്തിന് അവസരം.

● ഇന്നു രാത്രി ഒൻപതോടെ പുന്നപ്ര പറവൂരിലെ വേലിക്കകത്തു വീട്ടിലെത്തിക്കും.

● നാളെ രാവിലെ 9 മുതൽ സിപിഎം ജില്ലാ കമ്മിറ്റി ഓഫിസിലും 10 മുതൽ ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിലും പൊതുദർശനം.

● ഉച്ചകഴിഞ്ഞു മൂന്നിനു വലിയ ചുടുകാട്ടിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം.

മനോരമ
# പ്രാദേശികം



എസ്എൻഡിപി യോഗം 1488-ാം നമ്പർ ചെറുമൂട് വെള്ളിമൺ ശാഖയിൽ നടന്ന വിദ്യാഭ്യാസ പുരസ്കാരവും അനുമോദനവും കുണ്ടറ യൂണിയൻ സെക്രട്ടറി അഡ്വ. എസ്.അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

### കാലാവസ്ഥ

- പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെലോ അലർട്ട്
- സംസ്ഥാനത്ത് ശക്തമായ മഴയ്ക്കു സാധ്യത
- മണിക്കൂറിൽ 40-60 കിലോമീറ്റർ വേഗത്തിൽ കാറ്റു വീശിയേക്കും
- കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

### ഇന്നത്തെ പരിപാടി

- മരുത്തടി ദേവി ക്ഷേത്രം: ഭാഗവത സപ്താഹ യജ്ഞം - അന്നദാനം 1.00, തിരുവാതിരക്കളി 5.15.

### SHORTS

### യോഗ ഇൻസ്ട്രക്ടർ അഭിമുഖം നാളെ

കുണ്ടറ● പഞ്ചായത്ത് ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിൽ വനിതകൾക്കായി നടത്തുന്ന യോഗ പരിശീലനത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ ഇൻസ്ട്രക്ടറുടെ ഒഴിവിലേക്കുള്ള അഭിമുഖം നാളെ രാവിലെ 11.30ന് നടക്കും. നിർദിഷ്ട യോഗ്യതയുള്ളവർ രാവിലെ 11ന് പഞ്ചായത്തിൽ എത്തണം.

### കോൺഗ്രസ് നിവേദനം നൽകി

കിഴക്കേ കല്ലട● സിവികെഎം എച്ച്എസ്എസിലെ കാലപ്പഴക്കം ചെന്ന് തകർന്ന് വീഴാൻ സാധ്യത ഉള്ള മതിലും കെട്ടിടവും പൊളിച്ചുമാറ്റി പുതിയതു നിർമിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് ചിറ്റുമല മണ്ഡലം കമ്മിറ്റി സ്കൂൾ മാനേജർക്ക് നിവേദനം. സ്കൂൾ ജംക്ഷനിൽ ബസ് കാത്തുനിൽക്കുന്ന കുട്ടികൾക്കായി ബസ് കാത്തിരിപ്പ് കേന്ദ്രം നിർമിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു. മണ്ഡലം പ്രസിഡന്റ് സൈമൺ വർഗീസ്, മണ്ഡലം വൈസ് പ്രസിഡന്റ് എസ്. സതീഷ്, വി.എസ്.ശ്രീനാഥ്, ഷിബു അമ്പുവിള എന്നിവർ പങ്കെടുത്തു. പ്രശ്നത്തിൽ അടിയന്തര നടപടി സ്വീകരിക്കുമെന്ന് സ്കൂൾ മാനേജർ ഉറപ്പ് നൽകിയതായി മണ്ഡലം പ്രസിഡന്റ് സൈമൺ വർഗീസ് അറിയിച്ചു.

### പ്രതിഷേധിച്ചു

കൊല്ലം ● ഒന്നാം തീയതികളിൽ ഹോട്ടലുകളിൽ മദ്യം വിളമ്പാൻ അനുമതി നൽകിയ സർക്കാർ നടപടിയിൽ കെസിബിസി മദ്യവിരുദ്ധ സമിതി കൊല്ലം രൂപത കമ്മിറ്റി യോഗം പ്രതിഷേധിച്ചു. ലഹരി വിമോചന മാസാചരണത്തിന്റെ സമാപനം 28നു രാവിലെ 9നു കൊല്ലം സെന്റ് ജോസഫ് ഗേൾസ് എച്ച്എസ്എസിൽ നടത്താൻ യോഗം തീരുമാനിച്ചു. പ്രസിഡന്റ് യോഹന്നാൻ ആന്റണി അധ്യക്ഷത വഹിച്ചു.

### കർക്കടക വാവ് പൂജ

കുണ്ടറ● കർക്കടക വാവ് ദിവസം ഇണ്ടിളയപ്പൻ മഹാദേവർ ക്ഷേത്രത്തിൽ തിലഹവനം, പിതൃപൂജ, പാൽപായസ നിവേദ്യം തുടങ്ങിയവ ഉണ്ടാകും.

### ഇന്നത്തെ സിനിമ

**കൊല്ലം ധന്യ** (A/C,DTS) FLASK (M) 12.15 pm, 02.30 pm, 06.00 pm, 09.00 pm
**രമ്യ** (www.bookmyshow.com) F1: THE MOVIE (E) 10.30 am
JURASSIC WORLD: REBIRTH (E) 3D 01.00 pm
**പ്രണവം** (A/C) (Phone:0474 2742604) (www.bookmyshow.com) JSK – JANAKI V/S STATE OF KERALA (M) 11.30 am, 02.45 pm, 06.15 pm, 09.30 pm
**ഉഷ** (A/C,DTS) (Phone: 0474 2747517) അപൂർവ പുത്രന്മാർ (M) 02.30 pm, 06.30 pm
**ഓയൂർ എൻ. വി. പി. സിനിമ** (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) JSK – JANAKI V/S STATE OF KERALA 2D (M) 11.00 am, 03.00 pm, 06.30 pm, 09.30 pm




കൊല്ലം ഡിഡിഇ ഓഫിസിലെ എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഭാഗം കെട്ടിടത്തിന്റെ മേൽക്കൂര തകർന്നതിനെത്തുടർന്ന് മഴ വെള്ളം കെട്ടിക്കിടക്കുന്നു. ചിത്രം: മനോരമ

# ചോർന്നൊലിച്ച് ഡിഡിഇ ഓഫിസ് കെട്ടിടങ്ങൾ

കൊല്ലം● വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ ഓഫിസിലെ കെട്ടിടങ്ങൾ ചോർന്നൊലിക്കുന്നു. ഡിഡിഇ ഓഫിസിലെ കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഭാഗം ഓഫിസിന്റെ മേൽക്കൂര തകർന്ന് ഓഫിസ് ഫയലുകളും ഫർണിച്ചറുകളും നനഞ്ഞു. മേൽക്കൂരകൾ ചോർന്നൊലിച്ചതോടെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഭാഗം ഓഫിസിന്റെ പ്രവർത്തനം ഇന്നലെ മുതൽ തേവള്ളി ഗവ.ഗേൾസ് സ്കൂളിലേക്ക് മാറ്റി.

ഇന്നലെ രാവിലെ ജീവനക്കാരെത്തി ഓഫിസ് തുറന്നപ്പോഴാണ് മുറിക്കുള്ളിൽ വെള്ളം കെട്ടിക്കിടക്കുന്നതായും ഫയലുകൾ നനഞ്ഞതായും ശ്രദ്ധയിൽപെട്ടത്. ഇതേ തുടർന്നാണ് അടിയന്തരമായി ഓഫിസ് പ്രവർത്തനം തേവള്ളി ഗവ.ഗേൾസ് സ്കൂളിലേക്ക് മാറ്റിയത്.

മേൽക്കൂര ചോർന്നതിനെ തുടർന്ന് ഇവിടെ ഉണ്ടായിരുന്ന ഏതാനും ഫയലുകളും ഫർണിച്ചറുകളും മഴവെള്ളം വീണു നനഞ്ഞു. തറയിലും മഴ വെള്ളം കെട്ടി നിൽക്കുകയായിരുന്നു. മേൽക്കൂരയിൽ പാകിയിരുന്ന ഓടുകൾ തകർന്നതിനെ തുടർന്ന് നേരത്തേ ഇവിടെ പ്ലാസ്റ്റിക് ഷീറ്റ് വിരിച്ചിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച മുതൽ ആരംഭിച്ച ശക്തമായ മഴയിലും കാറ്റിലും കുരയ്ക്ക് മുകളിലേക്ക് സമീപത്തെ വലിയ മരത്തിന്റെ ശിഖരം വീണു. ഇതേ തുടർന്നാണ് മഴവെള്ളം മുറിക്കുള്ളിലായതെന്നും ശനി രാത്രിയോ, ഞായറാഴ്ചയോ ആകാം മര ശിഖരം വീണതെന്നുമാണ് അധികൃതർ പറയുന്നത്.

ഡിഡിഇ ഓഫിസിലെ പ്രധാന കെട്ടിടത്തിന്റെ മേൽക്കൂരകളും ചോരുന്നുണ്ട്.

### ഓഫിസ് പ്രവർത്തനം രണ്ടാഴ്ചയ്ക്കുള്ളിൽ തേവള്ളി സ്കൂളിലേക്ക് മാറ്റും

കൊല്ലം● വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ഓഫിസ് പ്രവർത്തനം രണ്ടാഴ്ചയ്ക്കുള്ളിൽ പൂർണമായും തേവള്ളി ഗവ.ഗേൾസ് സ്കൂളിലേക്ക് മാറ്റുമെന്ന് ഡിഡിഇ കെ.ഐ ലാൽ അറിയിച്ചു. നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂരകൾ മാറ്റി സ്ഥാപിക്കുന്നതിനായി 62 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഓട് പാകിയ മേൽക്കൂരയ്ക്കു പകരം ഇനി ഇരുമ്പ് ഷീറ്റ് പാകിയ മേൽക്കൂരയാണു സ്ഥാപിക്കുന്നത്. മേൽക്കൂര സീലിങ് നടത്തുകയും പുതിയ വയറിങ് സംവിധാനം ഒരുക്കുകയും ചെയ്യും. ഓഫിസ് പ്രവർത്തനം ഗേൾസ് സ്കൂളിലേക്കു മാറ്റുന്നതിനായി 7 ലക്ഷം രൂപ ചെലവാണ് കണക്കാക്കുന്നത്. കോർപറേഷനും വിദ്യാഭ്യാസ വകുപ്പുമാണ് ഈ തുക നൽകുന്നത്. ഗേൾസ് സ്കൂളിലെ ഒരു ഹാളും ഏഴ് ക്ലാസ് മുറികളുമാണ് ഡിഡിഇ ഓഫിസിന്റെ താൽക്കാലിക പ്രവർത്തനത്തിനായി ഒരുക്കുന്നത്.


പരവൂർ-തെക്കുംഭാഗം റോഡിൽ മെറ്റലും സിമന്റും ഉപയോഗിച്ച് കുഴിയടയ്ക്കുന്നു.

# കുഴിയടയ്ക്കൽ നാടകവുമായി പൊതുമരാമത്ത് വകുപ്പ്

പരവൂർ● 5 കോടി രൂപ ഭരണാനുമതി ലഭിച്ച റോഡിൽ മഴക്കാലത്ത് കുഴിയടയ്ക്കൽ നാടകം നടത്തി പൊതുമരാമത്ത് വകുപ്പ്. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ 5 കോടി രൂപ ഭരണാനുമതി ലഭിച്ച പരവൂർ-തെക്കുംഭാഗം ഇന്നലെ ഉച്ചയോടെയാണ് പൊതുമരാമത്ത് അധികൃതർ മഴയത്ത് മെറ്റലും സിമന്റും ചേർത്ത് റോഡിലെ കുഴിയടച്ചത്. വലിയ കുഴികൾ മാത്രമാണ് അടച്ചത്. റോഡിന്റെ ടെൻഡർ നടപടി ഉടൻ പൂർത്തിയായി ടാറിങ് ആരംഭിക്കുമെന്നാണ് മുൻപ് മരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും എംഎൽഎയും അറിയിച്ചിരുന്നത്. ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാലാണ് താൽക്കാലികമായി കുഴിയടയ്ക്കാൻ തീരുമാനിച്ചതെന്ന് സൂചനയുണ്ട്. 5 വർഷത്തിലേറെ കാലമായി തകർന്നു കിടക്കുന്ന പരവൂർ-തെക്കുംഭാഗം റോഡ് നവീകരണത്തിനായി ഒട്ടേറെ പ്രക്ഷോഭ പരിപാടികളാണ് നടന്നിട്ടുള്ളത്. തകർന്ന റോഡിൽ അപകടങ്ങളും പതിവാണ്. കുഴിയടയ്ക്കാൻ എത്തിയ മരാമത്ത് ഉദ്യോഗസ്ഥരോട് നാട്ടുകാർ ഇന്നലെ പ്രതിഷേധം അറിയിച്ചിരുന്നു.


കൊല്ലം കെഎസ്ആർടിസി ബസ് സ്റ്റേഷൻ കെട്ടിടം പുനർ നിർമിക്കണമെന്ന് ആവശ്യപ്പെട്ടു ഫോർവേഡ് ബ്ലോക്ക് ജില്ലാ കമ്മിറ്റി സ്റ്റാൻഡിനു മുൻപിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണ സംസ്ഥാന ജനറൽ സെക്രട്ടറി ടി.മനോജ് കുമാർ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി സ്റ്റാലിൻ പാരിപ്പള്ളി അധ്യക്ഷത വഹിച്ചു. പ്രകാശ് മൈനാഗപ്പള്ളി, അജിത് കുരീപ്പുഴ, കിളികൊല്ലൂർ രംഗനാഥ്, ഹിഷാം കരുനാഗപ്പള്ളി, ജി.രാജു, സി. സൂര്യകല, പ്രാക്കുളം മോഹൻ, നളിനാക്ഷൻ ഉളിയനാട്, നസീം കോടംവിള, രാജകുട്ടി പത്തനാപുരം, സലാഹുദ്ദീൻ ഭായ്, അരവിന്ദാക്ഷൻ പിള്ള, ശെരീഫ് ആനേഴത്ത്മുക്ക്, സേതു ബാബു, ഹാഷിർ മൈനാഗപ്പള്ളി, ജി.ശശിധരൻ, സുശീലൻ കല്ലുവാതുക്കൽ, അജിത മരുത്തടി എന്നിവർ പ്രസംഗിച്ചു.

### എംസിഎ പരീക്ഷയിൽ മികച്ച വിജയം

കൊല്ലം ● കേരള സർവകലാശാല 2025ൽ നടത്തിയ അവസാന വർഷ എംസിഎ പരീക്ഷയിൽ വടക്കേവിള ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ മികച്ച വിജയം.

ചുണ്ടയിൽ പ്രീതി ഒന്നാം റാങ്കും ജെഫിൻ ഐ.ജോർജ് മൂന്നാം റാങ്കും മുഹമ്മദ് ഷാഫി നാലാം റാങ്കും നിധി എസ്.വാസ് പതിനൊന്നാം റാങ്കും നേടി. കൂടാതെ, 18 ഡിസ്റ്റിങ്ഷനും 43 ഫസ്റ്റ് ക്ലാസും നേടി.


എംസിഎ പരീക്ഷയിൽ (കേരള) ഒന്നാം റാങ്ക് നേടിയ ചുണ്ടയിൽ പ്രീതി, മൂന്നാം റാങ്ക് നേടിയ ജെഫിൻ ഐ.ജോർജ് (വടക്കേവിള ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി).

### അനുമോദിച്ചു

അഞ്ചാലുംമൂട് ● തൃക്കടവൂർ മഹാദേവർ ക്ഷേത്രത്തിൽ അപകടാവസ്ഥയിൽ നിന്നിരുന്ന ആനക്കൊട്ടിൽ പുനർ നിർമിച്ച ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരെ ബിജെപി കടവൂർ ഏരിയ കമ്മിറ്റി അനുമോദിച്ചു.

ആനക്കൊട്ടിലിന്റെ മേൽക്കൂരയുടെ ഒരു ഭാഗം തകർന്നു ക്ഷേത്ര മതിലിനു പുറത്തു റോഡിലേക്കു തള്ളി നിൽക്കുന്നതായി കാട്ടി ബിജെപി കടവൂർ ഏരിയ കമ്മിറ്റി പ്രസിഡന്റ് പി.മനോജ് കുമാർ ദേവസ്വം ബോർഡ് അസി.കമ്മിഷണർക്കു നിവേദനം നൽകിയിരുന്നു. തുടർന്ന്, ഉദ്യോഗസ്ഥർ ഇടപെട്ട് ആനക്കൊട്ടിൽ പുനർ നിർമിക്കുകയായിരുന്നു.

### എംഫോർ മാരി സൗജന്യ പ്രൊഫൈൽ റജിസ്ട്രേഷൻ ഡ്രൈവ് മരുത്തടിയിൽ



മരുത്തടി● മലയാള മനോരമയുടെ ഓൺലൈൻ മാട്രിമോണിയൽ പോർട്ടൽ ആയ എംഫോർ മാരിയെ ക്കുറിച്ചു കൂടുതൽ അറിയാനും ഉപയോക്താക്കൾക്ക് പ്രൊഫൈൽ സൗജന്യമായി റജിസ്റ്റർ ചെയ്യാനും സബ്സ്ക്രിപ്ഷൻ പാക്കേജുകൾ അപ്ഗ്രേഡ് ചെയ്യാനും അവസരം. മരുത്തടി ശ്രീദേവി ക്ഷേത്രത്തിലെ ഭാഗവത സപ്താഹ യജ്ഞത്തോടനുബന്ധിച്ച് ഇന്നു രാവിലെ 11 മുതൽ വൈകിട്ട് 7 വരെയും നാളെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയുമാണ് റജിസ്ട്രേഷൻ ഡ്രൈവ്. വ്യക്തികളുടെ പ്രതീക്ഷകളെ അടിസ്ഥാനമാക്കി ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന മികച്ച മാച്ച് മേക്കിങ് അൽഗോരിതം എംഫോർ മാരിക്ക് ഉണ്ട്. ഫോൺ: 70126 67928.


മയ്യനാട് താന്നി സ്വർഗപുരം ദേവീ ക്ഷേത്രത്തിൽ കർക്കടക വാവ് ബലി ചടങ്ങുകൾക്കായി ഒരുക്കിയ പന്തൽ.


വൈദ്യുതാഘാതമേറ്റ് മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥി മിഥുന് നീതി കിട്ടണമെന്നാവശ്യപ്പെട്ട് മഹിളാ മോർച്ച സ്കൂളിലേയ്ക്കു നടത്തിയ മാർച്ച് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ചിത്രം: മനോരമ

### ക്വട്ടേഷനുകൾ ക്ഷണിച്ചു

ചിറക്കര ● ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് പ്രവൃത്തി ദിനങ്ങളിൽ സ്കൂളിൽ പാചകം ചെയ്തു നൽകുന്നതിനും മാലിന്യമുക്ത നവകേരളം - ബയോ ബിൻ വിതരണത്തിനും ക്വട്ടേഷനുകൾ ക്ഷണിച്ചു. വിവരങ്ങൾ http:// tender.lsgkerala.gov.in വെബ്സൈറ്റിലും പഞ്ചായത്ത് ഓഫിസിലും ലഭ്യമാണ്.

മിഥുന്റെ മരണം

# മഹിളാമോർച്ച ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് മാർച്ച് നടത്തി

ശാസ്താംകോട്ട ● ലക്ഷങ്ങൾ കൊടുത്താൽ തീരുന്നതാണോ ഒരമ്മയ്ക്കു മകന്റെ നഷ്ടമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ. തേവലക്കര ബോയ്സ് എച്ച്എസിൽ വൈദ്യുതാഘാതമേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർഥി മിഥുന് നീതി ആവശ്യപ്പെട്ടു മഹിളാമോർച്ച ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു. ദുരന്തത്തിന്റെ ഉത്തരവാദികളെ ശിക്ഷിക്കും വരെ ബിജെപി സമര രംഗത്തുണ്ടാകും. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്ത കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തിനും, സിപിഎം നിയന്ത്രണത്തിലുള്ള സ്കൂൾ മാനേജ്മെന്റ്, കെഎസ്ഇബി ഇവർക്കെല്ലാം ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്തമാണെന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. ജില്ലാ പ്രസിഡന്റ് രാജി പ്രസാദ് അധ്യക്ഷയായിരുന്നു. വെസ്റ്റ് ജില്ലാ വൈസ് പ്രസിഡന്റ് അഞ്ജന സുരേഷ്, ജില്ലാ പ്രഭാരി ടി.ആർ. അജിത് കുമാർ, ജില്ലാ ജനറൽ സെക്രട്ടറിമാരായ ആലഞ്ചേരി ജയചന്ദ്രൻ, എ.ആർ.അരുൺ, കുമാരി സച്ചു എന്നിവർ പ്രസംഗിച്ചു. നേതാക്കളായ മിനി ശിവരാമൻ, ശ്രീന ഉദയൻ, ലതാ മോഹൻ, ലക്ഷ്മി പ്രസാദ്, ബിന്ദു ബൽറാം, പത്മകുമാരി, എന്നിവർ മാർച്ചിന് നേതൃത്വം നൽകി. സ്കൂളിനു മുന്നിൽ ബാരിക്കേഡ് കെട്ടി മാർച്ച് പൊലീസ് തടഞ്ഞു.


വൈദ്യുതാഘാതമേറ്റ് മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥി മിഥുന്റെ മരണത്തിനുത്തരവാദികളായ സ്കൂൾ മാനേജ്മെന്റ് പിരിച്ചു വിടണമെന്നാവശ്യപ്പെട്ട് സ്കൂളിലേക്ക് മഹിളാ കോൺഗ്രസ് നടത്തിയ മാർച്ചിൽ പൊലീസും പ്രവർത്തകരും തമ്മിലുണ്ടായ പിടിവലി. ചിത്രം: മനോരമ

## പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ്

ശാസ്താംകോട്ട ● തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വൈദ്യുതാഘാതമേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ ഉത്തരവാദിയായ സ്കൂൾ മാനേജ്മെന്റ് പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് മാർച്ച് നടത്തി. മിഥുന്റെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരവും സർക്കാർ ജോലിയും നൽകണമെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത കോൺഗ്രസ് ശാസ്താംകോട്ട ബ്ലോക്ക് പ്രസിഡന്റ് വൈ. ഷാജഹാൻ ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ഫേബ സുദർശനൻ അധ്യക്ഷത വഹിച്ചു. മാരിയത്ത്, എസ്.ബീനാകുമാരി, ജയശ്രീ പവിത്രേശ്വരം, ഷീജ രാധാകൃഷ്ണൻ, അസൂറ ബീവി, സി.സരസ്വതിയമ്മ, സന്തോഷ് തുപ്പാശേരി, ജയശ്രീ രമണൻ, സന്തോഷ് തുപ്പാശേരി, തുണ്ടിൽ നൗഷാദ്, കാരയ്ക്കാട്ട് അനിൽ, പി.എം.സെയ്ദ്, സുരേഷ് ചന്ദ്രൻ, റിയാസ് പറമ്പിൽ, നൂർജഹാൻ ഇബ്രാഹിം, അംബുജാക്ഷിയമ്മ, ഷഹ്‌ല പോരുവഴി, രേണുക ദേവി, ഷീജ ഭാസ്കർ, ഷൈനി മനാഫ്, ഷീബ സിജു, രാധിക ഓമനക്കുട്ടൻ, ഷിജിന നൗഫൽ, സുധർമ കോവൂർ, സൂസൻ തോമസ് എന്നിവർ പ്രസംഗിച്ചു.

## എൻഎസ്എസ് കരയോഗ യൂണിയൻ ശിൽപശാല നടത്തി

കൊല്ലം● താലൂക്കു എൻഎസ്എസ് കരയോഗ യൂണിയൻ ശിൽപശാല നടത്തി. കരയോഗം റജിസ്ട്രാർ വി.വി.ശശിധരൻ നായർ ഉദ്ഘാടനം ചെയ്തു. യൂണിയൻ ചെയർമാൻ ആദിക്കാട് ഗിരീഷ് അധ്യക്ഷനായിരുന്നു.

വിവിധ വിഷയങ്ങളെക്കുറിച്ച് സംഘടനാ ശാഖ മാനേജർ ബി. ഗോപാലകൃഷ്ണൻ നായർ, കൊട്ടാരക്കര യൂണിയൻ സെക്രട്ടറി സി. അനിൽകുമാർ എന്നിവർ ക്ലാസ് നയിച്ചു.

യൂണിയൻ സെക്രട്ടറി കെ.ജി. ജീവകുമാർ, എൻഎസ്എസ് ഇൻസ്പെക്ടർ ട്രെയിനി ആർ അരുൺ രാജ്, യൂണിയൻ കമ്മിറ്റി അംഗങ്ങളായ കല്ലട വിജയൻ, പി.ആർ. ശശിധരൻ നായർ, സി. കെ.ചന്ദ്രബാബു, ആർ.ഓമനക്കുട്ടൻ പിള്ള, ടി.സി.മോഹനൻ, പ്രഫ. ജി.തുളസീധരൻ പിള്ള, മണക്കാട് സുരേഷ്, വേണു ജെ. പിള്ള, ബി.സുരേഷ് കുമാർ, തച്ചേഴത്ത് വേണുഗോപാൽ, വനിതാ സമാജം പ്രസിഡന്റ് ശ്രീകുമാരി നാരായണൻ നായർ, എന്നിവർ പ്രസംഗിച്ചു. യൂണിയനിലെ 144 കരയോഗങ്ങളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, വനിതാ സമാജം പ്രസിഡന്റ് എന്നിവർ പങ്കെടുത്തു. സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണു ശിൽപശാല.

## വേ ബ്രിജ്: രണ്ടാഴ്ചയ്ക്കകം നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

ഇളമ്പള്ളൂർ● പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കി 24 മണിക്കൂറും ലൈസൻസില്ലാതെ പെരുമ്പുഴയിൽ പ്രവർത്തിക്കുന്ന വേ ബ്രിജിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ രണ്ടാഴ്ചയ്ക്കുള്ളിൽ അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ അംഗം വി.ഗീത. പെരുമ്പുഴ സ്വദേശി ആർ. കുഞ്ഞുകൃഷ്ണ പിള്ള സമർപ്പിച്ച പരാതിയിലാണ് നടപടി.

ഇളമ്പള്ളൂർ പഞ്ചായത്ത് സെക്രട്ടറിക്കാണ് കമ്മിഷൻ നിർദേശം നൽകിയത്. രാത്രിയും പകലും പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ ജില്ലാ കലക്ടർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയെങ്കിലും നടപടിയെടുത്തില്ലെന്ന് ആരോപിച്ച് മനുഷ്യാവകാശ കമ്മിഷനിൽ പരാതി നൽകുകയായിരുന്നു.

രാത്രി 10 മുതൽ രാവിലെ 6 വരെ പ്രവർത്തിക്കരുത്, രാത്രി അടച്ച ശേഷം മുൻവശം ചങ്ങലയിട്ടു പൂട്ടണം, പരാതിക്കാരന്റെ അതിർത്തി ഷീറ്റ് ഉപയോഗിച്ച് മറയ്ക്കണം, പരാതിക്കാരന്റെ വീടിന് മുന്നിൽ വാഹനം പാർക്ക് ചെയ്യരുത് എന്നീ നാല് നിർദേശങ്ങൾ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

## പുസ്തക പ്രകാശനം നടത്തി

കൊല്ലം●പി.കെ.സുധീർ എഴുതിയ നോവൽ മേഘമലയുടെ പ്രകാശനം നടത്തി. മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഡിവൈഎഫ്ഐ സംസ്ഥാന ട്രഷറർ എസ്.ആർ അരുൺ ബാബുവിന് പുസ്തകം നൽകിയാണ് പ്രകാശന കർമം നിർവഹിച്ചത്. പ്രസാധകൻ അജിത് കുമാർ അധ്യക്ഷത വഹിച്ചു. മുതിർന്ന മാധ്യമപ്രവർത്തകൻ പ്രദീപ് ചന്ദ്രൻ പുസ്തകം പരിചയപ്പെടുത്തി. സിപിഎം ജില്ലാ സെക്രട്ടറി എസ്.സുദേവൻ, കെഎസ്എഫ്ഇ ചെയർമാൻ കെ. വരദരാജൻ, ചിന്താ ജെറോം, സബിതാ ബീഗം, എ.എം ഇക്ബാൽ, വി.രാജേന്ദ്ര ബാബു, കെ.ജി ബിജു, എച്ച്.ബൈജു ലാൽ, എ.കെ സവാദ്, കെ.പി നന്ദകുമാർ, കെ.പി സജിനാഥ്, ജില്ലാ പഞ്ചായത്തംഗം ബി.ജയന്തി എന്നിവർ പ്രസംഗിച്ചു.

### വാർഷികവും വിദ്യാഭ്യാസ അവാർഡ് സമർപ്പണവും

കൊല്ലം ● കേരള ചെട്ടി മഹാസഭ പുന്തലത്താഴം ഉപസഭാ വാർഷികവും വിദ്യാഭ്യാസ അവാർഡ് സമർപ്പണവും സംസ്ഥാന പ്രസിഡന്റ് സി.ഹരികുമാർ ഉദ്ഘാടനം ചെയ്തു. ഉപസഭാ പ്രസിഡന്റ് ജി.മണികണ്ഠൻ പിള്ള അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.ഹരികുമാർ വിദ്യാഭ്യാസ അവാർഡ് സമർപ്പണം നിർവഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സി.വിജയൻ പിള്ള, ജില്ലാ പ്രസിഡന്റ് ജി.ചന്ദ്രശേഖരൻ പിള്ള, ഉപസഭാ സെക്രട്ടറി സി.രാജൻ പിള്ള, പി.ശിവരാജൻ പിള്ള, കെ.കെ.വൈദ്യനാഥൻ പിള്ള, എം.രാമചന്ദ്രൻ പിള്ള, കെ.ശങ്കരനാരായണപിള്ള, ടി.തങ്കപ്പൻ പിള്ള, സി.സുധാകരൻ, ആർ.മഞ്ജു എന്നിവർ പ്രസംഗിച്ചു.

### SHORTS

### മാറ്റി വച്ചു

കൊല്ലം ● മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്ന് ഇന്ന് കൊല്ലം ആനന്ദവല്ലീശ്വരം ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന സി.വി.പത്മരാജൻ ഫൗണ്ടേഷൻ ഉദ്ഘാടനവും അനുസ്മരണ സമ്മേളനവും മാറ്റിയതായി ഭാരവാഹികൾ അറിയിച്ചു.

കൊല്ലം ● വേദിക സാംസ്കാരിക സംഘടന നാളെ നടത്താനിരുന്ന ഗായകൻ റെജു ജോസഫിന്റെ ഗസൽ സന്ധ്യ മാറ്റി.

### ഭാരവാഹികൾ

കൊല്ലം ● കേരള കോൺഗ്രസ് (എസ്) ജില്ലാ സെക്രട്ടേറിയറ്റ് യോഗത്തിൽ ജി.മുരുകദാസ് കുറുപ്പിനെ ജില്ലാ സെക്രട്ടറിയായി നിയമിച്ചു. ജില്ലാ പ്രസിഡന്റ് പെരിനാട് വിജയൻ ഉദ്ഘാടനം ചെയ്തു.

### കർഷകസംഘം വില്ലേജ് സമ്മേളനം

കുണ്ടറ● കർഷക സംഘം വെള്ളിമൺ വില്ലേജ് സമ്മേളനം ജില്ലാ എക്സിക്യൂട്ടീവ് അംഗം ജോൺ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ടി.എസ്.പൗലോസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ആർ.രംഗനാഥൻ, എം.പുഷ്പമ്മ, പി.യേശുദാസൻ, വി.പ്രസന്നകുമാർ, എം.ഇ.ആൽഫ്രഡ്, എക്സ്. ജോൺസൺ, കെ. സോമവല്ലി എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: ടി.എസ്.പൗലോസ് (പ്രസി), ആർ.രംഗനാഥൻ (സെക്ര), വി.ജോൺ (ട്രഷ).

# മനോരമ പ്രാദേശികം



എസ്എൻഡിപി യോഗം 1488-ാം നമ്പർ ചെറുമൂട് വെള്ളിമൺ ശാഖയിൽ നടന്ന വിദ്യാഭ്യാസ പുരസ്കാരവും അനുമോദനവും കുണ്ടറ യൂണിയൻ സെക്രട്ടറി അഡ്വ. എസ്.അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## കാലാവസ്ഥ

• പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെലോ അലർട്ട്

• സംസ്ഥാനത്ത് ശക്തമായ മഴയ്ക്കു സാധ്യത

• മണിക്കൂറിൽ 40-60 കിലോമീറ്റർ വേഗത്തിൽ കാറ്റു വീശിയേക്കും

• കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

## SHORTS

### ക്വട്ടേഷനുകൾ ക്ഷണിച്ചു

ചിറക്കര • ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് പ്രവൃത്തി ദിനങ്ങളിൽ സ്കൂളിൽ പാചകം ചെയ്തു നൽകുന്നതിനും മാലിന്യമുക്ത നവകേരളം - ബയോ ബിൻ വിതരണത്തിനും ക്വട്ടേഷനുകൾ ക്ഷണിച്ചു. വിവരങ്ങൾ http://tender.lsgkerala.gov.in വെബ്സൈറ്റിലും പഞ്ചായത്ത് ഓഫിസിലും ലഭ്യമാണ്.

### യോഗ ഇൻസ്ട്രക്ടർ അഭിമുഖം നാളെ

കുണ്ടറ• പഞ്ചായത്ത് ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിൽ വനിതകൾക്കായി നടത്തുന്ന യോഗ പരിശീലനത്തിന് ദിവസവേതനാടിസ്ഥാനത്തിൽ ഇൻസ്ട്രക്ടറുടെ ഒഴിവിലേക്കുള്ള അഭിമുഖം നാളെ രാവിലെ 11.30ന് നടക്കും. നിർദിഷ്ട യോഗ്യതയുള്ളവർ രാവിലെ 11ന് പഞ്ചായത്തിൽ എത്തണം.

### കോൺഗ്രസ് നിവേദനം നൽകി

കിഴക്കേ കല്ലട• സിവികെഎം എച്ച്എസ്എസിലെ കാലപ്പഴക്കം ചെന്ന് തകർന്ന് വീഴാൻ സാധ്യത ഉള്ള മതിലും കെട്ടിടവും പൊളിച്ചുമാറ്റി പുതിയതു നിർമിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് ചിറ്റുമല മണ്ഡലം കമ്മിറ്റി സ്കൂൾ മാനേജർക്ക് നിവേദനം. സ്കൂൾ ജംക്‌ഷനിൽ ബസ് കാത്തുനിൽക്കുന്ന കുട്ടികൾക്കായി ബസ് കാത്തിരിപ്പ് കേന്ദ്രം നിർമിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു. മണ്ഡലം പ്രസിഡന്റ് സൈമൺ വർഗീസ്, മണ്ഡലം വൈസ് പ്രസിഡന്റ് എസ്. സതീഷ്, വി.എസ്.ശ്രീനാഥ്, ഷിബു അമ്പുവിള എന്നിവർ പങ്കെടുത്തു. പ്രശ്നത്തിൽ അടിയന്തര നടപടി സ്വീകരിക്കുമെന്ന് സ്കൂൾ മാനേജർ ഉറപ്പ് നൽകിയതായി മണ്ഡലം പ്രസിഡന്റ് സൈമൺ വർഗീസ് അറിയിച്ചു.

### പ്രതിഷേധിച്ചു

കൊല്ലം • ഒന്നാം തീയതികളിൽ ഹോട്ടലുകളിൽ മദ്യം വിളമ്പാൻ അനുമതി നൽകിയ സർക്കാർ നടപടിയിൽ കെസിബിസി മദ്യവിരുദ്ധ സമിതി കൊല്ലം രൂപത കമ്മിറ്റി യോഗം പ്രതിഷേധിച്ചു. ലഹരി വിമോചന മാസാചരണത്തിന്റെ സമാപനം 28നു രാവിലെ 9നു കൊല്ലം സെന്റ് ജോസഫ് ഗേൾസ് എച്ച്എസ്എസിൽ നടത്താൻ യോഗം തീരുമാനിച്ചു. പ്രസിഡന്റ് യോഹന്നാൻ ആന്റണി അധ്യക്ഷത വഹിച്ചു.

## ഇന്നത്തെ സിനിമ

**കൊല്ലം ധന്യ** (A/C,DTS) FLASK (M) 12.15 pm, 02.30 pm, 06.00 pm, 09.00 pm

**രമ്യ** (www.bookmyshow.com) F1: THE MOVIE (E) 10.30 am JURASSIC WORLD: REBIRTH (E) 3D 01.00 pm

**പ്രണവം** (A/C) (Phone:0474 2742604) (www.bookmyshow.com) JSK – JANAKI V/S STATE OF KERALA (M) 11.30 am, 02.45 pm, 06.15 pm, 09.30 pm

**ഉഷ** (A/C,DTS) (Phone: 0474 2747517) അപൂർവ പുത്രന്മാർ (M) 02.30 pm, 06.30 pm

**ഓയൂർ എൻ. വി. പി. സിനിമ** (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) JSK – JANAKI V/S STATE OF KERALA 2D (M) 11.00 am, 03.00 pm, 06.30 pm, 09.30 pm



# അപകട ഭീഷണി ഉയർത്തി പൂതക്കുളത്ത് ഓട നിർമാണം

പൂതക്കുളം•സുരക്ഷാ സംവിധാനങ്ങളൊരുക്കാതെ പഞ്ചായത്തിന്റെ ഓട നിർമാണം. ആയിരത്തിലേറെ വിദ്യാർഥികൾ പഠിക്കുന്ന പൂതക്കുളം ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ മുൻവശത്താണ് എട്ടടിയിലേറെ താഴ്ചയുള്ള കുഴിയെടുത്തു പഞ്ചായത്ത് ഓട നിർമാണം നടത്തുന്നത്. പൂതക്കുളം ഹയർ സെക്കൻഡറി സ്കൂൾ, നോർത്ത് എൽപിഎസ് എന്നിവിടങ്ങളിലെ വിദ്യാർഥികൾ ഉപയോഗിക്കുന്ന റോഡിന്റെ വശങ്ങളിൽ 10 ദിവസമായി വലിയ കുഴിയെടുത്തിട്ടിരിക്കുകയാണ്. വിദ്യാർഥികൾ കുഴിയിലേക്ക് വീഴാതിരിക്കാൻ സുരക്ഷ സംവിധാനങ്ങളും ഒരുക്കിയിട്ടില്ല. റോഡിലൂടെയുള്ള യാത്ര നിരോധിച്ചത് കഴിഞ്ഞ ദിവസം മാത്രമാണ്. നൂറുകണക്കിന് വിദ്യാർഥികൾ ഉപയോഗിക്കുന്ന റോഡിൽ ഓട നിർമാണം വളരെ വേഗം പൂർത്തിയാക്കണമെന്നാണ് നാട്ടുകാർ പറയുന്നത്.

വൈകുണ്ഠപുരം മഹാവിഷ്ണു ക്ഷേത്രത്തിനു മുന്നിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ ക്ഷേത്രത്തിന്റെ മുൻഭാഗം മുതൽ പൂതക്കുളം ധർമശാസ്താ ക്ഷേത്ര കുളം വരെയാണ് ഓട നിർമിക്കുന്നത്.

ഓടയ്ക്ക് കുഴിയെടുത്തിട്ടിരിക്കുന്നതിനാൽ പ്രദേശത്തെ വീടുകളിലേക്കു പ്രവേശിക്കാൻ ഇരുമ്പു പലകയാണ് ഇട്ടിരിക്കുന്നത്. മുന്നൂറോളം വിദ്യാർഥികൾ പഠിക്കുന്ന ട്യൂഷൻ സെന്ററിൽ വിദ്യാർഥികൾ വീതികുറഞ്ഞ പലകയിലൂടെയാണു പ്രവേശിക്കുന്നത്. പ്രദേശത്തെ വീടുകളിൽ അത്യാവശ്യ ഘട്ടങ്ങളിൽ വാഹനം എത്തിക്കാനാകാത്ത സ്ഥിതിയാണ്. മഹാവിഷ്ണു ക്ഷേത്രത്തിന് മുന്നിൽ നിലവിലുള്ള ഓട വൃത്തിയാക്കാതെ മഴക്കാലത്ത് പുതിയ ഓട നിർമിക്കുന്നതിൽ ആക്ഷേപം ഉയർന്നിട്ടുണ്ട്.



പൂതക്കുളം പഞ്ചായത്ത് ഓട നിർമിക്കാനെടുത്ത കുഴിയുടെ മുകളിലെ പലകയിലൂടെ ട്യൂഷൻ സെന്ററിലേക്ക് പോകുന്ന വിദ്യാർഥിനി.

### സ്കൂൾ കോംപൗണ്ടിലെ ട്രാൻസ്ഫോമർ നീക്കം ചെയ്യണമെന്നാവശ്യം

പരവൂർ കുറുമണ്ടൽ ഗവ.യുപി സ്കൂളിന്റെ മൈതാനത്തും റോഡിലുമായി സ്ഥിതി ചെയ്യുന്ന 110 കെവി ട്രാൻസ്ഫോമർ നീക്കം ചെയ്യണമെന്ന ആവശ്യം ശക്തമാകുന്നു. തേവലക്കര സംഭവത്തിന് ശേഷമാണ് നാട്ടുകാർ പ്രതിഷേധവുമായി എത്തിയത്. മാലാക്കായൽ പ്രദേശത്തെ ഇരുന്നൂറോളം വീടുകളിലേക്കു വൈദ്യുതി വിതരണം നടത്തുന്ന ട്രാൻസ്ഫോമറിന്റെ പകുതിഭാഗം സ്കൂൾ വളപ്പിലാണ് സ്ഥിതി ചെയ്യുന്നത്. നഗരസഭ സ്കൂളിൽ ട്രാൻസ്ഫോമറിന്റെ പിൻഭാഗത്ത് മതിൽ പണിയുകയോ കെഎസ്ഇബി ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുകയോ ചെയ്യണമെന്നാണ് പ്രധാന ആവശ്യം. ട്രാൻസ്ഫോമർ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തി നൽകിയാൽ സ്കൂൾ വളപ്പിൽ നിന്ന് ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കാമെന്നാണ് കെഎസ്ഇബി പറയുന്നത്. പ്രതിഷേധങ്ങൾ കാരണം ഇന്നലെ കെഎസ്ഇബി അധികൃതരെത്തി ട്രാൻസ്ഫോമർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കാട് വെട്ടി തെളിക്കുകയും അപകടകരമായ മരങ്ങൾ വെട്ടി മാറ്റുകയും ചെയ്തിരുന്നു. ട്രാൻസ്ഫോമർ നീക്കം ചെയ്യാൻ അടിയന്തര നടപടി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ് വിജയ് പരവൂർ കെഎസ്ഇബി അധികൃതർക്ക് പരാതി നൽകിയിട്ടുണ്ട്.



പരവൂർ കുറുമണ്ടൽ യുപി സ്കൂൾവളപ്പിൽ സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോമറിന്റെ പരിസരം ശുചീകരിക്കുന്ന കെഎസ്ഇബി ജീവനക്കാർ.

## മിഥുന്റെ മരണം: മഹിളാമോർച്ച ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് മാർച്ച് നടത്തി

ശാസ്താംകോട്ട • ലക്ഷങ്ങൾ കൊടുത്താൽ തീരുന്നതാണോ ഒരമ്മയ്ക്കു മകന്റെ നഷ്ടമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ. തേവലക്കര ബോയ്സ് എച്ച്എസിൽ വൈദ്യുതാഘാതമേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർഥി മിഥുന് നീതി ആവശ്യപ്പെട്ട് മഹിളാമോർച്ച ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു. ദുരന്തത്തിന്റെ ഉത്തരവാദികളെ ശിക്ഷിക്കും വരെ ബിജെപി സമര രംഗത്തുണ്ടാകും. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്ത കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തിനും, സിപിഎം നിയന്ത്രണത്തിലുള്ള സ്കൂൾ മാനേജ്മെന്റ്, കെഎസ്ഇബി ഇവർക്കെല്ലാം ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്തമാണെന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. ജില്ലാ പ്രസിഡന്റ് രാജി പ്രസാദ് അധ്യക്ഷയായിരുന്നു. വെസ്റ്റ് ജില്ലാ വൈസ് പ്രസിഡന്റ് അഞ്ജന സുരേഷ്, ജില്ലാ പ്രഭാരി ടി.ആർ. അജിത് കുമാർ, ജില്ലാ ജനറൽ സെക്രട്ടറിമാരായ ആലഞ്ചേരി ജയചന്ദ്രൻ, എ.ആർ.അരുൺ, കുമാരി സച്ചു എന്നിവർ പ്രസംഗിച്ചു. നേതാക്കളായ മിനി ശിവരാമൻ, ശ്രീന ഉദയൻ, ലതാ മോഹൻ, ലക്ഷ്മി പ്രസാദ്, ബിന്ദു ബൽറാം, പത്മകുമാരി, എന്നിവർ മാർച്ചിന് നേതൃത്വം നൽകി. സ്കൂളിനു മുന്നിൽ ബാരിക്കേഡ് കെട്ടി മാർച്ച് പൊലീസ് തടഞ്ഞു.

## പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ്

ശാസ്താംകോട്ട • തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വൈദ്യുതാഘാതമേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ ഉത്തരവാദിയായ സ്കൂൾ മാനേജ്മെന്റ് പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് മാർച്ച് നടത്തി. മിഥുന്റെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരവും സർക്കാർ ജോലിയും നൽകണമെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത കോൺഗ്രസ് ശാസ്താംകോട്ട ബ്ലോക്ക് പ്രസിഡന്റ് വൈ. ഷാജഹാൻ ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ഫേബ സുദർശനൻ അധ്യക്ഷത വഹിച്ചു. മാരിയത്ത്, എസ്.ബീനാകുമാരി, ജയശ്രീ പവിത്രേശ്വരം, ഷീജ രാധാകൃഷ്ണൻ, അസൂറ ബീവി, സി.സരസ്വതിയമ്മ, സന്തോഷ് തുപ്പാശേരി, ജയശ്രീ രമണൻ, സന്തോഷ് തുപ്പാശേരി, തുണ്ടിൽ നൗഷാദ്, കാരയ്ക്കാട്ട് അനിൽ, പി.എം.സെയ്ദ്, സുരേഷ് ചന്ദ്രൻ, റിയാസ് പറമ്പിൽ, നൂർജഹാൻ ഇബ്രാഹിം, അംബുജാക്ഷിയമ്മ, ഷക്ക പോരുവഴി, രേണുക ദേവി, ഷീജ ഭാസ്കർ, ഷൈനി മനാഫ്, ഷീബ സിജു, രാധിക ഓമനക്കുട്ടൻ, ഷിജിന നൗഫൽ, സുധർമ കോവൂർ, സൂസൻ തോമസ് എന്നിവർ പ്രസംഗിച്ചു.

## വേ ബ്രിജിനെതിരെ രണ്ടാഴ്ചയ്ക്കകം നടപടിയെടുക്കണം: മനുഷ്യാവകാശ കമ്മിഷൻ

ഇളമ്പള്ളൂർ• പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കി 24 മണിക്കൂറും ലൈസൻസില്ലാതെ പെരുമ്പുഴയിൽ പ്രവർത്തിക്കുന്ന വേ ബ്രിജിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ രണ്ടാഴ്ചയ്ക്കുള്ളിൽ അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ അംഗം വി.ഗീത. പെരുമ്പുഴ സ്വദേശി ആർ. കുഞ്ഞുകൃഷ്ണ പിള്ള സമർപ്പിച്ച പരാതിയിലാണ് നടപടി.

ഇളമ്പള്ളൂർ പഞ്ചായത്ത് സെക്രട്ടറിക്കാണ് കമ്മിഷൻ നിർദേശം നൽകിയത്. രാത്രിയും പകലും പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ ജില്ലാ കലക്ടർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയെങ്കിലും നടപടിയെടുത്തില്ലെന്ന് ആരോപിച്ച് മനുഷ്യാവകാശ കമ്മിഷനിൽ പരാതി നൽകുകയായിരുന്നു.

രാത്രി 10 മുതൽ രാവിലെ 6 വരെ പ്രവർത്തിക്കരുത്, രാത്രി അടച്ച ശേഷം മുൻവശം ചങ്ങലയിട്ടു പൂട്ടണം, പരാതിക്കാരന്റെ അതിർത്തി ഷീറ്റ് ഉപയോഗിച്ച് മറയ്ക്കണം, പരാതിക്കാരന്റെ വീടിന് മുന്നിൽ വാഹനം പാർക്ക് ചെയ്യരുത് എന്നീ നാല് നിർദേശങ്ങൾ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

## SHORTS

### മാറ്റി വച്ചു

കൊല്ലം • മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്ന് ഇന്ന് കൊല്ലം ആനന്ദവല്ലീശ്വരം ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന സി.വി.പത്മരാജൻ ഫൗണ്ടേഷൻ ഉദ്ഘാടനവും അനുസ്മരണ സമ്മേളനവും മാറ്റിയതായി ഭാരവാഹികൾ അറിയിച്ചു.

കൊല്ലം • വേദിക സാംസ്കാരിക സംഘടന നാളെ നടത്താനിരുന്ന ഗായകൻ റെജു ജോസഫിന്റെ ഗസൽ സന്ധ്യ മാറ്റി.

### അനുശോചിച്ചു

ചാത്തന്നൂർ • സഹകരണ സ്പിന്നിങ് മിൽ സ്ഥാപക ഭരണ സമിതി അംഗവും മുൻ മന്ത്രിയുമായ സി.വി.പത്മരാജന്റെ നിര്യാണത്തിൽ മിൽ മാനേജ്മെന്റും ട്രേഡ് യൂണിയനുകളും അനുശോചിച്ചു. മിൽ ചെയർമാൻ എ.ആർ.ബഷീർ, മാനേജിങ് ഡയറക്ടർ ഉമേഷ് കൃഷ്ണൻ, മാനേജർ ജി. ജയപ്രകാശ്, ട്രേഡ് യൂണിയൻ നേതാക്കളായ ബിനോയ് (സിഐടിയു), എ.അനിൽകുമാർ (ഐഎൻടിയുസി), വിമൽകുമാർ (എഐടിയുസി), ദിലീപ് കുമാർ (യുടിയുസി), വിശ്വംഭരൻ (കെടിയുസി) എന്നിവർ പ്രസംഗിച്ചു.

ചാത്തന്നൂർ • സി.വി.പത്മരാജന്റെ നിര്യാണത്തിൽ ഗുരുധർമ പ്രചാരണ സഭ ചാത്തന്നൂർ മണ്ഡലം കമ്മിറ്റി അനുശോചിച്ചു. പ്രസിഡന്റ് അഡ്വ. ആർ.ഹരിലാൽ അധ്യക്ഷത വഹിച്ചു. അനുസ്മരണ സമ്മേളനം ജില്ലാ പ്രസിഡന്റ് എം.എസ്.മണിലാൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം രക്ഷാധികാരി പി.എസ്.രാജേന്ദ്രൻ, സെക്രട്ടറി ജഗൽ മോഹൻ, പരവൂർ പ്രദീപൻ, ശരവണൻ, അജിത, വിജയ, ശൈലജ പ്രേം തുടങ്ങിയവർ പ്രസംഗിച്ചു.

### കർഷകസംഘം വില്ലേജ് സമ്മേളനം

കുണ്ടറ• കർഷക സംഘം വെള്ളിമൺ വില്ലേജ് സമ്മേളനം ജില്ലാ എക്സിക്യൂട്ടീവ് അംഗം ജോൺ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ടി.എസ്.പൗലോസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ആർ.രംഗനാഥൻ, എം.പുഷ്പമ്മ, പി.യേശുദാസൻ, വി. പ്രസന്നകുമാർ, എം.ഇ.ആൽഫ്രഡ്, എക്സ്.ജോൺസൺ, കെ. സോമവല്ലി എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: ടി.എസ്.പൗലോസ് (പ്രസി), ആർ.രംഗനാഥൻ (സെക്ര), വി .ജോൺ (ട്രഷ).

# പട്ടികജാതി വികസന പദ്ധതിയുടെ ഫണ്ട് ചെലവഴിക്കുന്നതിൽ വീഴ്ച

ചാത്തന്നൂർ • കല്ലുവാതുക്കൽ പഞ്ചായത്തിൽ പട്ടികജാതി വികസന പദ്ധതിയുടെ ഫണ്ട് ചെലവഴിക്കുന്നതിൽ വീഴ്ച വന്നതിനാൽ 7 വർഷത്തിനിടെ വൻ തുക പാഴായി. 2016 മുതൽ 2023 വരെ പട്ടികജാതി വിഭാഗത്തിനുള്ള ഫണ്ട് സംബന്ധിച്ചു ഭാരതീയ ദലിത് കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡന്റ് പാറയിൽ മധു വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിലാണ് ഓരോ വർഷവും ഫണ്ട് പാഴായതിന്റെ വിവരം ലഭിച്ചത്. 7 വർഷത്തിനിടെ അഞ്ചര കോടിയിലേറെ രൂപയാണ് ലാപ്സ് ആയത്. 2016- 17ൽ പട്ടികജാതി വിഭാഗത്തിനായി വികസന പദ്ധതിയിൽ 2,10,05,082 രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 91,79,384 രൂപ ചെലവഴിച്ചു.1,18,25,698 രൂപ ചെലവഴിച്ചിട്ടില്ല. 2017-18ൽ 2,76,53,957 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1,70,29,858 രൂപ ചെലവഴിച്ചു. 1,06,24,099രൂപ ചെലവഴിച്ചിട്ടില്ല. 2022-23 വരെയും ഫണ്ട് ചെലവഴിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിനായി വാർഷിക പദ്ധതിയിൽ അനുവദിക്കുന്ന തുക അതത് സാമ്പത്തിക വർഷം കഴിയുമ്പോൾ സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് തിരികെ പിൻവലിച്ചതായും വിവരാവകാശ മറുപടിയിൽ പറയുന്നു.

•2018-19ൽ 2,99,02,825 രൂപ വകയിരുത്തിയതിൽ 2,38,94,323 രൂപ ചെലവഴിച്ചു. 60,08,502 രൂപ ചെലവഴിച്ചില്ല.

•2019-20ൽ 2,75,58,128 രൂപ വകയിരുത്തിയതിൽ 1,69,07,877 രൂപ ചെലവഴിച്ചു. 1,06,50,251 രൂപ ചെലവഴിച്ചില്ല.

•2020-21ൽ 3,00,64,740 രൂപ വകയിരുത്തിയതിൽ 2,22,88117 രൂപ ചെലവഴിച്ചു. 77,76623 രൂപ ചെലവഴിച്ചിട്ടില്ല.

•2021-22ൽ 2,37,97,800 രൂപ വകയിരുത്തിയതിൽ 1,92,28,574 രൂപ ചെലവഴിച്ചു. 45,69,226 രൂപ ചെലവഴിച്ചിട്ടില്ല.

•2022-23ൽ 2,11,35,350 രൂപ വകയിരുത്തിയതിൽ 1,61,92,670 രൂപ ചെലവഴിച്ചു. 49,42,680 രൂപ ചെലവഴിച്ചിട്ടില്ല.



## കെജിഎൻഎ യൂണിറ്റ് സമ്മേളനം

പാരിപ്പള്ളി • ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ നഴ്സുമാരുടെ തസ്തിക സൃഷ്ടിക്കണമെന്ന് കെജിഎൻഎ യൂണിറ്റ് സമ്മേളനം ആവശ്യപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് വി.സി.വിനു ജിത്ത് അധ്യക്ഷത വഹിച്ചു. ജില്ലാ ട്രഷറർ എസ്.ജി.ഗംഗ ഉദ്ഘാടനം ചെയ്തു.

നഴ്സുമാരുടെ ഹോസ്റ്റൽ സൗകര്യം ഉറപ്പുവരുത്തുക,നഴ്സിങ് ഇതര ജോലികളിൽ നിന്നു നഴ്സുമാരെ ഒഴിവാക്കുക, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലേക്കു പ്രമോഷൻ നടപ്പാക്കുക, റേഷ്യോ പ്രമോഷൻ നടപ്പിലാക്കുക, താൽക്കാലിക നഴ്സുമാരുടെ ശമ്പളം വർധിപ്പിച്ച് സ്ഥിരം തസ്തികയിലെ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമാക്കുക തുടങ്ങിയ പ്രമേയങ്ങൾ പാസാക്കി. സംസ്ഥാന സെക്രട്ടേറിയറ്റംഗം ആർ.ബീവ, ജില്ലാ കമ്മിറ്റി അംഗം എസ്.ദിവ്യ, വിഷ്ണു ബി.കൃഷ്ണൻ, ആര്യ, യൂണിറ്റ് സെക്രട്ടറി എ.എസ്.അഫ്സിയ, എസ്.മീനു എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: രമ്യ ദേവി (പ്രസി), രമ്യ കൃഷ്ണൻ (സെക്ര).

പരവൂർ• നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ നഴ്സ്മാരുടെയും ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് ആരോഗ്യ സേവനങ്ങൾ ഉറപ്പ് വരുത്തണമെന്ന് കെജിഎൻഎ യൂണിറ്റ് സമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാന കമ്മിറ്റിയംഗം ആർ.ബീവ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.എസ്.ശ്രീജ, എസ്.രശ്മി, രമ്യാദാസ്, എസ്.പാർവതി എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ: നിഷ അമാൻ (പ്രസി.), ടി. പ്രതാപ് (സെക്ര.).



പരവൂർ-തെക്കുംഭാഗം റോഡിൽ മെറ്റലും സിമന്റും ഉപയോഗിച്ച് കുഴിയടയ്ക്കുന്നു.

## കുഴിയടയ്ക്കൽ നാടകവുമായി പൊതുമരാമത്ത് വകുപ്പ്

പരവൂർ• 5 കോടി രൂപ ഭരണാനുമതി ലഭിച്ച റോഡിൽ മഴക്കാലത്ത് കുഴിയടയ്ക്കൽ നാടകം നടത്തി പൊതുമരാമത്ത് വകുപ്പ്. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ 5 കോടി രൂപ ഭരണാനുമതി ലഭിച്ച പരവൂർ-തെക്കുംഭാഗം ഇന്നലെ ഉച്ചയോടെയാണ് പൊതുമരാമത്ത് അധികൃതർ മഴയത്ത് മെറ്റലും സിമന്റും ചേർത്ത് റോഡിലെ കുഴിയടച്ചത്. വലിയ കുഴികൾ മാത്രമാണ് അടച്ചത്. റോഡിന്റെ ടെൻഡർ നടപടി ഉടൻ പൂർത്തിയായി ടാറിങ് ആരംഭിക്കുമെന്നാണ് മുൻപ് മരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും എംഎൽഎയും അറിയിച്ചിരുന്നത്. ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാലാണ് താൽക്കാലികമായി കുഴിയടയ്ക്കാൻ തീരുമാനിച്ചതെന്ന് സൂചനയുണ്ട്. 5 വർഷത്തിലേറെ കാലമായി തകർന്നു കിടക്കുന്ന പരവൂർ-തെക്കുംഭാഗം റോഡ് നവീകരണത്തിനായി ഒട്ടേറെ പ്രക്ഷോഭ പരിപാടികളാണ് നടന്നിട്ടുള്ളത്. തകർന്ന റോഡിൽ അപകടങ്ങളും പതിവാണ്. കുഴിയടയ്ക്കാൻ എത്തിയ മരാമത്ത് ഉദ്യോഗസ്ഥരോട് നാട്ടുകാർ ഇന്നലെ പ്രതിഷേധം അറിയിച്ചിരുന്നു.

## SHORTS

### ജനകീയ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം

പരവൂർ• മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി എല്ലാ മൂന്നാം ശനിയാഴ്ചകളിലും പൊതു ഇടങ്ങളിൽ ജനകീയ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ നഗരസഭാതല ഉദ്ഘാടനം സ്ഥിരസമിതി അധ്യക്ഷ എ.മിനി പരവൂർ തെക്കുംഭാഗം റോഡിലെ ശുചീകരണത്തിലൂടെ നിർവഹിച്ചു. കൗൺസിലർ സ്വർണമ്മ സുരേഷ് അധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ ആർ.ഷാജി, എസ്.ഗീത, ടി.സി.രാജു, ജി.ദേവരാജൻ റസിഡൻസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് മോഹനൻ നെട്ടറ, നഗരസഭ സെക്രട്ടറി അബ്ദുൽ സജീം, എസ്.ശ്രീകുമാർ, സൗഹൃദം റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് ജയലാൽ, സെക്രട്ടറി ആർ.പ്രിജി, പ്രദീപ്, സി.രേഖ, സുദിനൻ എന്നിവർ പ്രസംഗിച്ചു.

### പ്രതിഷേധിച്ചു

ചാത്തന്നൂർ • കെഐപി കനാൽ തകർന്നു മാസങ്ങൾ കഴിഞ്ഞിട്ടും പുനർനിർമിക്കാത്തതിൽ ബിജെപി കാരംകോട് വാർഡ് കമ്മിറ്റി കനാലിൽ റീത്ത് വച്ച് പ്രതിഷേധിച്ചു. ബിജെപി ജില്ലാ ട്രഷറർ സി.രാജൻ പിള്ള ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സമിതി പ്രസിഡന്റ് ശ്യാം മീനാട്, മണ്ഡലം സെക്രട്ടറി ബൈജു മീനാട്, ജില്ലാ കമ്മിറ്റി അംഗം ശ്രീകുമാർ, ബിജെപി പാർലമെന്ററി പാർട്ടി ലീഡർ ആർ.ഇ. സന്തോഷ്, പഞ്ചായത്ത് ജനറൽ സെക്രട്ടറി ദിനേശ്, പഞ്ചായത്ത് സമിതി സെക്രട്ടറി സുഗേഷ്, എ. അജിത് കുമാർ, ജയശ്രീ, രാജു, വിജയകുമാർ, അനന്തു എംസി. പുരം എന്നിവർ നേതൃത്വം നൽകി.

# മനോരമ പ്രാദേശികം

## സ്നേഹാർദ്രം - 2025 : സൗജന്യ ഡയാലിസിസ് പദ്ധതി ഉദ്ഘാടനം ചെയ്തു

ഓച്ചിറ ● ഞക്കനാൽ ശാലേം മാർത്തോമ്മാ യുവജന സഖ്യത്തിന്റെ നേതൃത്വത്തിൽ നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ലഭ്യമാക്കുന്ന പദ്ധതിയായ 'സ്നേഹാർദ്രം - 2025' സി.ആർ.മഹേഷ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. ഗീവർഗീസ് മാത്യു അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വിദ്യാഭ്യാസ മെറിറ്റ് അവാർഡ് വിതരണം നടത്തി.കൊറ്റമ്പള്ളി ബെഥേൽ മാർത്തോമ്മാ ഇടവക വികാരി ഫാ.ഫിലിപ്പ് ജോർജ്, ഇന്ദുലേഖ രാജീഷ്, അഷിലി ബേബി എന്നിവർ പ്രസംഗിച്ചു.

## കൺവൻഷൻ

ശാസ്താംകോട്ട ● ശാരോൻ ഫെലോഷിപ് ചർച്ച് ശൂരനാട് റീജൻ കൺവൻഷൻ കടമ്പനാട് ഏഴാംമൈൽ പുല്ലാഞ്ഞിവിള ജംക്ഷനു സമീപം നാളെ വൈകിട്ട് 6നു ആരംഭിക്കും. സമാപന ദിവസമായ 27നു രാവിലെ 8.30നു സംയുക്ത ആരാധന നടക്കും.

### ഇന്ന്

- പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെലോ അലർട്ട്
- സംസ്ഥാനത്ത് ശക്തമായ മഴയ്ക്കു സാധ്യത
- മണിക്കൂറിൽ 40-60 കിലോമീറ്റർ വേഗത്തിൽ കാറ്റു വീശിയേക്കും
- കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല

### അറിയിപ്പ്

#### താൽക്കാലിക അധ്യാപക ഒഴിവ്

കരുനാഗപ്പള്ളി ● ഗവ.മുസ്‌ലിം എൽപി സ്കൂളിൽ എൽപിഎസ്ടി ഒഴിവിലേക്ക് താൽക്കാലിക അധ്യാപകരെ നിയമിക്കുന്നതിനുള്ള അഭിമുഖം നാളെ ഉച്ചയ്ക്ക് 2ന് നടക്കും. പിഎസ്‌സി റാങ്ക് പട്ടികയിൽ ഉള്ളവർക്ക് മുൻഗണന.

● കോഴിക്കോട് ഗവ.എസ്കെവി യുപി സ്കൂളിൽ എൽപിഎസ്ടി അധ്യാപകന്റെ ഒരു താൽക്കാലിക ഒഴിവിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ അധ്യാപകനെ തിരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം നാളെ 1.01 ന് നടക്കും. യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി പങ്കെടുക്കണം.

● കരുനാഗപ്പള്ളി ഗവ.എച്ച്എസ്എസിൽ ഹൈസ്കൂൾ വിഭാഗത്തിൽ നാചുറൽ സയൻസ്, സോഷ്യൽ സയൻസ് വിഷയത്തിന് ഒരു താൽക്കാലിക അധ്യാപക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 23 നു 10 നു സ്കൂൾ ഓഫിസിൽ ഹാജരാകണം.

# വിപ്ലവസൂര്യന്റെ ഓർമയിൽ...

## ജീവനായിരുന്നു വിഎസ്

ഓച്ചിറ ● ചങ്ങൻകുളങ്ങര പൗർണമിയിൽ ജെ.പ്രകാശ് എന്ന ഓട്ടോത്തൊഴിലാളിയുടെ രക്തത്തിൽ മാത്രമല്ല ജീവനിലും വിപ്ലവ സൂര്യൻ വി.എസ്.അച്യുതാനന്ദൻ എന്നും നിറഞ്ഞു നിൽക്കുന്നു. പലതവണ മരണത്തെ മുഖാമുഖം കണ്ട മുൻ എസ്എഫ്ഐ, ഡിവൈഎഫ്ഐ പ്രാദേശിക നേതാവ് ജെ.പ്രകാശ് തന്റെ ബന്ധുക്കളോടും പാർട്ടി പ്രവർത്തകരോടും ഒരു ആഗ്രഹം മാത്രമാണ് പറഞ്ഞിട്ടുള്ളത്. അത് മറ്റൊന്നുമല്ല തന്റെ വിപ്ലവ സൂര്യൻ വി.എസിനെ ഒന്നു കാണണമെന്നതായിരുന്നു. ഇന്നും പ്രകാശിന്റെ ശരീരത്തിൽ ജീവൻ നിലനിൽക്കുന്നത് തന്റെ പ്രിയ നേതാവ് വി.എസ്.അച്യുതാനന്ദന്റെ സന്ദർശന ഫലമായിട്ടാണെന്നു പ്രകാശ് ഉൾപ്പെടെ വിശ്വസിക്കുന്നത്. വി.എസിന്റെ സന്ദർശന ശേഷം പ്രകാശ് ജീവിതം തിരിച്ചുപിടിക്കാൻ നടത്തിയ പോരാട്ടം മാത്രം അതിനു ഇന്നും സാക്ഷ്യം വഹിക്കുന്നു. ഇപ്പോൾ മൂന്നാം ശസ്ത്രക്രിയയും കഴിഞ്ഞ് വീട്ടിൽ വിശ്രമിക്കുന്ന പ്രകാശിനോട് വീട്ടുകാർ തന്റെ പ്രിയ നേതാവിന്റെ വിയോഗ വാർത്ത അറിയിച്ചിട്ടില്ല.

ഓട്ടോത്തൊഴിലാളിയായിരുന്ന ജെ.പ്രകാശിന് 2012 മാർച്ച് 28നാണ് ആദ്യ പക്ഷാഘാതം ഉണ്ടായി തിരുവനന്തപുരം ശ്രീചിത്ര ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുന്നത്. തലയോട്ടി ഇളക്കി തലച്ചോറിന്റെ ഒരു ഭാഗം മാറ്റിവച്ചു രണ്ട് പ്രധാന ശസ്ത്രക്രിയകൾ നടത്തിയാണ് ഡോക്ടർമാർ ജീവൻ തിരിച്ചുപിടിച്ചത്. അപ്പോഴും സംസാരശേഷി ഉൾപ്പെടെ നഷ്ടമായിരുന്നു.തുടർ ചികിത്സയിൽ കുറച്ച് സംസാരശേഷി തിരികെ ലഭിച്ചപ്പോഴാണ് വി.എസിനെ കാണാനുള്ള മോഹം ഡോക്ടർമാരോടും ബന്ധുക്കളോടും പറയുന്നത്. ഓച്ചിറയിലെ പാർട്ടി പ്രവർത്തകർ പ്രകാശിന്റെ ആഗ്രഹം അന്ന് പ്രതിപക്ഷ നേതാവായിരുന്ന വി.എസിനെ നേരിട്ട് അറിയിച്ചു. ഓച്ചിറയിൽ എത്തുമ്പോൾ കാണാമെന്നു വി.എസ് ഉറപ്പ് നൽകുകയും ചെയ്തു. തുടർന്ന് 2013 ഏപ്രിൽ നാലിന് ഓച്ചിറ പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറി കെട്ടിടത്തിന്റെ ശിലാസ്ഥാപനത്തിന് വി.എസ്.അച്യുതാനന്ദൻ ഓച്ചിറയിലെത്തി.തുടർന്ന് ആയുർവേദ ചികിത്സ കഴിഞ്ഞ് ചങ്ങൻകുളങ്ങരയിലെ വീട്ടിൽ ഉണ്ടായിരുന്ന പ്രകാശിനെ വി.എസ്.വീട്ടിലെത്തി സന്ദർശിച്ചു.പ്രകാശിന്റെ ഭാര്യ ശ്രീലത പ്രകാശ് ഓച്ചിറ പഞ്ചായത്ത് മുൻ പ്രസിഡന്റും പഞ്ചായത്ത് അംഗവുമാണ്.

എന്നും വി.എസ് പക്ഷത്തോട് ചേർന്നു നിന്ന ഓച്ചിറയിൽ വി.എസിന്റെ സന്ദർശനം ഒഴിവാക്കാൻ അന്ന് ഔദ്യോഗിക പക്ഷം ചില ശ്രമങ്ങൾ നടത്തിയത് വിവാദമായിരുന്നു.



പക്ഷാഘാതം വന്നു ശരീരത്തിന്റെ ഒരു ഭാഗം തളർന്ന മുൻ എസ്എഫ്ഐ പ്രാദേശിക നേതാവും ഓട്ടോ -ടാക്സി തൊഴിലാളി യൂണിയൻ പ്രവർത്തകനുമായ ജെ.പ്രകാശിനെ 2013 ഏപ്രിൽ നാലിന് ചങ്ങൻകുളങ്ങരയിലെ വീട്ടിലെത്തി വി.എസ്.അച്യുതാനന്ദൻ കാണുന്നു. (ഫയൽ ചിത്രം)

## ഉത്സവാന്തരീക്ഷത്തിൽ ഇടയ്ക്കാട് സന്ദർശനം



പോരുവഴി ഇടയ്ക്കാട് തെക്ക് കൈരളി വായനശാലയുടെ സുവർണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യാനും പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനത്തിനുമായി എത്തിയ വി.എസ്.അച്യുതാനന്ദന് പഞ്ചായത്ത് മുൻ പ്രസിഡന്റ് പോരുവഴി വാസുദേവനും അന്ന് രാജ്യസഭ എംപിയായിരുന്ന കെ.എൻ.ബാലഗോപാലും ചേർന്നു നാടിന്റെ ഉപഹാരമായി എടുപ്പ്കുതിരയുടെ മാതൃക സമ്മാനിക്കുന്നു.

ശാസ്താംകോട്ട ● കാർഷിക ഭൂസമരത്തിന്റെ പൈതൃകവും തൊഴിലാളി പ്രക്ഷോഭങ്ങളുടെ ചരിത്രവുമുള്ള ഇടയ്ക്കാടിന്റെ സാംസ്കാരിക കേന്ദ്രത്തിലേക്ക് ഉത്സവാന്തരീക്ഷത്തിൽ വി.എസ് എത്തിയ വൈകുന്നേരം ഇന്നലെയെന്ന പോലെ ഓർത്തെടുക്കുകയാണ് ഗ്രാമവാസികൾ. ജനകീയനായ കമ്യൂണിസ്റ്റ് നേതാവിന്റെ വരവിനായി നാടൊന്നാകെ ഒരുമാസം നീണ്ട ഒരുക്കങ്ങളിലൂടെയാണ് കടന്നുപോയത്. 2012 ഡിസംബർ എട്ടിനു വൈകിട്ട് പോരുവഴി ഇടയ്ക്കാട് തെക്ക് കൈരളി വായനശാലയുടെ സുവർണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യാനും പുതിയ കെട്ടിടത്തിന്റെ ശിലയിടാനും എത്തിയതായിരുന്നു അന്ന് പ്രതിപക്ഷ നേതാവായിരുന്ന വി.എസ്.അച്യുതാനന്ദൻ.

എംപി, എംഎൽഎ ഫണ്ടുകൾ അനുവദിച്ച് പുതിയ കെട്ടിടവും നിർമിച്ചു. കർഷകരും തൊഴിലാളികളും സ്ത്രീകളും കുട്ടികളും വയോധികരും അടക്കമുള്ള പുരുഷാരം കണ്ണേ കരളേ വിയെസ്സേ എന്ന മുദ്രാവാക്യം വിളികളോടെയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. പഞ്ചായത്ത് മുൻ പ്രസിഡന്റ് പോരുവഴി വാസുദേവനും അന്ന് രാജ്യസഭ എംപിയായിരുന്ന കെ.എൻ.ബാലഗോപാലും ചേർന്നു നാടിന്റെ ഉപഹാരമായി എടുപ്പ്കുതിരയുടെ മാതൃകയാണ് വിഎസിനു വേദിയിൽ സമ്മാനിച്ചത്. മുഖ്യമന്ത്രിയായിരിക്കെ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനവും സിപിഎം പടിഞ്ഞാറേകല്ലട ലോക്കൽ കമ്മിറ്റി ഓഫിസായ പി.ആർ.സ്മാരക മന്ദിരം ഉദ്ഘാടനവും പ്രതിപക്ഷ നേതാവായിരിക്കെ ഭരണിക്കാവിലെ സിപിഎം കുന്നത്തൂർ താലൂക്ക് കമ്മിറ്റി ഓഫിസ് കെട്ടിടത്തിന്റെ ശിലയിടലും ഭരണപരിഷ്കാര കമ്മിഷൻ ചെയർമാൻ ആയിരിക്കെ പോരുവഴി പഞ്ചായത്ത് ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശിലയിടലും വിഎസാണു നിർവഹിച്ചത്.

## വികസന വഴിയിലെ വിഎസ് പ്രഭാവം

ചവറ ● അഷ്ടമുടിക്കായലിനു നടുവിൽ നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട തെക്കുംഭാഗം ഗ്രാമത്തിനു കരമാർഗം കൊല്ലം നഗരത്തിലേക്ക് ഉൾപ്പെടെ വേഗത്തിൽ എത്തിച്ചേരാനായത് തെക്കുംഭാഗം പള്ളിക്കോടി - ദളവാപുരം പാലം യാഥാർഥ്യമായതോടെയാണ്. പാലം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയ വി.എസ്.അച്യുതാനന്ദനെ വൻ ആവേശത്തോടെയാണ് തെക്കുംഭാഗം ജനാവലി അന്ന് വരവേറ്റത്. ഗ്രാമവാസികൾക്ക് പ്രത്യാശയുടെ പ്രതീക്ഷയുടെ വഴി തുറക്കലായിരുന്നു 2007 ജൂൺ 9 ന് പ്രൗഢമായ ആ ഉദ്ഘാടനച്ചടങ്ങ്. വിഎസിനെ കാണാനും പ്രസംഗം കേൾക്കാനും പാലത്തിലും ഇരുകരകളിലും തെക്കുംഭാഗം നീണ്ടകര എന്നീ തീരദേശ ഗ്രാമങ്ങളിലെ ആബാലവൃദ്ധം ജനങ്ങളും ആവേശഭരിതരായി കാത്ത് നിന്ന ഓർമകൾ അയവിറക്കുകയാണ് വിഎസിന്റെ വേർപാടിൽ വേദനിക്കുന്ന പ്രദേശം. തെക്കുംഭാഗത്തുകാരെ പുറംലോകവുമായി ബന്ധിപ്പിച്ചിരുന്നത് പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലെ പാവുമ്പ തോടിനു കുറുകെയുള്ള ചെറിയ പാലമായിരുന്നു.

പള്ളിക്കോടിയിൽ നിന്നു ദളവാപുരത്തേക്ക് അന്ന് കടത്ത് മാത്രമാണ് ഉണ്ടായിരുന്നത്. 1991 ജൂലൈ 14ന് വള്ളം മറിഞ്ഞ് രണ്ടുപേർ മരിച്ചതോടെ പാലത്തിനായുള്ള മുറവിളി ശക്തമായി. ജനകീയ സമരങ്ങൾക്ക് ഒടുവിൽ അന്നത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ.കെ. ബാവയ്ക്ക് ലഭിച്ച നിവേദനം ഫലം കാണുകയായിരുന്നു. പിന്നീട് എംഎൽഎയായിരുന്ന ഷിബു ബേബിജോൺ പൊതുമരാമത്ത് മന്ത്രി എം.കെ.മുനീറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും പാലം നിർമാണത്തിനു അംഗീകാരം നൽകുകയുമായിരുന്നു. 2001 ഡിസംബർ 1ന് തറക്കല്ലിട്ടു. 2006 മാർച്ച് 20ന് പാലം ഉദ്ഘാടനം ചെയ്യാനിരിക്കെ ഫെബ്രുവരി 25ന് മൂന്നു ബീമുകൾ തകർന്നു. തുടർന്ന് ബീമുകൾ നിർമിച്ചു ഉദ്ഘാടനം നടത്താനുള്ള ശ്രമം നടക്കവേ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.

തുടർന്ന് ഇവിടെ നിന്ന് എൻ.കെ.പ്രേമചന്ദ്രൻ എംഎൽഎ ആകുകയും മറ്റ് നിർമാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ചു 2007 ജൂണിൽ വിഎസ് പാലം നാടിനു സമർപ്പിക്കുകയുമായിരുന്നു.

അന്നത്തെ തെക്കൻ കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ പാലമായിരുന്നു ദളവാപുരം-പള്ളിക്കോടി.



ശാസ്താംകോട്ട വേങ്ങയിൽ തകർന്നു വീണ മതിൽ.

## വീടിന്റെ മതിലിടിഞ്ഞ് വീണ് ഒരാൾക്ക് പരുക്ക്

ശാസ്താംകോട്ട ● വേങ്ങയിൽ വീടിന്റെ മതിലിടിഞ്ഞ് വീണു ഒരാൾക്ക് പരുക്ക്. വേങ്ങ രാജേഷ് ഭവനത്തിൽ രാജേഷിനാണ് സമീപവാസിയുടെ മതിലിനിടയിൽപെട്ട് സാരമായി പരുക്കേറ്റത്. തലനാരിഴയ്ക്കാണ് വലിയ അപകടം ഒഴിവായത്. തലയ്ക്ക് അടക്കം പരുക്കേറ്റ രാജേഷിനെ സമീപവാസികളാണ് രക്ഷപ്പെടുത്തി താലൂക്ക് ആശുപത്രിയിൽ എത്തിച്ചത്. കുട്ടികൾ ഉൾപ്പെടെ പതിവായി യാത്ര ചെയ്യുന്ന ഇടുങ്ങിയ വഴിയിലെ മതിലാണ് തുടർച്ചയായ മഴയിൽ രാവിലെ തകർന്നു വീണത്.



വൈദ്യുത ആഘാതമേറ്റ് മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥി മിഥുന്റെ മരണത്തിനുത്തരവാദികളായ സ്കൂൾ മാനേജ്മെന്റ് പിരിച്ചു വിടണമെന്നാവശ്യപ്പെട്ട് സ്കൂളിലേയ്ക്ക് മഹിളാ കോൺഗ്രസ് നടത്തിയ മാർച്ചിൽ പൊലീസും പ്രവർത്തകരും തമ്മിലുണ്ടായ പിടിവലി.ചിത്രം: മനോരമ

മിഥുന്റെ മരണം

## പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ്

ശാസ്താംകോട്ട ● തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വൈദ്യുതാഘാതമേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ ഉത്തരവാദിയായ സ്കൂൾ മാനേജ്മെന്റ് പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് മാർച്ച് നടത്തി. മിഥുന്റെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരവും സർക്കാർ ജോലിയും നൽകണമെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത കോൺഗ്രസ് ശാസ്താംകോട്ട ബ്ലോക്ക് പ്രസിഡന്റ് വൈ.ഷാജഹാൻ ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് ഫേബ സുദർശനൻ അധ്യക്ഷത വഹിച്ചു. മാരിയത്ത്, എസ്.ബീനാകുമാരി, ജയശ്രീ പവിത്രേശ്വരം, ഷീജ രാധാകൃഷ്ണൻ, അസൂറ ബീവി, സി. സരസ്വതിയമ്മ, സന്തോഷ് തുപ്പാശേരി, ജയശ്രീ രമണൻ, സന്തോഷ് തുപ്പാശേരി, തുണ്ടിൽ നൗഷാദ്, കാരയ്ക്കാട്ട് അനിൽ, പി.എം. സെയ്ദ്, സുരേഷ് ചന്ദ്രൻ, റിയാസ് പറമ്പിൽ, നൂർജഹാൻ ഇബ്രാഹിം, അംബുജാക്ഷിയമ്മ, ഷഹല പോരുവഴി, രേണുക ദേവി, ഷീജ ഭാസ്കർ, ഷൈനി മനാഫ്, ഷീബ സിജു, രാധിക ഓമനക്കുട്ടൻ, ഷിജിന നൗഫൽ, സുധർമ കോവൂർ, സൂസൻ തോമസ് എന്നിവർ പ്രസംഗിച്ചു.



മിഥുന്റെ വീട്ടിലെത്തിയ സിപിഎം ജനറൽ സെക്രട്ടറി എം.എ.ബേബി കുടുംബാംഗങ്ങളോടൊപ്പം. ജില്ലാ സെക്രട്ടറി എസ്.സുദേവൻ, കെ.സോമപ്രസാദ് എന്നിവർ സമീപം.



വൈദ്യുത ആഘാതമേറ്റ് മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥി മിഥുന് നീതി കിട്ടണമെന്നാവശ്യപ്പെട്ട് മഹിള മോർച്ച സ്കൂളിലേയ്ക്കു നടത്തിയ മാർച്ച് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.ചിത്രം: മനോരമ

## മഹിളാമോർച്ച മാർച്ച്

ശാസ്താംകോട്ട ● ലക്ഷങ്ങൾ കൊടുത്താൽ തീരുന്നതാണോ ഒരമ്മയ്ക്കു മകന്റെ നഷ്ടമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ. തേവലക്കര ബോയ്സ് എച്ച്എസിൽ വൈദ്യുതാഘാതമേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർഥി മിഥുന് നീതി ആവശ്യപ്പെട്ടു മഹിളാ മോർച്ച ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു. ദുരന്തത്തിന്റെ ഉത്തരവാദികളെ ശിക്ഷിക്കും വരെ ബിജെപി സമര രംഗത്തുണ്ടാകും. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്ത കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തിനും, സിപിഎം നിയന്ത്രണത്തിലുള്ള സ്കൂൾ മാനേജ്മെന്റ്, കെഎസ്ഇബി ഇവർക്കെല്ലാം ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്തമാണെന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. ജില്ലാ പ്രസിഡന്റ് രാജി പ്രസാദ് അധ്യക്ഷയായിരുന്നു. വെസ്റ്റ് ജില്ലാ വൈസ് പ്രസിഡന്റ് അഞ്ജന സുരേഷ്, ജില്ലാ പ്രഭാരി ടി.ആർ. അജിത് കുമാർ, ജില്ലാ ജനറൽ സെക്രട്ടറിമാരായ ആലഞ്ചേരി ജയചന്ദ്രൻ, എ.ആർ.അരുൺ, കുമാരി സച്ചു എന്നിവർ പ്രസംഗിച്ചു.

നേതാക്കളായ മിനി ശിവരാമൻ, ശ്രീന ഉദയൻ, ലതാ മോഹൻ, ലക്ഷ്മി പ്രസാദ്, ബിന്ദു ബൽറാം, പത്മകുമാരി, എന്നിവർ മാർച്ചിന് നേതൃത്വം നൽകി. സ്കൂളിനു മുന്നിൽ ബാരിക്കേഡ് കെട്ടി മാർച്ച് പൊലീസ് തടഞ്ഞു.



ശൂരനാട് തെക്ക് ഇഞ്ചക്കാട് കിഴക്ക് 3998-ാം നമ്പർ ശ്രീകൃഷ്ണ വിലാസം എൻഎസ്എസ് കരയോഗം പ്രതിഭാ അനുമോദനവും നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനവും യൂണിയൻ പ്രസിഡന്റ് വി.ആർ.കെ.ബാബു നിർവഹിക്കുന്നു.

## എൻഎസ്എസ് പ്രതിഭാ അനുമോദനവും നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനവും

ശാസ്താംകോട്ട ● ശൂരനാട് തെക്ക് ഇഞ്ചക്കാട് കിഴക്ക് 3998-ാം നമ്പർ ശ്രീകൃഷ്ണ വിലാസം എൻഎസ്എസ് കരയോഗം പ്രതിഭാ അനുമോദനവും നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനവും യൂണിയൻ പ്രസിഡന്റ് വി.ആർ.കെ.ബാബു നിർവഹിച്ചു.

യൂണിയൻ ഭാരവാഹികളെ ചടങ്ങിൽ ആദരിച്ചു. കരയോഗം പ്രസിഡന്റ് വാസുദേവൻ പിള്ള അധ്യക്ഷത വഹിച്ചു.

യൂണിയൻ വൈസ് പ്രസിഡന്റ് തോട്ടുവ മുരളി പഠനോപകരണ വിതരണവും യൂണിയൻ സെക്രട്ടറി എം.അനിൽകുമാർ എൻഡോവ്മെന്റ് വിതരണവും നടത്തി. യൂണിയൻ കമ്മിറ്റിയംഗങ്ങളായ പി.കെ.ഹരികൃഷ്ണൻ, കൊമ്പിപ്പിള്ളിൽ സന്തോഷ്, കരയോഗം സെക്രട്ടറി അനിൽ പനപ്പെട്ടി, ട്രഷറർ ശിവദാസൻ പിള്ള, ഗോപകുമാർ, ശ്രീകുമാരൻ നായർ, പ്രഭാകരൻ പിള്ള, വനിതാസമാജം പ്രസിഡന്റ് ബിന്ദു, സെക്രട്ടറി ഉഷാകുമാരി എന്നിവർ പ്രസംഗിച്ചു.

## മിഥുന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണം

ശാസ്താംകോട്ട ● തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വൈദ്യുതാഘാതമേറ്റ് മരിച്ച മിഥുന്റെ കുടുംബത്തിന് പത്തു കോടി രൂപ നഷ്ടപരിഹാരം കൊടുക്കണമെന്നും ഉത്തരവാദികളായ കെഎസ്ഇബി, സ്കൂൾ മാനേജ്മെന്റ് അധ്യാപകർ എന്നിവരുടെ പക്കൽ നിന്നും തുക ഈടാക്കണമെന്നും കേരള ഗ്രാമീണ കർഷക തൊഴിലാളി ഫെഡറേഷൻ നേതൃത്വ സമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് പാലയ്ക്കൽ മോഹനൻ ഉദ്ഘാടനം ചെയ്തു. വർക്കിങ് പ്രസിഡന്റ് കുളക്കട പി.ഡി.രാജു അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി കൊട്ടറ ഗോപകുമാർ, വൈസ് പ്രസിഡന്റ് മൈനാഗപ്പള്ളി ഷൗക്കത്ത്, സീനിയർ വൈസ് പ്രസിഡന്റ് കരിഞ്ചാൽ ജയചന്ദ്രൻ, എം.സുഷമ, മഹിളാ കൺവീനർ ഷീജ കാരാളി, സെക്രട്ടറി അനൂജ് പാലമുക്ക്, കല്ലട അനിരുദ്ധൻ, സോമരാജൻ, രഘുനാഥ് കരുനാഗപ്പള്ളി എന്നിവർ പ്രസംഗിച്ചു.




വൈദ്യുതാഘാതമേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർഥി മിഥുന്റെ സ്മരണയ്ക്കായി തേവലക്കര ബോയ്സ് എച്ച്എസിൽ നടത്തിയ യോഗം. സ്കൂൾ മാനേജർ, മാനേജ്മെന്റ് കമ്മിറ്റി ഭാരവാഹികൾ, അംഗങ്ങൾ, അധ്യാപകർ എന്നിവർ പ്രസംഗിച്ചു.



കരുനാഗപ്പള്ളി മരുതൂർകുളങ്ങര വടക്ക് ശിവവിലാസം 1484-ാം നമ്പർ എൻഎസ്എസ് കരയോഗം കുടുംബസംഗമം എൻഎസ്എസ് ട്രഷററും താലൂക്ക് യൂണിയൻ പ്രസിഡന്റുമായ അഡ്വ.എൻ.വി.അയ്യപ്പൻപിള്ള ഉദ്ഘാടനം ചെയ്യുന്നു.

## കുടുംബസംഗമം

കരുനാഗപ്പള്ളി ● മരുതൂർകുളങ്ങര വടക്ക് 1484-ാം നമ്പർ ശിവവിലാസം എൻഎസ്എസ് കരയോഗം കുടുംബസംഗമം എൻഎസ്എസ് ട്രഷററും താലൂക്ക് യൂണിയൻ പ്രസിഡന്റുമായ എൻ.വി .അയ്യപ്പൻപിള്ള ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് സതീഷ് തേവനത്ത് അധ്യക്ഷത വഹിച്ചു. കരയോഗം ട്രഷറർ ശ്രീഹരി ചിറയ്ക്കൽ, വനിത സമാജം പ്രസിഡന്റ് അർച്ചന എൽ.ചിത്തിര, വനിത സമാജം സെക്രട്ടറി എം.വി.അനുശ്രീ ശിവവിലാസം, കരയോഗം സെക്രട്ടറി പി.മുരളിധരൻപിള്ള പൗർണമി, ജോ.സെക്രട്ടറി ശ്രീനി ശ്രീഭവൻ എന്നിവർ പ്രസംഗിച്ചു.

## ഓണക്കിറ്റ് വിതരണം

കരുനാഗപ്പള്ളി ● നാടകശാല സാംസ്കാരിക സമിതിയുടെ ഓണക്കിറ്റ്, ഓണപ്പുടവ വിതരണം ഓഗസ്റ്റ് 23 നു നടക്കുന്ന സമ്മേളനത്തിൽ വച്ച് 100 കുടുംബങ്ങൾക്ക് നൽകും. ഇതിനോട് അനുബന്ധിച്ചു ചേർന്ന യോഗത്തിൽ കരുനാഗപ്പള്ളി കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു. അപ്പാ മോഹൻ, പോണാൽ നന്ദകുമാർ, ഷാനവാസ് കമ്പികീഴിൽ, ഭാവന രാഹുൽ, രത്നമ്മ ബ്രഹ്മമുഹൂർത്തം എന്നിവർ പ്രസംഗിച്ചു. 23 നു വൈകിട്ട് 4 നു അശ്വതിഭാവനയുടെ നാടകവും നടക്കും.

### ഇന്നത്തെ സിനിമ

**കരുനാഗപ്പള്ളി ഛാർസ്** (A/C) (Onlinebooking: wwwbookmyshow.com) JSK (M) 10.30 am, 02.30 pm, 06.30 pm, 09.30 pm

**കൊല്ലം ധന്യ** (A/C,DTS) FLASK (M) 12.15 pm, 02.30 pm, 06.00 pm, 09.00 pm

**രമ്യ** (www.bookmyshow.com) F1: THE MOVIE (E) 10.30 am JURASSIC WORLD: REBIRTH (E) 3D 01.00 pm

**പ്രണവം** (A/C) (Phone:0474 2742604) (www.bookmyshow.com) JSK – JANAKI V/S STATE OF KERALA (M) 11.30 am, 02.45 pm, 06.15 pm, 09.30 pm

**ഉഷ** (A/C,DTS) (Phone: 0474 2747517) അപൂർവ പുത്രന്മാർ (M) 02.30 pm, 06.30 pm

മനോരമ
# പ്രാദേശികം

## ഇടതുപക്ഷ പ്രസിഡന്റിനെയും സെക്രട്ടറിയെയും ഉപരോധിച്ച് സിപിഐ

ആയൂർ • പാതയോരത്തെ കാട് തെളിക്കുന്നതുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കാത്തതിൽ പ്രതിഷേധിച്ച് എൽഡിഎഫ് ഭരിക്കുന്ന പഞ്ചായത്തിൽ ഭരണകക്ഷിയിലെ സിപിഐയുടെ നേതൃത്വത്തിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉപരോധിച്ചു. കാടു തെളിക്കാനുള്ള നടപടി ഉടൻ സ്വീകരിക്കുമെന്ന ഉറപ്പു ലഭിച്ച ശേഷമാണ് ഉപരോധം പിൻവലിച്ചത്. രാവിലെ 10നു തുടങ്ങിയ ഉപരോധം 15 മിനിറ്റോളം നീണ്ടു. സിപിഐ പൊടിയാട്ടുവിള ബ്രാഞ്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ പതിനഞ്ചോളം പ്രവർത്തകർ ചേർന്നാണു ഉപരോധിച്ചത്. പ്രധാന പാതയായ വാളകം - തടിക്കാട് റോഡിൽ പൊടിയാട്ടുവിള, പന്നിയറ, കരിലക്കോട് ഭാഗങ്ങളിലെ റോഡിന്റെ വശത്തെ കാട് നീക്കം ചെയ്യാത്തതാണു പ്രതിഷേധത്തിന് ഇടയാക്കിയത്. ജൂൺ മാസത്തിൽ ഇക്കാര്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഒരു മാസം കഴിഞ്ഞിട്ടും നടപടി ഉണ്ടായില്ല. കാടു മൂടിയ റോഡിലൂടെ ഇഴജന്തുക്കളെ ഭയന്നാണു സമീപത്തെ പൊടിയാട്ടുവിള ഗവ. എൽപി സ്കൂളിലെ കുട്ടികൾ ഉൾപ്പെടെ സഞ്ചരിക്കുന്നത്. റോഡിന്റെ വശങ്ങൾ കാട് മൂടിയതിനാൽ വിദ്യാർഥികൾക്കു റോഡിലൂടെ സഞ്ചരിക്കേണ്ട സ്ഥിതിയാണ്. ഇതു വാഹനങ്ങൾ ഇടിച്ചുള്ള അപകടങ്ങൾക്കും ഇടയാക്കും. ഇതൊഴിവാക്കാനാണു വശങ്ങളിലെ കാടു നീക്കം ചെയ്യണമെന്ന ആവശ്യവുമായി ഭരണകക്ഷി തന്നെ രംഗത്തെത്തിയത്. സിപിഐ അറയ്ക്കൽ എൽസി സെക്രട്ടറി എം.സജാദ്, ആർ.കെ.അരുൺ ലാൽ, ബാബു ആചാരി, ജയിംസ് താന്നിക്കൽ എന്നിവർ നേതൃത്വം നൽകി.

### കാലാവസ്ഥ

- പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെലോ അലർട്ട്.
- സംസ്ഥാനത്തു ശക്തമായ മഴയ്ക്കു സാധ്യത.
- മണിക്കൂറിൽ 40 - 60 കിലോമീറ്റർ വേഗത്തിൽ കാറ്റുവീശിയേക്കും.
- കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

### വിരമിച്ചു



വെളിയം റീജനൽ സഹകരണ ബാങ്ക് സെക്രട്ടറി ബി.വിക്രമൻ പിള്ള.

## എൻസിസി 9 ബറ്റാലിയൻ പരിശീലന ക്യാംപ് സമാപിച്ചു

അഞ്ചൽ • എൻസിസി 9 കേരള ബറ്റാലിയൻ (കൊട്ടാരക്കര), വാർഷിക പരിശീലന ക്യാംപ് സമാപിച്ചു. അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ പത്ത് ദിവസം നീണ്ടുനിന്ന ക്യാംപിൽ കെഡറ്റുകൾക്കു പട്ടാള പരിശീലനത്തിനു പുറമേ വ്യക്തിത്വ വികസനം, ആത്മവിശ്വാസം, നേതൃത്വഗുണം, സേവന സന്നദ്ധത, യോഗ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. അഗ്നിരക്ഷാസേന മോക് ഡ്രിൽ നടത്തി. ഡൽഹിയിൽ സൈനിക ക്യാംപിൽ പങ്കെടുക്കാൻ വേണ്ടിയുള്ള ഇന്റർ ഗ്രൂപ്പ് കോംപറ്റീഷൻ പ്രാക്ടിസും നടന്നു.

സമാപന സമ്മേളനത്തിൽ ഫാ. ബോവസ് മാത്യു അധ്യക്ഷത വഹിച്ചു. ക്യാംപ് കമൻഡാന്റ് കേണൽ ജിനു തങ്കപ്പൻ, ഡപ്യൂട്ടി കമൻഡാന്റ് ലെഫ്. കേണൽ കെ.എസ്.വിനോദ് കുമാർ, സ്കൂൾ പ്രിൻസിപ്പൽ മേരി പോത്തൻ, കെ.എം.മാത്യു, പി.ടി.ആന്റണി, സ്കൂൾ പ്രിഫക്ട് ഓംസ്വരൂപ്, അഫ അമീൻ എന്നിവർ പ്രസംഗിച്ചു.

കുട്ടികളുടെ വിവിധ കലാപരിപാടികളും നടന്നു. മികച്ച ക്യാംപ് സംഘാടനത്തിനു സെന്റ് ജോൺസ് സ്കൂളിനുള്ള പ്രശസ്തിപത്രം കൈമാറി.

### ഇന്നത്തെ സിനിമ

**കൊട്ടാരക്കര മിനർവ എമ്പയർ സിനിമാസ്** (2K DOLBY ATMOS) **FLASH** (M) 12.00 pm, 03.00 pm, 06.30 pm, 09.30 pm

**മിനർവ സിനിമാസ്** (4K 3D) (Phone:0474 2452356) (Online ticket book:www.minervacinemaz.com) **JSK – JANAKI V/S STATE OF KERALA** (M) 11.00 am, 02.30 pm, 06.15 pm, 09.30 pm

**പത്തനാപുരം സീമ സിനിപ്ലസ്** (A/C) (3D)7.1DOLBY) (Mob: 9995603056) AUDI 1 **JURASSIC WORLD REBIRTH** (E) 3D 11.00 am, 02.45 pm, 06.45 pm, 09.45 pm

**JURASSIC WORLD REBIRTH** (E) 3D 11.00 am, 02.45 pm, 06.45 pm, 09.45 pm

AUDI 2 **ധീരൻ** (M) 2D 06.30 pm

**ധീരൻ** (M) 2D 06.30 pm

AUDI 3 **3 BHK** (T) 2D 11.00 am, 02.30 pm, 06.30 pm, 09.30 pm

**3 BHK** (T) 2D 11.00 am, 02.30 pm, 06.30 pm, 09.30 pm

**Aashirvad Cineplexx** 4K,RGB Laser,3D,Dolby Atmos 04752352255 bookmyshow.com Audi-1 **JSK – JANAKI V/S STATE OF KERALA** (M) 11.15 am, 02.15 pm, 06.15 pm, 09.15 pm

Audi-2 **രവീന്ദ്രാ നീ എവിടെ** (M) 3D 11.30 am, 02.30 pm, 06.30 pm, 09.30 pm

Audi-3 **അപൂർവ്വ പുത്രൻമാർ** (M) 11.00 am, 02.00 pm, 06.00 pm, 09.00 pm

**ഓയൂർ എൻ. വി. പി. സിനിമ** (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) **JSK – JANAKI V/S STATE OF KERALA** 2D (M) 11.00 am, 03.00 pm, 06.30 pm, 09.30 pm

**പുനലൂർ അലങ്കാർ രാംലക്ഷ്മി സിനിമ** ( 4K 3D DOLBY ATMOS ) (Phone:0475 2222232) **F1: THE MOVIE** (E) 2D 11.00 am, 02.30 pm, 09.30 pm

**JURASSIC WORLD REBIRTH** (E) 3D 06.30 pm



# ചിതറ പഞ്ചായത്തിൽ തെരുവുനായ്ക്കൾ പെരുകി



ചിതറ പഞ്ചായത്തിൽ വളവുപച്ചയിൽ തെരുവുനായ്ക്കളുടെ കൂട്ടം.



കഴിഞ്ഞ ദിവസം മടത്തറ കൊല്ലായിലിൽ വിദ്യാർഥിയെ തെരുവുനായ ആക്രമിക്കുന്ന സിസിടിവി ക്യാമറ ദൃശ്യം.



“ ചിതറ പഞ്ചായത്ത് അധികൃതർ ഇനിയെങ്കിലും കണ്ണു തുറക്കണം. ഇന്നലെ രാവിലെ പള്ളിയിലേക്കു വരുന്നതിനിടെ നായ ആക്രമിച്ചു. അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. രാവിലെ കാൽനടയാത്ര ചെയ്യുന്നവരെല്ലാം കയ്യിൽ വടി കൂടി കരുതേണ്ട സ്ഥിതിയാണ്. രാവിലെയും വൈകിട്ടുമാണു നായ്ക്കൾ പ്രധാനമായും റോഡുകളിൽ തമ്പടിക്കുന്നത്. തെരുവു നായ്ക്കളെ പിടികൂടി വാഹനങ്ങളിൽ മടത്തറ, അരിപ്പ പ്രദേശത്തു കൊണ്ടുവന്നു തള്ളുന്നുണ്ട്. വനത്തിന്റെ ഭാഗത്താണു തള്ളുന്നതെങ്കിലും റോഡിന്റെ ഭാഗത്തു തിരിച്ചെത്തുകയാണിവ. പഞ്ചായത്തിന്റെ പല ഭാഗത്തും മാലിന്യം തള്ളുന്നതും ഇവ പെരുകാൻ കാരണമാണ്.

**വട്ടവിള ഷാജി**
**വളവുപച്ച**



“ ചിതറ പഞ്ചായത്തിലെ തെരുവുനായ്ക്കളുടെ ശല്യം ചിതറ പഞ്ചായത്ത് അധികൃതർ ഗൗരവമായി എടുക്കണം. വീടിനു മുന്നിൽ നിന്നു മൂന്നര വയസ്സുകാരിക്ക് ഉൾപ്പെടെ ആണു കടിയേറ്റത്. അപ്പോൾ കാൽനടയായി യാത്ര ചെയ്യുന്ന കുട്ടികളുടെ അവസ്ഥ എന്തായിരിക്കും. ദിവസവും രാവിലെ നായ്ക്കളുടെ ആക്രമണ വാർത്തയാണു കേൾക്കേണ്ടി വരുന്നത്. നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തുന്നതു 2 വർഷമായി തുടരുന്നുവെന്നു പഞ്ചായത്ത് അധികൃതർ പറയുമ്പോഴും ഇവയുടെ എണ്ണം കൂടുന്നുണ്ടെന്ന സത്യം കാണാതെ പോകരുത്.

**എസ്.സെയ്ഫുദ്ദീൻ**
**മഹാദേവർകുന്ന്**

ചിതറ • പഞ്ചായത്ത് പ്രദേശത്ത് തെരുവുനായ്ക്കളുടെ എണ്ണം വർധിച്ചുവെന്നു നാട്ടുകാർ. പഞ്ചായത്തിന്റെ മലയോര മേഖലകളിൽ മറ്റു സ്ഥലങ്ങളിൽ നിന്നു നായ്ക്കളെ പിടികൂടി കൊണ്ടുവന്നു തള്ളുന്നതായും ആരോപണമുണ്ട്. മൂന്നര വയസ്സുകാരിക്കു പട്ടിയുടെ കടിയേറ്റത് മുതൽ ഒട്ടേറെ പേർ നായ്ക്കളുടെ ആക്രമണത്തിന് ഇരയായി. ഇവയെ ഭയന്നു പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയും പലപ്പോഴുമുണ്ട്. മറ്റ് സ്ഥലങ്ങളിൽനിന്നു നായ്ക്കളെ ചിതറ പഞ്ചായത്ത് പ്രദേശത്തു തള്ളുന്നതായി ആരോപണം ഉണ്ടായിട്ടും അന്വേഷിക്കാൻ പഞ്ചായത്ത് തയാറാകുന്നില്ലെന്നാണ് ആക്ഷേപം.

വളവുപച്ച മഹാദേവർ കുന്നിൽ തണ്ണിക്കലിൽ ഇർഷാദിന്റെയും ഡോ. ഹന്നയുടെയും മകൾ മൂന്നര വയസ്സുകാരിക്കു രണ്ടാഴ്ച മുൻപ് ആണ് കടിയേറ്റത്. അങ്കണവാടിയിൽ പോകാൻ ഒരുങ്ങി നിൽക്കവേ വീട്ടിൽ കയറിയ പട്ടി കുട്ടിയെ കടിക്കുക ആയിരുന്നു. പട്ടിക്കു പേവിഷ ബാധ സ്ഥിരീകരിച്ചിരുന്നു. മുഖത്താണു കടിയേറ്റത്. തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്കു ശേഷം വീട്ടിൽ എത്തിയ കുട്ടിക്ക് പട്ടിയുടെ ആക്രമണത്തെ തുടർന്നുണ്ടായ ഭീതി മാറിയിട്ടില്ല.

കഴിഞ്ഞ ദിവസം ചിതറ ഭജനമഠത്തിൽ കൂട്ടം കൂടി നിന്ന നായ്ക്കളെ ഇടിച്ചുണ്ടായ അപകടത്തിൽ ബൈക്ക് യാത്രക്കാർക്കു പരുക്കേറ്റു.

പുലർച്ചെ അമ്പലങ്ങളിലും പള്ളിയിലും പോകുന്നവർക്കും പ്രഭാത സവാരിക്ക് ഇറങ്ങുന്നവർക്കും നേരെ നായ്ക്കളുടെ ആക്രമണം കൂടിയെന്നു പറയുന്നു. കൊല്ലായിലിൽ സ്കൂളിൽ പോയ കുട്ടികളെ പട്ടികൾ ആക്രമിക്കാൻ ശ്രമിച്ചു. നായ ആക്രമണത്തിൽ നിന്നു പലരും അത്ഭുതകരമായാണു രക്ഷപ്പെടുന്നത്. വളർത്തുമൃഗങ്ങൾക്കു നേരെയും പട്ടിയുടെ ആക്രമണം ഉണ്ടായി. കോഴികളെ കൊല്ലുന്ന നായ്ക്കൾ ആട്, പശു എന്നിവയെയും ആക്രമിക്കുന്നു.

തിരുവനന്തപുരം ചെങ്കോട്ട റോഡിൽ ഇലവുപാലം മുതൽ അരിപ്പ വരെയും മടത്തറ കടയ്ക്കൽ റോഡിൽ മടത്തറ മുതൽ കാഞ്ഞിരത്തുംമൂട് വരെയും വ്യാപിച്ചു കിടക്കുന്ന പഞ്ചായത്താണു ചിതറ. അരിപ്പ, ചോഴിയക്കോട്, അമ്മയമ്പലം, വേങ്കൊല്ല, മടത്തറ, കൊല്ലായിൽ, ഇലവുപാലം, ചക്കമല, മുള്ളിക്കാട്, വളവുപച്ച, കണ്ണങ്കോട്, ചിതറ, കൊച്ചാലുംമൂട്, കാഞ്ഞിരത്തുംമൂട്, ഭജനമഠം, തുറ്റിക്കൽ, മതിര, തുറ്റിക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ നായ്ക്കൾ വർധിച്ചതായാണു സംശയം. വന്ധ്യംകരണത്തിന് ഓരോ വർഷവും പഞ്ചായത്ത് പദ്ധതിയിലൂടെ തുക ചെലവഴിക്കുന്നതായി കണക്കുകളുണ്ടെങ്കിലും ഒന്നും ഫലിക്കുന്നില്ലെന്ന് ആക്ഷേപം ഉണ്ട്.

അനധികൃത കശാപ്പു ശാലകളും മറ്റും ഇറച്ചി മാലിന്യം വഴിയോരങ്ങളിൽ തള്ളുന്നതും നായ്ക്കൾ പെരുകുന്നതിനു കാരണം ആണെന്നു നാട്ടുകാർ ആരോപിക്കുന്നു.

ചിതറ പരുത്തിയിൽ കന്നുകാലികളെ കൊണ്ടു വന്നു കശാപ്പു ചെയ്ത് ഇറച്ചി മറ്റ് സ്ഥലങ്ങളിൽ കൊണ്ടുപോയി വിൽപന നടത്തുന്നുണ്ട്. ഇവിടെ തമ്പടിക്കുന്ന പട്ടികൾ പകലും രാത്രിയിലും സമീപത്തുള്ള വീടുകൾക്കു മുന്നിലാണു കിടക്കുന്നത്. രാത്രി വീടിന്റെ സിറ്റൗട്ടിൽ കയറി കിടക്കുന്ന സംഭവം പോലും ഉണ്ടായിട്ടുണ്ട്. പുലർച്ചെ വാതിൽ തുറന്നു പുറത്തിറങ്ങുന്നവർക്കു നേരെ പട്ടിയുടെ ആക്രമണം ഉണ്ടാകുന്നു. പേവിഷ നിർമാർജനം എന്ന പേരിലാണു പഞ്ചായത്ത് പദ്ധതി തയാറാക്കുന്നത്. കഴിഞ്ഞ 2 വർഷവും നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തിയതായി പഞ്ചായത്ത് അധികൃതർ പറയുന്നു. പക്ഷേ, പട്ടികളുടെ എണ്ണത്തിൽ കുറവില്ല എന്നാണു നാട്ടുകാരുടെ പക്ഷം.



വീഴുമോ? ചിതറ പബ്ലിക് മാർക്കറ്റിൽ പഞ്ചായത്ത് നിർമിച്ച കെട്ടിടത്തിന്റെ തൂണാണിത്. ചുവടുഭാഗം സിമന്റ് ഇളകി കട്ടയും ഇടിഞ്ഞ നിലയിലാണ്. ഏതു നിമിഷവും നിലംപതിക്കാവുന്ന തരത്തിലാണ് ഇതിന്റെ നിൽപ്. ഒട്ടേറെപ്പേരാണ് കെട്ടിടത്തിൽ ചെറുകിട കച്ചവടം നടത്തുന്നത്.



കൊട്ടാരക്കര സിനിമാപറമ്പ് റോഡിന്റെ തകർച്ചയിൽ കോൺഗ്രസ് കൊട്ടാരക്കര ഈസ്റ്റ് വെസ്റ്റ് മണ്ഡലങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തകർ നടത്തിയ പ്രതിഷേധം ഡിസിസി ജനറൽ സെക്രട്ടറി പി.ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു.

### കൊട്ടാരക്കര സിനിമാപറമ്പ് റോഡിന്റെ തകർച്ച
## കുഴികൾ അടച്ചു സമരം ചെയ്തു കോൺഗ്രസ്

കൊട്ടാരക്കര • സിനിമാപറമ്പ് റോഡിന്റെ തകർച്ചയിൽ പ്രതിഷേധിച്ച് കോൺഗ്രസ് കൊട്ടാരക്കര ഈസ്റ്റ് - വെസ്റ്റ് മണ്ഡലങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തകർ റോഡിലെ കുഴികൾ അടച്ചു സമരം ചെയ്തു.

കൊട്ടാരക്കര കോൺഗ്രസ് ഭവനിൽ നിന്ന് ആരംഭിച്ച സമരം മുസ്‌ലിം സ്ട്രീറ്റ് പാലത്തിനടുത്ത് അവസാനിച്ചു.

ഡിസിസി ജനറൽ സെക്രട്ടറി പി.ഹരികുമാർ ഉദ്ഘാടനം ചെയ്തു. കെ.ജി.അലക്സ്, കോശി കെ.ജോൺ, കണ്ണാട്ട് രവി, ഒ.രാജൻ, വി.ഫിലിപ്, താമരക്കുടി ഉണ്ണിക്കൃഷ്ണൻ നായർ, വിജയൻപിള്ള, സുധീർ തങ്കപ്പ, ആർ.മധു, വേണു അവണൂർ, ശിവൻ പിള്ള, കെ.ജി.റോയ്, ജോജോ, നഹാസ്, ഷുജ ജസീം, ജെയ്സി ജോൺ, ശോഭ പ്രശാന്ത്, ഷിനു ജോസ്, എം.സി.ജോൺസൺ, അരുൺ കുമാർ പ്രശാന്ത് കാവുവിള എന്നിവർ നേതൃത്വം നൽകി.

# വാവുബലിക്ക് ക്ഷേത്രങ്ങളിൽ ഒരുക്കങ്ങൾ പൂർത്തിയായി

ഓയൂർ • തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തെക്കൻ കേരളത്തിലെ ചരിത്രപ്രസിദ്ധമായ വെളിനല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ 24ന് നടക്കുന്ന വാവുബലിക്ക് ഒരുക്കങ്ങൾ പൂർത്തിയായി. ഒരേസമയം തന്നെ ആയിരത്തോളം പേർക്ക് ബലി ഇടുന്നതിനുള്ള സജ്ജീകരണങ്ങളാണ് ഇത്തവണ ഒരുക്കിയിട്ടുള്ളത്. രാവിലെ പുലർച്ചെ 4ന് ബലിതർപ്പണ ചടങ്ങുകൾ ആരംഭിക്കും. ആചാര്യൻ സി.ബി.ശ്രീശുകൻ ബലിതർപ്പണ ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിക്കും. ബലി ഇടുന്നതിന് ആവശ്യമായ ദർഭ കെട്ടി തയാറാക്കി കഴിഞ്ഞു. അരിയും എള്ളും കവറുകളിലാക്കി നിറയ്ക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

15000 പേർക്ക് ബലി ഇടുന്നതിനുള്ള സൗകര്യങ്ങളാണ് ഇത്തവണ ഒരുക്കുന്നത്. കേരള പൊലീസ്, കേരള ഫയർ ആൻഡ് റെസ്ക്യൂ, കേരള ഹെൽത്ത് സർവീസ് മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ പൂർണമായ സഹകരണം വാവുബലിക്ക് ഉറപ്പുവരുത്തിയിട്ടുണ്ട്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പ്രത്യേകമായ സ്ഥലങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ആയിരത്തോളം പേർക്ക് ഒരുമിച്ച് ബലി ഇടുവാനുള്ള പന്തൽ സംവിധാനം ഒരുങ്ങി കൊണ്ടിരിക്കുന്നു. ബലിയിടാൻ എത്തുന്ന ഭക്തർക്കും കൂടെ വരുന്ന ഭക്തർക്കും രാവിലെ ലഘുഭക്ഷണം സജ്ജീകരിക്കാനുള്ള ഏർപ്പാടും നടന്നുവരുന്നതായി ക്ഷേത്ര ഉപദേശക സമിതി പ്രസിഡന്റ് രത്നകുമാരി ,സെക്രട്ടറി വി ഹരികുമാർ , വൈസ് പ്രസിഡന്റ് രാഹുൽ , കർക്കിടക വാവുബലി സമിതി ചെയർമാൻ ജി.ഹരിദാസ്, കൺവീനർ അനിൽകുമാർ, മാതൃസമിതി പ്രസിഡന്റ് സരോജം എന്നിവർ അറിയിച്ചു.

പകൽക്കുറി • പകൽക്കുറി ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ വാവുബലിതർപ്പണ ചടങ്ങുകൾ 24നു രാവിലെ 5 മുതൽ 11 വരെ നടക്കും. ക്ഷേത്രത്തിന്റെ തെക്കേ അതിർത്തിയോടു ചേർന്നൊഴുകുന്ന ഇത്തിക്കര ആറിന്റെ പാർശ്വത്തിൽ വി.ജോയി എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചു നിർമിച്ച ആറാട്ടു കടവും കൽപ്പടവുകളുമാണ് ബലിതർപ്പണ ചടങ്ങുകൾക്കു ക്ഷേത്ര ഭരണ സമിതി ഒരുക്കിയിരിക്കുന്നത്.

മുഖത്തല കൃഷ്ണകുമാറിന്റെ കാർമികത്വത്തിലും തിലഹവന ഹോമം ക്ഷേത്രം സഹതന്ത്രി ഈശ്വരൻ നമ്പൂതിരി മുഖ്യകാർമികത്വത്തിലുമാണു നടക്കുക. ഒരുക്കങ്ങൾ പൂർത്തിയായതായി ക്ഷേത്രം ഭരണസമിതി പ്രസിഡന്റ് ജി.അജയകുമാർ, സെക്രട്ടറി വി.ഗോപകുമാർ, ട്രഷറർ ഡി.ഷാജി എന്നിവർ അറിയിച്ചു.

കരീപ്ര • കടയ്ക്കോട് ഇടയ്ക്കിടം മണ്ണൂർകാവ് മഹാവിഷ്ണു ക്ഷേത്രത്തിൽ ബലി തർപ്പണത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. 24നു രാവിലെ 5 മുതൽ ഉച്ചയ്ക്ക് 2 വരെ കൊല്ലം ലക്ഷ്മി നട ധർമരാജൻ ഭട്ടതിരിപ്പാട് മുഖ്യകാർമികത്വത്തിൽ ദർപ്പണ ചടങ്ങുകൾ നടക്കും.

ഇന്ന് അഷ്ടദ്രവ്യ മഹാഗണപതിഹോമവും സായൂജ്യ പൂജയും നടക്കും. നാളെ വലിയ ഭഗവതി സേവയും 24നു തിലഹോമവും സായൂജ്യ പൂജയും ഉണ്ടാകും. ക്ഷേത്രം മേൽശാന്തി കുന്നത്തൂർ മാണികൃമംഗലത്തു മഠത്തിൽ യദുകൃഷ്ണന്റെ കാർമികത്വത്തിൽ പൂജകൾ നടത്തും. കഞ്ഞിസദ്യ, ആംബുലൻസ്, വൈദ്യസഹായം ഉൾപ്പെടെ സേവനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉപദേശക സമിതി പ്രസിഡന്റ് രാഗേഷ് കൊന്നയിൽ, സെക്രട്ടറി എസ്.വിനോദ് കണിയാരംകോട് എന്നിവർ അറിയിച്ചു.



കടയ്ക്കൽ ഫാർമർ പ്രൊഡ്യൂസർ കമ്പനിയും വളവുപച്ച സി.കേശവൻ ഗ്രന്ഥശാലയും സംഘടിപ്പിച്ച അഗ്രി ഫെസ്റ്റ് കാർഷികോത്സവത്തിന്റെ സമാപന സമ്മേളനം സി.ആർ.മഹേഷ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

## അഗ്രി ഫെസ്റ്റ് സമാപിച്ചു

ചിതറ • ഫാർമർ പ്രൊഡ്യൂസർ കമ്പനിയും വളവുപച്ച സി.കേശവൻ ഗ്രന്ഥശാലയും സംഘടിപ്പിച്ച അഗ്രി ഫെസ്റ്റ് കാർഷികോത്സവം സമാപിച്ചു.

സമാപന സമ്മേളനം സി.ആർ.മഹേഷ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ജെ.സി.അനിൽ അധ്യക്ഷനായി. ചിതറ പഞ്ചായത്ത് പ്രസിഡന്റ് മടത്തറ അനിൽ, സി.പി.ജസിൻ, കൊല്ലായിൽ സുരേഷ്, ചിതറ എസ് മുരളീധരൻ നായർ, അനിൽ ആഴാവീട്, ഷാജു കടയ്ക്കൽ, എസ്.ജയപ്രകാശ്, കെ.ഓമനക്കുട്ടൻ, എസ്.വിജയകുമാരൻ നായർ, ജി.നാരായണൻ, വളവുപച്ച സന്തോഷ്, മുന്നാ മുഹമ്മദ് സുഹൈൽ എന്നിവർ പ്രസംഗിച്ചു.



വ്യാപാരി വ്യവസായി ഏകോപന സമിതി നിയോജക മണ്ഡലം ഓഫിസ് മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

## വ്യാപാരി വ്യവസായി ഏകോപന സമിതി ഓഫിസ് ഉദ്ഘാടനം

കൊട്ടാരക്കര • വ്യാപാരി വ്യവസായി ഏകോപന സമിതി നിയോജക മണ്ഡലം ഓഫിസ് മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.

നിയോജക മണ്ഡലം പ്രസിഡന്റ് എം.എം.ഇസ്മായിൽ അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി ഡി.മാമച്ചൻ, ട്രഷറർ എസ്.രവികുമാർ, ജില്ലാ പ്രസിഡന്റ് എസ്.ദേവരാജൻ, കൊട്ടാരക്കര നഗരസഭ ചെയർമാൻ കെ.ഉണ്ണിക്കൃഷ്ണ മേനോൻ, എസ്.ആർ.രമേശ്, എ.ഷാജു, കെ.ജി.അലക്സ്, കെ.എസ്.ഇന്ദുശേഖരൻ നായർ, ആർ.വിജയൻ പിള്ള, റെജിമോൻ വർഗീസ്, സാം കെ.എബ്രഹാം, ജി.കൃഷ്ണൻ കുട്ടി നായർ, അമ്പിളിധരൻ പിള്ള, പി.കെ.വിജയകുമാർ എന്നിവർ പ്രസംഗിച്ചു.

## ഉമ്മൻ ചാണ്ടി മെമ്മോറിയൽ മെറിറ്റ് അവാർഡ്

ഓയൂർ • കെഎസ്‌യു, യൂത്ത് കോൺഗ്രസ് വെളിനല്ലൂർ മണ്ഡലം കമ്മിറ്റികൾ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും നീറ്റ് പരീക്ഷയിലും വിവിധ മേഖലകളിലും കഴിവു തെളിയിച്ച പ്രതിഭകളെയും ‘ഉമ്മൻ ചാണ്ടി മെറിറ്റ് അവാർഡ് 2025’ നൽകി അനുമോദിച്ചു. ഡിസിസി സെക്രട്ടറി വി.ടി.സിബി ഉദ്ഘാടനം ചെയ്തു.

കെഎസ്‌യു സംസ്ഥാന കമ്മിറ്റിയംഗം എംഎസ്.അനീസ് അധ്യക്ഷത വഹിച്ചു. കോൺഗ്രസ് ചടയമംഗലം ബ്ലോക്ക് പ്രസിഡന്റ് പി.ആർ.സന്തോഷ് മുഖ്യപ്രഭാഷണം നടത്തി.

യൂത്ത് കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡന്റ് ആദർശ് ഭാർഗവൻ മുഖ്യാതിഥിയായി. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് പ്രകാശ് വി.നായർ, ജയിംസ് എൻ.ചാക്കോ, വട്ടപ്പാറ നിസാർ, ആമിന ഷാജഹാൻ, ശുഹൈബ് അടയറ, പി.ആർ.രാജേഷ് എന്നിവർ പ്രസംഗിച്ചു.



കെഎസ്‌യു, യൂത്ത് കോൺഗ്രസ് വെളിനല്ലൂർ മണ്ഡലം കമ്മിറ്റികൾ നടത്തിയ ഉമ്മൻ ചാണ്ടി മെറിറ്റ് അവാർഡ് 2025 സ്നേഹാദരം ഡിസിസി സെക്രട്ടറി വി.ടി.സിബി ഉദ്ഘാടനം ചെയ്യുന്നു.

# മനോരമ പ്രാദേശികം



എസ്എൻഡിപി യോഗം 1488-ാം നമ്പർ ചെറുമൂട് വെള്ളിമൺ ശാഖയിൽ നടന്ന വിദ്യാഭ്യാസ പുരസ്കാരവും അനുമോദനവും കുണ്ടറ യൂണിയൻ സെക്രട്ടറി അഡ്വ. എസ്.അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## കാലാവസ്ഥ

- പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെലോ അലർട്ട്
- സംസ്ഥാനത്ത് ശക്തമായ മഴയ്ക്കു സാധ്യത
- മണിക്കൂറിൽ 40-60 കിലോമീറ്റർ വേഗത്തിൽ കാറ്റു വീശിയേക്കും
- കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

## ഇന്നത്തെ പരിപാടി

- മരുത്തടി ദേവി ക്ഷേത്രം: ഭാഗവത സപ്താഹ യജ്ഞം - അന്നദാനം 1.00, തിരുവാതിരക്കളി 5.15.

## SHORTS

### യോഗ ഇൻസ്ട്രക്ടർ അഭിമുഖം നാളെ

കുണ്ടറ● പഞ്ചായത്ത് ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിൽ വനിതകൾക്കായി നടത്തുന്ന യോഗ പരിശീലനത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ ഇൻസ്ട്രക്ടറുടെ ഒഴിവിലേക്കുള്ള അഭിമുഖം നാളെ രാവിലെ 11.30ന് നടക്കും. നിർദിഷ്ട യോഗ്യതയുള്ളവർ രാവിലെ 11ന് പഞ്ചായത്തിൽ എത്തണം.

### കോൺഗ്രസ് നിവേദനം നൽകി

കിഴക്കേ കല്ലട● സിവികെഎം എച്ച്എസ്എസിലെ കാലപ്പഴക്കം ചെന്ന് തകർന്ന് വീഴാൻ സാധ്യത ഉള്ള മതിലും കെട്ടിടവും പൊളിച്ചുമാറ്റി പുതിയതു നിർമിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് ചിറ്റുമല മണ്ഡലം കമ്മിറ്റി സ്കൂൾ മാനേജർക്ക് നിവേദനം. സ്കൂൾ ജംക്‌ഷനിൽ ബസ് കാത്തുനിൽക്കുന്ന കുട്ടികൾക്കായി ബസ് കാത്തിരിപ്പ് കേന്ദ്രം നിർമിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെട്ടു. മണ്ഡലം പ്രസിഡന്റ് സൈമൺ വർഗീസ്, മണ്ഡലം വൈസ് പ്രസിഡന്റ് എസ്. സതീഷ്, വി.എസ്.ശ്രീനാഥ്, ഷിബു അമ്പുവിള എന്നിവർ പങ്കെടുത്തു. പ്രശ്നത്തിൽ അടിയന്തര നടപടി സ്വീകരിക്കുമെന്ന് സ്കൂൾ മാനേജർ ഉറപ്പ് നൽകിയതായി മണ്ഡലം പ്രസിഡന്റ് സൈമൺ വർഗീസ് അറിയിച്ചു.

### പ്രതിഷേധിച്ചു

കൊല്ലം ● ഒന്നാം തീയതികളിൽ ഹോട്ടലുകളിൽ മദ്യം വിളമ്പാൻ അനുമതി നൽകിയ സർക്കാർ നടപടിയിൽ കെസിബിസി മദ്യവിരുദ്ധ സമിതി കൊല്ലം രൂപത കമ്മിറ്റി യോഗം പ്രതിഷേധിച്ചു. ലഹരി വിമോചന മാസാചരണത്തിന്റെ സമാപനം 28നു രാവിലെ 9നു കൊല്ലം സെന്റ് ജോസഫ് ഗേൾസ് എച്ച്എസ്എസിൽ നടത്താൻ യോഗം തീരുമാനിച്ചു. പ്രസിഡന്റ് യോഹന്നാൻ ആന്റണി അധ്യക്ഷത വഹിച്ചു.

### കർക്കടക വാവ് പൂജ

കുണ്ടറ● കർക്കടക വാവ് ദിവസം ഇണ്ടിളയപ്പൻ മഹാദേവർ ക്ഷേത്രത്തിൽ തിലഹവനം, പിതൃപൂജ, പാൽപായസ നിവേദ്യം തുടങ്ങിയവ ഉണ്ടാകും.

## ഇന്നത്തെ സിനിമ

**കൊല്ലം ധന്യ** (A/C,DTS) **FLASK** (M) 12.15 pm, 02.30 pm, 06.00 pm, 09.00 pm
**രമ്യ** (www.bookmyshow.com) **F1: THE MOVIE** (E) 10.30 am
**JURASSIC WORLD: REBIRTH** (E) 3D 01.00 pm
**പ്രണവം** (A/C) (Phone:0474 2742604) (www.bookmyshow.com) **JSK – JANAKI V/S STATE OF KERALA** (M) 11.30 am, 02.45 pm, 06.15 pm, 09.30 pm
**ഉഷ** (A/C,DTS) (Phone: 0474 2747517) **അപൂർവ പുത്രന്മാർ** (M) 02.30 pm, 06.30 pm
**ഓയൂർ എൻ. വി. പി. സിനിമ** (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) **JSK – JANAKI V/S STATE OF KERALA 2D** (M) 11.00 am, 03.00 pm, 06.30 pm, 09.30 pm





കൊല്ലം ഡിഡിഇ ഓഫിസിലെ എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഭാഗം കെട്ടിടത്തിന്റെ മേൽക്കൂര തകർന്നതിനെത്തുടർന്ന് മഴ വെള്ളം കെട്ടിക്കിടക്കുന്നു. ചിത്രം: മനോരമ

# ചോർന്നൊലിച്ച് ഡിഡിഇ ഓഫിസ് കെട്ടിടങ്ങൾ

കൊല്ലം● വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ ഓഫിസിലെ കെട്ടിടങ്ങൾ ചോർന്നൊലിക്കുന്നു. ഡിഡിഇ ഓഫിസിലെ കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഭാഗം ഓഫിസിന്റെ മേൽക്കൂര തകർന്ന് ഓഫിസ് ഫയലുകളും ഫർണിച്ചറുകളും നനഞ്ഞു. മേൽക്കൂരകൾ ചോർന്നൊലിച്ചതോടെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഭാഗം ഓഫിസിന്റെ പ്രവർത്തനം ഇന്നലെ മുതൽ തേവള്ളി ഗവ.ഗേൾസ് സ്കൂളിലേക്ക് മാറ്റി.
ഇന്നലെ രാവിലെ ജീവനക്കാരെത്തി ഓഫിസ് തുറന്നപ്പോഴാണ് മുറിക്കുള്ളിൽ വെള്ളം കെട്ടിക്കിടക്കുന്നതായും ഫയലുകൾ നനഞ്ഞതായും ശ്രദ്ധയിൽപെട്ടത്. ഇതേ തുടർന്നാണ് അടിയന്തരമായി ഓഫിസ് പ്രവർത്തനം തേവള്ളി ഗവ.ഗേൾസ് സ്കൂളിലേക്ക് മാറ്റിയത്.
മേൽക്കൂര ചോർന്നതിനെ തുടർന്ന് ഇവിടെ ഉണ്ടായിരുന്ന ഏതാനും ഫയലുകളും ഫർണിച്ചറുകളും മഴവെള്ളം വീണു നനഞ്ഞു. തറയിലും മഴ വെള്ളം കെട്ടി നിൽക്കുകയായിരുന്നു. മേൽക്കൂരയിൽ പാകിയിരുന്ന ഓടുകൾ തകർന്നതിനെ തുടർന്ന് നേരത്തേ ഇവിടെ പ്ലാസ്റ്റിക് ഷീറ്റ് വിരിച്ചിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച മുതൽ ആരംഭിച്ച ശക്തമായ മഴയിലും കാറ്റിലും കൂരയ്ക്ക് മുകളിലേക്ക് സമീപത്തെ വലിയ മരത്തിന്റെ ശിഖരം വീണു. ഇതേ തുടർന്നാണ് മഴവെള്ളം മുറിക്കുള്ളിലായതെന്നും ശനി രാത്രിയോ, ഞായറാഴ്ചയോ ആകാം മര ശിഖരം വീണതെന്നുമാണ് അധികൃതർ പറയുന്നത്.
ഡിഡിഇ ഓഫിസിലെ പ്രധാന കെട്ടിടത്തിന്റെ മേൽക്കൂരകളും ചോരുന്നുണ്ട്.

### ഓഫിസ് പ്രവർത്തനം രണ്ടാഴ്ചയ്ക്കുള്ളിൽ തേവള്ളി സ്കൂളിലേക്ക് മാറ്റും

കൊല്ലം● വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ഓഫിസ് പ്രവർത്തനം രണ്ടാഴ്ചയ്ക്കുള്ളിൽ പൂർണമായും തേവള്ളി ഗവ.ഗേൾസ് സ്കൂളിലേക്ക് മാറ്റുമെന്ന് ഡിഡിഇ കെ.ഐ ലാൽ അറിയിച്ചു. നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂരകൾ മാറ്റി സ്ഥാപിക്കുന്നതിനായി 62 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഓട് പാകിയ മേൽക്കൂരയ്ക്കു പകരം ഇനി ഇരുമ്പ് ഷീറ്റ് പാകിയ മേൽക്കൂരയാണു സ്ഥാപിക്കുന്നത്. മേൽക്കൂര സീലിങ് നടത്തുകയും പുതിയ വയറിങ് സംവിധാനം ഒരുക്കുകയും ചെയ്യും. ഓഫിസ് പ്രവർത്തനം ഗേൾസ് സ്കൂളിലേക്കു മാറ്റുന്നതിനായി 7 ലക്ഷം രൂപ ചെലവാണ് കണക്കാക്കുന്നത്. കോർപറേഷനും വിദ്യാഭ്യാസ വകുപ്പുമാണ് ഈ തുക നൽകുന്നത്. ഗേൾസ് സ്കൂളിലെ ഒരു ഹാളും ഏഴ് ക്ലാസ് മുറികളുമാണ് ഡിഡിഇ ഓഫിസിന്റെ താൽക്കാലിക പ്രവർത്തനത്തിനായി ഒരുക്കുന്നത്.



പറവൂർ-തെക്കുംഭാഗം റോഡിൽ മെറ്റലും സിമന്റും ഉപയോഗിച്ച് കുഴിയടയ്ക്കുന്നു.

# കുഴിയടയ്ക്കൽ നാടകവുമായി പൊതുമരാമത്ത് വകുപ്പ്

പരവൂർ● 5 കോടി രൂപ ഭരണാനുമതി ലഭിച്ച റോഡിൽ മഴക്കാലത്ത് കുഴിയടയ്ക്കൽ നാടകം നടത്തി പൊതുമരാമത്ത് വകുപ്പ്. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ 5 കോടി രൂപ ഭരണാനുമതി ലഭിച്ച പരവൂർ-തെക്കുംഭാഗം ഇന്നലെ ഉച്ചയോടെയാണ് പൊതുമരാമത്ത് അധികൃതർ മഴയത്ത് മെറ്റലും സിമന്റും ചേർത്ത് റോഡിലെ കുഴിയടച്ചത്. വലിയ കുഴികൾ മാത്രമാണ് അടച്ചത്. റോഡിന്റെ ടെൻഡർ നടപടി ഉടൻ പൂർത്തിയായി ടാറിങ് ആരംഭിക്കുമെന്നാണ് മുൻപ് മരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും എംഎൽഎയും അറിയിച്ചിരുന്നത്. ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാലാണ് താൽക്കാലികമായി കുഴിയടയ്ക്കാൻ തീരുമാനിച്ചതെന്ന് സൂചനയുണ്ട്. 5 വർഷത്തിലേറെ കാലമായി തകർന്നു കിടക്കുന്ന പരവൂർ-തെക്കുംഭാഗം റോഡ് നവീകരണത്തിനായി ഒട്ടേറെ പ്രക്ഷോഭ പരിപാടികളാണ് നടന്നിട്ടുള്ളത്. തകർന്ന റോഡിൽ അപകടങ്ങളും പതിവാണ്. കുഴിയടയ്ക്കാൻ എത്തിയ മരാമത്ത് ഉദ്യോഗസ്ഥരോട് നാട്ടുകാർ ഇന്നലെ പ്രതിഷേധം അറിയിച്ചിരുന്നു.



കൊല്ലം കെഎസ്ആർടിസി ബസ് സ്റ്റേഷൻ കെട്ടിടം പുനർ നിർമിക്കണമെന്ന് ആവശ്യപ്പെട്ടു ഫോർവേഡ് ബ്ലോക്ക് ജില്ലാ കമ്മിറ്റി സ്റ്റാൻഡിനു മുൻപിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണ സംസ്ഥാന ജനറൽ സെക്രട്ടറി ടി.മനോജ് കുമാർ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി സ്റ്റാലിൻ പാരിപ്പള്ളി അധ്യക്ഷത വഹിച്ചു. പ്രകാശ് മൈനാഗപ്പള്ളി, അജിത് കുരീപ്പുഴ, കിളികൊല്ലൂർ രംഗനാഥ്, ഹിഷാം കരുനാഗപ്പള്ളി, ജി.രാജു, സി. സൂര്യകല, പ്രാക്കുളം മോഹൻ, നളിനാക്ഷൻ ഉളിയനാട്, നസീം കോടംവിള, രാജകുട്ടി പത്തനാപുരം, സലാഹുദ്ദീൻ ഭായ്, അരവിന്ദാക്ഷൻ പിള്ള, ശെൽവൻ ആനേഴത്തുമുക്ക്, സേതു ബാബു, ഹാഷിർ മൈനാഗപ്പള്ളി, ജി.ശശിധരൻ, സുശീലൻ കല്ലുവാതുക്കൽ, അജിത മരുത്തടി എന്നിവർ പ്രസംഗിച്ചു.

### എംസിഎ പരീക്ഷയിൽ മികച്ച വിജയം

കൊല്ലം ● കേരള സർവകലാശാല 2025ൽ നടത്തിയ അവസാന വർഷ എംസിഎ പരീക്ഷയിൽ വടക്കേവിള ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ മികച്ച വിജയം.
ചുണ്ടയിൽ പ്രീതി ഒന്നാം റാങ്കും ജെഫിൻ ഐ.ജോർജ് മൂന്നാം റാങ്കും മുഹമ്മദ് ഷാഫി നാലാം റാങ്കും നിധി എസ്.വാസ് പതിനൊന്നാം റാങ്കും നേടി. കൂടാതെ, 18 ഡിസ്റ്റിങ്ഷനും 43 ഫസ്റ്റ് ക്ലാസും നേടി.



എംസിഎ പരീക്ഷയിൽ (കേരള) ഒന്നാം റാങ്ക് നേടിയ ചുണ്ടയിൽ പ്രീതി, മൂന്നാം റാങ്ക് നേടിയ ജെഫിൻ ഐ.ജോർജ് (വടക്കേവിള ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി).

### അനുമോദിച്ചു

അഞ്ചാലുംമൂട് ● തൃക്കടവൂർ മഹാദേവർ ക്ഷേത്രത്തിൽ അപകടാവസ്ഥയിൽ നിന്നിരുന്ന ആനക്കൊട്ടിൽ പുനർ നിർമിച്ച ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരെ ബിജെപി കടവൂർ ഏരിയ കമ്മിറ്റി അനുമോദിച്ചു.
ആനക്കൊട്ടിലിന്റെ മേൽക്കൂരയുടെ ഒരു ഭാഗം തകർന്നു ക്ഷേത്ര മതിലിനു പുറത്തു റോഡിലേക്കു തള്ളി നിൽക്കുന്നതായി കാട്ടി ബിജെപി കടവൂർ ഏരിയ കമ്മിറ്റി പ്രസിഡന്റ് പി.മനോജ് കുമാർ ദേവസ്വം ബോർഡ് അസി.കമ്മിഷണർക്കു നിവേദനം നൽകിയിരുന്നു. തുടർന്ന്, ഉദ്യോഗസ്ഥർ ഇടപെട്ട് ആനക്കൊട്ടിൽ പുനർ നിർമിക്കുകയായിരുന്നു.

### എംഫോർ മാരി സൗജന്യ പ്രൊഫൈൽ റജിസ്ട്രേഷൻ ഡ്രൈവ് മരുത്തടിയിൽ



മരുത്തടി● മലയാള മനോരമയുടെ ഓൺലൈൻ മാട്രിമോണിയൽ പോർട്ടൽ ആയ എംഫോർ മാരിയെ ക്കുറിച്ചു കൂടുതൽ അറിയാനും ഉപയോക്താക്കൾക്ക് പ്രൊഫൈൽ സൗജന്യമായി റജിസ്റ്റർ ചെയ്യാനും സബ്സ്ക്രിപ്ഷൻ പാക്കേജുകൾ അപ്ഗ്രേഡ് ചെയ്യാനും അവസരം. മരുത്തടി ശ്രീദേവി ക്ഷേത്രത്തിലെ ഭാഗവത സപ്താഹ യജ്ഞത്തോടനുബന്ധിച്ച് ഇന്നു രാവിലെ 11 മുതൽ വൈകിട്ട് 7 വരെയും നാളെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയുമാണ് റജിസ്ട്രേഷൻ ഡ്രൈവ്. വ്യക്തികളുടെ പ്രതീക്ഷകളെ അടിസ്ഥാനമാക്കി ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന മികച്ച മാച്ച് മേക്കിങ് അൽഗോരിതം എംഫോർ മാരിക്ക് ഉണ്ട്. ഫോൺ: 70126 67928.



മയ്യനാട് താന്നി സ്വർഗപുരം ദേവീ ക്ഷേത്രത്തിൽ കർക്കടക വാവ് ബലി ചടങ്ങുകൾക്കായി ഒരുക്കിയ പന്തൽ.



വൈദ്യുതാഘാതമേറ്റ് മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥി മിഥുന് നീതി കിട്ടണമെന്നാവശ്യപ്പെട്ട് മഹിളാ മോർച്ച സ്കൂളിലേയ്ക്കു നടത്തിയ മാർച്ച് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ചിത്രം: മനോരമ

### ക്വട്ടേഷനുകൾ ക്ഷണിച്ചു

ചിറക്കര ● ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് പ്രവൃത്തി ദിനങ്ങളിൽ സ്കൂളിൽ പാചകം ചെയ്തു നൽകുന്നതിനും മാലിന്യമുക്ത നവകേരളം - ബയോബിൻ വിതരണത്തിനും ക്വട്ടേഷനുകൾ ക്ഷണിച്ചു. വിവരങ്ങൾ http:// tender.lsgkerala.gov.in വെബ്സൈറ്റിലും പഞ്ചായത്ത് ഓഫിസിലും ലഭ്യമാണ്.

## മിഥുന്റെ മരണം

# മഹിളാമോർച്ച ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് മാർച്ച് നടത്തി

ശാസ്താംകോട്ട ● ലക്ഷങ്ങൾ കൊടുത്താൽ തീരുന്നതാണോ ഒരമ്മയ്ക്കു മകന്റെ നഷ്ടമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ. തേവലക്കര ബോയ്സ് എച്ച്എസിൽ വൈദ്യുതാഘാതമേറ്റ് മരിച്ച എട്ടാം ക്ലാസ് വിദ്യാർഥി മിഥുന് നീതി ആവശ്യപ്പെട്ടു മഹിളാമോർച്ച ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു. ദുരന്തത്തിന്റെ ഉത്തരവാദികളെ ശിക്ഷിക്കും വരെ ബിജെപി സമര രംഗത്തുണ്ടാകും. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്ത കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തിനും, സിപിഎം നിയന്ത്രണത്തിലുള്ള സ്കൂൾ മാനേജ്മെന്റ്, കെഎസ്ഇബി ഇവർക്കെല്ലാം ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്തമാണെന്നും ശോഭാ സുരേന്ദ്രൻ പറഞ്ഞു. ജില്ലാ പ്രസിഡന്റ് രാജി പ്രസാദ് അധ്യക്ഷയായിരുന്നു. വെസ്റ്റ് ജില്ലാ വൈസ് പ്രസിഡന്റ് അഞ്ജന സുരേഷ്, ജില്ലാ പ്രഭാരി ടി.ആർ. അജിത് കുമാർ, ജില്ലാ ജനറൽ സെക്രട്ടറിമാരായ ആലഞ്ചേരി ജയചന്ദ്രൻ, എ.ആർ.അരുൺ, കുമാരി സച്ചു എന്നിവർ പ്രസംഗിച്ചു. നേതാക്കളായ മിനി ശിവരാമൻ, ശ്രീന ഉദയൻ, ലതാ മോഹൻ, ലക്ഷ്മി പ്രസാദ്, ബിന്ദു ബാൻറാം, പത്മകുമാരി, എന്നിവർ മാർച്ചിന് നേതൃത്വം നൽകി. സ്കൂളിനു മുന്നിൽ ബാരിക്കേഡ് കെട്ടി മാർച്ച് പൊലീസ് തടഞ്ഞു.



വൈദ്യുതാഘാതമേറ്റ് മരിച്ച കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർഥി മിഥുന്റെ മരണത്തിനുത്തരവാദികളായ സ്കൂൾ മാനേജ്മെന്റ് പിരിച്ചു വിടണമെന്നാവശ്യപ്പെട്ട് സ്കൂളിലേക്ക് മഹിളാ കോൺഗ്രസ് നടത്തിയ മാർച്ചിൽ പൊലീസും പ്രവർത്തകരും തമ്മിലുണ്ടായ പിടിവലി. ചിത്രം: മനോരമ

### പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ്

ശാസ്താംകോട്ട ● തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വൈദ്യുതാഘാതമേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ ഉത്തരവാദിയായ സ്കൂൾ മാനേജ്മെന്റ് പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റി സ്കൂളിലേക്ക് മാർച്ച് നടത്തി. മിഥുന്റെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരവും സർക്കാർ ജോലിയും നൽകണമെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത കോൺഗ്രസ് ശാസ്താംകോട്ട ബ്ലോക്ക് പ്രസിഡന്റ് വൈ.ഷാജഹാൻ ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ഫേബ സുദർശനൻ അധ്യക്ഷത വഹിച്ചു. മാരിയത്ത്, എസ്.ബീനാകുമാരി, ജയശ്രീ പവിത്രേശ്വരം, ഷീജ രാധാകൃഷ്ണൻ, അസുറ ബീവി, സി.സരസ്വതിയമ്മ, സന്തോഷ് തുപ്പാശേരി, ജയശ്രീ രമണൻ, സന്തോഷ് തുപ്പാശേരി, തുണ്ടിൽ നൗഷാദ്, കാരയ്ക്കാട്ട് അനിൽ, പി.എം.സെയ്ദ്, സുരേഷ് ചന്ദ്രൻ, റിയാസ് പറമ്പിൽ, നൂർജഹാൻ ഇബ്രാഹിം, അംബുജാക്ഷിയമ്മ, ഷംല പോരുവഴി, രേണുക ദേവി, ഷീജ ഭാസ്കർ, ഷൈനി മനാഫ്, ഷീബ സിജു, രാധിക ഓമനക്കുട്ടൻ, ഷിജ്ന നൗഫൽ, സുധർമ കോവൂർ, സൂസൻ തോമസ് എന്നിവർ പ്രസംഗിച്ചു.

### എൻഎസ്എസ് കരയോഗ യൂണിയൻ ശിൽപശാല നടത്തി

കൊല്ലം● താലൂക്കു എൻഎസ്എസ് കരയോഗ യൂണിയൻ ശിൽപശാല നടത്തി. കരയോഗം റജിസ്ട്രാർ വി.വി.ശശിധരൻ നായർ ഉദ്ഘാടനം ചെയ്തു. യൂണിയൻ ചെയർമാൻ ആദിക്കാട് ഗിരീഷ് അധ്യക്ഷനായിരുന്നു.
വിവിധ വിഷയങ്ങളെക്കുറിച്ച് സംഘടനാ ശാഖ മാനേജർ ബി. ഗോപാലകൃഷ്ണൻ നായർ, കൊട്ടാരക്കര യൂണിയൻ സെക്രട്ടറി സി. അനിൽകുമാർ എന്നിവർ ക്ലാസ് നയിച്ചു.
യൂണിയൻ സെക്രട്ടറി കെ.ജി. ജീവകുമാർ, എൻഎസ്എസ് ഇൻസ്പെക്ടർ ട്രെയിനി ആർ അരുൺ രാജ്, യൂണിയൻ കമ്മിറ്റി അംഗങ്ങളായ കല്ലട വിജയൻ, പി.ആർ. ശശിധരൻ നായർ, സി.കെ.ചന്ദ്രബാബു, ആർ.ഓമനക്കുട്ടൻ പിള്ള, ടി.സി.മോഹനൻ, പ്രഫ. ജി.തുളസീധരൻ പിള്ള, മണക്കാട് സുരേഷ്, വേണു ജെ. പിള്ള, ബി.സുരേഷ് കുമാർ, തച്ചേഴത്ത് വേണുഗോപാൽ, വനിതാ സമാജം പ്രസിഡന്റ് ശ്രീകുമാരി നാരായണൻ നായർ, എന്നിവർ പ്രസംഗിച്ചു. യൂണിയനിലെ 144 കരയോഗങ്ങളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, വനിതാ സമാജം പ്രസിഡന്റ് എന്നിവർ പങ്കെടുത്തു. സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണു ശിൽപശാല.

### വേ ബ്രിജ്: രണ്ടാഴ്ചയ്ക്കകം നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

ഇളമ്പള്ളൂർ● പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കി 24 മണിക്കൂറും ലൈസൻസില്ലാതെ പെരുമ്പുഴയിൽ പ്രവർത്തിക്കുന്ന വേ ബ്രിജിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ രണ്ടാഴ്ചയ്ക്കുള്ളിൽ അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ അംഗം വി.ഗീത. പെരുമ്പുഴ സ്വദേശി ആർ. കുഞ്ഞുകൃഷ്ണപിള്ള സമർപ്പിച്ച പരാതിയിലാണ് നടപടി.
ഇളമ്പള്ളൂർ പഞ്ചായത്ത് സെക്രട്ടറിക്കാണ് കമ്മിഷൻ നിർദേശം നൽകിയത്. രാത്രിയും പകലും പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ ജില്ലാ കലക്ടർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയെങ്കിലും നടപടിയെടുത്തില്ലെന്ന് ആരോപിച്ച് മനുഷ്യാവകാശ കമ്മിഷനിൽ പരാതി നൽകുകയായിരുന്നു.
രാത്രി 10 മുതൽ രാവിലെ 6 വരെ പ്രവർത്തിക്കരുത്, രാത്രി അടച്ച ശേഷം മുൻവശം ചങ്ങലയിട്ടു പൂട്ടണം, പരാതിക്കാരന്റെ അതിർത്തി ഷീറ്റ് ഉപയോഗിച്ച് മറയ്ക്കണം, പരാതിക്കാരന്റെ വീടിന് മുന്നിൽ വാഹനം പാർക്ക് ചെയ്യരുത് എന്നീ നാല് നിർദേശങ്ങൾ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടു.

### പുസ്തക പ്രകാശനം നടത്തി

കൊല്ലം●പി.കെ.സുധീർ എഴുതിയ നോവൽ മേഘമലയുടെ പ്രകാശനം നടത്തി. മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഡിവൈഎഫ്ഐ സംസ്ഥാന ട്രഷറർ എസ്. ആർ അരുൺ ബാബുവിന് പുസ്തകം നൽകിയാണ് പ്രകാശന കർമം നിർവഹിച്ചത്. പ്രസാധകൻ അജിത് കുമാർ അധ്യക്ഷത വഹിച്ചു. മുതിർന്ന മാധ്യമപ്രവർത്തകൻ പ്രദീപ് ചന്ദ്രൻ പുസ്തകം പരിചയപ്പെടുത്തി. സിപിഎം ജില്ലാ സെക്രട്ടറി എസ്.സുദേവൻ, കെഎസ്എഫ്ഇ ചെയർമാൻ കെ. വരദരാജൻ, ചിന്താ ജെറോം, സബിതാ ബീഗം, എ.എം ഇക്ബാൽ, വി.രാജേന്ദ്ര ബാബു, കെ.ജി ബിജു, എച്ച്.ബൈജു, എച്ച്.ബൈസിൽ ലാൽ, എ.കെ സവാദ്, കെ.പി നന്ദകുമാർ, കെ.പി സജിനാഥ്, ജില്ലാ പഞ്ചായത്തംഗം ബി.ജയന്തി എന്നിവർ പ്രസംഗിച്ചു.

### വാർഷികവും വിദ്യാഭ്യാസ അവാർഡ് സമർപ്പണവും

കൊല്ലം ● കേരള ചെട്ടി മഹാസഭ പുന്തലത്താഴം ഉപസഭാ വാർഷികവും വിദ്യാഭ്യാസ അവാർഡ് സമർപ്പണവും സംസ്ഥാന പ്രസിഡന്റ് സി.ഹരികുമാർ ഉദ്ഘാടനം ചെയ്തു. ഉപസഭാ പ്രസിഡന്റ് ജി.മണികണ്ഠൻ പിള്ള അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.ഹരികുമാർ വിദ്യാഭ്യാസ അവാർഡ് സമർപ്പണം നിർവഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സി.വിജയൻ പിള്ള, ജില്ലാ പ്രസിഡന്റ് ജി.ചന്ദ്രശേഖരൻ പിള്ള, ഉപസഭാ സെക്രട്ടറി സി.രാജൻ പിള്ള, പി.ശിവരാജൻ പിള്ള, കെ.കെ.വൈദ്യനാഥൻ പിള്ള, എം.രാമചന്ദ്രൻ പിള്ള, കെ.ശങ്കരനാരായണപിള്ള, ടി.തങ്കപ്പൻ പിള്ള, സി.സുധാകരൻ, ആർ.മഞ്ജു എന്നിവർ പ്രസംഗിച്ചു.

## SHORTS

### മാറ്റി വച്ചു

കൊല്ലം ● മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്ന് ഇന്ന് കൊല്ലം ആനന്ദവല്ലീശ്വരം ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന സി.വി.പത്മരാജൻ ഫൗണ്ടേഷൻ ഉദ്ഘാടനവും അനുസ്മരണ സമ്മേളനവും മാറ്റിയതായി ഭാരവാഹികൾ അറിയിച്ചു.
കൊല്ലം ● വേദിക സാംസ്കാരിക സംഘടന നാളെ നടത്താനിരുന്ന ഗായകൻ റെജു ജോസഫിന്റെ ഗസൽ സന്ധ്യ മാറ്റി.

### ഭാരവാഹികൾ

കൊല്ലം ● കേരള കോൺഗ്രസ് (എസ്) ജില്ലാ സെക്രട്ടേറിയറ്റ് യോഗത്തിൽ ജി.മുരുകദാസ് കുറുപ്പിനെ ജില്ലാ സെക്രട്ടറിയായി നിയമിച്ചു. ജില്ലാ പ്രസിഡന്റ് പെരിനാട് വിജയൻ ഉദ്ഘാടനം ചെയ്തു.

### കർഷകസംഘം വില്ലേജ് സമ്മേളനം

കുണ്ടറ● കർഷക സംഘം വെള്ളിമൺ വില്ലേജ് സമ്മേളനം ജില്ലാ എക്സിക്യൂട്ടീവ് അംഗം ജോൺ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ടി.എസ്.പൗലോസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ആർ.രംഗനാഥൻ, എം.പുഷ്പമ്മ, പി.യേശുദാസൻ, വി.പ്രസന്നകുമാർ, എം.ഇ.ആൽഫ്രഡ്, എക്സ്. ജോൺസൺ, കെ. സോമവല്ലി എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: ടി.എസ്.പൗലോസ് (പ്രസി), ആർ.രംഗനാഥൻ (സെക്ര), വി.ജോൺ (ട്രഷ).

# മനോരമ പ്രാദേശികം



കോൺഗ്രസ് പത്തനാപുരം ബ്ലോക്ക് കമ്മിറ്റി സംഘടിപ്പിച്ച ഉമ്മൻ ചാണ്ടി അനുസ്മരണം കെപിസിസി നിർവാഹക സമിതി അംഗം സി.ആർ.നജീബ് ഉദ്ഘാടനം ചെയ്യുന്നു.

## വിഎസിന്റെ നിര്യാണത്തിൽ അനുശോചിച്ചു

പുനലൂർ ● മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ നിര്യാണത്തിൽ പുനലൂർ രൂപതാ ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ അനുശോചനം രേഖപ്പെടുത്തി.
ജനകീയ വിഷയങ്ങളിൽ ശക്തമായ നിലപാടും സമൂഹത്തിൽ അവഗണിക്കപ്പെടുന്ന മനുഷ്യരുടെ ശബ്ദവും ആയിരുന്നു വിഎസ് അച്യുതാനന്ദനെന്ന് അനുശോചന സന്ദേശത്തിൽ ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ അറിയിച്ചു.

### കാലാവസ്ഥ

- പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെലോ അലർട്ട്.
- സംസ്ഥാനത്തു ശക്തമായ മഴയ്ക്കു സാധ്യത.
- മണിക്കൂറിൽ 40 - 60 കിലോമീറ്റർ വേഗത്തിൽ കാറ്റുവീശിയേക്കും.
- കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

# കാട്ടാന, കാട്ടുപോത്ത്, കാട്ടുപന്നി, പുലി, മയിൽ, കുരങ്ങ്, പന്നി, മ്ലാവ്... എല്ലാവരും നാട്ടിലുണ്ട്

▸▸ വന്യമൃഗ ശല്യം നാട്ടുകാരെ ബാധിച്ചിട്ടും അധികൃതരുടെ ഭാഗത്തു നിന്നു നടപടിയില്ലാത്തതിൽ വ്യാപക പ്രതിഷേധം

പത്തനാപുരം ● മലയോരത്തു വനാതിർത്തി ഗ്രാമങ്ങളിൽ കാട്ടാന ശല്യം വർധിച്ചിട്ടും നടപടിയില്ലാത്തതു പ്രതിഷേധം ശക്തമാക്കുന്നു. പ്രതിപക്ഷ സംഘടനകൾ നടത്തിയിരുന്ന പ്രതിഷേധം ഭരണപക്ഷ സംഘടനകളും ഏറ്റെടുത്തു തുടങ്ങി. കറവൂർ, പെരുന്തോയിൽ, കടശേരി, ചെല്ലപ്പള്ളി, കൈതക്കെട്ട്, മഹാദേവർമൺ, മുള്ളുമല, ചെരുപ്പിട്ടകാവ്, കുമരംകുടി എന്നീ സ്ഥലങ്ങളിലെല്ലാം ആന ഇറങ്ങാത്ത ദിവസങ്ങളില്ലെന്ന അവസ്ഥയാണ്.

പത്തനാപുരം, മണ്ണാറപ്പാറ വനം റേഞ്ചുകളുടെ ഭാഗമായ ഇവിടങ്ങളിൽ വനം അധികൃതർ കടുത്ത അനാസ്ഥയാണു തുടരുന്നതെന്നാണ് നാട്ടുകാരുടെ ആക്ഷേപം. കിടങ്ങും തൂക്കുവേലിയും സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടന്നെങ്കിലും നാളുകൾ കഴിഞ്ഞിട്ടും നടപടികൾ മന്ദഗതിയിലാണ്. റോഡുകളിലും പുരയിടങ്ങളിലും തമ്പടിക്കുന്ന കാട്ടാനകൾ കാട്ടിലേക്ക് മടങ്ങാൻ പോലും തയാറാകാത്തത് പ്രദേശവാസികളുടെ സൈര്യജീവിതത്തെ തന്നെ ബാധിക്കുന്നുണ്ട്. വൈകുന്നേരം ആയാൽ വീടിനു പുറത്തിറങ്ങാൻ ആളുകൾക്ക് പേടിയാണ്. പത്ത് വർഷം മുൻപ് വനത്തോടു ചേർന്നുള്ള ഗ്രാമങ്ങളിൽ മാത്രം ഇറങ്ങിയിരുന്ന വന്യജീവികൾ, വനത്തിൽ നിന്നും 15 കിലോമീറ്റർ അകലെ വരെ ഇറങ്ങി. കുറ്റിക്കാടുകളിലും പാറയിടുക്കുകളിലും തമ്പടിച്ച് കാർഷിക വിളകൾ ഭക്ഷിച്ച്, ഇവ വിഹരിക്കുന്നതിനെ തടയാൻ അധികൃതർക്കാകുന്നില്ല. കാട്ടാനയ്ക്കു പുറമേ, കാട്ടുപോത്ത്, പുലി, മയിൽ, കുരങ്ങ്, പന്നി, മ്ലാവ്, കേഴ എന്നിവയെല്ലാം നാട്ടിൽ വിഹരിക്കുകയാണ്.

കറവൂർ-അച്ചൻകോവിൽ, കുമരംകുടി, കടശേരി ഭാഗങ്ങളിലുള്ള വിദ്യാർഥികളുൾപ്പെടെ വൈകിട്ട് മടങ്ങിയെത്താൻ പ്രയാസപ്പെടുകയാണ്. വൈകിട്ട് 5 കഴിഞ്ഞാൽ വന്യമൃഗ ശല്യം മൂലം ബസുകളിൽ പോലും യാത്ര ബുദ്ധിമുട്ടാണെന്ന് ഇവർ പറയുന്നു.

റോഡ് വശങ്ങളിലെ കാടുകൾ നീക്കി ദൂരെ നിന്നു കാടിറങ്ങി വരുന്ന വന്യജീവികളെ കാണാൻ കഴിയുന്ന രീതിയിൽ കാഴ്ചതടസ്സം ഒഴിവാക്കിയാൽ തന്നെ യാത്രക്കാരുടെ പകുതി പ്രശ്നം അവസാനിക്കും എന്നും ഇവർ പറയുന്നു. എംപി, എംഎൽഎ, ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ സംയുക്ത യോഗം ചേർന്ന് പദ്ധതി ആവിഷ്കരിക്കണം എന്നു സിപിഎം ഏരിയ കമ്മിറ്റി അംഗം കറവൂർ എൽ.വർഗീസ് ആവശ്യപ്പെട്ടു. കറവൂർ ചെക്പോസ്റ്റിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കുക, ആർആർടി സ്ക്വാഡ് സേവനം ഇവിടെയും ഉപയോഗപ്പെടുത്തുക എന്നീ ആവശ്യങ്ങളും ഇവർ മുന്നോട്ടു വയ്ക്കുന്നു. അടിയന്തര നടപടിയുണ്ടായില്ലെങ്കിൽ പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് - ബിജെപി തുടങ്ങി പ്രതിപക്ഷ സംഘടനകളും പോഷക സംഘടനകളും നടത്തിവരുന്ന പ്രക്ഷോഭത്തിനു പുറമേയാണു സിപിഎമ്മും സമരത്തിൽ പങ്കാളി ആകുന്നത്.


മാങ്കോട് ചെല്ലപ്പള്ളി ഭാഗത്ത് വനാതിർത്തിയിൽ തമ്പടിച്ചു നിൽക്കുന്ന കാട്ടാന.


കറവൂരിൽ കാട്ടാന നശിപ്പിച്ച തെങ്ങുകൾ.

## എൻസിസി 9 ബറ്റാലിയൻ പരിശീലന ക്യാംപ് സമാപിച്ചു

അഞ്ചൽ ● എൻസിസി 9 കേരള ബറ്റാലിയൻ (കൊട്ടാരക്കര), വാർഷിക പരിശീലന ക്യാംപ് സമാപിച്ചു. അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ പത്ത് ദിവസം നീണ്ടു നിന്ന ക്യാംപിൽ കെഡറ്റുകൾക്കു പട്ടാള പരിശീലനത്തിനു പുറമേ വ്യക്തിത്വ വികസനം, ആത്മവിശ്വാസം, നേതൃത്വഗുണം, സേവന സന്നദ്ധത, യോഗ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. അഗ്നിരക്ഷാസേന മോക് ഡ്രിൽ നടത്തി. ഡൽഹിയിൽ സൈനിക ക്യാംപിൽ പങ്കെടുക്കാൻ വേണ്ടിയുള്ള ഇന്റർ ഗ്രൂപ്പ് കോംപറ്റിഷൻ പ്രാക്ടിസും നടന്നു.

സമാപന സമ്മേളനത്തിൽ ഫാ. ബോവസ് മാത്യു അധ്യക്ഷത വഹിച്ചു. ക്യാംപ് കമൻഡാന്റ് കേണൽ ജിനു തങ്കപ്പൻ, ഡപ്യൂട്ടി കമൻഡാന്റ് ലെഫ്. കേണൽ കെ.എസ്.വിനോദ് കുമാർ, സ്കൂൾ പ്രിൻസിപ്പൽ മേരി പോത്തൻ, കെ.എം.മാത്യു, പി.ടി. ആന്റണി, സ്കൂൾ പ്രിഫക്ട് ഓം സ്വരൂപ്, അഫ്ഹ അമീൻ എന്നിവർ പ്രസംഗിച്ചു.

കുട്ടികളുടെ വിവിധ കലാപരിപാടികളും നടന്നു. മികച്ച ക്യാംപ് സംഘാടനത്തിനു സെന്റ് ജോൺസ് സ്കൂളിനുള്ള പ്രശസ്തിപത്രം കൈമാറി.

## ആദരിക്കുന്നു

പത്തനാപുരം ● ഗാന്ധിഭവൻ ചീഫ് ജനറൽ മാനേജർ വിജയൻ ആമ്പാടിയെ ആദരിക്കുന്നു. വിവിധ സാംസ്കാരിക സമിതികളുടെ നേതൃത്വത്തിൽ പിറവന്തൂർ പൂവണ്ണുംമൂട്ടിൽ ഇന്ന് 5നു നടക്കുന്ന പരിപാടി കെ.ധർമരാജൻ ഉദ്ഘാടനം ചെയ്യും. പിറവന്തൂർ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിക്കും.

# പുനലൂർ പൊലീസ് സബ് ഡിവിഷൻതല സ്കൂൾ - കോളജ് പ്രൊട്ടക്ഷൻ സമിതി ചേർന്നു


സ്കൂൾ കോളജ് പ്രൊട്ടക്ഷൻ (എസ്പിഎസ്, സിപിഎസ്) സമിതി ഭാരവാഹികളുടെ പുനലൂർ പൊലീസ് സബ് ഡിവിഷൻതല അവലോകന യോഗം അഡിഷണൽ റൂറൽ എസ്പി ഷാനിഹാൻ ഉദ്ഘാടനം ചെയ്യുന്നു.

പുനലൂർ ● ലഹരിയുടെ വ്യാപനം റാഗിങ്, സൈബർ - പോക്സോ കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനും വിദ്യാർഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തി പൊലീസിനു സ്കൂളുകളിൽ പ്രവേശിക്കുന്നതിനും ഉള്ള സാഹചര്യം ഒരുക്കുന്നതിനും പുനലൂർ പൊലീസ് സബ് ഡിവിഷൻതല സ്കൂൾ കോളജ് പ്രൊട്ടക്ഷൻ (എസ്പിഎസ്, സിപിഎസ്) സമിതിയിൽ തീരുമാനം. സ്കൂളുകളുടെ അടിസ്ഥാന - ഭൗതിക സാഹചര്യങ്ങളുടെ മേന്മ വിലയിരുത്തുന്നതിനും തീരുമാനമായി. സ്കൂളുകളിലും കോളജുകളിലും അധ്യാപകരും അനധ്യാപകരും വിദ്യാർഥി - മാനേജ്മെന്റ് - പിടിഎ പ്രതിനിധികളും തദ്ദേശ സ്വയംഭരണ പ്രതിനിധിയും അടക്കം പൊതുജന പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സമിതികൾ എല്ലാ മാസവും യോഗം ചേർന്നു തീരുമാനമെടുത്ത് അവ പൊലീസിൽ അറിയിക്കും. എസ്എച്ച്ഒ അടക്കം ഉള്ള പൊലീസ് ഉദ്യോഗസ്ഥർ ഉള്ള പ്രത്യേക വാട്സാപ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനും സ്കൂളുകളിൽ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനും തീരുമാനിച്ചു. പരാതിപ്പെട്ടികൾ ആഴ്ചയിൽ ഒരു ദിവസം തുറക്കും. പരാതികളിലെ ഉറവിടം വെളിപ്പെടുത്താതെ തന്നെ പൊലീസ് പ്രശ്നങ്ങളിൽ ഇടപെടും. വിദ്യാർഥികൾ നേരിടുന്ന, രക്ഷാകർത്താക്കൾക്കും അധ്യാപകർക്കും പരിഹരിക്കാൻ സാധിക്കാത്ത വിഷയങ്ങൾ അടക്കമുള്ളവ പ്രത്യേക കൗൺസലിങ് സംവിധാനം വഴി പരിഹരിക്കുന്നതിനും തീരുമാനിച്ചു. ഇതിനായി കൊട്ടാരക്കര വനിതാ സെല്ലിലെ 3 വനിതാ കൗൺസിലർമാരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വീടുകളിൽ എത്തി കൗൺസലിങ് നടത്തുന്നതിനും അവസരം ഉണ്ടെന്നു യോഗം ഉദ്ഘാടനം ചെയ്ത റൂറൽ അഡിഷനൽ എസ്പി ഷാനിഹാൻ പറഞ്ഞു. പ്രായഭേദമെന്യേ കൂടുതൽ പേർ സൈബർ കേസുകളിൽപ്പെടുന്നതിനാൽ മൊബൈൽ ഫോണിന്റെ ദുരുപയോഗം മൂലമുള്ള പ്രശ്നങ്ങൾ വിദ്യാർഥികളെ ബോധ്യപ്പെടുത്തുന്നതിനും സമിതി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും. സ്കൂളുകളിലും കോളജുകളിലും സ്കൂൾ അധികൃതരും മാനേജ്മെന്റും പ്രത്യേക നിലപാടുകൾ എടുക്കുമ്പോൾ പലതരത്തിലുള്ള ഭീഷണികൾ ഉണ്ടാകുന്ന പശ്ചാത്തലത്തിലാണ് പൊലീസിന്റെ കൂടി ഇടപെടലിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പുതിയ സമിതികൾ രൂപീകരിക്കുന്നത്.

എല്ലാ സ്കൂളുകളുടെയും ശുചിമുറി വൃത്തിയായിരിക്കണം എന്നു സമിതികൾ ഉറപ്പുവരുത്തണം. ചില സർക്കാർ സ്കൂളുകളിലെ ശുചിമുറികളുടെ പരിസരത്തേക്കു പോലും കുട്ടികൾക്കു പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ എത്താൻ സാധിക്കാത്ത സ്ഥിതിയാണെന്നും ചർച്ചയിൽ ആരോപണം ഉയർന്നു.

ലഹരിയുമായി ബന്ധപ്പെട്ട എന്തെങ്കിലും വിവരം ലഭിക്കുന്നവർ യോദ്ധാവ് ആപ്പിലേക്ക് 9995966666 നമ്പറിലേക്കു വിവരങ്ങൾ കൈമാറണമെന്ന് ഡിവൈഎസ്പി പ്രദീപ്കുമാർ പറഞ്ഞു. പുനലൂർ എസ്എച്ച്ഒ രാജേഷ്കുമാർ അധ്യക്ഷത വഹിച്ചു. പുനലൂർ ചെമ്മന്തൂർ കൃഷ്ണ പിള്ള സ്മാരക ഓഡിറ്റോറിയത്തിലാണു യോഗം നടന്നത്.


കുളത്തൂപ്പുഴ ഭാരതീപുരം കാർമൽഗിരി സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് പഞ്ചായത്ത് പ്രസിഡന്റ് പി.ലൈലാബീവി ഉദ്ഘാടനം ചെയ്യുന്നു. സ്കൂൾ ബർസാർ ഫാ. ജോഷ്വാ കൊച്ചുവിളയിൽ സമീപം.

## നേത്ര ചികിത്സയ്ക്കു വീട്ടമ്മ സ്വരൂപിച്ച പണം കവർന്നതായി പരാതി

കുളത്തൂപ്പുഴ ● നെടുവെണ്ണൂർക്കടവിലെ വാടകവീട്ടിൽ ഒറ്റയ്ക്കു താമസിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വീട്ടമ്മയുടെ പണം ഒപ്പം താമസിച്ചിരുന്ന സ്ത്രീ കവർന്നു കടന്നതായി പരാതി. അയ്യൻപിള്ളവളവിലെ വാടകവീട്ടിൽ ഒപ്പമുണ്ടായിരുന്ന സ്ത്രീയാണു നേത്ര ചികിത്സയ്ക്കായി സ്വരൂപിച്ച പണവുമായി കടന്നതെന്നു നാരങ്ങാത്തോട്ടം വീട്ടിൽ അംബിക (81) പൊലീസിൽ പരാതിപ്പെട്ടു. കഴിഞ്ഞ ഏപ്രിൽ 26 നായിരുന്നു പരാതിക്കിടയാക്കിയ സംഭവം. ചികിത്സയ്ക്കായി പെൻഷൻ കിട്ടിയ തുക സ്വരൂപിച്ച നഷ്ടപ്പെട്ട പണം തിരികെ വാങ്ങി നൽകാൻ പൊലീസിൽ പരാതിപ്പെട്ടിട്ടും അന്വേഷണം നടത്തുന്നില്ലെന്നു പരാതിപ്പെട്ട് അംബിക പുനലൂർ ഡിവൈഎസ്പിക്കു പരാതി നൽകി.

### ഇന്നത്തെ സിനിമ

**കൊട്ടാരക്കര മിനർവ എമ്പയർ സിനിമാസ്** (2K DOLBY ATMOS) **FLASH** (M) 12.00 pm, 03.00 pm, 06.30 pm, 09.30 pm
**മിനർവ സിനിമാസ്** (4K 3D) (Phone:0474 2452356) (Online ticket book:www.minervacinemaz.com) **JSK – JANAKI V/S STATE OF KERALA** (M) 11.00 am, 02.30 pm, 06.15 pm, 09.30 pm
**പത്തനാപുരം സിമ സിനിപ്ലസ്** (A/C) (3D)7.1DOLBY) (Mob: 9995603056) AUDI 1 **JURASSIC WORLD REBIRTH** (E) 3D 11.00 am, 02.45 pm, 06.45 pm, 09.45 pm
**JURASSIC WORLD REBIRTH** (E) 3D 11.00 am, 02.45 pm, 06.45 pm, 09.45 pm
AUDI 2 ധീരൻ (M) 2D 06.30 pm
ധീരൻ (M) 2D 06.30 pm
AUDI 3 3 BHK (T) 2D 11.00 am, 02.30 pm, 06.30 pm, 09.30 pm
3 BHK (T) 2D 11.00 am, 02.30 pm, 06.30 pm, 09.30 pm
**Aashirvad Cineplexx** 4K,RGB Laser,3D,Dolby Atmos 04752352255 bookmyshow.com Audi-1 **JSK – JANAKI V/S STATE OF KERALA** (M) 11.15 am, 02.15 pm, 06.15 pm, 09.15 pm
Audi-2 രവീന്ദ്രാ നീ എവിടെ (M) 3D 11.30 am, 02.30 pm, 06.30 pm, 09.30 pm
Audi-3 അപൂർവ്വ പുത്രൻമാർ (M) 11.00 am, 02.00 pm, 06.00 pm, 09.00 pm
**ഓയൂർ എൻ. വി. പി. സിനിമ** (A/C, 4K) (Phone:0474 2468289, 9633484397) (Online booking: www.bookmyshow.com) **JSK – JANAKI V/S STATE OF KERALA** 2D (M) 11.00 am, 03.00 pm, 06.30 pm, 09.30 pm
**പുനലൂർ അലങ്കാർ തായ് ലക്ഷ്മി സിനിമ** ( 4K 3D DOLBY ATMOS ) (Phone:0475 2222232) **F1: THE MOVIE** (E) 2D 11.00 am, 02.30 pm, 09.30 pm
**JURASSIC WORLD REBIRTH** (E) 3D 06.30 pm


ആദിവാസി ദലിത് മുന്നേറ്റ സമിതിയുടെ കുളത്തൂപ്പുഴ അരിപ്പ സമരഭൂമിയിലെ കുടിൽ കത്തി നശിച്ചപ്പോൾ.

## അരിപ്പ സമരഭൂമിയിലെ കുടിൽ കത്തി നശിച്ചു

കുളത്തൂപ്പുഴ ● ആദിവാസി ദലിത് മുന്നേറ്റ സമിതിയുടെ അരിപ്പ സമരഭൂമിയിലെ കുടിൽ കത്തി നശിച്ചു. സമരഭൂമിയിലെ നാലംഗ കൗൺസിൽ അംഗം ആറ്റിങ്ങൽ സ്വദേശി രാജുവിന്റെ കുടിൽ ആണു കത്തി നശിച്ചത്. കത്തിയ സമയത്തു കുടിലിൽ ആരുമുണ്ടായിരുന്നില്ല. കഴിഞ്ഞദിവസം വൈകിട്ട് അഞ്ചരയോടെയായിരുന്നു സംഭവം. രാജു സാധനങ്ങൾ വാങ്ങാൻ പുറത്തുപോയ സമയം അടുപ്പിൽ നിന്നു ടാർപോളിൻ ഷീറ്റിലേക്കു തീ പടർന്നാണു കുടിൽ പൂർണമായും കത്തി നശിച്ചതെന്നു കരുതുന്നു. 20,000 രൂപയുടെ നഷ്ടം ഉണ്ടായതായാണു പരാതി.


കനത്ത മഴയിൽ കലയനാട് വലിയ വളവിനു സമീപം റിട്ട ഭവനിൽ രാജൻ കേശവൻകുട്ടിയുടെ വീടിന്റെ മതിലും സംരക്ഷണ ഭിത്തിയും കൊല്ലം - തിരുമംഗലം ദേശീയപാതയിലേക്കു തകർന്നു വീണ നിലയിൽ.

## പിടിഎ ഭാരവാഹികൾ

കുളത്തൂപ്പുഴ ● ചോഴിയക്കോട് ഗവ. എൽപി സ്കൂൾ പിടിഎ ഭാരവാഹികൾ: ഷാജഹാൻ (പ്രസി.), അർച്ചന അനു (വൈസ് പ്രസി.), രേഷ്മ സുമേഷ് (മാതൃ. പ്രസി.).

## പ്രതിഷേധിച്ച് കോൺഗ്രസ്

തെന്മല ● മന്ത്രി വീണാ ജോർജ് രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു കോൺഗ്രസ് മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ പ്രകടനം മണ്ഡലം പ്രസിഡന്റ് ഷിബു കൈമണ്ണിൽ ഉദ്ഘാടനം ചെയ്തു. ജി.ശശിധരൻ അധ്യക്ഷത വഹിച്ചു.

ആർ.സുഗതൻ, എൻ. ബാഹുലേയൻ, ആർ. നന്ദകുമാർ, കെ. മണിയൻ, സജികുമാരി സുഗതൻ, എസ്. ആർ. ഷീബ തുടങ്ങിയവർ പ്രസംഗിച്ചു.


സിപിഎം നേതാവായിരുന്ന അനീഫാ കുഞ്ഞ് അനുസ്മരണം സിപിഎം സംസ്ഥാന കമ്മിറ്റി അംഗം കെ.രാജഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

## അനീഫാ കുഞ്ഞ് അനുസ്മരണം

കുന്നിക്കോട് ● സിപിഎം നേതാവായ അനീഫാ കുഞ്ഞിന്റെ അനുസ്മരണം സംഘടിപ്പിച്ചു. ബിഡിസി ചെയർമാൻ, കാഷ്യൂ വർക്കേഴ്സ് സെന്റർ (സിഐടിയു), സംസ്ഥാന കമ്മിറ്റി അംഗം എന്നിങ്ങനെ വിവിധ പദവികൾ വഹിച്ചിരുന്നു. സമ്മേളനം സിപിഎം സംസ്ഥാന കമ്മിറ്റി അംഗം കെ.രാജഗോപാൽ ഉദ്ഘാടനം ചെയ്തു. സി.സജീവൻ, എ.സജീദ്, വി.ജെ.റിയാസ്, എച്ച്.റഷീദ് കുട്ടി, വഹാബ് കുന്നിക്കോട്, ഷെഫീക്ക് ആലപ്പാട്, സജീവ് കുരാംകോട്, എ.സജീർ, നിതിൻ മേനോൻ, അൻവർ, അനീസ്, അഖിൽ, ഖുറൈഷിയ, ബി.ഷെഫീക്ക്, റഫീക്ക്, അനിൽ കുമാർ, സിദ്ദീഖ് എന്നിവർ പ്രസംഗിച്ചു.

## അധ്യാപക ഒഴിവ്

തെന്മല ● ഒറ്റക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്എസ്ടി ഇംഗ്ലിഷ് അധ്യാപകന്റെ താൽക്കാലിക ഒഴിവിലേക്കു ഇന്നു രാവിലെ 11നു മുഖാമുഖം നടത്തും.

# ഇടതുപക്ഷ പ്രസിഡന്റിനെയും സെക്രട്ടറിയെയും ഉപരോധിച്ച് സിപിഐ

ആയൂർ ● പാതയോരത്തെ കാട് തെളിക്കുന്നതുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കാത്തതിൽ പ്രതിഷേധിച്ച് എൽഡിഎഫ് ഭരിക്കുന്ന പഞ്ചായത്തിൽ ഭരണകക്ഷിയിലെ സിപിഐയുടെ നേതൃത്വത്തിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉപരോധിച്ചു. കാടു തെളിക്കാനുള്ള നടപടി ഉടൻ സ്വീകരിക്കുമെന്ന ഉറപ്പു ലഭിച്ച ശേഷമാണ് ഉപരോധം പിൻവലിച്ചത്.

രാവിലെ 10നു തുടങ്ങിയ ഉപരോധം 15 മിനിറ്റോളം നീണ്ടു. സിപിഐ പൊടിയാട്ടുവിള ബ്രാഞ്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ പതിനഞ്ചോളം പ്രവർത്തകർ ചേർന്നാണു ഉപരോധിച്ചത്. പ്രധാന പാതയായ വാളകം - തടിക്കാട് റോഡിൽ പൊടിയാട്ടുവിള, പന്നിയറ, കരിലക്കോട് ഭാഗങ്ങളിലെ റോഡിന്റെ വശത്തെ കാട് നീക്കം ചെയ്യാത്തതാണു പ്രതിഷേധത്തിന് ഇടയാക്കിയത്. ജൂൺ മാസത്തിൽ ഇക്കാര്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഒരു മാസം കഴിഞ്ഞിട്ടും നടപടി ഉണ്ടായില്ല.

കാടു മൂടിയ റോഡിലൂടെ ഇഴജന്തുക്കളെ ഭയന്നാണു സമീപത്തെ പൊടിയാട്ടുവിള ഗവ. എൽപി സ്കൂളിലെ കുട്ടികൾ ഉൾപ്പെടെ സഞ്ചരിക്കുന്നത്. റോഡിന്റെ വശങ്ങൾ കാട് മൂടിയതിനാൽ വിദ്യാർഥികൾക്കു റോഡിലൂടെ സഞ്ചരിക്കേണ്ട സ്ഥിതിയാണ്. ഇതു വാഹനങ്ങൾ ഇടിച്ചുള്ള അപകടങ്ങൾക്കും ഇടയാക്കും. ഇതൊഴിവാക്കാനാണു വശങ്ങളിലെ കാടു നീക്കം ചെയ്യണമെന്ന ആവശ്യവുമായി ഭരണകക്ഷി തന്നെ രംഗത്തെത്തിയത്. സിപിഐ അറയ്ക്കൽ എൽസി സെക്രട്ടറി എം.സജാദ്, ആർ.കെ. അരുൺ ലാൽ, ബാബു ആചാരി, ജയിംസ് താന്നിക്കൽ എന്നിവർ നേതൃത്വം നൽകി.

## വനിതാ സമാജം വാർഷികം

പത്തനാപുരം ● മഞ്ചള്ളൂർ ഈശ്വര വിലാസം എൻഎസ്എസ് കരയോഗം ശ്രീദുർഗാ വനിതാ സമാജം വാർഷികം നടത്തി. വനിതാ താലൂക്ക് യൂണിയൻ പ്രസിഡന്റ് വിജയകുമാരി ഉദ്ഘാടനം ചെയ്തു. ഭാരവാഹികൾ: എസ്.ശ്രീദേവിയമ്മ (പ്രസി.), എസ്.ആർ.ഇന്ദിരാഭായ് (സെക്ര.), രത്നാ പണിക്കർ (ട്രഷ.), മിനി രാധാകൃഷ്ണൻ (വൈ. പ്രസി.), ദീപാ വേണുഗോപാൽ (ജോ. സെക്ര.).

കൂടുതൽ വാർത്തകൾ manoramaONLINE

## മതിലിടിഞ്ഞു വീണ് വീട് തകർന്നു; അത്ഭുതകരമായി രക്ഷപ്പെട്ട് അമ്മയും മക്കളും


കനത്ത മഴയിൽ കലയനാട് തടത്തിൽ പുത്തൻവീട്ടിൽ ലീലയുടെ വീടിന്റെ ചുറ്റുമതിൽ തകർന്നു കലയനാട് പ്ലാവിള വീട്ടിൽ ഗോപികയുടെ വീടു പൂർണമായി തകർന്ന നിലയിൽ

പുനലൂർ ● അയൽവാസിയുടെ മതിലിടിഞ്ഞു വീണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിന്റെ വീട് പൂർണമായി തകർന്ന സംഭവത്തിൽ വീട്ടിൽ ഉറങ്ങിക്കിടന്ന അമ്മയും 3 മക്കളും അത്ഭുതകരമായി രക്ഷപ്പെട്ടു. കലയനാട് പ്ലാവിളവീട്ടിൽ ഗോപികയുടെ വീട്ടിൽ ഇന്നലെ പുലർച്ചെ മൂന്നരയോടെ ആയിരുന്നു അപകടം.

അയൽവാസി കലയനാട് തടത്തിൽ പുത്തൻവീട്ടിൽ ലീലയുടെ വീടിന്റെ ചുറ്റുമതിലാണു പൂർണമായും ഇടിഞ്ഞു ഗോപികയുടെ ഓടും ഷീറ്റും മേഞ്ഞ വീടിന്റെ മുകളിലേക്കു വീണത്. ഈ സമയം ഗോപികയും ഇളയമകനും ഒരു മുറിയിലും മറ്റു മക്കളായ വർഷയും കാർത്തികും വീടിന്റെ ഹാളിലും കിടന്നുറങ്ങുകയായിരുന്നു. വീടിന്റെ ഇടഭിത്തി ഉൾപ്പെടെ തകർന്നെങ്കിലും ഭാഗ്യത്തിന് ഇവർ 4 പേരും പരുക്കേൽക്കാതെ രക്ഷപ്പെടുകയായിരുന്നു. കുട്ടികളുടെ പാഠപുസ്തകങ്ങൾ, യൂണിഫോം, വീട്ടിലെ ഫർണിച്ചർ, മറ്റു സാധനങ്ങൾ എല്ലാം നശിച്ച നിലയിലാണ്. ഭർത്താവു മരിച്ചതിനെത്തുടർന്ന് ഗോപിക ആശുപത്രി കന്റീനിൽ ജോലി ചെയ്താണു കുടുംബം പോറ്റുന്നത്. സംഭവം അറിഞ്ഞ് മുനിസിപ്പൽ, വില്ലേജ് അധികൃതർ സ്ഥലത്തെത്തി പരിശോധന നടത്തി. ഈ വീട്ടിൽ ഇനി താമസിക്കാൻ കഴിയാത്തതിനാൽ കുടുംബത്തെ മാറ്റി പാർപ്പിക്കാനുള്ള ശ്രമം നടന്നുവരികയാണ്. മതിൽ ഇടഞ്ഞ ഭാഗത്തെ മണ്ണു നീങ്ങിയതിനാൽ ലീലയുടെ വീടും അപകട ഭീഷണിയിലാണ്.

## ബലിതർപ്പണം; ഒരുക്കുന്നത് വിപുലമായ ക്രമീകരണങ്ങൾ

പുനലൂർ ● പട്ടണത്തിലും കിഴക്കൻമേഖലയിലെ വിവിധ കേന്ദ്രങ്ങളിലും പരിസരപ്രദേശങ്ങളിലുമായി കർക്കടക വാവ് ദിനത്തിൽ ബലിതർപ്പണ ചടങ്ങുകൾ നടത്തുന്നതിനുള്ള വിപുലമായ ക്രമീകരണങ്ങൾ തുടങ്ങി. പട്ടണ മധ്യത്തിലെ ഡിടിപിസി സ്നാന ഘട്ടം, പുതിയിടം ശ്രീകൃഷ്ണ ക്ഷേത്രം, മുഹൂർത്തിക്കാവ്, തൃക്കോതേശ്വരം മഹാദേവർ ക്ഷേത്രം, മുളന്തടം മുത്താരമ്മൻ കോവിൽ, നെല്ലിപ്പള്ളി കൈപ്പുഴ മഹാദേവർ ക്ഷേത്രം, അഷ്ടമംഗലം മഹാവിഷ്ണു ഭഗവതി ക്ഷേത്രം, ചാവരു കാവ് ക്ഷേത്രം, കരവാളൂർ പടിഞ്ഞാറ്റിൻകര ശിവക്ഷേത്രം, വല്ലാറ്റ് ഉടയൻകാവ് ദേവീക്ഷേത്രം, ഉറുകുന്ന് ഭഗവതി ക്ഷേത്രം, ആര്യങ്കാവ് ശാസ്താ ക്ഷേത്രം, ഐക്കരക്കോണം പുങ്ങോട് ശിവക്ഷേത്രം, കിഴക്കൻ മേഖലയിലെ ജലപാതങ്ങൾ എന്നിവ കേന്ദ്രീകരിച്ചു ബലിതർപ്പണ കർമങ്ങൾ നടക്കും. ദേവസ്വം ബോർഡ്, സമാജ സേവാ ട്രസ്റ്റ്, കേരള ക്ഷേത്ര സംരക്ഷണ സമിതി, വിശ്വഹിന്ദു പരിഷത്ത്, ക്ഷേത്ര ഉപദേശക സമിതികൾ എന്നിവയുടെ നേതൃത്വത്തിലാണു കർക്കടക വാവു ബലിതർപ്പണ കർമങ്ങൾ നടക്കുക.

രാവിലെ 4.30 മുതൽ ആരംഭിക്കും. പുനലൂർ പട്ടണത്തിലെ വിവിധ കേന്ദ്രങ്ങളിൽ വിവിധ വകുപ്പുകൾ സുരക്ഷ ഒരുക്കും.

കൊല്ലം | കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | ദുബായ് | ISSN-0972-0022 | www.manoramaonline.com

22 ജൂലൈ 2025 ചൊവ്വ

# മലയാള മനോരമ

ESTABLISHED 1888




# അമരസൂര്യൻ

മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ ഭൗതികശരീരം തിരുവനന്തപുരം എകെജി പഠനഗവേഷണ കേന്ദ്രത്തിൽ എത്തിച്ചപ്പോൾ. മുഖ്യമന്ത്രി പിണറായി വിജയൻ, സിപിഎം ജനറൽ സെക്രട്ടറി എം.എ.ബേബി തുടങ്ങിയവരെ കാണാം. ചിത്രം: ജെ.സുരേഷ് / മനോരമ

## ▸▸ പതിറ്റാണ്ടുകളോളം കേരളമാകെ കത്തിപ്പടർന്ന തിരുത്തൽസ്വരം



വിS

മനോരമ ലേഖകൻ

തിരുവനന്തപുരം ● അടിച്ചമർത്തപ്പെട്ടവരുടെയും അധ്വാനിക്കുന്നവരുടെയും കണ്ണും കരളുമായിരുന്ന നിത്യപ്രക്ഷോഭകാരിയെയാണ് വി.എസ്.അച്യുതാനന്ദന്റെ വിയോഗത്തോടെ കേരളത്തിനു നഷ്ടമാകുന്നത്. പക്ഷാഘാതത്തെത്തുടർന്ന് 2019 ൽ പൂർണ വിശ്രമത്തിനു നിർബന്ധിതനാകും വരെ വിഎസ് എന്ന രണ്ടക്ഷരം കേരള രാഷ്ട്രീയത്തിൽ പ്രകമ്പനം സൃഷ്ടിച്ചുകൊണ്ടേയിരുന്നു.

മുഖ്യമന്ത്രിയായിരിക്കുമ്പോഴും പ്രതിപക്ഷനേതാവായിരിക്കുമ്പോഴും നിലപാടുകൾക്ക് ഒരേ മൂർച്ച. നീട്ടിയും കുറുക്കിയുമുള്ള പ്രസംഗവും ചെറുവാക്കുകളിലെ പ്രതികരണവും അർഥങ്ങൾ ഒളിപ്പിച്ച തലയാട്ടിച്ചിരിയും വലിയ സാമൂഹിക ചലനങ്ങളുണ്ടാക്കി. ഉൾപാർട്ടി പോരാട്ടങ്ങളിലൂടെ അദ്ദേഹം സിപിഎമ്മിനെ തിരുത്തുകയും പുതുക്കുകയും ചെയ്തു. ഭൂമിയെ കച്ചവടോപാധിയാക്കുന്നതിനെതിരെ മൂന്നാറിലും മതികെട്ടാനിലും ശബ്ദിച്ചപ്പോൾ അതിന്റെ അനുരണനങ്ങൾ സംസ്ഥാന രാഷ്ട്രീയമാകെ കത്തിപ്പടർന്നു.

വിഎസിനു ബാല്യം മുതൽ തന്നെ ജീവിതം പോരാട്ടമായിരുന്നു. 1923 ഒക്ടോബർ 20 ന് ആലപ്പുഴ പുന്നപ്ര വെന്തലത്തറ ശങ്കരന്റെയും മണ്ണഞ്ചേരി പടിഞ്ഞാറ് മാലൂർ തോപ്പിൽ അക്കമ്മയുടെയും മകനായി ജനനം. നാലര വയസ്സുള്ളപ്പോൾ വസൂരി ബാധിച്ച് അമ്മ മരിച്ചു. 11-ാം വയസ്സിൽ അച്ഛനെയും നഷ്ടമായി. കുടുംബത്തെ സഹായിക്കാനായി ഏഴാം ക്ലാസിൽ പഠനം നിർത്തി മൂത്ത സഹോദരന്റെ തുണിക്കടയിൽ സഹായിയായി.



കണ്ണേ.. കരളേ... എകെജി പഠന ഗവേഷണ കേന്ദ്രത്തിൽ വിഎസിന് ആദരാഞ്ജലി അർപ്പിക്കുന്നയാൾ. ചിത്രം: ശ്രീലക്ഷ്മി ശിവദാസ് / മനോരമ

1939 ൽ ആലപ്പുഴ ആസ്പിൻവാൾ കയർ കമ്പനിയിൽ തൊഴിലാളിയായതോടെയാണ് വിഎസിലെ പ്രക്ഷോഭകാരി ഉണരുന്നത്. 1946 ൽ പുന്നപ്ര വയലാർ സമരത്തിനുപിന്നാലെ ഒളിവിലായി. 1952 ൽ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ ആലപ്പുഴ ഡിവിഷൻ സെക്രട്ടറിയും 1956 ൽ ജില്ലാ സെക്രട്ടറിയുമായി.

1957 ൽ സിപിഐ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായ വിഎസ്, 1964 ൽ പാർട്ടി പിളർന്നപ്പോൾ ദേശീയ കൗൺസിലിൽ നിന്ന് ഇറങ്ങിപ്പോന്ന 32 നേതാക്കളിലൊരാളാണ്. ശേഷം കേരളത്തിൽ സിപിഎമ്മിനെ വളർത്തുന്നതിൽ മുഖ്യപങ്കുവഹിച്ചു. 1980 മുതൽ 1991 ഡിസംബർ വരെ സിപിഎം സംസ്ഥാന സെക്രട്ടറിയായി. 1992-96 ൽ പ്രതിപക്ഷനേതാവായിരുന്ന വിഎസ്, 1996 ൽ എൽഡിഎഫ് അധികാരത്തിലെത്തിയപ്പോൾ സ്വാഭാവികമായും മുഖ്യമന്ത്രിയാകേണ്ടതായിരുന്നു. എന്നാൽ, മാരാരിക്കുളത്ത് അദ്ദേഹം അപ്രതീക്ഷിതമായി തോറ്റത് പാർട്ടിയെത്തന്നെ പിടിച്ചുകുലുക്കി. പാരിസ്ഥിതിക വിഷയങ്ങൾ ഉൾപ്പെടെ ഏറ്റെടുത്തു കൂടുതൽ കരുത്തനാകുന്ന ജനകീയ നേതാവിനെയാണ് പിന്നീട് കേരളം കണ്ടത്.

2001 ലെ യുഡിഎഫ് സർക്കാരിന്റെ കാലത്ത് പ്രതിപക്ഷനേതാവായിരുന്ന വിഎസിന് 2006 ൽ പാർട്ടി നിയമസഭാ ടിക്കറ്റ് ആദ്യം നിഷേധിച്ചത് സിപിഎമ്മിലും പൊതുസമൂഹത്തിലും വൻ പ്രതിഷേധത്തിനിടയാക്കി. തീരുമാനം തിരുത്താൻ സിപിഎം നിർബന്ധിതമായി; എൽഡിഎഫ് ജയിച്ചതോടെ 82-ാം വയസ്സിൽ വിഎസ് കേരളത്തിന്റെ മുഖ്യമന്ത്രിയായി. 2011 ൽ വീണ്ടും പ്രതിപക്ഷനേതാവായ അദ്ദേഹം 2016 ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഭരണപരിഷ്കാര കമ്മിഷൻ ചെയർമാനായും പ്രവർത്തിച്ചു. 1985 മുതൽ ദീർഘകാലം സിപിഎം പൊളിറ്റ്ബ്യൂറോ അംഗമായിരുന്ന അദ്ദേഹം നിലവിൽ സംസ്ഥാന കമ്മിറ്റിയിലെ പ്രത്യേക ക്ഷണിതാവായിരുന്നു. മനോരമ ന്യൂസിന്റെ ആദ്യ ന്യൂസ്മേക്കർ പുരസ്കാരം 2006ൽ അന്നു മുഖ്യമന്ത്രിയായിരുന്ന വിഎസിനാണു ലഭിച്ചത്.

ജീവിതത്തിന്റെ യൗവനം പാർട്ടിക്കുവേണ്ടി മാറ്റിവച്ച സഖാവ് 1967 ജൂലൈ 18 ന് 43-ാം വയസ്സിലാണ് കോടംതുരുത്ത് കൊച്ചുതറയിൽ വസുമതിയെ ജീവിതസഖിയാക്കിയത്. മക്കൾ: ഡോ.വി.വി.ആശ (റിട്ട. സയന്റിസ്റ്റ്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി), ഡോ. വി.എ.അരുൺ കുമാർ (ഐഎച്ച്ആർഡി ഡയറക്ടർ ഇൻ ചാർജ്). മരുമക്കൾ: ഡോ.ടി.തങ്കരാജ് (യൂറോളജി വിഭാഗം ചീഫ് കൺസൽറ്റന്റ്, ജനറൽ ആശുപത്രി, തിരുവനന്തപുരം), ഡോ.രജനി ബാലചന്ദ്രൻ (ഇഎൻടി കൺസൽറ്റന്റ്, ജനറൽ ആശുപത്രി, തിരുവനന്തപുരം).

എത്രയോ കൊല്ലത്തെ കടപ്പാട് ➔ പേജ് 2

## ഇന്ന് പൊതു അവധി; പരീക്ഷകൾ മാറ്റി

### ▸▸ ബാങ്കുകൾക്കും അവധി; 3 ദിവസം ദുഃഖാചരണം

തിരുവനന്തപുരം ● വിഎസിനോടുള്ള ആദരസൂചകമായി സർക്കാർ സംസ്ഥാനത്ത് ഇന്നു പൊതുഅവധി പ്രഖ്യാപിച്ചു. എല്ലാ സർക്കാർ ഓഫിസുകൾക്കും പ്രഫഷനൽ കോളജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതുമേഖല / സ്റ്റാറ്റ്യൂട്ടറി / സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാങ്കുകൾ ഉൾപ്പെടെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് നിയമപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. ഇന്നു മുതൽ 3 ദിവസം സംസ്ഥാനത്താകെ ഔദ്യോഗിക ദുഃഖാചരണവും പ്രഖ്യാപിച്ചു. ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. പിഎസ്‌സി ഇന്നത്തെ എല്ലാ പരീക്ഷകളും അഭിമുഖങ്ങളും മാറ്റിവച്ചു. കേരള, എംജി, കാലിക്കറ്റ്, കണ്ണൂർ, ആരോഗ്യ സർവകലാശാലകൾ ഇന്നു നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി.

വിഎസിന്റെ വിയോഗത്തിൽ സിപിഎം പൊളിറ്റ്ബ്യൂറോയും സിപിഐ ദേശീയ സെക്രട്ടറിയറ്റും അനുശോചിച്ചു.

---

ആഞ്ഞടിച്ച് സുപ്രീം കോടതി

## ഇ.ഡി പരിധി വിടുന്നു

### ▸▸ രാഷ്ട്രീയപ്പോരിൽ കക്ഷി ആകരുതെന്ന് മുന്നറിയിപ്പ്

മനോരമ ലേഖകൻ

ന്യൂഡൽഹി ● എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) പരിധി വിട്ട് ഇടപെടുകയാണെന്നു സുപ്രീം കോടതിയുടെ രൂക്ഷ വിമർശനം. 2 കേസുകളിൽ ഇ.ഡിയെ കുടഞ്ഞ കോടതി, രാഷ്ട്രീയപ്പോരിൽ കക്ഷിയാകരുതെന്നു മുന്നറിയിപ്പു നൽകുകയും ചെയ്തു. നിയമോപദേശം നൽകിയതിന്റെ പേരിൽ സുപ്രീം കോടതിയിലെ 2 സീനിയർ അഭിഭാഷകരെ ഇ.ഡി വിളിപ്പിച്ചതു വിവാദമായിരുന്നു. ഇതേത്തുടർന്നു സ്വമേധയാ റജിസ്റ്റർ ചെയ്ത കേസാണു കോടതി പരിഗണിച്ചത്.

ഇ.ഡി പരിധി വിടുന്നതിനെതിരെ ആഞ്ഞടിച്ച കോടതി, വിഷയത്തിൽ മാർഗരേഖ പുറപ്പെടുവിക്കണമെന്നു വ്യക്തമാക്കി. വിശദമായ വാദം കേൾക്കാനായി കേസ് 29നു വീണ്ടും പരിഗണിക്കും.

മൈസൂരു ഭൂമി കൈമാറ്റ കേസ് പരിഗണിക്കുമ്പോഴും സുപ്രീം കോടതി സ്വരം കടുപ്പിച്ചു. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ ഭാര്യ ബി.എം.പാർവതി, മന്ത്രി ബി. സുരേഷ് എന്നിവർക്കെതിരായ സമൻസ് കർണാടക ഹൈക്കോടതി റദ്ദാക്കിയിരുന്നു. ഇതു ചോദ്യം ചെയ്ത് ഇ.ഡി നൽകിയ ഹർജിയാണ് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരുടെ ബെഞ്ച് പരിഗണിച്ചത്. ഹൈക്കോടതിയുടെ തീരുമാനത്തിൽ പിഴവില്ലെന്നും വസ്തുതകൾ കണക്കിലെടുത്ത് ഹർജി തള്ളുകയാണെന്നും കോടതി വ്യക്തമാക്കി. രാഷ്ട്രീയപ്പോരിൽ ഇ.ഡിയെ കരുവായി ഉപയോഗിക്കുന്നത് എന്തുകൊണ്ടാണെന്ന് സുപ്രീം കോടതി ചോദിച്ചു. ഇക്കാര്യത്തിൽ കൂടുതൽ പരാമർശങ്ങൾ നടത്താൻ നിർബന്ധിക്കുന്ന സാഹചര്യം സൃഷ്ടിക്കരുതെന്ന് ഇ.ഡിക്കു വേണ്ടി ഹാജരായ എഎസ്ജി എസ്.വി. രാജുവിനെ കോടതി താക്കീതു ചെയ്തു.

കടുത്ത പരാമർശങ്ങൾ ഒഴിവാക്കിയതിന് ഇ.ഡി ഞങ്ങളോടു നന്ദി പറയണം. മറിച്ചായാൽ ഇ.ഡിയെക്കുറിച്ചു കടുത്ത പരാമർശങ്ങൾ നടത്താൻ നിർബന്ധിതരാകും. നിർഭാഗ്യവശാൽ മഹാരാഷ്ട്രയിലെ സാഹചര്യം ബോധ്യമുണ്ട്. രാജ്യത്തുടനീളം ഇതു വ്യാപിപ്പിക്കരുത്. രാഷ്ട്രീയ പാർട്ടികൾ പോരാടിക്കോട്ടെ. ഇതിൽ നിങ്ങൾ കക്ഷിയാകരുതെന്നും ചീഫ് ജസ്റ്റിസ് നിർദേശിച്ചു. കേന്ദ്ര അന്വേഷണ ഏജൻസികളെ ദുരുപയോഗപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന്റെ മുഖത്തേറ്റ അടിയാണിതെന്ന് കോടതിവിധിയെക്കുറിച്ച് സിദ്ധരാമയ്യ പ്രതികരിച്ചു. സിദ്ധരാമയ്യ കൂടി ഉൾപ്പെട്ട കേസിലെ പണമിടപാടുകളാണ് ഇ.ഡി. അന്വേഷിക്കുന്നത്.

---

## ജഗദീപ് ധൻകറുടെ രാജി 2 വർഷം കൂടി കാലാവധിയുള്ളപ്പോൾ

# ഉപരാഷ്ട്രപതി രാജിവച്ചു



### ▸▸ വൈകിട്ട് 4.19 വരെ സഭയിൽ സജീവം; രാത്രി 9.25ന് അപ്രതീക്ഷിത രാജി

### ▸▸ ചൂണ്ടിക്കാട്ടിയത് അനാരോഗ്യം; രാഷ്ട്രീയകാരണങ്ങളുമുണ്ടെന്ന് സൂചന

മനോരമ ലേഖകൻ

ന്യൂഡൽഹി ● ഇന്നലെ വൈകിട്ട് 4.19 വരെയും രാജ്യസഭയിലെ അധ്യക്ഷക്കസേരയിൽ സജീവമായിരുന്ന ഉപരാഷ്ട്രപതി ജഗദീപ് ധൻകർ (74) രാത്രി 9.25ന് അപ്രതീക്ഷിതമായി രാജി പ്രഖ്യാപിച്ചു. ആരോഗ്യപ്രശ്നങ്ങൾ കാരണമാണു രാജിയെന്ന് രാഷ്ട്രപതിക്കു നൽകിയ കത്തിൽ പറയുന്നു. അതേസമയം, രാഷ്ട്രീയ കാരണങ്ങളുണ്ടെന്നാണു സൂചന.

ബംഗാൾ ഗവർണറായിരിക്കെ 2022 ൽ ഉപരാഷ്ട്രപതിയായ ധൻകർ, പദവിയിൽ രണ്ടുവർഷം ബാക്കിനിൽക്കെയാണു രാജിവയ്ക്കുന്നത്. രാജ്യസഭയിൽ ഇന്നലെ വൈകിട്ടു സംസാരിക്കുമ്പോഴും ഭരണ-പ്രതിപക്ഷ അംഗങ്ങൾക്ക് ഇത്തരത്തിൽ ഒരു സൂചനയുമുണ്ടായിരുന്നില്ല. രാജി ഇന്നലെത്തന്നെ പ്രാബല്യത്തിൽ വന്നതിനാൽ ഇന്നു രാജ്യസഭയിലെത്താനുള്ള സാധ്യതയുമില്ല.

മാർച്ചിൽ നെഞ്ചുവേദനയെത്തുടർന്ന് ധൻകർ ഡൽഹി എയിംസിൽ ഏതാനും ദിവസം ചികിത്സയിലായിരുന്നു.തങ്ങളുമായി നിരന്തരം കൊമ്പുകോർത്തിരുന്ന ധൻകറിനെ അധ്യക്ഷ പദവിയിൽ നിന്നു നീക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾ കത്തു നൽകുന്ന അസാധാരണ നീക്കത്തിനും നേരത്തേ രാജ്യസഭ സാക്ഷിയായിരുന്നു. ബിജെപിക്ക് അനുകൂലമായ തീരുമാനങ്ങളെടുക്കുന്നുവെന്നും ഏകപക്ഷീയമായി പെരുമാറുന്നുവെന്നും തങ്ങൾ സംസാരിക്കുമ്പോൾ മൈക്ക് ഓഫ് ചെയ്യുന്നുവെന്നും പ്രതിപക്ഷം ആരോപിച്ചിരുന്നു.സുപ്രീം കോടതിയിൽ സീനിയർ അഭിഭാഷകനായിരുന്ന ധൻകർ, ഉപരാഷ്ട്രപതി പദവിയിലെത്തിയ ശേഷം പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രാമുഖ്യം ഉന്നയിച്ചു പലപ്പോഴും പരസ്യ പ്രതികരണങ്ങൾ നടത്തിയിരുന്നു.

ചില ഘട്ടങ്ങളിൽ സുപ്രീം കോടതിയുമായി പരോക്ഷമായുള്ള വാക്പോരിലേക്കും ഇതു നീണ്ടു. വിവിധ പരിപാടികൾക്കായി ഈ മാസം ആദ്യം ധൻകറും കുടുംബവും കേരളം സന്ദർശിച്ചിരുന്നു.

➔ പേജ് 18

---

## നിസാർ ഉപഗ്രഹ വിക്ഷേപണം 30ന്

ന്യൂഡൽഹി ● ഐഎസ്ആർഒയും നാസയും സംയുക്തമായി സാക്ഷാത്കരിച്ച ഭൗമനിരീക്ഷണ ഉപഗ്രഹമായ നിസാറിന്റെ വിക്ഷേപണം ജൂലൈ 30ന് നടക്കുമെന്ന് ഐഎസ്ആർഒ അറിയിച്ചു. ശ്രീഹരിക്കോട്ടയിൽനിന്ന് ജിഎസ്എൽവി-എഫ് 16 റോക്കറ്റാണ് ഉപഗ്രഹം വഹിക്കുക. ഇന്ത്യൻ ബഹിരാകാശചരിത്രത്തിൽ പുതിയ അധ്യായം രചിക്കുന്നതാണ് ഈ വിക്ഷേപണം.

---

കുഞ്ചുക്കുറുപ്പ്



101 തിരിയിട്ട ജ്വാല...

---

ആറു മലയാളികളടക്കം 189 പേർ കൊല്ലപ്പെട്ട കേസ്

## മുംബൈ ട്രെയിൻ സ്ഫോടനക്കേസിൽ തെളിവില്ല; വധശിക്ഷയടക്കം റദ്ദാക്കി

മനോരമ ലേഖകൻ

മുംബൈ ● ആറു മലയാളികൾ ഉൾപ്പെടെ 189 പേർ കൊല്ലപ്പെട്ട 2006ലെ മുംബൈ ലോക്കൽ ട്രെയിൻ സ്ഫോടന പരമ്പര കേസിൽ വിചാരണക്കോടതി ശിക്ഷിച്ച 12 പേരെയും ബോംബെ ഹൈക്കോടതി വിട്ടയച്ചു.കേസ് തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പൂർണമായി പരാജയപ്പെട്ടെന്നും തെളിവുകൾ വിശ്വസനീയമല്ലെന്നും വിലയിരുത്തിയാണ് 5 പേർക്കു വധശിക്ഷയും 7 പേർക്ക് ജീവപര്യന്തവും വിധിച്ച പ്രത്യേക 'മകോക്ക' കോടതിയുടെ വിധി റദ്ദാക്കിയത്. സ്ഫോടനം നടന്ന് 19 വർഷത്തിനു ശേഷമാണ് വിധി. മറ്റു കേസുകളിൽ ആവശ്യമില്ലെങ്കിൽ എല്ലാവരെയും ഉടൻ മോചിപ്പിക്കണമെന്നും ഉത്തരവിട്ടു. കേസ് അന്വേഷിച്ച മഹാരാഷ്ട്ര ഭീകര വിരുദ്ധ സ്ക്വാഡിന് (എടിഎസ്) വിധി കനത്ത തിരിച്ചടിയാണ്.

2006 ജൂലൈ 11ന് 11 മിനിറ്റിന്റെ ഇടവേളയിൽ ഏഴു ലോക്കൽ ട്രെയിനുകളിലാണു സ്ഫോടനങ്ങളുണ്ടായത്. 28 മലയാളികളടക്കം 827 പേർക്ക് പരുക്കേറ്റിരുന്നു. തീവ്രവാദം, കൊലപാതകം, മഹാരാഷ്ട്ര സംഘടിത കുറ്റകൃത്യ നിയന്ത്രണ നിയമം (മകോക്ക), യുഎപിഎ, സ്ഫോടകവസ്തു വിരുദ്ധ നിയമം, കുറ്റകരമായ ഗൂഢാലോചന, റെയിൽവേ നിയമം എന്നിവ പ്രകാരമുള്ള കുറ്റങ്ങളാണ് അറസ്റ്റിലായ സിമി പ്രവർത്തകർക്കു മേൽ ചുമത്തിയിരുന്നത്.2015ൽ വിചാരണക്കോടതി 13 പ്രതികളിൽ ഒരാളെ കുറ്റവിമുക്തനാക്കി. കമാൽ അൻസാരി, മുഹമ്മദ് ഫൈസൽ, എഹ്തെഷാം ഖുത്ബുദീൻ സിദ്ദിഖി, നവീദ് ഹുസൈൻ ഖാൻ, ആസിഫ് ഖാൻ എന്നിവർക്കാണു വധശിക്ഷ വിധിച്ചത്. ഇതിൽ കമാൽ അൻസാരി ജയിലിൽ കോവിഡ് ബാധിച്ച് മരിച്ചു. വിഡിയോ കോൺഫറൻസ് വഴി കോടതിയിൽ ഹാജരായ പ്രതികൾ അഭിഭാഷകർക്ക് നന്ദി അറിയിച്ചു. തെറ്റിദ്ധരിച്ച് തടവിലാക്കപ്പെടുന്നവർക്ക് പ്രതീക്ഷയാണ് വിധിയെന്ന് പ്രതികളുടെ അഭിഭാഷകൻ മോഹിത് ചൗധരി പ്രതികരിച്ചു.

### കുറ്റം സമ്മതിപ്പിച്ചത് പീഡിപ്പിച്ച്: കോടതി

പ്രതികൾ കുറ്റകൃത്യം ചെയ്തെന്ന് വിശ്വസിക്കാൻ പോലും പ്രയാസമാണ്. തിരിച്ചറിയൽ പരേഡുകൾ സംശയാസ്പദമാണ്. പീഡിപ്പിച്ചാണ് കുറ്റസമ്മതമൊഴി രേഖപ്പെടുത്തിയത്. പല സാക്ഷികളും മൗനം പാലിച്ച ശേഷം നാലു വർഷത്തിനു ശേഷം പൊടുന്നനെ പ്രതികളെ തിരിച്ചറിഞ്ഞത് അസാധാരണമാണ്. നടപടിക്രമങ്ങളിലും പിഴവുകളുണ്ട്. ചില സാക്ഷികളെ വിചാരണവേളയിൽ പോലും വിസ്തരിച്ചില്ല. ആർഡിഎക്സ് ഉൾപ്പെടെയുള്ള സ്ഫോടകവസ്തുക്കൾ ഫൊറൻസിക് ലബോറട്ടറിയിൽ എത്തുന്നതുവരെ ശ്രദ്ധയോടെ സൂക്ഷിച്ചില്ല.

● ജസ്റ്റിസുമാരായ അനിൽ കിലോർ, ശ്യാം ചന്ദക് എന്നിവരുടെ വിധിയിൽനിന്ന്.

---

## ബിഷപ് ഡോ. കെ.റൂബൻ മാർക്ക് സിഎസ്ഐ മോഡറേറ്റർ

ചെന്നൈ ● സിഎസ്ഐ സഭയുടെ മോഡറേറ്ററായി തെലങ്കാന കരിംനഗർ ബിഷപ്പും ഡപ്യൂട്ടി മോഡറേറ്ററുമായ ഡോ. കെ.റൂബൻ മാർക്ക് (64) തിരഞ്ഞെടുക്കപ്പെട്ടു. ഔദ്യോഗിക പക്ഷ സ്ഥാനാർഥിയായിരുന്നു. 24 മഹായിടവകകളിൽ നിന്നുള്ള 307 പ്രതിനിധികളിൽ 192 പേരുടെയും ആകെയുള്ള 14 ബിഷപ്പുമാരിൽ 10 പേരുടെയും പിന്തുണ ലഭിച്ചു. 6 മാസമാണു കാലാവധി. വെല്ലൂർ ബിഷപ് ഡോ. ശർമ നിത്യാനന്ദമായിരുന്നു എതിർ സ്ഥാനാർഥി. കൗൺസിൽ രൂപീകരിക്കാത്ത ദക്ഷിണ കേരള മഹായിടവകയിൽ നിന്നൊഴികെ കേരളത്തിലെ മറ്റെല്ലാ മഹായിടവകകളിൽ നിന്നുമുള്ള പ്രതിനിധികൾ വോട്ടെടുപ്പിൽ പങ്കെടുത്തു. 1988ൽ വൈദികനായ ബിഷപ് മാർക്ക് റൂബൻ, 2015ലാണു കരിംനഗർ ബിഷപ്പായത്. ഭാര്യ പ്രസില്ല.

മോഡറേറ്ററായി തിരഞ്ഞെടുത്ത ബിഷപ് ധർമരാജ് റസാലത്തിനു ഹൈക്കോടതി ഉത്തരവിനെ തുടർന്നു സ്ഥാനമൊഴിയേണ്ടി വന്നതോടെയാണു തിരഞ്ഞെടുപ്പ് വേണ്ടി വന്നത്.



# വിS



# എത്രയോ കൊല്ലത്തെ കടപ്പാട്

**ജയചന്ദ്രൻ ഇലങ്കത്ത്**

കൊല്ലം ● ജന്മനാട് തൊട്ടപ്പുറത്ത് ആലപ്പുഴ ജില്ലയാണെങ്കിലും വിഎസിന് ഏറ്റവും ഇഷ്ടപ്പെട്ട ജില്ലകളിലൊന്നു കൊല്ലം ആയിരുന്നു. സിപിഎമ്മിൽ വിഎസിന്റെ വലംകൈ ആയി നിന്ന നേതാക്കളിൽ പ്രമുഖർ പലരും ഇതേ കൊല്ലം ജില്ലയിൽ നിന്നായിരുന്നു. അതുകൊണ്ടു തന്നെ, സിപിഎമ്മിന്റെ സ്ഥാപക നേതാക്കളിൽ അവസാനത്തെയാളും വിട വാങ്ങുമ്പോൾ കൊല്ലം വല്ലാതെ വിഷാദമാകുന്നു.

കൊല്ലവും ആലപ്പുഴയും ഉൾപ്പെട്ട പഴയ തിരുവിതാംകൂറിൽ ജനിച്ച വിഎസ് അച്യുതാനന്ദന്റെ സാന്നിധ്യം പിന്നീട് കൊല്ലം ജില്ലയിൽ സൃഷ്ടിച്ച അടയാളങ്ങൾ സിപിഎമ്മിന്റെ ചരിത്രത്തിലെ നിർണായക അധ്യായങ്ങളാണ്. പാർട്ടി സെക്രട്ടറി, എൽഡിഎഫ് കൺവീനർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ നിലകളിലൊക്കെ വിഎസ് നടത്തിയ ഇടപെടലുകളിൽ കൊല്ലവും പലപ്പോഴും കടന്നു വന്നിട്ടുണ്ട്. പാർട്ടി നേതാവ് എന്ന നിലയിൽ നടത്തിയ സമരങ്ങൾ, മുഖ്യമന്ത്രി എന്ന നിലയിൽ നേതൃത്വം നൽകിയ വികസന പദ്ധതികൾ, വിഎസിന്റെ കൈ പിടിച്ചു പാർട്ടിയുടെ പടവുകൾ ചവിട്ടിയ നേതാക്കൾ വിഎസുമായി ബന്ധപ്പെട്ട ഓർമകൾ ജില്ലയിൽ സമൃദ്ധമാണ്.


കറയും കരിയും പുരണ്ടിട്ടും ജീവിക്കാനാവശ്യമായ കൂലിയോ ആനുകൂല്യങ്ങളോ ഇല്ലാതെ വീർപ്പുമുട്ടിയ കശുവണ്ടിത്തൊഴിലാളികളുടെ ജീവിതം വിഎസിന്റെ ശ്രദ്ധയിൽപെടുന്നതു പാർട്ടി സെക്രട്ടറിയായിരിക്കെയാണ്. പാർട്ടിയുടെ ട്രേഡ് യൂണിയൻ സംഘടനകൾ ഇത്തരം തൊഴിൽ വിഷയങ്ങൾ ഏറ്റെടുക്കുന്നതായിരുന്നു അക്കാലത്ത് പതിവ്. എന്നാൽ സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്ത കിട്ടാത്തതിൽ കശുവണ്ടിത്തൊഴിലാളികൾക്കിടയിൽ പ്രതിഷേധം ശക്തമായപ്പോൾ ആ സമരം പാർട്ടി നേരിട്ട് ഏറ്റെടുക്കുകയാണെന്നു പ്രഖ്യാപിച്ചതു വിഎസ് ആയിരുന്നു. സമരത്തിനു മുന്നോടിയായി നടന്ന കൺവൻഷൻ കൊല്ലം നഗരത്തിലെ ചാമക്കടയിലെ പഴയ കൃഷ്ണ തിയറ്ററിൽ ഉദ്ഘാടനം ചെയ്യാനും വിഎസ് വന്നു. പി.കെ ഗുരുദാസൻ, അന്തരിച്ച നേതാവ് സുശീല ഗോപാലൻ തുടങ്ങി വൻ നേതൃനിരയെ രംഗത്തിറക്കിയായിരുന്നു വിഎസിന്റെ സമരപദ്ധതി. ആ കൺവൻഷനിലെ വിഎസിന്റെ ഉദ്ഘാടന പ്രസംഗം കേട്ട് ആവേശം കൊണ്ടു വിദ്യാർഥി രംഗത്തു നിന്നു നേരിട്ടു ട്രേഡ് യൂണിയൻ രംഗത്തേക്ക് എടുത്തു ചാടിയ ഒരു പാർട്ടി നേതാവും കൊല്ലത്തുണ്ട്- ജെ. മേഴ്സിക്കുട്ടിയമ്മ.

2012 ൽ ഇറ്റാലിയൻ നാവികരുടെ വെടിയേറ്റ് 2 മത്സ്യത്തൊഴിലാളികൾ വെടിയേറ്റു മരിച്ച സംഭവത്തിലും വിഎസിന്റെ ശക്തമായ ഇടപെടൽ കൊല്ലം കണ്ടു. കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കു കേന്ദ്രസർക്കാർ ഇടപെട്ടു നഷ്ടപരിഹാരം ഉറപ്പാക്കണമെന്നാവശ്യപ്പെട്ടു സംഘടനകൾ സംയുക്തമായി തീരദേശത്തു മനുഷ്യച്ചങ്ങല തീർത്തപ്പോൾ അത് ഉദ്ഘാടനം ചെയ്യാനെത്തിയതും വിഎസ് ആയിരുന്നു. കുണ്ടറ ഇൻഫോ പാർക്ക്, വെള്ളിമണിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി തുടങ്ങി മുഖ്യമന്ത്രിയായിരിക്കെ വിഎസ് ഉദ്ഘാടനം ചെയ്ത പദ്ധതികളും ആ ഓർമകൾ പേറി ജില്ലയിലുണ്ട്.

### പാർട്ടിയിലെ പോരാട്ടത്തിലും ജില്ല വിഎസിനൊപ്പം

പാർട്ടിയിലെ ആഭ്യന്തരപ്പോരിലും ഒരുകാലത്തു വിഎസിനൊപ്പം ശക്തമായ നിലയുറപ്പിച്ച ജില്ലയായിരുന്നു കൊല്ലം. 1995 ൽ ജില്ലയിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ അക്കാലത്തെ പ്രബല സിഐടിയു ഗ്രൂപ്പിനെതിരെ പട നയിച്ച വിഎസിനൊപ്പം ജില്ലയിലെ മിക്ക നേതാക്കളും പിന്നീട് അണിനിരന്നതു ചരിത്രം. വിഎസ് പക്ഷത്തിന്റെ ശക്തമായ ജില്ല എന്ന പേരു പാർട്ടിയിൽ കൊല്ലത്തിനു വന്നതും അങ്ങനെയാണ്.

അതേ, വിഎസിന്റെ പേരില്ലാതെ, ഈ വർഷമാദ്യം കൊല്ലത്തു നടന്ന സംസ്ഥാന സമ്മേളനത്തിൽ സംസ്ഥാന കമ്മിറ്റി പാനൽ പ്രഖ്യാപിക്കപ്പെട്ടതും പുതുചരിത്രം; പിന്നീട് വിഎസിനെ ഉൾപ്പെടുത്തിയെങ്കിലും. വിഎസിനൊപ്പം നിന്ന പല നേതാക്കളും 'അക്കരപ്പച്ച' തേടി പാർട്ടിയിൽ മറുകണ്ടം ചാടിയതും കൗതുകമുള്ള കൊല്ലം ചരിത്രം.



## പാർട്ടിയെ നേർവഴിക്ക് നയിക്കാൻ യത്നിച്ച നേതാവ്: പി.കെ.ഗുരുദാസൻ


പി.കെ. ഗുരുദാസൻ

'കേരളത്തിൽ പാർട്ടിയെ ശരിയായ വഴിക്കു നയിക്കുന്നതിനും സഹപ്രവർത്തകരെ സജ്ജമാക്കുന്നതിനും ജീവിതം സമർപ്പിച്ച നേതാവാണ് വി.എസ്.അച്യുതാനന്ദൻ. വിഎസ് അടക്കമുള്ള നേതാക്കളുടെ സംഭാവനയാണ് കേരളം കൈവരിച്ച നേട്ടങ്ങളുടെ അടിത്തറ.

പ്രഖ്യാപിച്ച ഡിഎ നൽകണമെന്ന് ആവശ്യപ്പെട്ടു കശുവണ്ടി തൊഴിലാളികൾ നടത്തിയ വലിയ സമരത്തിനു നേതൃത്വം നൽകിയത് വി.എസ്. അച്യുതാനന്ദൻ ആയിരുന്നു. പ്രവർത്തകരുടെ സമ്മേളനം വിളിച്ചു കൂട്ടിയാണു സമരത്തിനു തുടക്കമിട്ടത്. നേതാക്കളെ സമരത്തിന്റെ ഭാഗമാക്കി. മാടൻനട ഫാക്ടറിക്കു മുന്നിൽ സമരം നടത്തിയ സുശീല ഗോപാലനെ പൊലീസ് അറസ്റ്റ് ചെയ്തു. തഴുത്തല ഫാക്ടറിക്കു മുന്നിൽ ആയിരുന്നു ഞാൻ സമരം നയിച്ചത്. എന്നെ അറസ്റ്റ് ചെയ്തു 3 ദിവസം ജയിലിൽ അടച്ചു.

കൂലി ബഹിഷ്കരിച്ചായിരുന്നു സമരം. സമരം നീണ്ടുപോയപ്പോൾ ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം തുടങ്ങി വിവിധ ജില്ലകളിൽ നിന്നു റിലീഫ് സംഘടിപ്പിച്ചു തൊഴിലാളികളെ സഹായിച്ചു. അരി, മരച്ചീനി, പണം തുടങ്ങിയവയാണ് സംഘടിപ്പിച്ച് എത്തിച്ചത്. പാർട്ടി സംസ്ഥാന സെക്രട്ടറി ആയിരുന്നു അന്ന്. നിരന്തരം ഫോണിലൂടെ ബന്ധപ്പെട്ട് സമരത്തിനു മാർഗനിർദേശങ്ങൾ അദ്ദേഹം നൽകിയിരുന്നു. സമരം വൻ വിജയമായി'.



## നിശ്ചയദാർഢ്യത്തിന്റെ നേതാവ്: സിപിഎം ജില്ലാ കമ്മിറ്റി

കൊല്ലം ● നിശ്ചയദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും കരുത്തിന്റെയും ത്യാഗപൂർണമായ പോരാട്ടങ്ങളിലൂടെ ജനനായകനായി മാറിയ നേതാവായിരുന്നു വി.എസ് എന്ന് സിപിഎം ജില്ലാ കമ്മിറ്റി. 1940ൽ കൊല്ലത്തു കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിച്ചു തുടങ്ങിയ കാലത്തും ജില്ലയിൽ ഉജ്വല തൊഴിലാളി സമരങ്ങൾ ഇരമ്പിക്കയറിയ കാലത്തും അതിനെല്ലാം നേതൃത്വം നൽകി വിഎസ് ഉണ്ടായിരുന്നു. 1964ൽ പാർട്ടി രണ്ടായതിനുശേഷം ജില്ലയിൽ സിപിഎം കെട്ടിപ്പടുത്തതിൽ വി.എസിന്റെ പങ്ക് അവിസ്മരണീയമാണ്. ഒട്ടേറെ പോരാട്ടങ്ങൾക്കു കരുത്തും ആവേശവും പകർന്നു ജില്ലയിലെ പാർട്ടിയെ ശക്തിപ്പെടുത്തിയ നേതാവായിരുന്നു വിഎസ് എന്നും സിപിഎം ജില്ലാ കമ്മിറ്റി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

കൊല്ലം ● ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മുഖമായിരുന്നു വി.എസ് അച്യുതാനന്ദൻ എന്ന് എൻ.കെ പ്രേമചന്ദ്രൻ എംപി. പാർശ്വവൽക്കരിക്കപ്പെട്ട സാധാരണ സമൂഹത്തിന്റെ അവകാശ സംരക്ഷണത്തിനുവേണ്ടി ജീവിതാവസാനം വരെ പൊരുതിയ നേതാവായിരുന്നു അദ്ദേഹം. മുല്ലപ്പെരിയാർ ഉൾപ്പെടെ അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളിൽ സംസ്ഥാന താൽപര്യം സംരക്ഷിക്കാൻ സന്ധിയില്ലാത്ത നിലപാട് സ്വീകരിച്ച ഭരണാധികാരി കൂടിയായിരുന്നു അദ്ദേഹം. ജനപക്ഷ രാഷ്ട്രീയത്തിന്റെ വക്താവും പ്രയോക്താവുമായി മാറിയ അദ്ദേഹത്തിന്റെ വിയോഗം പകരം വയ്ക്കാനാകാത്ത കനത്ത നഷ്ടമാണെന്നും പ്രേമചന്ദ്രൻ പറഞ്ഞു.

● വിഎസ് അച്യുതാനന്ദൻ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും തൊഴിലാളികളുടെ അഭിവന്ദ്യ നേതാവായിരുന്നുവെന്നു യുടിയുസി ദേശീയ പ്രസിഡന്റ് എ.എ അസീസ് പറഞ്ഞു.

● സമരഭരിതമായ തൊഴിലാളി വർഗ രാഷ്ട്രീയത്തിലെ മഹത്തായ ഒരധ്യായമാണ് വി.എസ്. അച്യുതാനന്ദന്റെ നിര്യാണത്തിലൂടെ അവസാനിച്ചിരിക്കുന്നതെന്ന് ഫോർവേഡ് ബ്ലോക്ക് ജനറൽ സെക്രട്ടറി ജി.ദേവരാജൻ പറഞ്ഞു.

● മനുഷ്യനെയും പ്രകൃതിയെയും സ്നേഹിച്ച യഥാർഥ കമ്യൂണിസ്റ്റ് ആയിരുന്നു വിഎസ് അച്യുതാനന്ദൻ എന്നു ബിജെപി ദേശീയ കൗൺസിൽ അംഗം എം.എസ് ശ്യാംകുമാർ പറഞ്ഞു.

● കയ്യൂർ സമരനായകനും കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവും മുൻ മുഖ്യമന്ത്രിയുമായിരുന്ന വിഎസ് അച്യുതാനന്ദന്റെ നിര്യാണത്തിൽ ആർഎസ്പി ജില്ലാ സെക്രട്ടറി കെ എസ് വേണുഗോപാൽ, കേരള കോൺഗ്രസ്- ജേക്കബ് ചെയർമാൻ വാകനൊട് രാധാകൃഷ്ണൻ എന്നിവർ അനുശോചിച്ചു.

● കേരളത്തിന്റെ ജനകീയനായ മുഖ്യമന്ത്രിയാണ് നഷ്ടപ്പെട്ടതെന്നു കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവിയും ജനറൽ സെക്രട്ടറി അഡ്വ. കെ പി മുഹമ്മദും ജം ഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവിയും പറഞ്ഞു.

● വി.എസ്.അച്യുതാനന്ദന്റെ വിയോഗത്തിലൂടെ കേരളത്തിന് നഷ്ടമായതു തൊഴിലാളി സമൂഹത്തെ സ്നേഹിച്ച യഥാർഥ കമ്യൂണിസ്റ്റുകാരനെയാണെന്നു ബിഎംഎസ് സംസ്ഥാന പ്രസിഡന്റ് ബി.ശിവജി സുദർശൻ പറഞ്ഞു.


വിഎസ് അച്യുതാനന്ദന് 'മുൻമുനിയൂർ' കുട കൈമാറുന്ന കുടുംബശ്രീ അധ്യക്ഷയായിരുന്ന ബിന്ദു പ്രകാശ്

## പ്രിയപ്പെട്ട കുട



**ബി.സന്തോഷ് കുമാർ**

കൊട്ടാരക്കര ● സമ്മാനമായി ലഭിച്ച 'മുൻമുനിയൂർ' കാലൻ കുട വല്ലാതെ ഇഷ്ടപ്പെട്ടു വിഎസ് അച്യുതാനന്ദൻ നിവർത്തിപ്പിടിച്ച ഓർമയുണ്ട് കൊല്ലം ജില്ലയ്ക്കു പറയാൻ; ജില്ലയിലെ വിലയന്തൂർ കുടുംബശ്രീ യൂണിറ്റ് നിർമിച്ച ആ വലിയ കുട.


2015 ൽ പ്രതിപക്ഷ നേതാവ് ആയിരിക്കെ, ഉമ്മന്നൂർ ഗ്രാമപ്പഞ്ചായത്ത് ഓഫിസിൽ നടന്ന ചടങ്ങിനെത്തിയപ്പോഴാണു വിലയന്തൂർ കുടുംബശ്രീ യൂണിറ്റ് നിർമിച്ച മുൻമുനിയൂർ ബ്രാൻഡ് കുട നൽകിയത്. ചുവന്ന കാലൻ കുടയുമായി വിഎസ് വീട്ടിലെത്തിയപ്പോൾ ഭാര്യ വസുമതിക്കും ഇഷ്ടമായി. ഇതേ പോലൊന്നു വേണമെന്നായി ആഗ്രഹം. അധികം വൈകാതെ വി.എസ്. വാളകത്ത് അനുഗ്രഹ ഓഡിറ്റോറിയത്തിൽ മറ്റൊരു ചടങ്ങിനെത്തി. 'ഒരു കുട കൂടി കിട്ടുമോ' എന്നായി അന്ന് ഒപ്പം വേദിയിലുണ്ടായിരുന്ന സിപിഎം നേതാവ് പി.കെ.ജോൺസണിനോടുള്ള ചോദ്യം. ഉടൻ എത്തിക്കാമെന്നു ജോൺസന്റെ മറുപടി. ഒട്ടും വൈകാതെ സിഡിഎസ് പ്രവർത്തക ബിന്ദു പ്രകാശ് വേദിയിലെത്തി പ്രതിപക്ഷ നേതാവിനു കുട സമ്മാനിച്ചു. നിറഞ്ഞ പുഞ്ചിരിയോടെ കുട ഏറ്റുവാങ്ങുന്ന രംഗം ഇന്നും നാടിന്റെ ഓർമയിലുണ്ട്. കുടുംബശ്രീയുടെ കുട സംരംഭത്തെ പുകഴ്ത്താനും വിഎസ് അന്നു മറന്നില്ല.

## പരിസ്ഥിതി സമരങ്ങളുടെ മുന്നിൽ

**ജി. ഹസ്താമലകൻ**

കൊല്ലം ● ജില്ലയിലെ പരിസ്ഥിതി സംരക്ഷണ സമരങ്ങൾക്കു ഊർജം പകർന്ന നേതാവ് ആയിരുന്നു വി.എസ്.അച്യുതാനന്ദൻ. വെളിച്ചിക്കാലയിൽ കളിമൺ ഖനനത്തിനും പടിഞ്ഞാറെ കല്ലടയിലെ കരിമണൽ ഖനനത്തിനും എതിരെ നടന്ന സമരങ്ങൾ, ശാസ്താംകോട്ട തടാക സംരക്ഷണം, മുട്ടറ മരുതിമല കയ്യേറ്റം ഒഴിപ്പിക്കൽ സമരം എന്നിവയിൽ അച്യുതാനന്ദന്റെ പിന്തുണ വലിയ ശക്തിയായി മാറി.

വെളിച്ചിക്കാലയിൽ 2005 ജൂൺ 5ന്, പരിസ്ഥിതി ദിനത്തിൽ, ഓടനാവട്ടം വിജയപ്രകാശിന്റെ നേതൃത്വത്തിൽ ആക്‌ഷൻ കൗൺസിൽ തുടങ്ങിയ സമരത്തിന്റെ 30-ാമത്തെ ദിവസം അച്യുതാനന്ദൻ സമരപന്തൽ സന്ദർശിച്ചാണു പിന്തുണ നൽകിയത്. ഇംഗ്ലിഷ് ഈസ്റ്റ് ഇന്ത്യ ക്ലേയ്സിനെതിരെ നടന്ന സമരം ഇതോടെ സംസ്ഥാന ശ്രദ്ധ നേടി. വിഎസ് അന്നു പ്രതിപക്ഷ നേതാവ് ആയിരുന്നു. കമ്പനിക്കു പിന്നീട് പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നു. മുഖ്യമന്ത്രി ആയപ്പോൾ ശാസ്താംകോട്ട തടാക സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾക്കു പിന്തുണ നൽകി. മന്ത്രിയായിരുന്ന എൻ.കെ.പ്രേമചന്ദ്രനെ ഇതിനായി ചുമതലപ്പെടുത്തി. പ്രേമചന്ദ്രൻ മുൻകൈ എടുത്തു തടാകത്തിനായി മാനേജ്മെന്റ് ആക്‌ഷൻ പ്ലാൻ തയാറാക്കി. കരമണൽ ഖനനത്തിനെതിരെ പടിഞ്ഞാറെ കല്ലടയിലെ സമരങ്ങൾക്കും വിഎസിന്റെ പിന്തുണ ഉണ്ടായിരുന്നു.


2011ൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി വി.എസ്.അച്യുതാനന്ദൻ പത്തനാപുരത്ത് എത്തിയപ്പോൾ (ഫയൽചിത്രം)

## വിഎസ് സ്മരണയിൽ ടെക്നോപാർക്ക്

**എ. ഭാസ്കരാനന്ദ്**

കുണ്ടറ ● കഴക്കൂട്ടം മോഡലിൽ ഐടി പാർക്ക് തന്റെ മണ്ഡലത്തിൽ സ്ഥാപിക്കണമെന്ന താൽപര്യത്തിൽ 2006 ൽ എം.എ ബേബി എംഎൽഎ ആയിരുന്നപ്പോഴാണ് കുണ്ടറയിൽ ടെക്നോ പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചത്. കേരള സിറാമിക്സിന്റെ ഖനനം ചെയ്ത സ്ഥലമടക്കം 40 ഏക്കർ ഭൂമി ടെക്നോപാർക്കിനായി സർക്കാർ പതിച്ചു നൽകി. 2009 ഫെബ്രുവരി 10ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന വി.എസ്.അച്യുതാനന്ദൻ ടെക്നോ പാർക്കിന് ശിലാ സ്ഥാപനം നടത്തി. 75 കോടി രൂപ മുടക്കി 2 വർഷം കൊണ്ട് സമയബന്ധിതമായി പൂർത്തീകരിച്ച ഒന്നാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2011 ഫെബ്രുവരി 15ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവഹിച്ചു തുടർന്ന് ചെറുതും വലുതുമായ കമ്പനികൾ പ്രവർത്തനം തുടങ്ങി. വളരെ വിപുലമായ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയത്.


കുണ്ടറ ടെക്നോപാർക്ക്

പ്രധാന ഗേറ്റിൽ നിന്നും ടെക്നോ പാർക്കിലേക്ക് 850 മീറ്റർ നീളത്തിൽ നാലുവരി പാത നിർമിച്ചു. കുണ്ടറ - പേരയം റോഡിൽ ക്രിസ്തുരാജ് ജംക്‌ഷനിൽ നിന്നും ടെക്നോ പാർക്കിലേക്ക് നാലുവരി പാതയും നിർമിച്ചു. വൈദ്യുതീകരണത്തിനായി 110 കെവി ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ നിർമിക്കുകയും, 5 കോടി രൂപ ചെലവിൽ കുടിവെള്ള പദ്ധതി നടപ്പാക്കുകയും ചെയ്തു.

വികസനം പൂർത്തീകരിക്കുന്നതോടെ ഇവിടത്തെ തൊഴിൽ അവസരങ്ങൾ 40,000 ആയി ഉയരുമെന്നായിരുന്നു കണക്കുകൂട്ടൽ. എന്നാൽ പല വിധ കാരണങ്ങളാൽ ടെക്നോ പാർക്കിന് ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് പോകാനായില്ല.

## ദുഃഖത്തിന്റെ വേലിക്കകത്ത്...

ആലപ്പുഴ ● ദുഃഖമുറഞ്ഞുകൂടിയ ഒരു കണ്ണീർത്തുള്ളി പോലെയായിരുന്നു ഇന്നലെ പറവൂരിലെ വേലിക്കകത്ത് വീട്. വി.എസ്.അച്യുതാനന്ദന്റെ സജീവ രാഷ്ട്രീയ ജീവിതത്തിനു സാക്ഷ്യം വഹിച്ച വീട്ടുവളപ്പിൽ ഇന്നലെ ദുഃഖം തളം കെട്ടിനിന്നു. വിഎസിന്റെ മരണവാർത്ത അറിഞ്ഞതുമുതൽ വീട്ടിലേക്ക് ആളുകൾ ഒഴുകിയെത്തി.

മുൻ മന്ത്രി ജി.സുധാകരൻ മരണവാർത്ത അറിഞ്ഞയുടൻ വേലിക്കകത്തു വീട്ടിലെത്തി.

സമരങ്ങളുടെ തീവെയിലിൽ നിന്ന് വിഎസ് ഓടിയെത്താറുള്ള തണലിടമായിരുന്നു പറവൂരിലെ വേലിക്കകത്ത് വീട്. 58 വർഷം മുൻപാണ് വിഎസും കുടുംബവും ഈ വീട്ടിൽ താമസം തുടങ്ങിയത്. ഏതു തിരക്കുകൾക്കിടയിലും തിരുവോണത്തിനു ഇവിടെയെത്തുന്ന പതിവ് രോഗശയ്യയിലാകും വരെ മുടങ്ങാതെ കാത്തു. ഓണത്തിന് എത്തുമ്പോഴെല്ലാം കോടിയുമായി സഹോദരി ആഴിക്കുട്ടിയെ കാണാൻ പോയിരിക്കും. വേലിക്കകത്ത് വീട്ടിൽ നിന്ന് ഒരു കിലോമീറ്റർ അപ്പുറത്താണ് ആഴിക്കുട്ടിയുടെ വീട്. കുടുംബവീട് 'വെന്തലത്തറ' ഇരുന്ന അതേ സ്ഥലത്തു പിന്നീട് പണിത വീടാണ്. പേര് അതേപടി നിലനിർത്തി.

വിഎസ് എത്തുമ്പോഴെല്ലാം വേലിക്കകത്തു വീട്ടുമുറ്റം ജനനിബിഡമാകാറുണ്ടായിരുന്നെന്ന് അദ്ദേഹത്തിന്റെ ഭാര്യ വസുമതിയുടെ സഹോദരീപുത്രൻ വി.രാജീവൻ ഓർക്കുന്നു. രാജീവനും കുടുംബവുമാണ് ഇവിടെ ഇപ്പോൾ താമസിക്കുന്നത്. 2015 ലെ സിപിഎം സംസ്ഥാന സമ്മേളനം നടന്ന ഓഡിറ്റോറിയത്തിലേക്കും ഈ വീട്ടിൽ നിന്ന് അൽപദൂരം മാത്രം. രൂക്ഷമായ വിമർശനങ്ങളിൽ മനംമടുത്ത് സമ്മേളനത്തിൽ നിന്നിറങ്ങിപ്പോന്ന വിഎസ് നേരെയെത്തിയത് ഈ വീട്ടിലേക്കാണ്. പോരാട്ടങ്ങളുടെ സമരജീവിതത്തിനൊടുവിൽ വിഎസ് അവസാനമായി ഇന്ന് വീണ്ടും ഇവിടെയെത്തും.

## സമരം ആ ജീവിതത്തിന്റെ മൂലധനം

**എം.വി.ഗോവിന്ദൻ**
(സിപിഎം സംസ്ഥാന സെക്രട്ടറി)

ജന്മിത്വത്തിനെതിരായ പോരാട്ടത്തിലൂടെ കേരളക്കരയിൽ ഉദിച്ചുയർന്ന നക്ഷത്രമായിരുന്നു വിഎസ്. ദിവാൻ ഭരണത്തിനെതിരെ നടന്ന തൊഴിലാളിവർഗ സമരങ്ങളിൽ പങ്കെടുത്ത കരുത്തായിരുന്നു ആ മഹാ ജീവിതത്തിന്റെ മൂലധനം. സമരവും ജീവിതവും രണ്ടല്ലെന്നു സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു. പൊലീസിന്റെ ലാത്തിക്കും തോക്കുകൾക്കും തോൽപിക്കാനാകാത്ത കരുത്തുറ്റ ജീവിതം. ഭീഷണികൾക്കും അധികാര ദുഷ്പ്രഭുത്വത്തിനും മുന്നിൽ ശിരസ്സ് കുനിക്കാതെ, സ്വയം തെളിച്ച വഴിയിലൂടെയാണ് വിഎസ് കേരളത്തെ നയിച്ചത്. ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ ആ ജീവിതം അവസാനിക്കുമ്പോഴും വിഎസ് ഇല്ലാത്ത കേരളത്തെക്കുറിച്ച് ചിന്തിക്കാൻ നമുക്കാകില്ല.

## വിഎസിന്റെ അന്ത്യവിശ്രമം ആലപ്പുഴ വലിയചുടുകാട്ടിൽ

ആലപ്പുഴ ● ചരിത്രവും ചരിത്രപുരുഷന്മാരും ഉറങ്ങുന്ന ആലപ്പുഴ വലിയചുടുകാട്ടിലാണു വി.എസ്. അച്യുതാനന്ദനു അന്ത്യവിശ്രമമൊരുങ്ങുന്നത്. പുന്നപ്ര-വയലാർ രക്തസാക്ഷികളുടെയും മുതിർന്ന കമ്യൂണിസ്റ്റ് നേതാക്കളുടെയും സ്മൃതികുടീരങ്ങൾ വലിയ ചുടുകാട്ടിലാണ്. പി.കൃഷ്ണപിള്ള, പി.കെ.കുഞ്ഞച്ചൻ എൻ.ശ്രീധരൻ, ടി.വി.തോമസ്, പി.കെ.ചന്ദ്രാനന്ദൻ, കെ.ആർ.ഗൗരി എന്നിവരുടെ ശവകുടീരങ്ങൾക്കു സമീപമാണ് വിഎസിന് അന്ത്യവിശ്രമമൊരുക്കുക. ഇന്നലെ വിഎസിന്റെ മരണവാർത്തയറിഞ്ഞയുടൻ പുന്നപ്ര വയലാർ രക്തസാക്ഷി മണ്ഡപത്തിലെ പാർട്ടിപ്പതാക താഴ്ത്തിക്കെട്ടി. കരിങ്കൊടി ഉയർന്നു. സംസ്കാരത്തിനുള്ള ക്രമീകരണങ്ങളും ഒരുക്കിത്തുടങ്ങി.

## കൊല്ലം ജില്ലയിലെ 8 കേന്ദ്രങ്ങളിൽ അന്ത്യാഞ്ജലി

കൊല്ലം ● വി.എസ്. അച്യുതാനന്ദന്റെ മൃതദേഹം വഹിച്ചുള്ള വിലാപയാത്ര ചൊവ്വാഴ്ച ഉച്ചയ്ക്ക് തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച് വൈകിട്ട് ജില്ലാ അതിർത്തിയായ കടമ്പാട്ടുകോണത്ത് പ്രവേശിക്കും. പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം, ചിന്നക്കട ബസ്ബേ, കാവനാട്, ചവറ ബസ് സ്റ്റാൻഡ്, കരുനാഗപ്പള്ളി, ഓച്ചിറ തുടങ്ങിയ 8 കേന്ദ്രങ്ങളിലാണ് അന്ത്യാഞ്ജലി അർപ്പിക്കാൻ സൗകര്യമൊരുക്കുന്നത്.

SHORTS

### യുവതി പുഴയിൽ ചാടി മരിച്ച സംഭവം: കുഞ്ഞിനായി തിരച്ചിൽ തുടരുന്നു

പഴയങ്ങാടി (കണ്ണൂർ) ● മൂന്നുവയസ്സുള്ള മകനൊപ്പം യുവതി പുഴയിൽചാടി മരിച്ച സംഭവത്തിൽ കുഞ്ഞിനായി തിരച്ചിൽ തുടരുന്നു. ഇന്നലെ അണ്ടർ വാട്ടർ ഡ്രോൺ ക്യാമറ ഉപയോഗിച്ചും തിരച്ചിൽ നടത്തി. മകൻ കൃശിവ്‌രാജിനെയുമെടുത്ത് അടുത്തില വയലപ്ര സ്വദേശി എം.വി.റീമ (30) ചെമ്പല്ലിക്കുണ്ട് പാലത്തിൽനിന്ന് കഴിഞ്ഞദിവസം രാത്രി പന്ത്രണ്ടരയോടെയാണ് ചാടിയത്. റീമയുടെ മൃതദേഹം കഴിഞ്ഞദിവസം കണ്ടെത്തി. മൃതദേഹം ഇന്നു രാവിലെ പത്തിനു വീടിനു സമീപം യുവജന വായനശാലയിൽ പൊതുദർശനത്തിനു വയ്ക്കും. സംസ്കാരം രാവിലെ 11ന്.

പിഎസ്‌സി പരീക്ഷ ഹാൾ ടിക്കറ്റിൽ റീമ എഴുതിയ ആത്മഹത്യക്കുറിപ്പ് കണ്ടെത്തിയിരുന്നു. ഭർത്താവിന്റെ അമ്മ ഞങ്ങളെ ഒന്നിച്ചു ജീവിക്കാൻ അനുവദിച്ചില്ലെന്നും ഞാൻ പോയാലും അവർക്കു തക്കതായ ശിക്ഷ ലഭിക്കണമെന്നും കുറിപ്പിലുണ്ട്. റീമയുടെ വീട്ടിലെത്തിയ പഴയങ്ങാടി പൊലീസ് പിതാവ് കുന്നപ്പട മോഹനന്റെയും ബന്ധുക്കളുടെയും മൊഴിയെടുത്തു.

2024 മാർച്ചിൽ ഭർത്താവ് ടി.കമൽ രാജ് (38), ഭർത്താവിന്റെ അമ്മ ടി.പ്രേമ (58) എന്നിവർക്കെതിരെ റീമ കണ്ണപുരം പൊലീസിൽ പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇവരെ സ്റ്റേഷനിൽ വിളിച്ചുവരുത്തി സംസാരിച്ചെങ്കിലും പൊലീസ് ശക്തമായ നടപടി സ്വീകരിച്ചില്ലെന്നു റീമയുടെ കുടുംബത്തിനു പരാതിയുണ്ട്. എന്നാൽ, കമൽരാജിനും പ്രേമയ്ക്കുമെതിരെ ഗാർഹിക പീഡനത്തിന് കേസെടുത്തെന്നാണ് കണ്ണപുരം പൊലീസിന്റെ വിശദീകരണം. നിലവിൽ കമൽരാജും പ്രേമയും ഇരിണാവിലെ വീട്ടിലില്ലെന്നാണ് വിവരം. ഇവർ മുൻകൂർജാമ്യത്തിനു ശ്രമിക്കുന്നതായും വിവരമുണ്ട്.

സ്വകാര്യ ധനകാര്യ സ്ഥാപനത്തിന്റെ ഭീഷണി

### ജീവനൊടുക്കാൻ ശ്രമിച്ച് കുടുംബത്തിലെ മൂന്നു പേർ: വീട്ടമ്മ മരിച്ച നിലയിൽ



ടി. ലീല.

കൊടുമൺ ● ജീവനൊടുക്കാൻ ശ്രമിച്ച കുടുംബത്തിലെ 3 പേരിൽ വീട്ടമ്മയെ മരിച്ച നിലയിൽ കണ്ടെത്തി. സ്വകാര്യ ധനകാര്യ സ്ഥാപനത്തിന്റെ ഭീഷണിയെ തുടർന്നാണ് ജീവനൊടുക്കാൻ ശ്രമിച്ചതെന്ന് ബന്ധുക്കൾ ആരോപിച്ചു. രണ്ടാംകുറ്റി വേട്ടക്കോട്ട് കിഴക്കേതിൽ ടി.ലീലയെയാണ് (50) വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ഇന്നലെ രാവിലെ 8.30നാണു സംഭവം.

അമിതമായി ഗുളികകൾ കഴിച്ചതിനെ തുടർന്ന് അബോധാവസ്ഥയിലായ ഭർത്താവ് നീലാംബരൻ (57), ഇളയ മകൻ ദിപിൻ കുമാർ (27) എന്നിവരെ ഗുരുതരാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവം നടന്ന സമയം മൂത്ത മകൻ ദീപു വീട്ടിലില്ലായിരുന്നു.

### ധർമസ്ഥല: അന്വേഷണം സ്വാഗതം ചെയ്ത് ക്ഷേത്ര ട്രസ്റ്റ്

ബെംഗളൂരു ● ധർമസ്ഥലയിൽ നൂറിലധികം പേരുടെ മൃതദേഹങ്ങൾ മറവു ചെയ്തെന്ന കേസിലെ പ്രത്യേക സംഘത്തിന്റെ അന്വേഷണത്തെ ക്ഷേത്ര ട്രസ്റ്റ് സ്വാഗതം ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും ഉൾപ്പെടെ മൃതദേഹങ്ങൾ കാട്ടിൽ കുഴിച്ചുമൂടിയെന്ന ക്ഷേത്ര മുൻ ശുചീകരണ തൊഴിലാളിയുടെ വെളിപ്പെടുത്തലിൽ സ്വതന്ത്ര അന്വേഷണം വേണമെന്ന് ട്രസ്റ്റ് വക്താവ് കെ.പാർശ്വനാഥ് ജെയിൻ ആണ് ആവശ്യപ്പെട്ടത്. ട്രസ്റ്റിനെ അപകീർത്തിപ്പെടുത്തുന്ന വാർത്തകൾ പ്രസിദ്ധീകരിക്കരുതെന്ന് ബെംഗളൂരു സെഷൻസ് കോടതി ഉത്തരവിട്ടു. വിവാദത്തെക്കുറിച്ചുള്ള 8842 വാർത്തകളുടെ ലിങ്കുകൾ പിൻവലിക്കാൻ മുഖ്യധാരാ മാധ്യമങ്ങൾക്കും യുട്യൂബ് ചാനലുകൾക്കും നിർദേശം നൽകി. വെളിപ്പെടുത്തൽ നടത്തിയയാളുടെ ജീവനു ഭീഷണിയുള്ളതിനാൽ അന്വേഷണത്തിന് ഹൈക്കോടതി മേൽനോട്ടം വഹിക്കണമെന്ന് ഒരു വിഭാഗം അഭിഭാഷകർ റജിസ്ട്രാർ ജനറലിനോട് അപേക്ഷിച്ചു. ഇതിനിടെ, ഇടുക്കി സ്വദേശി ബൽത്തങ്ങാടി കന്യാറു സവനാലു ഡാർബെ ഹൗസിൽ കെ.ജെ. ജോയി 2018ൽ വാഹനം ഇടിച്ചു മരിച്ച സംഭവം കൊലപാതകമെന്ന് ആരോപിച്ച് മകൻ തളിപ്പറമ്പ് പുളിമ്പറമ്പിലെ കക്കാട്ടുവീട്ടിൽ അനീഷ് തളിപ്പറമ്പ് പൊലീസിൽ പരാതി നൽകി. ധർമസ്ഥലയിലെ പ്രമുഖന്റെ നിർദേശപ്രകാരം ഇരുചക്ര വാഹനത്തിൽ സഞ്ചരിക്കുമ്പോൾ വാഹനം ഇടിച്ച് കൊലപ്പെടുത്തിയെന്നാണ് പരാതി. അനീഷ് ധർമസ്ഥലയിലെത്തി പരാതി നൽകിയതോടെ ഭീഷണി ശക്തമായെങ്കിലും ഷിരൂരിൽ അപകടത്തിൽ മരിച്ച അർജുനന്റെ ലോറി ഉടമയായ മനാഫിന്റെ സഹായത്തോടെയാണ് രക്ഷപ്പെട്ട് എത്തിയതെന്നും പറഞ്ഞു.



കാർത്തികപ്പള്ളി ഗവ. യുപി സ്കൂൾ കെട്ടിടം തകർന്നു വീണതിൽ പ്രതിഷേധിച്ചു സ്കൂളിലേക്കു മാർച്ച് നടത്തിയ യൂത്ത് കോൺഗ്രസ്, കെഎസ്‌യു പ്രവർത്തകരും സ്കൂൾ വളപ്പിലുണ്ടായിരുന്ന സിപിഎം പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തിനിടെ സ്കൂളിലെ കസേര, സ്റ്റീൽ പാത്രങ്ങൾ തുടങ്ങിയവ എടുത്തെറിയുന്നു.
ചിത്രം: വിഘ്നേഷ് കൃഷ്ണമൂർത്തി / മനോരമ

## മേൽക്കൂര തകർന്ന സ്കൂളിൽ പ്രതിഷേധം; സംഘർഷം

മുതുകുളം ● കാർത്തികപ്പള്ളി ഗവ. യുപി സ്കൂളിന്റെ മേൽക്കൂര തകർന്നു വീണതിലുള്ള പ്രതിഷേധങ്ങളെത്തുടർന്നു സ്കൂൾ വളപ്പ് സംഘർഷ ഭൂമിയായി. ഇന്നലെ രാവിലെ പത്തോടെ തുടങ്ങിയ പ്രതിഷേധ പരമ്പര 12 വരെ തുടർന്നു. ഇതിനിടയിൽ യൂത്ത് കോൺഗ്രസ്- കെഎസ്‌യു പ്രവർത്തകരും സിപിഎം പ്രവർത്തകരും സ്കൂളിനുള്ളിൽ ഏറ്റുമുട്ടി. സ്കൂളിലെ കസേരകളും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാനുള്ള പാത്രങ്ങളും പരസ്പരം വലിച്ചെറിഞ്ഞു. മണ്ണുവീണു കുട്ടികൾക്കുള്ള ചോറ് ഉപയോഗയോഗ്യമല്ലാതായി. ഇത്രയും സമയവും പുറത്തെ സംഘർഷം കണ്ടു പേടിച്ചു വിദ്യാർഥികൾ ക്ലാസ് മുറികളിലിരുന്നു.

150 വർഷത്തോളം പഴക്കമുള്ള പഴയകെട്ടിടം 19നു രാവിലെ 8നാണു തകർന്നു വീണത്. ഈ കെട്ടിടത്തിനു ഫിറ്റ്നസ് ഇല്ലാതിരുന്നതിനാൽ വിദ്യാർഥികളെ പ്രവേശിപ്പിച്ചിരുന്നില്ലെന്നു സ്കൂൾ അധികൃതർ പറയുമ്പോഴും ക്ലാസുകൾ നടന്നിരുന്നെന്നു വിദ്യാർഥികളും രക്ഷിതാക്കളും വെളിപ്പെടുത്തിയിരുന്നു. അപകടത്തിനു പിന്നാലെ ഇവിടെ നിന്നു ബെഞ്ചും ഡെസ്കും നീക്കി. സംഘർഷത്തിനിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ഡാനി സത്യൻ, മാതൃഭൂമി ന്യൂസ് സീനിയർ ക്യാമറാമാൻ ബോണി എം.വർഗീസ് എന്നിവരുടെ തലയ്ക്കു പരുക്കേറ്റു. സംഭവത്തിൽ 11 യൂത്ത് കോൺഗ്രസ്- കെഎസ്‌യു പ്രവർത്തകർക്കെതിരെ പൊലീസ് കേസെടുത്തു.

പഞ്ചായത്ത് പ്രസിഡന്റായാൽ

## എയ്ഡഡ് കോളജ് അധ്യാപകർക്ക് ശമ്പളമില്ലാ അവധിക്ക് അവകാശം

മനോരമ ലേഖിക

കൊച്ചി ● എയ്ഡഡ് കോളജ് അധ്യാപകർക്ക് ഗ്രാമ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായാൽ ശമ്പളമില്ലാത്ത സ്പെഷൽ ലീവിന് അവകാശമുണ്ടെന്നു ഹൈക്കോടതി. ഈ കാലയളവിൽ ഇൻക്രിമെന്റ് ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകും. എംജി സർവകലാശാലയിൽ അഫിലിയേറ്റഡ് എയ്ഡഡ് കോളജുകളിൽ അധ്യാപകനായിരിക്കെ 2016-17ൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയ ഡോ.സജി ചാക്കോ നൽകിയതുൾപ്പെടെ ഹർജികളിലാണു ജസ്റ്റിസ് ഹരിശങ്കർ വി. മേനോന്റെ ഉത്തരവ്.

ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരായ അധ്യാപകരാണു കോടതിയിലെത്തിയത്. മറ്റ് ആനുകൂല്യങ്ങൾ സംരക്ഷിച്ചു കൊണ്ട് സ്പെഷൽ ലീവ് അനുവദിക്കണമെന്ന ആവശ്യം സർക്കാർ നിരസിച്ചതാണു ചോദ്യം ചെയ്തത്. ഹർജിക്കാരുടെ സ്പെഷൽ ലീവ് അപേക്ഷ നിരസിച്ചതു റദ്ദാക്കിയ കോടതി, 4 മാസത്തിനകം ഉചിതമായ നടപടിക്കു നിർദേശിച്ചു. എയ്ഡഡ് കോളജ് അധ്യാപകർക്ക് ഈ ആനുകൂല്യം അനുവദിക്കാൻ സർവകലാശാലാ നിയമ (ഭേദഗതി) ബിൽ ശുപാർശയുള്ളതു പരിഗണിച്ചാണു കോടതി നടപടി.

1988 ലെ ഉത്തരവിലൂടെ സ്വകാര്യ സ്കൂൾ അധ്യാപകർക്കും 2008ലെ ഉത്തരവിലൂടെ എയ്ഡഡ് കോളജിലെ അനധ്യാപക ജീവനക്കാർക്കും 2025ലെ ഉത്തരവിലൂടെ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപക, അനധ്യാപക ജീവനക്കാർക്കും ഈ ആനുകൂല്യം ലഭ്യമാണെന്നു കോടതി ചൂണ്ടിക്കാട്ടി. പ്രൈവറ്റ് കോളജ് അധ്യാപകർക്കു കേരള സർവീസ് ചട്ടങ്ങൾ ബാധകമാകുമെന്നു ഗവൺമെന്റ് പ്ലീഡർ വാദിച്ചെങ്കിലും കോടതി അനുവദിച്ചില്ല.

എംജി സർവകലാശാലാ ചട്ടം അനുസരിച്ച്, കാഷ്വൽ ലീവും മറ്റും അനുവദിക്കുന്നതു പ്രിൻസിപ്പലും മറ്റു ലീവുകൾ അനുവദിക്കുന്നതു പ്രിൻസിപ്പലിന്റെ ശുപാർശയിൽ വിദ്യാഭ്യാസ ഏജൻസിയുമാണ്. 4 മാസത്തിൽ കൂടിയ അവധിയുടെ കാര്യത്തിലാണു സർക്കാർ ഇടപെടുന്നത്.

WORLD WIDE

ബംഗ്ലദേശിനെ നടുക്കി ദുരന്തം

### പരിശീലന വിമാനം കോളജ് വളപ്പിൽ തകർന്നുവീണ് 20 മരണം

ധാക്ക ● ബംഗ്ലദേശ് വ്യോമസേനയുടെ പരിശീലനവിമാനം കോളജ് ക്യാംപസിൽ തകർന്നുവീണ് പൈലറ്റ് ഉൾപ്പെടെ 20 പേർ മരിച്ചു. 171 പേർക്കു പരുക്കേറ്റു. ഏറെയും വിദ്യാർഥികളാണെന്നാണ് റിപ്പോർട്ട്.

ധാക്കയിലെ ഉട്ടാറയിൽ മൈൽ സ്റ്റോൺ സ്കൂളും കോളജും സ്ഥിതിചെയ്യുന്ന വളപ്പിൽ ഇന്നലെ ഉച്ചയ്ക്ക് ഒരുമണിക്ക് ക്ലാസ് നടക്കുന്നതിനിടെയാണ് വിമാനം തകർന്നുവീണത്. പിന്നാലെ തീപിടിക്കുകയും ചെയ്തു.വ്യോമസേനാ ആസ്ഥാനമായ ധാക്കയിലെ കുർമിതോലയിൽ നിന്നു പറന്നുയർന്ന ചൈനയിൽ നിർമിച്ച ജെറ്റ് വിമാനമാണു തകർന്നത്. സാങ്കേതികത്തകരാർ ശ്രദ്ധയിൽ പെട്ടതോടെ ജനവാസമേഖല ഒഴിവാക്കി വിമാനം ഇറക്കാൻ ശ്രമിക്കുന്നതിനിടെ കോളജിന്റെ ഇരുനിലക്കെട്ടിടത്തിനുമുകളിൽ വീഴുകയായിരുന്നു എന്നു വ്യോമസേനാ വക്താവ് വിശദീകരിച്ചു.ചൈനയിൽനിന്ന് ബംഗ്ലദേശ് 2013 ൽ വാങ്ങിയ 16 വിമാനങ്ങളിലൊന്നാണിത്.

### യുക്രെയ്ൻ: ഡ്രോൺ, മിസൈൽ ആക്രമണം തുടർന്ന് റഷ്യ

കീവ് ● യുക്രെയ്നും റഷ്യയും പരസ്പരം ഡ്രോണാക്രമണം ശക്തമാക്കി. 426 ഡ്രോണുകളും 24 മിസൈലുകളും ഉപയോഗിച്ചുള്ള റഷ്യൻ ആക്രമണത്തിൽ യുക്രെയ്നിൽ 2 പേർ മരിച്ചു. കുട്ടി ഉൾപ്പെടെ 15 പേർക്കു പരുക്കേറ്റു.

റഷ്യയുടെ ഡ്രോണുകളിൽ പകുതിയോളം ലക്ഷ്യം കാണും മുൻപു യുക്രെയ്ൻ സൈന്യം തകർത്തു.

റഷ്യയോട് യുദ്ധം ചെയ്യാനായി നാറ്റോ വഴി യുക്രെയ്ന് ആയുധങ്ങൾ നൽകാമെന്ന യുഎസ് വാഗ്ദാനം ചർച്ച ചെയ്യാൻ യൂറോപ്യൻ നേതാക്കൾ യോഗം ചേരാനിരിക്കെയാണ് റഷ്യ ആക്രമണം ശക്തമാക്കിയത്.

സുമി മേഖലയിലെ സെവസ്ക ഗ്രാമത്തിൽ 78 വയസ്സുള്ള സ്ത്രീ റഷ്യയുടെ ആക്രമണത്തിൽ മരിച്ചു. മറ്റിടങ്ങളിലായി 6 പേർ മരിച്ചു. യുക്രെയ്ൻ നടത്തിയ ഡ്രോണാക്രമണങ്ങളെറെയും മോസ്കോയിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചായിരുന്നു.

### ഭക്ഷണ ട്രക്കിനു സമീപം ഇസ്രയേൽ വെടിവയ്പ്

ദെയ്റൽ ബലാഹ് (ഗാസ) ● വടക്കൻ ഗാസയിൽ ആഹാരം തേടിയെത്തിയ പലസ്തീൻകാർക്കെതിരെ ഇസ്രയേൽ നടത്തിയ വെടിവയ്പിൽ 80 പേർ കൊല്ലപ്പെട്ടു.

ഭക്ഷ്യവസ്തുക്കളുമായെത്തിയ ട്രക്കുകൾക്കു സമീപത്തേക്ക് ആളുകൾ എത്താൻ ശ്രമിക്കുമ്പോഴായിരുന്നു ടാങ്കുകളും സ്നൈപ്പർ തോക്കുകളും ഉപയോഗിച്ചു വെടിയുതിർത്തത്. മുന്നറിയിപ്പു നൽകാനായി വെടിയുതിർത്തെന്നു സമ്മതിച്ച ഇസ്രയേൽ സൈന്യം, മരണസംഖ്യ ഇത്രത്തോളമില്ലെന്ന് അവകാശപ്പെട്ടു.

തദ്ദേശ തിരഞ്ഞെടുപ്പ് വോട്ടർ പട്ടിക

# വോട്ടർമാർ പുറത്തായത് ‘സമ്മറി റിവിഷൻ’ വഴി

▸▸ ശുദ്ധീകരണം നടത്തിയത് 2 വർഷത്തിനിടെ ▸▸ ഒഴിവാക്കിയത് പരിശോധനയ്ക്കു ശേഷമെന്നു തിരഞ്ഞെടുപ്പ് കമ്മിഷൻ

മനോരമ ലേഖകൻ

തിരുവനന്തപുരം ● തദ്ദേശ തിരഞ്ഞെടുപ്പിനായി തയാറാക്കിയ വോട്ടർ പട്ടികയിൽനിന്നു നാലര വർഷത്തിനിടെ 9.78 ലക്ഷം പേർ പുറത്താകാൻ കാരണം ‘സമ്മറി റിവിഷൻ’ എന്ന പേരിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ 2 തവണയായി നടത്തിയ ശുദ്ധീകരണം. ഇതും കേന്ദ്ര തിരഞ്ഞെടുപ്പിന്റെ പട്ടികയുമായി താരതമ്യം ചെയ്യുമ്പോൾ 10.42 ലക്ഷം പേർ കുറവാണെന്നതും ചൂണ്ടിക്കാട്ടി ‘മനോരമ’ പ്രസിദ്ധീകരിച്ച വാർത്തയെ തുടർന്നാണ് ഇക്കാര്യം വ്യക്തമായത്.

പരേതരെയും സ്ഥലംമാറിയവരെയും അതത് തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരായ ഇലക്ടറൽ റജിസ്ട്രേഷൻ ഓഫിസർമാരുടെ നേതൃത്വത്തിലുള്ള സംഘവും സംസ്ഥാനതല മോണിറ്ററിങ് കമ്മിറ്റിയും ചേർന്ന് ജനപ്രതിനിധികളുടെ സഹായത്തോടെ പരിശോധിച്ച് സ്വമേധയാ ഒഴിവാക്കുകയായിരുന്നെന്നു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ എ. ഷാജഹാൻ അറിയിച്ചു.

2023 ൽ 8.76 ലക്ഷം പേരെയും 2024 ൽ 4.52 ലക്ഷം പേരെയും അടക്കം 13.29 ലക്ഷം പേരെ ഒഴിവാക്കി. എന്നാൽ, 3.26 ലക്ഷം പേരെ മാത്രമാണ് 2 തവണയായി പട്ടികയിൽ ചേർത്തത്. പരിശോധനയ്ക്കു ശേഷമാണ് വോട്ടർമാരെ ഒഴിവാക്കിയത്. ക്രമക്കേടുണ്ടായ സംഭവങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനു ശേഷം പട്ടികയിൽ 2.76 കോടി വോട്ടർമാരാണ് ഉണ്ടായിരുന്നത്. അന്നു നിയമസഭയിലേക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ തയാറാക്കിയ വോട്ടർ പട്ടികയെക്കാൾ 10 ലക്ഷത്തിലേറെ പേർ കൂടുതലായിരുന്നു തദ്ദേശ പട്ടികയിൽ. 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിനായി വോട്ടർ പട്ടികയിലേക്ക് ആളെ ചേർക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ നടത്തിയ തീവ്രയജ്ഞം കാരണം വോട്ടർമാർ കൂടി. തദ്ദേശ വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ നാളെ മുതൽ അവസരമുണ്ട്. രാഷ്ട്രീയപാർട്ടികൾ ഈയാഴ്ച മുതൽ കൂടുതൽ വോട്ടർമാരെ ചേർക്കുന്നതോടെ തദ്ദേശ പട്ടികയിലും കൂടുതൽ ആളെത്തുമെന്നാണു പ്രതീക്ഷയെന്നും ഷാജഹാൻ വ്യക്തമാക്കി.

### സംവരണ വാർഡ് നറുക്കെടുപ്പ് സെപ്റ്റംബറിൽ

തിരുവനന്തപുരം ● തദ്ദേശ പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി സംവരണ വാർഡുകളുടെ നറുക്കെടുപ്പ് സെപ്റ്റംബറിലായിരിക്കുമെന്നു സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ സൂചന നൽകി. ജില്ലാ പഞ്ചായത്തുകളുടെ വാർഡ് വിഭജനവും അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരണവും പൂർത്തിയായ ശേഷമാകും ഇതു നടത്തുക.

മുൻപത്തെ സംവരണ വാർഡുകൾ ഇത്തവണ ഒഴിവാകുമെന്നു പറയാനാകില്ലെന്നും 2 തവണയിൽ കൂടുതൽ സംവരണം ആവർത്തിക്കാതിരിക്കാനാണു ശ്രമമെന്നും തിരഞ്ഞെടുപ്പ് ശിൽപശാലയ്ക്കിടെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ എ.ഷാജഹാൻ പറഞ്ഞു.

വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ 15 ദിവസമാണ് അനുവദിക്കുക. ആവശ്യമെങ്കിൽ സമയം നീട്ടിനൽകും. കൂടുതൽ പോളിങ് ബൂത്തുകൾ വേണമോയെന്നത് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ച ശേഷം പരിശോധിക്കും. വാർഡ് വിഭജനം നടന്ന വാർഡുകളിലെ വീടുകളിൽ ഇപ്പോഴത്തെ നമ്പറുകൾ തുടരും. താൽക്കാലിക നമ്പർ ലഭിച്ച വീടുകളിലും തെരുവിലും കഴിയുന്നവർക്കും വോട്ടർ പട്ടികയിൽ പേരു ചേർക്കാം.

പരീക്ഷയും ഉത്സവങ്ങളും മറ്റും കണക്കിലെടുത്തു തിരഞ്ഞെടുപ്പ് തീയതി തീരുമാനിക്കുമെന്നും കമ്മിഷണർ വ്യക്തമാക്കി.

SHORTS

### ഇന്നത്തെ ബസ് സമരം പിൻവലിച്ചു

തിരുവനന്തപുരം ● ഒരു വിഭാഗം സ്വകാര്യബസ് ഉടമകൾ ഇന്നു നടത്താനിരുന്ന പണിമുടക്ക് പിൻവലിച്ചു. മന്ത്രി കെ.ബി.ഗണേഷ്കുമാറുമായി നടന്ന ചർച്ചയെത്തുടർന്നാണ് തീരുമാനം. വിദ്യാർഥികളുടെ കൺസഷൻ ചാർജ് വർധനയുൾപ്പെടെ ഇടതുമുന്നണിയിൽ ചർച്ചചെയ്തു തീരുമാനിക്കുമെന്നു മന്ത്രി വ്യക്തമാക്കുകയായിരുന്നു.

### വേണാട് എക്സ്പ്രസിന് നേരെ കല്ലേറ്

കായംകുളം ● കൃഷ്ണപുരത്തിനും ഓച്ചിറയ്ക്കും ഇടയിൽ വേണാട് എക്സ്പ്രസിനു നേരെ 20നു രാത്രി 8.30നു കല്ലേറുണ്ടായി. ട്രെയിനിന്റെ എസി കംപാർട്മെന്റിന്റെ ചില്ലുപൊട്ടി. കല്ലേറിൽ ആർക്കും പരുക്കില്ല. ട്രെയിൻ തിരുവനന്തപുരം ഭാഗത്തേക്കു പോകുകയായിരുന്നു.

### സ്റ്റാലിൻ ആശുപത്രിയിൽ

ചെന്നൈ ● പ്രഭാത നടത്തത്തിനിടെ തലകറക്കം അനുഭവപ്പെട്ട മുഖ്യമന്ത്രി എം.കെ.സ്റ്റാലിനെ ചെന്നൈയിലെ അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാവിലെ പാർട്ടി ഓഫിസിൽ നടന്ന ചടങ്ങിൽ പങ്കെടുത്ത ശേഷമാണ് ആശുപത്രിയിലേക്കു പോയത്. 2 ദിവസം വിശ്രമിക്കാൻ ഡോക്ടർമാർ നിർദേശിച്ചു.

ഓപ്പറേഷൻ സിന്ദൂർ: ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം

# ലോക്സഭ സ്തംഭിച്ചു

മനോരമ ലേഖകൻ

ന്യൂഡൽഹി ● പഹൽഗാം ഭീകരാക്രമണവും ഓപ്പറേഷൻ സിന്ദൂറും ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ ആവശ്യത്തിൽ വർഷകാല സമ്മേളനത്തിന്റെ ആദ്യദിനം ലോക്സഭ പൂർണമായും സ്തംഭിച്ചു. വിഷയത്തിൽ അടുത്തയാഴ്ച 16 മണിക്കൂർ ചർച്ച നടത്തുമെന്ന് വൈകിട്ടു കാര്യോപദേശക സമിതിയിൽ സർക്കാർ ഉറപ്പുനൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദി വിദേശസന്ദർശനത്തിനു പോകുന്നതിനാലാണ് അടുത്തയാഴ്ചത്തേക്കു നിശ്ചയിച്ചത്. ഈ ആഴ്ചതന്നെ ചർച്ച വേണമെന്നാണു പ്രതിപക്ഷത്തിന്റെ ആവശ്യം.

ഇന്നലെ രാവിലെ ലോക്സഭയിൽ മോദി എത്തിയപ്പോൾ ഓപ്പറേഷൻ സിന്ദൂറിനെ പ്രകീർത്തിക്കുന്ന മുദ്രാവാക്യങ്ങളോടെയാണു ഭരണപക്ഷം വരവേറ്റത്. ചരമോപചാരത്തിനു ശേഷം ചോദ്യോത്തരവേള തുടങ്ങിയപ്പോൾ തന്നെ ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ ചർച്ച ആവശ്യപ്പെട്ടു പ്രതിപക്ഷം നടുത്തളത്തിലിറങ്ങി. ചോദ്യോത്തരവേളയ്ക്കു മുൻപ് മോദി സഭ വിട്ടിരുന്നു. ഓപ്പറേഷൻ സിന്ദൂറിൽ വ്യത്യസ്ത നിലപാടെടുത്ത ശശി തരൂരും പ്രതിപക്ഷ പ്രതിഷേധത്തിന്റെ ഭാഗമായി എഴുന്നേറ്റുനിന്നു പിന്തുണയറിയിച്ചു.

ചർച്ച നടത്താമെന്നു സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടെന്നു സ്പീക്കർ ഓം ബിർല പറഞ്ഞെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. തുടർന്ന് 40 മിനിറ്റ് സഭ നിർത്തിവച്ചു. വീണ്ടും ചേർന്നപ്പോൾ ബഹളം തുടർന്നു.

ചർച്ചയ്ക്ക് സന്നദ്ധമാണെന്നും പ്രതിപക്ഷം വെറുതേ ബഹളംവയ്ക്കരുതെന്നും മന്ത്രിമാരായ രാജ്നാഥ് സിങ്ങും കിരൺ റിജിജുവും പറഞ്ഞു. ബഹളം തുടർന്നതോടെ വീണ്ടും 2 തവണ കൂടി സഭ നിർത്തിവച്ചു. വൈകിട്ട് നാലിനു വീണ്ടും ചേർന്നെങ്കിലും ഉടൻ പിരിഞ്ഞു.

### സി.സദാനന്ദൻ സത്യപ്രതിജ്ഞ ചെയ്തു

ന്യൂഡൽഹി ● ബിജെപി കേരള ഉപാധ്യക്ഷൻ സി.സദാനന്ദൻ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. മലയാളത്തിൽ ദൈവനാമത്തിലായിരുന്നു സത്യപ്രതിജ്ഞ.

രാഷ്ട്രപതിയുടെ നാമനിർദേശത്തിലൂടെ സഭയിലെത്തിയ പി.ടി. ഉഷ, സുധ മൂർത്തി എന്നിവരുടെ തൊട്ടുപിന്നിലത്തെ നിരയിലായിരുന്നു സദാനന്ദന്റെ ഇരിപ്പിടം. ഭരണ-പ്രതിപക്ഷ ബഹളത്തിനിടെ രാവിലെ സഭ നിർത്തിവച്ച ഘട്ടത്തിൽ ഇടത് എംപിമാരായ ജോൺ ബ്രിട്ടാസ്, എ.എ.റഹീം, പി.സന്തോഷ് കുമാർ എന്നിവർ സദാനന്ദന്റെ ഇരിപ്പിടത്തിനരികിലെത്തി അഭിനന്ദനമറിയിച്ചു. ബിജെപി നിരയിലെ മുതിർന്ന അംഗങ്ങളും സദാനന്ദന് ആശംസ നേർന്നു.

യുവതി കൊല്ലപ്പെട്ടു

## ഒപ്പം താമസിച്ചിരുന്ന യുവാവ് അറസ്റ്റിൽ

▸▸ മരിച്ചത് കൊല്ലം സ്വദേശിനി



അഖില.



ബിനു

ആലുവ ● റെയിൽവേ സ്റ്റേഷൻ റോഡിലെ ലോഡ്ജ് മുറിയിൽ യുവതിയെ സുഹൃത്ത് കഴുത്തിൽ ഷാൾ മുറുക്കി കൊലപ്പെടുത്തി. കൊല്ലം വെളിച്ചിക്കാല ചരുവിള പുത്തൻ വീട്ടിൽ സുരേഷിന്റെയും വത്സലയുടെയും മകൾ അഖില (35) ആണ് കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ടു സുഹൃത്ത് നേര്യമംഗലം ആറ്റുപുറം ബിനുവിനെ (37) പൊലീസ് അറസ്റ്റ് ചെയ്തു.

ഞായറാഴ്ച അർധരാത്രിയാണ് സംഭവം. വിവാഹം കഴിക്കണമെന്ന് അഖില ആവശ്യപ്പെട്ടതാണ് കൊലപാതകത്തിൽ കലാശിച്ചതെന്നു പൊലീസ് പറഞ്ഞു. ഇവർ ഒരു വർഷത്തിലേറെയായി പ്രണയത്തിലായിരുന്നു. കുറച്ചുനാൾ നാലാം മൈലിൽ വാടകവീടെടുത്തു താമസിച്ചു. ബിനുവിനു വേറെ വിവാഹാലോചനകൾ വന്നത് ഇവർ തമ്മിൽ വഴക്കിന് ഇടയാക്കി.

അഖില 6 മാസം മുൻപു വീട്ടിലെത്തിയിരുന്നതായി ബന്ധുക്കൾ പറഞ്ഞു. വർഷങ്ങൾക്കു മുൻപ് അഖില വീട്ടുകാരുടെ അനുമതി ഇല്ലാതെ വിവാഹം കഴിച്ചതായും പിന്നീട് ഈ ബന്ധം വേർപെടുത്തിയതായും ബന്ധുക്കൾ പറഞ്ഞു. അഖിലയുടെ വീട്ടിൽ അമ്മയും സഹോദരനുമുണ്ട്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം വിട്ടുകൊടുത്തു.

കൊലപാതകം നടന്ന ലോഡ്ജിൽ അഖിലയും ബിനുവും ഒരു വർഷമായി മാസത്തിൽ ഒന്നോ രണ്ടോ തവണ മുറിയെടുക്കാറുണ്ടെന്നു പൊലീസ് പറഞ്ഞു. ഞായറാഴ്ച അർധരാത്രിയോടെ പ്രതി സുഹൃത്തിനെ വിളിച്ചു യുവതിയെ കൊലപ്പെടുത്തിയതായി അറിയിച്ചു. വിശ്വാസത്തിനു വേണ്ടി വിഡിയോ ദൃശ്യവും അയച്ചു കൊടുത്തു. സുഹൃത്താണ് പൊലീസിനെ അറിയിച്ചത്.

## റൺവേയിൽ നിന്ന് വിമാനം തെന്നിമാറി

മനോരമ ലേഖകൻ

മുംബൈ ● കൊച്ചിയിൽ നിന്നുള്ള എയർ ഇന്ത്യ വിമാനം മുംബൈ വിമാനത്താവളത്തിൽ ലാൻഡ് ചെയ്യുമ്പോൾ കനത്ത മഴയ്ക്കിടെ നിയന്ത്രണം വിട്ട് റൺവേയിൽ നിന്നു തെന്നിമാറി. എൻജിനു തകരാറുണ്ടായെന്നും ടയറുകൾ പൊട്ടിയെന്നുമാണ് റിപ്പോർട്ട്. യാത്രക്കാർക്കോ, ജീവനക്കാർക്കോ പരുക്കില്ല. റൺവേയിലെ കേടുപാടിനെ തുടർന്ന് രണ്ടാമത്തെ റൺവേയിലേക്ക് സർവീസുകളെല്ലാം മാറ്റി. കൊച്ചിയിൽ നിന്ന് രാവിലെ പുറപ്പെട്ട എ 320 എയർബസ് 9.27ന് മുംബൈ റൺവേയിൽ തൊട്ടയുടനെയാണ് തെന്നിമാറി നീങ്ങിയത്. പെട്ടെന്ന് നിയന്ത്രണം വീണ്ടെടുത്ത പൈലറ്റ് പാർക്കിങ് ഏരിയയിൽ വിമാനം എത്തിച്ചു. പുല്ലിലൂടെ ഓടിയ വിമാനത്തിന്റെ എൻജിനിൽ മണ്ണു കയറി. ഡയറക്ടറേറ്റ് ഓഫ് സിവിൽ ഏവിയേഷൻ അന്വേഷണം നടത്തും. ഇൻഡിഗോ,

### എയർ ഇന്ത്യ വിമാനങ്ങളിൽ സാങ്കേതികപ്രശ്നം

ഇൻഡോർ/ ന്യൂഡൽഹി ● ലാൻഡിങ് ഗിയറിൽ തകരാർ കണ്ടെത്തിയതിനെത്തുടർന്ന് ഇൻഡിഗോ വിമാനം അടിയന്തരമായി ഇറക്കി. ഗോവയിൽനിന്ന് ഇൻഡോറിലേക്കുള്ള വിമാനത്തിൽ 140 യാത്രികരാണ് ഉണ്ടായിരുന്നത്. വിവരമറിഞ്ഞതോടെ, ദേവി അഹില്യാബായ് ഹോൽക്കർ വിമാനത്താവളത്തിൽ സുരക്ഷാക്രമീകരണം ഒരുക്കി. അതേസമയം, ഡൽഹിയിൽനിന്നു കൊൽക്കത്തയിലേക്കുള്ള എയർ ഇന്ത്യ വിമാനത്തിൽ സാങ്കേതികതടസ്സമുണ്ടായി. ടേക്ക് ഓഫിനു മുൻപ് തകരാർ ശ്രദ്ധയിൽപെട്ടതോടെ യാത്ര നീട്ടിവച്ചു.



മുംബൈ വിമാനത്താവളത്തിലെ റൺവേയിൽ നിന്നു തെന്നി നീങ്ങിയ എയർ ഇന്ത്യ വിമാനത്തിന്റെ എൻജിനു കേടായ നിലയിൽ.

ബാറിൽ ‘ടച്ചിങ്സ്’ നൽകിയില്ല:

## ജീവനക്കാരനെ കുത്തിക്കൊന്നു

മനോരമ ലേഖകൻ



ഹേമചന്ദ്രൻ



പ്രതി സിജോ ജോൺ.

പുതുക്കാട് (തൃശൂർ) ● ദേശീയപാത സിഗ്നൽ ജംക്‌ഷനിലെ മേയ്ഫെയർ ബാറിൽ മദ്യപിക്കാനെത്തിയ യുവാവ് ടച്ചിങ്സ് (മദ്യത്തോടൊപ്പം സൗജന്യമായി നൽകുന്ന ആഹാരസാധനങ്ങൾ) ആവശ്യപ്പെട്ടപ്പോൾ നൽകാത്തതിന്റെ വൈരാഗ്യത്തിൽ ജീവനക്കാരനെ കുത്തിക്കൊന്നു. എരുമപ്പെട്ടി നെല്ലുവായ് മുരിങ്ങത്തേരി സാന്ദ്രാ നിവാസിൽ ഹേമചന്ദ്രനാണ് (64) കൊല്ലപ്പെട്ടത്. പ്രതി അളഗപ്പനഗർ സ്വദേശി ആലുക്കവീട്ടിൽ സിജോ ജോണിനെ (40) മണിക്കൂറുകൾക്കകം പൊലീസ് അറസ്റ്റ് ചെയ്തു. ഞായറാഴ്ച രാത്രി 11.40നായിരുന്നു സംഭവം.

പൊലീസ് പറയുന്നതിങ്ങനെ: ഞായറാഴ്ച ഉച്ചയ്ക്ക് 1.30ന് പ്രതി സിജോ ജോൺ ബാറിൽ മദ്യപിക്കാനെത്തി. തുടരെ ടച്ചിങ്സ് ചോദിച്ചതോടെ ബാർ ജീവനക്കാരുമായി തർക്കമുണ്ടായി. അച്ചാറും ചിക്കൻ പാർട്സും സിജോ ജോൺ വാങ്ങിയത് 8 തവണയായിരുന്നു. 9-ാം തവണ ചോദിച്ചപ്പോഴാണ് ജീവനക്കാർ നിരസിച്ചത്. കൊല്ലപ്പെട്ട ഹേമചന്ദ്രൻ ബാറിന്റെ കൗണ്ടറിൽ ഉണ്ടായിരുന്നെങ്കിലും തർക്കത്തിൽ ഇടപെട്ടിരുന്നില്ല. സംഭവത്തിനുശേഷം തിരിച്ചുപോയെങ്കിലും ഏതെങ്കിലും ഒരു ജീവനക്കാരനെ കൊല്ലണം എന്ന ഉദ്ദേശ്യത്തോടെ സിജോ രാത്രിയിൽ ബാർ പരിസരത്തെത്തി. ജീവനക്കാരിൽ ആരെങ്കിലും പുറത്തിറങ്ങുന്നത് കാത്തിരുന്നു. രാത്രി 11ന് ബാർ അടച്ചശേഷം പുറത്ത് തട്ടുകടയിൽ പോയി ചായ കുടിച്ച് ബാറിലേക്കു തന്നെ തിരിച്ചു പോവുകയായിരുന്നു ഹേമചന്ദ്രൻ. ഗേറ്റ് അടയ്ക്കുന്നതിനിടെ ഹേമചന്ദ്രനോട് ‘ബാറിലെ ജീവനക്കാരനാണോ’യെന്ന് സമീപത്ത് കാത്തുനിന്ന സിജോ ചോദിച്ചു. അതേ എന്നു പറഞ്ഞതോടെ കഴുത്തിൽ കത്തി കൊണ്ട് കുത്തിയ ശേഷം ഓടിക്കളഞ്ഞു.

എറണാകുളത്ത് പലയിടത്തായി സെക്യൂരിറ്റി ജോലി നോക്കിയിരുന്ന സിജോ കുറച്ചുനാളായി ജോലിക്ക് പോയിരുന്നില്ല.പത്തനംതിട്ട റാന്നി സ്വദേശിയായ ഹേമചന്ദ്രൻ വർഷങ്ങളായി നെല്ലുവായ് മുരിങ്ങത്തേരിയിൽ വീട് വച്ചു താമസിക്കുകയാണ്. സംസ്കാരം ഇന്ന് രാവിലെ 10ന് ഷൊർണൂർ ശാന്തി തീരത്ത്. ഭാര്യ: പുഷ്പ. മകൾ: സാന്ദ്ര. മരുമകൻ: മനീഷ്.

കശുവണ്ടി വികസന കോർപറേഷൻ അഴിമതി

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഹൈക്കോടതിയുടെ വിമർശനം

മനോരമ ലേഖിക

കൊച്ചി ● കശുവണ്ടി വികസന കോർപറേഷൻ അഴിമതി കേസിൽ പ്രോസിക്യൂഷൻ അനുമതി നിഷേധിച്ചതിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ വിമർശിച്ച് ഹൈക്കോടതി. പുതിയ തെളിവുകളില്ലെന്നു ചൂണ്ടിക്കാട്ടിയാണു പ്രോസിക്യൂഷൻ അനുമതി നിഷേധിച്ചത്. തുടരന്വേഷണം നടത്താത്ത സാഹചര്യത്തിൽ പുതിയ തെളിവില്ലെന്ന് എങ്ങനെ പറയുമെന്നു കോടതി ചോദിച്ചു. സർക്കാർ മനസിരുത്തി വിലയിരുത്തിയതായി കാണുന്നില്ലെന്നു ജസ്റ്റിസ് എ. ബദറുദ്ദീൻ പറഞ്ഞു.

സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻ മുൻ ചെയർമാനും കോൺഗ്രസ് നേതാവുമായ ആർ. ചന്ദ്രശേഖരനെയും മുൻ മാനേജിങ് ഡയറക്ടർ കെ. എ. രതീഷിനെയും വിചാരണ ചെയ്യുന്നതിനാണ് സിബിഐ വ്യവസായ വകുപ്പിൽ നിന്ന് അനുമതി തേടിയത്. കോടതി നിർദേശമുണ്ടായിട്ടും തീരുമാനം വൈകി. ഇതു ചോദ്യം ചെയ്തു ഹർജി വന്നു. സർക്കാർ അനുമതി നിഷേധിച്ച സാഹചര്യത്തിലാണു കടകംപള്ളി മനോജ് കോടതി അലക്ഷ്യ ഹർജി നൽകിയത്.

ബിനുവിന്റെ മരണം: സിപിഎം വാദം തള്ളി കുടുംബം

## ‘ആംബുലൻസ് തടഞ്ഞില്ല’

മനോരമ ലേഖകൻ

വിതുര ● ആത്മഹത്യയ്ക്കു ശ്രമിച്ച് ഗുരുതരാവസ്ഥയിലായ വിതുര മണലി സ്വദേശിയായ ആദിവാസി യുവാവ് ബിനുകുമാർ, യൂത്ത് കോൺഗ്രസ് ആംബുലൻസ് തടഞ്ഞതിനെ തുടർന്ന് ചികിത്സ വൈകിയാണു മരിച്ചെന്ന സർക്കാർ- സിപിഎം വാദം തള്ളി കുടുംബം. രോഗിയെ ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് ബന്ധുക്കൾ പറഞ്ഞ ഉടൻ സമരം നിർത്തിയെന്നും സമരക്കാർ തന്നെയാണ് ബിനുവിനെ ആംബുലൻസിലേക്ക് കയറ്റിയതെന്നും കുടുംബാംഗങ്ങൾ പറഞ്ഞു. മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു കൊണ്ടുപോകുന്നതിനിടെയാണ് മരണം സംഭവിച്ചെന്ന ആരോപണവും കുടുംബം നിഷേധിച്ചു. ആശുപത്രിയിലെത്തി ഒരു മണിക്കൂറോളം ചികിത്സ ലഭിച്ചെന്നും 28-ാം വാർഡിൽ പ്രവേശിപ്പിച്ച ശേഷമാണ് മരണമെന്നും ബിനുവിന്റെ മകൻ അഭിഷേകും ബന്ധുക്കളും ഇന്നലെ വെളിപ്പെടുത്തി. പരാതിയില്ലെന്ന് ഭാര്യ സുമയും പറഞ്ഞു.

സിപിഐ ലോക്കൽ കമ്മിറ്റി അംഗം എഴുതി തയാറാക്കിയ പരാതിയുമായി വന്നെന്നും ഒപ്പിടാൻ നിർബന്ധിച്ചെന്നും സഹോദരി ബിന്ദു പറഞ്ഞു. അതേസമയം, 17 മിനിറ്റിലേറെ ആംബുലൻസ് തടഞ്ഞിട്ടു എന്നാണ് പൊലീസ് എഫ്ഐആർ. മെഡിക്കൽ ഓഫിസർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഡിസിസി ജനറൽ സെക്രട്ടറി എൽ.കെ.ലാൽറോഷിൻ ഉൾപ്പെടെയുള്ള യൂത്ത് കോൺഗ്രസ്, കോൺഗ്രസ് നേതാക്കളെ കേസിൽ പ്രതിചേർത്തിട്ടുണ്ട്. ആസിഡ് ഉള്ളിൽച്ചെന്ന നിലയിൽ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിച്ച ബിനുകുമാർ ശനിയാഴ്ചയാണ് മരിച്ചത്.

## വേടന്റെ പാട്ട് ഒഴിവാക്കാൻ ആവശ്യപ്പെട്ടിട്ടില്ല: ഡോ.ബഷീർ

കോഴിക്കോട് ● വേടൻ എന്ന ഹിരൺദാസ് മുരളിയുടെ പാട്ട് കാലിക്കറ്റ് സർവകലാശാലാ സിലബസിൽ നിന്നു മാറ്റാൻ താൻ ആവശ്യപ്പെട്ടിട്ടില്ലെന്ന് ഡോ.എം.എം.ബഷീർ. ‘മൈക്കൽ ജാക്സന്റെ പാട്ടിന്റെയും വേടന്റെ പാട്ടിന്റെയും സംഗീത താരതമ്യം’ എന്ന ഭാഗവും ‘കഥകളിയിലെ സംഗീതാലാപനവും ഗൗരി ലക്ഷ്മിയുടെ ശാസ്ത്രീയ സംഗീതാലാപനവും താരതമ്യം’ എന്ന ഭാഗവും ഒഴിവാക്കണം എന്നു മാത്രമാണു റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നതെന്നു ബഷീർ വ്യക്തമാക്കി. പരാതിക്കാരുടെ ആവശ്യങ്ങൾ തന്റെ മേൽ ആരോപിക്കുന്നത് സത്യവിരുദ്ധവും അധാർമികവുമാണെന്നും അദ്ദേഹം പറഞ്ഞു.

സിലബസ് മുഴുവനും പഠിച്ചാണു താൻ റിപ്പോർട്ട് തയാറാക്കിയത്. കഠിനമായ പരിശ്രമത്തിന്റെയും അറിവിന്റെയും കൂട്ടായ ചിന്തയുടെയും ഫലമാണ് സിലബസ് എന്നും അതിനെ അബദ്ധ ജഡിലമെന്നു പറഞ്ഞ് തമസ്കരിക്കുന്നതു നീതിക്കു ചേർന്നതല്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കഥകളി സംഗീതവും ശാസ്ത്രീയ സംഗീതവും തമ്മിലുള്ള വ്യത്യാസം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.



കർക്കടക വാവ് ബലിതർപ്പണത്തിനായി തിരുമുല്ലവാരം ക്ഷേത്രക്കുളത്തിൽ സുരക്ഷാവേലി കെട്ടുന്നു.

# ബലിതർപ്പണം: സ്നാനഘട്ടങ്ങളിൽ ഒരുക്കം തുടങ്ങി

കൊല്ലം ● പിതൃസ്മരണകളുടെ ഈറനണിഞ്ഞ് കർക്കടക വാവു ബലിതർപ്പണം മറ്റന്നാൾ. സ്നാനഘട്ടങ്ങളിൽ ഒരുക്കങ്ങൾ തുടങ്ങി. ജില്ലയിലെ പ്രധാന സ്നാനഘട്ടങ്ങളിൽ വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നത്. പ്രതികൂല കാലാവസ്ഥ മുൻനിർത്തി സമുദ്രതീരത്ത് പതിവിൽ കവിഞ്ഞ സുരക്ഷ ഏർപ്പെടുത്തും. കെഎസ്ആർടിസി പ്രത്യേക സർവീസ് നടത്തും. നഗരത്തിൽ ഗതാഗത ക്രമീകരണം നടപ്പാക്കും. കലക്ടറുടെ അധ്യക്ഷതയിൽ പ്രധാന സ്നാന ഘട്ടങ്ങളിലെ പ്രതിനിധികളുടെ യോഗം നടന്നു. താലൂക്ക് തലത്തിലും യോഗം നടന്നു.

## തിരുമുല്ലവാരം

ബലിതർപ്പണത്തിനു ലക്ഷങ്ങൾ എത്തുന്ന തിരുമുല്ലവാരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ തുടങ്ങി. 24നു പുലർച്ചെ ബലിതർപ്പണം തുടങ്ങും. 500 പേർക്ക് ഒരേ സമയം പിതൃതർപ്പണം നടത്താൻ കഴിയുന്നത് ഉൾപ്പെടെയുള്ള 5 പന്തലുകളിലെ നിർമാണം തുടങ്ങി. ഇതിനു പുറമേ 7 ചെറിയ പന്തലും ഉണ്ട്. 70 പുരോഹിതരെ നിയോഗിക്കും. വഴിയിൽ ഉടനീളം സിസിടിവി ക്യാമറ നിരീക്ഷണം ഉണ്ടാകും. സുരക്ഷയ്ക്കായി ലൈഫ് ഗാർഡിനെ നിയോഗിക്കും. പൊലീസ്, ഫയർഫോഴ്സ്, ആരോഗ്യ വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവരുടെ സേവനം ഉണ്ടാകും. മഹാവിഷ്ണു ക്ഷേത്രത്തിൽ തിലഹവനത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. വിവിധ സംഘടനകളും കൂട്ടായ്മകളും സൗജന്യമായി ഭക്ഷണ വിതരണം നടത്തും.

## മുണ്ടയ്ക്കൽ പാപനാശനം

ശ്രീനാരായണ ഗുരുദേവ മന്ദിരത്തിന്റെ നേതൃത്വത്തിൽ ബലിതർപ്പണത്തിനും തിലഹോമത്തിനും ഒരുക്കം തുടങ്ങി. 24ന് പുലർച്ചെ 3ന് ബലി തർപ്പണം തുടങ്ങും. തന്ത്രി ടി.കെ.ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ പതിനഞ്ചിലേറെ പുരോഹിതർ കാർമികത്വം വഹിക്കും. നാളെ വൈകിട്ട് 6ന് വൃക്ഷത്തൈ വിതരണോദ്ഘാടനവും സർവമത സമ്മേളനവും നടക്കും.

'പിതൃക്കളെ സ്മരിക്കൂ വൃക്ഷത്തൈ നടൂ' എന്ന സന്ദേശവുമായി സൗജന്യമായി ഫലവൃക്ഷത്തൈകൾ നൽകും. കൃഷി വകുപ്പിന്റെ സ്റ്റാളിൽ നിന്നും സബ്സിഡി നിരക്കിൽ തെങ്ങിൻതൈകൾ, പച്ചക്കറിത്തൈകൾ, പച്ചക്കറിവിത്തുകൾ കൃഷിക്ക് ആവശ്യമായ സാധന സാമഗ്രികൾ എന്നിവ ലഭിക്കും.

ആയുർവേദ ഉൽപന്നങ്ങളും ലഭിക്കും. സൗജന്യമായി ഔഷധ കാപ്പി വിതരണം നടക്കും. മെഡിക്കൽ, പൊലീസ്, എക്സൈസ്, ഫയർഫോഴ്സ്, മറൈൻ എൻഫോഴ്സ്മെന്റ്, ലൈഫ് ഗാർഡ് എന്നിവരുടെ സേവനം ഉണ്ടാകുമെന്ന് പ്രസിഡന്റ് എൽ. പ്രകാശ്, സെക്രട്ടറി കൊച്ചുണ്ണി, ആർ.വിനോദ്, ജെ.വിൽഫ്രഡ് എന്നിവർ പറഞ്ഞു.

## അഷ്ടമുടി ത്രിവേണി സംഗമം

അഷ്ടമുടി വീരഭദ്ര ക്ഷേത്രത്തിന് സമീപത്തെ ത്രിവേണി സംഗമത്തിൽ 24 നു പുലർച്ചെ 4 ന് ആരംഭിച്ച് വൈകിട്ട് 5 ന് സമാപിക്കും. തന്ത്രി വൻമള പി.വി.വിശ്വനാഥൻ ശാന്തി, വി.ഷിബു ശാന്തി എന്നിവർ ബലിതർപ്പണത്തിനു മുഖ്യകാർമികത്വം വഹിക്കും. ഒരേസമയം 2000 പേർക്കു ബലി തർപ്പണത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്ഷേത്രത്തിൽ തിലഹോമം ഉൾപ്പെടെയുള്ള പൂജകൾ നടത്താനാകും. അഞ്ചാലുംമൂട്, കുണ്ടറ എന്നിവിടങ്ങളിൽ നിന്നും പ്രത്യേക ബസ് സർവീസ് നടത്തും. വാഹന പാർക്കിങ്ങിനു സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് തൃക്കരുവ കുറ്റിയഴികം ദേവസ്വം വർക്കിങ് പ്രസിഡന്റ് മങ്ങാട് സുബിൻ നാരായൺ, സെക്രട്ടറിമാരായ ഡോ.കെ.വി.ഷാജി, ഡി.എസ്.സജീവ്, ജോയിന്റ് സെക്രട്ടറി പി.എൻ ആനന്ദക്കുട്ടൻ എന്നിവർ പറഞ്ഞു.

## താന്നി സ്വർഗപുരം ക്ഷേത്രം

ഒരേ സമയം 300 പേർക്ക് ബലി തർപ്പണം നടത്താം. പൊലീസ്, മെഡിക്കൽ സംഘം എന്നിവരുടെ സേവനം ഉണ്ടാകും. സൗജന്യമായി ചുക്കുകാപ്പി വിതരണം ചെയ്യും.

# കാലാതിവർത്തിയായ 'ലക്ഷ്മണോപദേശം'

**ശ്രീകുമാരൻ തമ്പി**






എങ്ങനെ ജീവിക്കണം, എങ്ങനെ പെരുമാറണം, എങ്ങനെ ബന്ധങ്ങൾ മുന്നോട്ടു കൊണ്ടു പോകണം എന്നെല്ലാം പഠിപ്പിക്കുന്ന ഒരു പാഠശാലയാണ് അധ്യാത്മരാമായണം. 'ലക്ഷ്മണോപദേശ'മാണ് ഏറ്റവും മികച്ച ഉദാഹരണം. കൈകേയിയുടെ ശാഠ്യത്തെ തുടർന്ന് ദശരഥ മഹാരാജാവ് രാമനെ കാട്ടിലേക്കയയ്ക്കാൻ തീരുമാനിച്ചതായി കൗസല്യയിൽനിന്നറിയുന്ന ലക്ഷ്മണൻ പൊട്ടിത്തെറിക്കുന്നു. സ്വന്തം പിതാവിനെയും അയാളോടൊപ്പം നിൽക്കുന്നവരെയും 'അന്തകൻ വീട്ടിന്നയയ്ക്കും' എന്നു പറയുന്ന ലക്ഷ്മണനോട്, കോപം നിയന്ത്രിക്കേണ്ടത് എങ്ങനെയാണെന്നു രാമൻ തികച്ചും ശാന്തനായി പറയുന്നതാണു 'ലക്ഷ്മണോപദേശം'.

'ഭോഗങ്ങളെല്ലാം
ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സു-
മോർക്ക നീ
വഹ്നി സന്തപ്ത
ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം
ക്ഷണഭംഗുരം'

(ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലകണം എത്ര പെട്ടെന്ന് അപ്രത്യക്ഷമാകുന്നുവോ അതുപോലെ പെട്ടെന്ന് തീരുന്നതാണു മനുഷ്യജന്മവും).

ജീവിതത്തിന്റെയും ധനത്തിന്റെയും നശ്വരതയെക്കുറിച്ചു പറഞ്ഞശേഷം അദ്ദേഹം അനുജനെ കോപത്തിന്റെ ദോഷങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നു.

'ക്രോധമൂലം
മനസ്താപമുണ്ടായ് വരും
ക്രോധമൂലം നൃണാം
സംസാരബന്ധനം
ക്രോധമല്ലോ നിജ
ധർമക്ഷയകരം
ക്രോധം പരിത്യജിക്കേണം
ബുധജനം
ക്രോധമല്ലോ യമനായതു
നിർണയം'

ക്രോധം ഉപേക്ഷിച്ച് എപ്പോഴും ശാന്തിയെത്തന്നെ ഭജിക്കുക എന്ന ഈ ഉപദേശം എന്നും പ്രസക്തമാണ്

## ജോണി ലൂക്കോസിന് ഉഴവൂർ വിജയൻ സ്മാരക പുരസ്കാരം

കോട്ടയം ● ഉഴവൂർ വിജയൻ സ്മാരക പുരസ്കാരം (25,000 രൂപ) മനോരമ ന്യൂസ് ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസിന്. പിന്നീട് സമ്മാനിക്കും.

## യുഡിഎഫ് പ്രതിഷേധ സംഗമം മാറ്റി

കൊല്ലം ● നാളെ കലക്ടറേറ്റിനു മുന്നിൽ നടത്താനിരുന്ന യുഡിഎഫ് പ്രതിഷേധ സംഗമം മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ നിര്യാണത്തെത്തുടർന്നു മാറ്റിയതായി ജില്ലാ ചെയർമാൻ കെ.സി. രാജൻ അറിയിച്ചു.

## സിപിഐ പരിപാടികൾ മാറ്റി

കൊല്ലം ● മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്നു സിപിഐ ജില്ലാ സമ്മേളനത്തോട് അനുബന്ധിച്ച് ഇന്നും നാളെയും നടത്താനിരുന്ന സമ്മേളന അനുബന്ധ പരിപാടികൾ മാറ്റിയതായി ജില്ലാ സെക്രട്ടറി പി.എസ്.സുപാൽ എംഎൽഎ അറിയിച്ചു.

## ക്രിക്കറ്റ് ടീം സിലക്‌ഷൻ

കൊല്ലം ● 23 വയസ്സിൽ താഴെയും 15 വയസ്സിൽ താഴെയുമുള്ള പെൺകുട്ടികളുടെ ജില്ലാ ക്രിക്കറ്റ് ടീം സിലക്‌ഷൻ ട്രയൽസ് 27നു രാവിലെ 9 മുതൽ കൊട്ടാരക്കര തൃക്കണ്ണമംഗൽ എസ്കെവിവിഎച്ച്എസ്എസിൽ നടക്കും. 8943785020.

# എംഡിഎംഎയുമായി യുവാവും യുവതിയും അറസ്റ്റിൽ

കൊല്ലം ● എംഡിഎംഎയുമായി യുവാവും സുഹൃത്തായ യുവതിയും പിടിയിൽ. കൊല്ലം ചന്ദനത്തോപ്പ് ഇടവട്ടം രഞ്ജു മന്ദിരത്തിൽ അച്ചു (30), എറണാകുളം പച്ചാളം ഓർക്കിഡ് ഇന്റർനാഷനൽ അപ്പാർട്മെന്റ് സിന്ധു (30) എന്നിവരെയാണ് സിറ്റി ഡാൻസാഫ് സംഘവും ഈസ്റ്റ് പൊലീസും സംയുക്തമായി നടത്തിയ രഹസ്യ നീക്കത്തിൽ പിടിയിലായത്. ഇവരിൽ നിന്നു 3.87 ഗ്രാം എംഡിഎംഎ കണ്ടെടുത്തു.

എസ്എൻ കോളജിനു സമീപത്തെ സ്വകാര്യ റസിഡൻസിയിൽ നടത്തിയ പരിശോധനയിലാണ് ഇവർ പിടിയിലായത്. ഒന്നാം പ്രതിയായ അച്ചുവിന്റെ പക്കൽ നിന്നു 1.985 ഗ്രാമും രണ്ടാം പ്രതി സിന്ധുവിന്റെ പക്കൽ നിന്നു 1.884 ഗ്രാമും എംഡിഎംഎ കണ്ടെടുത്തു. 2023ൽ എംഡിഎംഎ കടത്താൻ ശ്രമിച്ചതിനു പാലക്കാട് കൊല്ലങ്കോട് പൊലീസും ഇവരെ അറസ്റ്റ് ചെയ്തിരുന്നു.

ജില്ലാ പൊലീസ് മേധാവി കിരൺ നാരായണന്റെ നേതൃത്വത്തിൽ 'മുക്ത്യോദയം' എന്ന ലഹരിവിരുദ്ധ കർമ പദ്ധതി നടപ്പിലാക്കി വരികയാണ്.



സിന്ധു, അച്ചു

കൊല്ലം എസിപി എസ്.ഷെരീഫിന്റെ മേൽനോട്ടത്തിൽ കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ അനിൽ കുമാറിന്റെ നേതൃത്വത്തിൽ എസ്ഐമാരായ സവിരാജൻ, ഷൈജു, അശോകൻ, സിപിഒമാരായ അനീഷ്, രാഹുൽ, ആദർശ്, വനിത സിപിഒ രാജി എന്നിവരും ഡാൻസാഫ് എസ്ഐ സായിസേനന്റെ നേതൃത്വത്തിലുള്ള സംഘവും ചേർന്നാണു പ്രതികളെ അറസ്റ്റ് ചെയ്തത്.

# തേവലക്കര സ്കൂൾ വിദ്യാർഥികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുമെന്ന് കെഎസ്‌യു

കൊല്ലം● സ്കൂളിൽ വൈദ്യുതാഘാതമേറ്റു മരിച്ച മിഥുൻ മനുവിന്റെ (13) കുടുംബത്തിനു വിദ്യാർഥികളിൽ നിന്ന് ഫണ്ട് സമാഹരിച്ച് കൈമാറുമെന്നു കെഎസ്‌യു ജില്ലാ കമ്മിറ്റി. അപകട സാധ്യത നിലനിൽക്കുന്നതിനാൽ തേവലക്കര ബോയ്സ് സ്കൂളിലെ എല്ലാ വിദ്യാർഥികൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തും. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നു ജില്ലാ പ്രസിഡന്റ് അൻവർ സുൽഫിക്കർ, സംസ്ഥാന സെക്രട്ടറി ജനറൽ സെക്രട്ടറി ആഷിക് ബൈജു, സംഘടനാ ചുമതലയുള്ള ജില്ലാ സെക്രട്ടറി അജ്മൽ പുത്തയം എന്നിവർ പറഞ്ഞു.

തേവലക്കര ബോയ്സ് സ്കൂളിലെ വിദ്യാർഥികളുടെ ഡേറ്റ ലഭിച്ചാൽ അടുത്ത ദിവസം ഇൻഷുറൻസ് ഏർപ്പെടുത്തും. ഇൻഷുറൻസ് കമ്പനിയുമായി ഇതു സംബന്ധിച്ചു ചർച്ച നടത്തിയിട്ടുണ്ട്. ഒരു വിദ്യാർഥിക്ക് 108 രൂപയാണ് ഇൻഷുറൻസ് പ്രീമിയം. 521 വിദ്യാർഥികളുണ്ട്. വിദ്യാർഥി വൈദ്യുതാഘാതമേറ്റു മരിച്ച സംഭവത്തിൽ സ്കൂൾ മാനേജർക്കെതിരെ കൊലക്കുറ്റത്തിനു കേസ് എടുക്കണം.

ഷോക്കേറ്റു മരിച്ച മിഥുൻ മനുവിനെക്കുറിച്ചു മോശമായി സംസാരിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഗോപൻ പ്രസ്താവന പിൻവലിച്ചില്ലെങ്കിൽ വഴിയിൽ തടയും. സ്കൂളിലെ പഴയ കെട്ടിടത്തിൽ അധ്യയനം നടത്താൻ ശ്രമിച്ചാൽ അതിനെതിരെ കെഎസ്‌യു സമരം നടത്തുമെന്നും അവർ പറഞ്ഞു.

## 1 വ്യാപാര നിലവാരം

**കൊച്ചി**
വെളിച്ചെണ്ണ തയ്യാർ 38500
വെളിച്ചെണ്ണ മില്ലിങ് 39000
കൊപ്ര
എടുത്തപടി 25400
എഫ്എക്യു 25600
പിണ്ണാക്ക്
എക്സ്പെല്ലർ 4500
റോട്ടറി 4700
കുരുമുളക്
അൺഗാർബിൾഡ് 66500
500 ജിഎൽ 65500
ഗാർബിൾഡ് 68500
ചുക്ക്: ബെസ്റ്റ് 25000
മഞ്ഞൾ: സേലം 15500
അംഗമാർക്ക്
ഈറോഡ് 16000
അടയ്ക്ക
പുതിയത് കി. 35000
അടയ്ക്ക
പഴയത് കി. 36000
കാഞ്ഞിരക്കുരു 1850
കയർ നേരിയത് 3800
ജാതിക്ക തൊണ്ടൻ 250
തൊണ്ടില്ലാതെ
പുതിയത് 480
സെക്കൻഡ് 150
ജാതിപത്രി ചുവപ്പ് 1150
ചുവപ്പ് സെക്കൻഡ് 420
മഞ്ഞ 1000
ഫ്ലവർ ചുവപ്പ് 1600
ഫ്ലവർ മഞ്ഞ 1950
ഹൈറേഞ്ച്
കായ 300
പരിപ്പ് 530
ഫ്ലവർ ചുവപ്പ് 2000
ഫ്ലവർ യെല്ലോ 2100
ഗ്രാമ്പൂ 795
നാടൻ 900
പച്ചരി-1 4700
പച്ചരി-2 4500
പുഴുക്കലരി
സുലേഖ 5000
ജയ 4200-4500
പഞ്ചസാര 4300
സ്വർണം 73440
വാഴക്കുളം പൈനാപ്പിൾ
പച്ച സ്പെഷൽ
ഗ്രേഡ് 34
പച്ച 32
പഴം 40

**അവധി വിലകൾ**
**സ്വർണം**
ഓഗസ്റ്റ് 98634
ഒക്ടോബർ 99573
**വെള്ളി**
സെപ്റ്റംബർ 113875
ഡിസംബർ 115770

**ആലപ്പുഴ**
വെളിച്ചെണ്ണ തയ്യാർ 38500
വെളിച്ചെണ്ണ മില്ലിങ് 39000
പിണ്ണാക്ക് 3800
കൊപ്ര 25400
മിൽകൊളിറ്റി (രാശി) 25350

**കോട്ടയം**
വെളിച്ചെണ്ണ 43600
കൊപ്ര 26800
മറയൂർ ശർക്കര 95
പാണ്ടി ശർക്കര 65
തവിടെണ്ണ 145

**റബർ ബോർഡ് വില**
**കോട്ടയം**
ആർഎസ്എസ്-4 21150
ആർഎസ്എസ്-5 20750
എസ്എൻആർ-20 19100
60% ലാറ്റക്സ് 14795


**കൊച്ചി**
ആർഎസ്എസ്-4 21150
ആർഎസ്എസ്-5 20750
ഒട്ടുപാൽ 18 മുതൽ 19 വരെ 100 കിലോയുടെ
കോട്ടയം, കൊച്ചി ശരാശരി വില
80% ഡിആർസി 14400
75% ഡിആർസി 13500
60%. ഡിആർസി 10800

**വ്യാപാരി വില**
**കോട്ടയം**
ആർഎസ്എസ്-4 20350
ആർഎസ്എസ്-5 19950
ഐഎസ്എസ് 18000-18050
ഒട്ടുപാൽ
70% ഡിആർസി 12700

# തയ്യൽ തൊഴിലാളി കോൺഗ്രസ് ജില്ലാ സമ്മേളനം 27ന്

കൊല്ലം ● തയ്യൽ തൊഴിലാളി കോൺഗ്രസ് ജില്ലാ സമ്മേളനവും പ്രതിഭാസംഗമവും 27നു നടക്കും. വൈകിട്ടു 3നു കരുനാഗപ്പള്ളി ലാലാജി ഗ്രന്ഥശാല ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനം മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എംഎൽഎ ഉദ്ഘാടനം ചെയ്യും. സംഘടന ജില്ലാ പ്രസിഡന്റ് സബീർ വവ്വാക്കാവ് അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസം നേടിയ തയ്യൽ തൊഴിലാളികളുടെ മക്കൾക്കു നൽകുന്ന എം.ആർ. നാദിർഷ സ്മാരക അവാർഡ് വിതരണവും പ്രതിഭകളെ ആദരിക്കലും സി.ആർ.മഹേഷ് എംഎൽഎ നിർവഹിക്കും.








**കേരള സംസ്ഥാന ഭാഗ്യക്കുറി BHAGYATHARA BT-12 DRAW RESULT 21/07/2025**

ഒന്നാം സമ്മാനം ₹1 കോടി BS 538337 (വൈക്കം)

സമാശ്വാസ സമ്മാനം ₹5000: BN 538337 BO 538337 BP 538337 BR 538337 BT 538337 BU 538337 BV 538337 BW 538337 BX 538337 BY 538337 BZ 538337

രണ്ടാം സമ്മാനം ₹30 ലക്ഷം BS 213553 (തിരുവനന്തപുരം)

മൂന്നാം സമ്മാനം ₹5 ലക്ഷം BN 949071 (ആലപ്പുഴ)

താഴെ കാണുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 1187 1340 1570 2702 2963 3052 3393 3855 4085 4358 4787 5506 5586 6544 6893 7507 7827 8131 9765 9839

അഞ്ചാം സമ്മാനം ₹2000: 1973 2638 5027 7046 8415 9010

ആറാം സമ്മാനം ₹1000: 1162 2423 2969 3177 3387 3761 3899 4093 4353 4455 4461 4802 5453 5468 6101 6338 7583 7636 7810 7967 7970 8092 8234 8910 8928 9184 9387 9398 9834 9857

ഏഴാം സമ്മാനം ₹500: 0314 0338 0480 0488 0494 0505 0626 0772 1140 1309 1410 1449 1656 1859 1933 1968 2092 2167 2329 2350 2379 2506 2557 2750 2822 2909 3752 3757 3822 3861 3926 4057 4202 4430 4507 4595 4807 4924 4971 4972 4974 5043 5236 5276 5421 5677 6118 6442 6618 6653 6672 6703 7161 7564 7757 7791 7820 7841 7889 7894 7936 8014 8141 8364 8511 8583 8609 8636 8643 8877 8948 9022 9496 9516 9816 9950

എട്ടാം സമ്മാനം ₹200: 0055 0056 0154 0290 0317 0430 0498 0518 0775 1078 1124 1144 1286 1313 1396 1439 1579 1672 1833 1887 2012 2136 2342 2422 2495 2608 2648 2650 2739 2878 3294 3400 3430 3500 3578 3817 3834 3910 3940 4018 4088 4612 4683 4692 4700 4954 5012 5096 5136 5355 5461 5515 5554 5569 5722 5821 5835 5886 6180 6220 6252 6297 6358 6569 6585 6588 6702 6806 6815 7043 7065 7423 7539 7577 7621 7760 7854 7992 8283 8459 8464 8491 8691 8710 8815 8922 8933 9005 9427 9572 9623 9680 9750 9923

ഒൻപതാം സമ്മാനം ₹100: 0093 0160 0289 0331 0390 0397 0530 0731 0813 0903 0904 0956 1077 1091 1094 1095 1122 1186 1207 1235 1275 1512 1553 1576 1669 1716 1731 1746 1806 2069 2082 2123 2137 2171 2281 2385 2414 2416 2544 2590 2621 2767 2917 2925 3169 3277 3453 3577 3616 3810 3838 3917 4045 4095 4122 4129 4209 4262 4366 4391 4478 4565 4592 4593 4611 4825 4857 4914 5089 5098 5189 5224 5227 5366 5372 5491 5545 5563 5593 5733 5745 5755 5803 5903 5925 5978 6077 6184 6339 6426 6490 6497 6579 6609 6631 6662 6684 6717 6872 6883 7021 7079 7110 7197 7222 7449 7451 7493 7531 7642 7684 7801 7802 7838 7856 8025 8037 8149 8180 8227 8237 8350 8370 8375 8381 8392 8405 8542 8576 8626 8799 8861 8888 9062 9227 9450 9571 9632 9703 9706 9728 9845 9909 9949



# വിഎസ് മത്സര ചരിത്രം

| | | |
|---|---|---|
| 10 | 7 | 3 |

| | |
|---|---|
| 1965 | 2,327 |
| 1967 | 9,515 |
| 1970 | 2,768 |
| 1977 | 5,585 |
| 1991 | 9,980 |
| 1996 | 1,965 |
| 2001 | 4,703 |
| 2006 | 20,017 |
| 2011 | 23,440 |
| 2016 | 27,412 |



വി S

# മായാതെ വിഎസ്മയം

## എന്തുണ്ട് മിസ്റ്റർ ആന്റണി!



## മലയാളം പഠിക്കാൻ പറഞ്ഞ വിഎസ്



1980

## വീണ്ടും മുഴങ്ങി 'കണ്ണേ കരളേ വീയെസ്സേ...'

## അവസാന പോരാട്ടം 29 നാൾ



## ആഴിക്കുട്ടിയുടെ അണ്ണൻ



## ഓർമയിലെ അമ്മച്ചിത്രം

## 'മസിൽ' മാറി, മനസ്സിൽക്കയറി





## ആ കൂടിക്കാഴ്ചതന്നെ, ലോട്ടറി!

» മൂന്നാർ ദൗത്യസംഘം മുൻ തലവൻ കെ.സുരേഷ്കുമാർ അനുസ്മരിക്കുന്നു.



## സ്നേഹസഖാവ്



## എതിർപ്പുകളിലും സ്വീകാര്യൻ



## നീതിയുടെ പോരാളി



## കേരളത്തിന്റെ കയ്യടി നേടിയ വീറും വാശിയും



2003

# കാഴ്ചപ്പാട്

ESTABLISHED 1888

## ധീരനായ പോരാളി കടന്നുപോകുന്നു

### വിഎസിന് ഹൃദയാഞ്ജലി



# കാലം പറയും: വിഎസ് ആണ് ശരി

» വികസന വിരുദ്ധനെന്ന് തള്ളിപ്പറഞ്ഞവർ പ്രളയം വന്നപ്പോൾ വിഎസാണ് ശരിയെന്നു തിരിച്ചറിഞ്ഞു

### ജനവികാരത്തിന്റെ പ്രിയ തോഴൻ

# വിഎസ് ആദ്യ ന്യൂസ് മേക്കർ

» 2006 ൽ മനോരമ ന്യൂസ് ചാനൽ ...



# വിഎസ് മടങ്ങി, യച്ചൂരിയുടെ വേർപാടറിയാതെ...



### യോഗ, നടത്തം... ആരോഗ്യം കൈവിടാത്ത വിഎസ്

# കനലായി, കതിരായി...



### കരുത്തായി അച്ഛൻ

### കോൺഗ്രസിലേക്ക്

### കയർ തൊഴിലാളി

### കമ്യൂണിസ്റ്റ്

### തൊഴിലാളി യൂണിയൻ

### പുന്നപ്ര - വയലാർ

1923 ഒക്ടോബർ 20

1939

1940

1946

1956

1964

1965

1967

1980

1985

1992

1997

1998

2001-2006

2006

2007

2009

2011

2016

2019

2023

# ആ 32 പേരിലെ ഒരാൾ

1964 ...



» ആൾക്കൂട്ടത്തെ ആകർഷിക്കുന്ന പ്രസംഗശൈലി വിഎസ് വളർത്തിയെടുത്തത് എങ്ങനെ?

# നീട്ടിയും കുറുക്കിയും





# വേലിക്കകത്തും പുറത്തും

» പ്രത്യയശാസ്ത്രപരമായ കടുംപിടിത്തത്തിൽ മുറുകെപ്പിടിക്കുമ്പോഴും പാർട്ടി അച്ചടക്കത്തിന്റെ വേലിക്കകത്ത് ഒതുങ്ങിനിൽക്കാൻ വിഎസിനായില്ല

### 1966 - രക്തസാക്ഷിവാദം (തരംതാഴ്ത്തൽ)

### 1988 - പരിസ്ഥിതി നിലപാട് (താക്കീത്)

### 1998 - ഗ്രൂപ്പിസം, വെട്ടിനിരത്തൽ (പരസ്യമായി താക്കീത്)

### 2007 - എഡിബി തർക്കം (പരസ്യശാസനം)

### 2007 - അച്ചടക്കലംഘനം (പൊളിറ്റ്ബ്യൂറോയിൽ നിന്ന് സസ്പെൻഷൻ)

### 2009 - പരസ്യപ്രസ്താവന (പൊളിറ്റ്ബ്യൂറോയിൽനിന്ന് പുറത്ത്)

### 2011 - ലോട്ടറിവിവാദം (പാർട്ടിക്കുള്ളിൽ ശാസന)

### 2012 - കെ.കെ.രമയ്ക്ക് പിന്തുണ (പരസ്യശാസന)

### 2012 - കൂടംകുളം പ്രക്ഷോഭം (പരസ്യശാസന)

### 2013 - വീണ്ടും പരസ്യപ്രസ്താവന, അച്ചടക്കലംഘനം (വിലക്ക്)

### 2017 - തുടർച്ചയായ അച്ചടക്കലംഘനം (കേന്ദ്ര കമ്മിറ്റി പരസ്യ താക്കീത്)



## ജനകീയമുദ്ര ചാർത്തിയ നേതാവ്



പിണറായി വിജയൻ

മുഖ്യമന്ത്രി

## എന്റെ പൊളിറ്റിക്കൽ ഗോഡ്ഫാദർ

ജി.സുധാകരൻ



## ‘കമ്യൂണിസ്റ്റ് സന്യാസി..!’







## ആ ഒറ്റ പ്രസംഗം എന്നെ ഞാനാക്കി



## വിഎസ്: സൗഹൃദത്തിന്റെ കാറ്റും വെളിച്ചവുമുള്ള വീട്





# വി|എസ്



## ഒറ്റയ്ക്കൊരു പക്ഷം

അടയാളപ്പെടുത്താതെ വിഎസിന്റെ ഭരണകാലത്തെ വികസനനേട്ടങ്ങൾ



## വിഎസ് എന്ന ‘ക്രൗഡ് പുള്ളർ’

## ജനങ്ങളുടെ വെളിച്ചപ്പാട്



## വികസന ‘വിരോധി’യല്ല; നായകൻ



## പ്രതിപക്ഷം ജനപക്ഷം

ജനകീയ സമരങ്ങൾ ഏറ്റെടുത്ത് ജനകീയനായ പ്രതിപക്ഷ നേതാവായി വിഎസ്



### കൂടെക്കൂടിയ സംഘം



## വിഎസ് എന്ന രാഷ്ട്രീയം!



## ‘പഴ്സനൽ’ ആയിട്ടു പറഞ്ഞാൽ വിഎസ്...





## മണ്ണിന്റെ കരുത്ത്, കർഷക പിന്തുണ



## ജനപ്രിയൻ





## അടിമുടി സഖാവ്



## തല നരയ്ക്കുവതല്ലെൻ വൃദ്ധത്വം

# വിS

2025 ജൂലൈ 22 ചൊവ്വ





**എത്ര കടുത്ത വെയിലും ഉള്ളാലെ ആവേശവും മുനയും ചേർത്തുവച്ച് വിശേഷിപ്പിക്കുന്നതു പോലെ 'അതൊരു പ്രത്യേക ജനുസ്സ്', ആർക്കും പിടികിട്ടാത്ത സഖാവ്'**


# അകത്തും പുറത്തും വിഎസ്



# അകത്തും പുറത്തും സമരം

**വിഎസും കേരളത്തിലെ പാർട്ടി നേതൃത്വവും തമ്മിലുണ്ടായ സംഘർഷങ്ങളെ അടുത്തറിഞ്ഞ നേതാവാണ് മുൻ സംസ്ഥാന കമ്മിറ്റി അംഗം പിരപ്പൻകോട് മുരളി. ഉൾപാർട്ടി പോരാട്ടങ്ങളുടെ ആ തീക്ഷ്ണ കാലത്തെക്കുറിച്ചുള്ള തുറന്നെഴുത്ത്**

പിരപ്പൻകോട് മുരളി



## പിണറായിയുടെ പാർട്ടിയും വിഎസിന്റെ സർക്കാരും!



### ജനസേവനം ജീവിതമുദ്ര



### ജനങ്ങൾക്കായി ജീവിച്ചയാൾ



### തലമുറകളുടെ റെഡ് സല്യൂട്ട്



## സ്വന്തം ശരിയിൽ ഉറച്ച്

**98-ാം വയസ്സിലും ശരിയെന്നു തോന്നിയത് ചെയ്തു, തെറ്റെന്നു തോന്നിയതിനെ എതിർത്തു**

വിപ്ലവം, മനുഷ്യത്വം, വിഎസ്...



## ചേർത്തുപിടിച്ചൊരാൾ

**ഒന്നു മാത്രം പറഞ്ഞു. 'കൂടെയുണ്ട്', എല്ലാറ്റിനും കൂടെയുണ്ട്', അതു വെറുംവാക്ക് ആയിരുന്നില്ല**



## മദ്യലഹരിയിൽ സ്കൂളിൽ അതിക്രമം: അധ്യാപകൻ പൊലീസ് കസ്റ്റഡിയിൽ

കൊട്ടാരക്കര ● മദ്യലഹരിയിലെത്തിയ അധ്യാപകൻ സ്കൂളിന്റെ ഓഫിസ് മുറിയിൽ അതിക്രമം കാട്ടി ലാപ്ടോപ്പും രേഖകളും നശിപ്പിക്കുകയും തടയാൻ ശ്രമിച്ച പ്രധാന അധ്യാപികയെ കത്രിക ഉപയോഗിച്ച് ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്തെന്ന് പരാതി. പടിഞ്ഞാറെത്തെരുവ് ഗവ.യു പി സ്കൂളിൽ ഇന്നലെ ഉച്ചയ്ക്ക് 3 മണിയോടെ ആണ് സംഭവം. സ്കൂളിലെ അധ്യാപകനായ ശ്യാമിനെ(54) കൊട്ടാരക്കര പൊലീസ് കസ്റ്റഡിയിലെടുത്തു.

മദ്യലഹരിയിൽ ഓഫിസ് മുറിയിലെ അലമാര തുറന്ന് 2 ലാപ്ടോപ്പുകളും ഓഫിസ് രേഖകളും നശിപ്പിച്ചു. തടയാൻ ശ്രമിച്ച ഓഫിസ് അസിസ്റ്റന്റ് ഗോപനെ മർദിച്ചു. ഗോപന്റെ മൊബൈൽ ഫോൺ പിടിച്ചുവാങ്ങി ചുറ്റിക കൊണ്ട് തല്ലി തകർത്തു. ഒരു മാസം മുൻപാണ് ശ്യാം ഇവിടെ അധ്യാപകനായി ചുമതലയേറ്റത്. സ്കൂളിലെ പ്രധാന അധ്യാപിക ശ്യാമിന്റെ മദ്യപാനത്തിനെതിരെ വിദ്യാഭ്യാസ വകുപ്പിനു പരാതി നൽകിയിരുന്നു. വിശദീകരണം ചോദിക്കാനായി അധ്യാപകനെ ഇന്നലെ വിളിപ്പിച്ചിരുന്നു. സംഭവത്തിൽ പ്രകോപിതനായ ശ്യാം അതിക്രമം കാട്ടുകയായിരുന്നു. സ്കൂളിൽ വൈദ്യുതിയുടെ അറ്റകുറ്റപ്പണികൾക്കായി എത്തിയ ചെങ്ങമനാട് ഇലക്ട്രിക്കൽ സെക്ഷനിലെ ജീവനക്കാർ ചേർന്ന് കീഴ്പ്പെടുത്തി പൊലീസിൽ ഏൽപ്പിക്കുകയായിരുന്നു. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ എത്തിച്ചു വൈദ്യപരിശോധന നടത്തി. പൊതുമുതൽ നശിപ്പിക്കൽ ഉൾപ്പെടെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്തതായി പൊലീസ് അറിയിച്ചു.

# ദേശീയപാതയിൽ പാലം നിർമാണത്തിനിടെ ഇരുമ്പ് പാളം വീണ് സുരക്ഷാ ജീവനക്കാരൻ മരിച്ചു

ചവറ ● ദേശീയപാത വികസനത്തിന്റെ ഭാഗമായി നീണ്ടകരപ്പാലത്തിനു സമാന്തരമായി നിർമാണത്തിലിരുന്ന പാലത്തിൽ നിന്ന് ഇരുമ്പു പാളം വീണു സുരക്ഷാ ജീവനക്കാരൻ മരിച്ചു. ബിഹാർ ലഖി സാരായി നഗരത്തിൽ സലോണ ചാക് സ്വദേശി വിനോദ് സിങ് (47) ആണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് 2.40 നായിരുന്നു സംഭവം. സമീപത്തെ താമസസ്ഥലത്തു നിന്നു ഭക്ഷണം കഴിച്ച ശേഷം വെള്ളം എടുക്കാനായി പാലത്തിനടിയിലൂടെ നടന്നുപോകുന്നതിനിടെ പുതിയ പാലത്തിൽ ബീമുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വച്ചിരുന്ന ഇരുമ്പ് പാളം തലയിലേക്കു പതിക്കുകയായിരുന്നു.


വിനോദ് സിങ്

രക്തം വാർന്ന് കിടന്ന വിനോദ് സിങ്ങിനെ ഉടൻ കൊല്ലം ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം ഇന്ന് പോസ്റ്റ്മോർട്ടത്തിനു ശേഷം നാട്ടിലേക്കു കൊണ്ടുപോകും.

സുരക്ഷാ മാനദണ്ഡമില്ലാതെ പുതിയ പാലത്തിൽ 15, 20 അടി നീളമുള്ള സി ചാനൽ ഇരുമ്പ് പാളം അടുക്കിയിട്ടുണ്ട്. ഇതു താഴേക്ക് പതിക്കാതിരിക്കാനുള്ള സംവിധാനം ഇല്ലാത്തതാണ് സുരക്ഷാ ജീവനക്കാരന്റെ മരണത്തിനു കാരണമായത്. നീണ്ടകരപ്പാലത്തിനു സമാന്തരമായി കിഴക്കും പടിഞ്ഞാറും ഭാഗത്ത് 2 പുതിയ പാലങ്ങളാണ് നിർമാണത്തിലിരിക്കുന്നത്. കിഴക്കുഭാഗത്തെ പാലത്തിൽ നിന്നാണ് പാളം വീണത്. ഇതിന്റെ ബീമുകൾ പൂർണമായി ഉറപ്പിച്ചിരുന്നു. 20 അടി ഉയരത്തിൽ നിന്നാണ് പാളം താഴേക്കു പതിച്ചത്. കഴിഞ്ഞ ദിവസം വരെ ഇവിടെ വല സ്ഥാപിച്ചിരുന്നതാണ്. എന്നാൽ കഴിഞ്ഞ ദിവസം ഇത് അഴിച്ചു മാറ്റിയിരുന്നതായി നാട്ടുകാർ പറഞ്ഞു.


1.നീണ്ടകരപ്പാലത്തിനു സമാന്തരമായി നിർമിക്കുന്ന പുതിയ പാലത്തിന്റെ ബീമുകൾക്കു ഇടയിൽ അടക്കിയിരിക്കുന്ന ഇരുമ്പു പാളം. 2. മരിച്ച വിനോദ് സിങ്ങിന്റെ തലയിൽ വീണ പാളം

## ‘ഇങ്ങനെ മുന്നോട്ടു പോകരുത് എന്നു പറഞ്ഞതാണ്...’

ചവറ ● ‘ഇന്നലെ മുതൽ ജോലിക്കു പോകേണ്ട എന്റെ മോളാണ് ഇപ്പോൾ മരിച്ചു കിടക്കുന്നത്. ഒരു ജോലിക്കും അവൻ വിടില്ലായിരുന്നു, പല കാരണങ്ങൾ പറഞ്ഞ് ഒഴിവാക്കും. ഒരു ജോലി കിട്ടിയ ശേഷം ബന്ധം വേർപിരിയാമെന്നും കുഞ്ഞിനെ നോക്കി ജീവിക്കാമെന്നുമായിരുന്നു മോളുടെ ചിന്ത. എല്ലാം ഇല്ലാതായി’ അതുല്യയുടെ അച്ഛൻ എസ്.രാജശേഖരൻ പിള്ളയുടെ വാക്കുകളിൽ നിരാശ നിറഞ്ഞു. യുഎഇയിലെ ഒരു മാളിൽ ഇന്നലെ മുതൽ ജോലിക്കു കയറാനുള്ള തയാറെടുപ്പിലായിരുന്നു അതുല്യ. സഹോദരിയും സഹോദരിയുടെ ഭർത്താവും ചേർന്ന് അതിനുള്ള യൂണിഫോമും മറ്റും സജ്ജീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ അതിന് 2 ദിവസങ്ങൾക്കു മുൻപ് കഴിഞ്ഞ ശനി പുലർച്ചെയാണ് ഷാർജയിലെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ അതുല്യയെ കണ്ടെത്തിയത്.

പല തവണ ഈ പ്രശ്നം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടതാണ്. ഒരു വർഷം മുൻപു ഞാൻ ഷാർജയിലുള്ള സമയത്ത് സതീഷ് മർദിക്കുന്നെന്ന് കാണിച്ചു മകൾ വിളിച്ചു വരുത്തിയിരുന്നു. അന്ന് മകളെ ഇറക്കിക്കൊണ്ടുവന്നു. ഇനി അവന്റെ കൂടെ താമസിക്കരുതെന്നും ഇങ്ങനെ മുന്നോട്ടു പോകരുതെന്നും പറഞ്ഞിരുന്നു. സതീഷിന്റെ ജോലിയും മറ്റും നഷ്ടപ്പെടുത്തേണ്ടെന്നു കരുതിയാണ് ഷാർജയിൽ വച്ചു പരാതി നൽകാതിരുന്നത്. പിന്നീട് അതുല്യ താമസിച്ചിരുന്ന ഇടത്തു നിന്ന് കരഞ്ഞു കാലു പിടിച്ചാണ് അതുല്യയെ വീണ്ടും സതീഷ് കൂടെ കൊണ്ടുപോകുന്നത്. അന്നു പരാതി നൽകുകയോ മറ്റോ ചെയ്തിരുന്നെങ്കിൽ ഇന്ന് എന്റെ മോൾ കൂടെയുണ്ടാകുമായിരുന്നെന്നും അച്ഛൻ പറഞ്ഞു.

ശാസ്താംകോട്ട സ്വദേശിയായ ഭർത്താവ് സതീഷ് ശങ്കർ മുൻപും ഇങ്ങനെ തന്നെയായിരുന്നു എന്നാണ് അതുല്യയുടെ ബന്ധുക്കൾ പറയുന്നത്. അതുല്യയുടെ മകളെ ബന്ധുവിന്റെ വീട്ടിൽ നിന്ന് കൊണ്ടുവന്നെങ്കിലും വിഷയം തുറന്നു പറഞ്ഞിട്ടില്ല. എങ്കിലും മകൾക്കു കാര്യം മനസ്സിലായിട്ടുണ്ടെന്ന് വീട്ടുകാർ പറയുന്നു.

# അതുല്യയുടെ മരണം: ഷാർജ പൊലീസിൽ പരാതി നൽകി

ഷാർജ ● ഫ്ലാറ്റിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ കൊല്ലം തേവലക്കര കോയിവിള മേലേഴത്ത് ജംക്‌ഷൻ അതുല്യ ഭവനിൽ ടി.അതുല്യ ശേഖറിന്റെ മരണത്തിൽ ദുരൂഹത സംശയിച്ചു സഹോദരി അഖിലയും ഭർത്താവ് ഗോകുലും ഷാർജ പൊലീസിൽ പരാതി നൽകി. അതുല്യ ആത്മഹത്യ ചെയ്യില്ലെന്നും മരണം കൊലപാതകമാണെന്നും കുടുംബം ആരോപിച്ചു. ഭർത്താവ് സതീഷ് അതുല്യയെ തുടർച്ചയായി ഉപദ്രവിച്ചതിന്റെ തെളിവുകളായി വിഡിയോകളും ചിത്രങ്ങളും പൊലീസിനു കൈമാറി. അതുല്യയുടെ പോസ്റ്റ്മോർട്ടം പൂർത്തിയായി. മരണകാരണവും ഫൊറൻസിക് റിപ്പോർട്ടും ഇന്നു ലഭിക്കുമെന്നാണു സൂചന.

ഇതിനു ശേഷമാകും മൃതദേഹം നാട്ടിലെത്തിക്കുക. അതുല്യ ആത്മഹത്യ ചെയ്യില്ലെന്ന് സഹോദരി അഖില പറഞ്ഞു. ഇതേ നിലപാട് തന്നെയാണ് കഴിഞ്ഞ ദിവസം മാധ്യമങ്ങളെ കണ്ടപ്പോൾ അതുല്യയുടെ ഭർത്താവ് സതീഷും പറഞ്ഞത്. അതുല്യ മരിച്ച ശേഷം ഫ്ലാറ്റിൽ എത്തി നോക്കുമ്പോൾ കാലുകൾ നിലത്ത് ചവിട്ടാവുന്ന നിലയിലായിരുന്നുവെന്ന് ഭർത്താവ് സതീഷ് തന്നെ പറഞ്ഞിട്ടുണ്ട്. പിറന്നാൾ ദിനത്തിലാണ് അതുല്യ മരണത്തിനു കീഴടങ്ങിയത്. ഷാർജ ഇന്ത്യൻ അസോസിയേഷനും ദുബായിലെ ഇന്ത്യൻ കോൺസുലേറ്റുമാണ് അതുല്യയുടെ മൃതദേഹം നാട്ടിൽ കൊണ്ടുപോകുന്നതിനുള്ള സഹായങ്ങൾ ചെയ്യുന്നത്. ഏതാനും വർഷങ്ങളായി സതീഷ് നിരന്തരം അതുല്യയെ ശാരീരിക ഉപദ്രവം ഏൽപ്പിച്ചിരുന്നതിന്റെയും മരണ ദിവസത്തെ സാഹചര്യത്തെളിവുകളുടെയും അടിസ്ഥാനത്തിലാണ് കൊലപാതമാണെന്ന സംശയം ബന്ധുക്കൾ ഉന്നയിച്ചത്.

### പ്രത്യേക സംഘം അന്വേഷിക്കും

ഷാർജയിൽ ഭർത്താവിനൊപ്പം താമസിച്ചു വന്ന ഫ്ലാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയ തേവലക്കര കോയിവിള മേലേഴത്ത് ജംക്‌ഷൻ അതുല്യ ഭവനിൽ ടി.അതുല്യ ശേഖറിന്റെ മരണത്തിൽ പൊലീസ് വിശദമായ അന്വേഷണം നടത്തും. കരുനാഗപ്പള്ളി എഎസ്പി അഞ്ജലി ഭാവനയുടെ മേൽനോട്ടത്തിൽ ചവറ തെക്കുംഭാഗം പൊലീസ് ഇൻസ്പെക്ടർ എസ്.ശ്രീകുമാർ അടങ്ങുന്ന എട്ടംഗ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് കൂടി പരിശോധിച്ചാണ് അന്വേഷണം നടക്കുക.

അതുല്യയുടെ മാതാപിതാക്കൾ, സുഹൃത്തുക്കൾ, സഹോദരി എന്നിവരിൽ നിന്ന് അന്വേഷണ സംഘം വിവരങ്ങൾ തേടും. ഭർത്താവ് ഉപദ്രവിക്കുന്ന ദൃശ്യങ്ങൾ പകർത്തിയ അതുല്യയുടെ മൊബൈൽ ഫോൺ പരിശോധനയ്ക്കു വിധേയമാക്കും. ഷാർജ പൊലീസിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം ഭർത്താവിനെ നാട്ടിൽ എത്തിച്ചു ചോദ്യം ചെയ്യും. നേരത്തേ നാട്ടിൽ വച്ച് അതുല്യ നേരിട്ട പീഡനങ്ങളും പരാതികളും കോടതിയിലെ കേസുകളും പരിശോധിക്കും. അതുല്യയുടെ മാതാവിന്റെ മൊഴി രേഖപ്പെടുത്തി തെക്കുംഭാഗം പൊലീസ് കൊലപാതകക്കുറ്റം ഉൾപ്പെടെ ചുമത്തി കേസെടുത്തിരുന്നു.

### സതീഷിനെ ജോലിയിൽ നിന്നു പിരിച്ചു വിട്ടു

അതുല്യയുടെ മരണവും തുടർന്നുണ്ടായ വിവാദങ്ങളുടെയും പശ്ചാത്തലത്തിൽ ഭർത്താവ് സതീഷിനെ ജോലിയിൽ നിന്നു പിരിച്ചു വിട്ടു. ദുബായിലെ സ്വകാര്യ കമ്പനിയിൽ സൈറ്റ് എൻജിനീയറായിരുന്നു സതീഷ്. ഒരു വർഷം മുൻപാണ് ഈ കമ്പനിയിൽ ജോലിക്കു കയറിയത്. അതുല്യയുടെ ബന്ധുക്കൾ നൽകിയ പരാതിയും പുറത്തു വന്ന വിഡിയോകളിൽ സതീഷിന്റെ പെരുമാറ്റങ്ങളും കണക്കിലെടുത്താണ് പിരിച്ചുവിടുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. പിരിച്ചുവിട്ടു കൊണ്ടുള്ള കത്ത് സതീഷിനു കൈമാറി.


അതുല്യയുടെ അമ്മ തുളസീഭായി ചവറ തെക്കുംഭാഗത്തെ വീട്ടിൽ. ചിത്രം: മനോരമ

മദ്യ പരിശോധനയ്ക്ക് ഹൈക്കോടതി നിർദേശം

## ഊതിക്കും മുൻപ് ബ്രെത്തലൈസർ റീഡിങ് ‘0’ ആയിരിക്കണം

**▸▸ പൊലീസുകാർക്ക് ഡിജിപി ഇതുസംബന്ധിച്ച് നിർദേശം നൽകണം**

മനോരമ ലേഖകൻ

കൊച്ചി ● ബ്രെത്തലൈസർ ഉപകരണത്തിൽ ‘സീറോ’ റീഡിങ് ഉറപ്പാക്കിയശേഷം മാത്രമേ, മദ്യപിച്ചിട്ടുണ്ടോ എന്നറിയാൻ ശ്വാസ പരിശോധന നടത്താവൂ എന്നു ഹൈക്കോടതി. ശ്വാസത്തിലെ മദ്യത്തിന്റെ അംശം നിർണയിക്കുന്ന ഉപകരണം വ്യക്തികളിൽ ഉപയോഗിക്കുന്നതിനു മുൻപു വായുവിൽ പരീക്ഷണമായി നടത്തുന്ന എയർ ബ്ലാങ്ക് ടെസ്റ്റ് റീഡിങ് 0.000 എന്നതായിരിക്കണം എന്നാണു ഹൈക്കോടതി നിർദേശിച്ചത്. തെളിവ് എന്ന നിലയിൽ ബ്രെത്തലൈസർ ടെസ്റ്റിന്റെ ആധികാരികതയും സ്വീകാര്യതയും ഇതിനെയാണ് ആശ്രയിച്ചിരിക്കുന്നത്. പരിശോധന നടത്തുന്ന പൊലീസുകാർക്ക് ഇതെക്കുറിച്ച് അറിവില്ല. പൊലീസ് മേധാവി ഇക്കാര്യത്തിൽ നിർദേശങ്ങൾ നൽകണമെന്നും ജസ്റ്റിസ് വി.ജി.അരുൺ നിർദേശിച്ചു.

പൊലീസ് നടപടിക്രമങ്ങളിലെ പിഴവുകൾ ചൂണ്ടിക്കാട്ടി ഹർജി നൽകിയ തിരുവനന്തപുരം ബാലരാമപുരം സ്വദേശിക്കെതിരായ കേസ് ഭാഗികമായി റദ്ദാക്കിയാണ് ഉത്തരവ്. 2024 ഡിസംബർ 30 ന് രാത്രി മദ്യപിച്ച് അപകടകരമായി ഇരുചക്രവാഹനം ഓടിച്ചു എന്നാരോപിച്ച് തിരുവനന്തപുരം മെഡിക്കൽ കോളജ് പൊലീസാണു കേസെടുത്തത്. അഡിഷനൽ സിജെഎം കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതോടെയാണ് ഹൈക്കോടതിയെ സമീപിച്ചത്.

തന്റെ ശ്വാസ പരിശോധന നടത്തുന്നതിനു മുൻപ് ബ്രെത്തലൈസറിൽ 0.000 എന്ന റീഡിങ് അല്ല കാണിച്ചതെന്നും അത് 412 എംജി/100 എംഎൽ ആയിരുന്നെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. തുടർന്ന് ഹർജിക്കാരന്റെ ശ്വാസം ടെസ്റ്റ് ചെയ്തപ്പോൾ 100 മില്ലിയിൽ മദ്യത്തിന്റെ അംശം 41 എംജി എന്നു കാണിച്ചു. അനുവദനീയമായത് 30 എംജിയാണ്. ബ്രെത്തലൈസർ ടെസ്റ്റ് ഉടനെ നടത്തിയില്ല, അറസ്റ്റ് ചെയ്തു രണ്ടു മണിക്കൂറിനുള്ളിൽ മെഡിക്കൽ ടെസ്റ്റ് നടത്തിയില്ലെന്നും ഹർജിക്കാരൻ അറിയിച്ചു.

# മിഥുന്റെ മരണം: സുരക്ഷാ നടപടികളുമായി സ്കൂൾ

ശാസ്താംകോട്ട ● നടപടികൾ സ്വീകരിക്കാനും സ്കൂളിൽ സുരക്ഷ ഒരുക്കാനും ഒരു ജീവൻ വേണ്ടിവന്നു. എട്ടാം ക്ലാസ് വിദ്യാർഥി മിഥുൻ ഷോക്കേറ്റു മരിച്ച തേവലക്കര ബോയ്സ് ഹൈസ്കൂളിൽ സ്കൂളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികളുമായി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി. സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള അറ്റകുറ്റപ്പണികളും സുരക്ഷാനടപടികളുമാണ് ഇന്നലെ നടത്തിയത്.

സൈക്കിൾ ഷെഡിനു മുകളിലേക്ക് മിഥുൻ കയറിയ ക്ലാസ് മുറിയിലെ ഭിത്തിയിൽ തകർന്നു കിടക്കുന്ന തടി കൊണ്ടു നിർമിച്ച ഭാഗം ഒഴിവാക്കി കമ്പിവല സ്ഥാപിച്ചു. ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 6 ക്ലാസ്മുറികളിലും കമ്പിവല സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ ഗ്രൗണ്ടിൽ അപകടാവസ്ഥയിൽ നിന്നിരുന്ന പഴയ വാട്ടർ ടാങ്ക് പൊളിച്ചു മാറ്റി.

സ്കൂൾ ഗ്രൗണ്ടിനു നടുവിൽ നിന്ന മരത്തിന്റെ ചില്ലകൾ വെട്ടിമാറ്റി. സ്കൂളിലെ ശുചിമുറിയും വൃത്തിയാക്കിയിട്ടുണ്ട്. ശുചിമുറിയുടെ സമീപത്തു കാടുമൂടി കിടക്കുന്നതിനാൽ തൊട്ടടുത്തുള്ള ഗേൾസ് സ്കൂളിലടക്കം പാമ്പുകളുടെ ശല്യവും ഉണ്ടായിരുന്നു. സ്കൂളിലെ കാട് മൂടിക്കിടക്കുന്ന ഭാഗങ്ങളും വൃത്തിയാക്കി.

അപകടത്തിന് ഇടയാക്കിയ വൈദ്യുത ലൈൻ കെഎസ്ഇബി കഴിഞ്ഞ ദിവസം അഴിച്ചുമാറ്റിയിരുന്നു. ഗേൾസ് ഹൈസ്കൂളിലേക്ക് ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്ന നടപടികളും പൂർത്തിയായി.


തേവലക്കര ബോയ്സ് ഹൈസ്കൂളിലെ അപകടകരമായി നിന്നിരുന്ന മരം വെട്ടിമാറ്റുന്നു. ചിത്രം: മനോരമ

### മാനേജ്മെന്റ് 10 ലക്ഷം രൂപ കൈമാറി

ശാസ്താംകോട്ട ● ഷോക്കേറ്റു മരിച്ച മിഥുന്റെ കുടുംബത്തിന് തേവലക്കര ബോയ്സ് ഹൈസ്കൂൾ മാനേജ്മെന്റ് കമ്മിറ്റി പ്രഖ്യാപിച്ച 10 ലക്ഷം രൂപ കൈമാറി.


മിഥുൻ

മാനേജർ തുളസീധരൻ പിള്ള അടക്കമുള്ള കമ്മിറ്റി അംഗങ്ങളാണ് വീട്ടിലെത്തി തുക നൽകിയത്.

സ്കൂളിൽ പിടിഎയുടെയും മാനേജ്മെന്റ് കമ്മിറ്റിയുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ഇന്നലെ അനുശോചന യോഗം ചേർന്നു.

കുടുംബത്തിന് വീട് വച്ചു നൽകാനുള്ള നടപടി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്കൗട്സ് ആൻഡ് ഗൈഡ്സ് അസോസിയേഷൻ ആരംഭിച്ചു.

സംഘടനയുടെ ഭാരവാഹികൾ ഇന്നലെ മിഥുന്റെ വീട് സന്ദർശിച്ചു. സിപിഎം ജനറൽ സെക്രട്ടറി എം.എ.ബേബി മിഥുന്റെ വീട് സന്ദർശിച്ചു.

## മിഥുന്റെ കുടുംബാംഗത്തിന് മാനേജ്മെന്റ് ജോലി നൽകണം: മന്ത്രി ശിവൻകുട്ടി

പാലക്കാട് ● സ്കൂളുകളുടെ സുരക്ഷ വിലയിരുത്താൻ അടിയന്തര ഓഡിറ്റ് നടത്തുമെന്നു മന്ത്രി വി.ശിവൻകുട്ടി. ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ഏഴംഗ സമിതി 25 മുതൽ 31 വരെയാകും പരിശോധന നടത്തുക. ഇതിനു മുന്നോടിയായി മന്ത്രിയുടെ അധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ യോഗം ചേരും.

ഓഗസ്റ്റ് 12ന് സുരക്ഷാ പരിശോധനയുടെ റിപ്പോർട്ട് വിലയിരുത്തും. ആദ്യഘട്ടത്തിൽ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും രണ്ടാം ഘട്ടത്തിൽ അൺ-എയ്ഡഡ് സ്കൂളുകളിലും പരിശോധന നടത്തും. കൊല്ലത്ത് ഷോക്കേറ്റു മരിച്ച വിദ്യാർഥി മിഥുന്റെ കുടുംബാംഗത്തിന് സ്കൂൾ മാനേജ്മെന്റ് ജോലി നൽകണം. സ്കൂളിന്റെ വീഴ്ചയിൽ പ്രധാനാധ്യാപികയെ ബലിയാടാക്കി എന്ന ആരോപണം ശരിയല്ല. ആലപ്പുഴ കാർത്തികപ്പള്ളി സ്കൂളിലെ മേൽക്കൂര തകർന്ന കെട്ടിടത്തിൽ ക്ലാസ് നടക്കുന്നില്ല. കെട്ടിടം അൺഫിറ്റ് ആണെങ്കിൽ പൊളിച്ചു കളയുകയാണു വേണ്ടത്.

സ്കൂൾ സമയമാറ്റവുമായി ബന്ധപ്പെട്ട് നിശ്ചയിച്ച ചർച്ചയിൽ സംഘടനകളെ കാര്യങ്ങൾ ബോധ്യപ്പെടുത്തും. മത, സാമുദായിക സംഘടനകളുടെ സൗകര്യം നോക്കി വിദ്യാഭ്യാസ കാര്യത്തിൽ തീരുമാനം എടുക്കാനാകില്ല. വിദ്യാഭ്യാസ വകുപ്പ് ഒരു ജാതിമത സംഘടനയ്ക്കും കീഴ്പ്പെട്ടിട്ടില്ല. വെള്ളാപ്പള്ളി നടേശൻ പറഞ്ഞതിനെക്കുറിച്ച് അറിയില്ലെന്നും ഓരോ സാമുദായിക സംഘടനകളും അവരവരുടെ അഭിപ്രായം പറയുമെന്നും മന്ത്രി പറഞ്ഞു.

## വാഹനാപകടം: എൻഎസ്എസ് താലൂക്ക് യൂണിയൻ മുൻ വൈസ് പ്രസിഡന്റ് മരിച്ചു

എഴുകോൺ ● കാറും കെഎസ്ആർടിസി ബസും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ എൻഎസ്എസ് കൊല്ലം താലൂക്ക് യൂണിയൻ മുൻ വൈസ് പ്രസിഡന്റ് പെരിനാട് ചെമ്മക്കാട് ജയേഷ് ഭവനിൽ ജെ. രാമചന്ദ്രൻ പിള്ള (ഇടവട്ടം രാമചന്ദ്രൻ പിള്ള-78) മരിച്ചു. ഗുരുതരമായി പരുക്കേറ്റ കാർ ഡ്രൈവർ മാമൂട് സ്വദേശി ഷാജഹാനെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.


രാമചന്ദ്രൻപിള്ള

ഇന്നലെ ഉച്ചയ്ക്ക് 2ന് ചീരങ്കാവ് കനറ ബാങ്കിന് സമീപത്ത് വച്ചായിരുന്നു അപകടം. കൊട്ടാരക്കര ഭാഗത്ത് നിന്ന് കുണ്ടറയിലേക്കു വരികയായിരുന്ന രാമചന്ദ്രൻ പിള്ള സഞ്ചരിച്ചിരുന്ന കാറും എതിരെ വന്ന ബസും കൂട്ടിയിടിക്കുകയായിരുന്നു.

ഗുരുതരമായി പരുക്കേറ്റ രാമചന്ദ്രൻ പിള്ളയെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. മൃതദേഹം താലൂക്ക് ആശുപത്രി മോർച്ചറിയിൽ. നിലവിൽ കുണ്ടറ ഫൈൻ ആർട്സ് അസോസിയേഷൻ പ്രസിഡന്റാണ്.

സംസ്കാരം നാളെ 2ന്. ഭാര്യ: വത്സല. മക്കൾ: ജമനു, ജൈനു, ചിഞ്ചു, ജയേഷ്. മരുമക്കൾ: ദേവി, ടീന, രാജേഷ്, സുമി.

## വിപഞ്ചികയുടെ മൃതദേഹം ഇന്ന് നാട്ടിലെത്തിച്ചേക്കും

കുണ്ടറ ● ഷാർജയിൽ മരിച്ച കേരളപുരം സ്വദേശി വിപഞ്ചികയുടെ മൃതദേഹം ഇന്ന് നാട്ടിൽ എത്തിക്കാൻ കഴിയുമെന്ന പ്രതീക്ഷിക്കുന്നതായി ബന്ധുക്കൾ. ദുബായിലെ നടപടികൾ ക്രമങ്ങൾ പൂർത്തിയായി. ഇന്ന് ഉച്ചയോടെ നാട്ടിലേക്ക് തിരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. മൃതദേഹം നാട്ടിൽ എത്തിച്ച ശേഷം റീ പോസ്റ്റുമോർട്ടം നടത്തുമെന്നും ബന്ധുക്കൾ അറിയിച്ചു.

മകൾ വൈഭവിയുടെ മൃതദേഹം 17ന് ദുബായ് ജബൽ അലിയിലെ ന്യൂ സോണാപൂർ ശ്മശാനത്തിൽ സംസ്കരിച്ചു. വിപഞ്ചികയുടെയും മകളുടെയും സംസ്കാര കാര്യത്തിൽ ഭർത്താവ് നിതീഷും വിപഞ്ചികയുടെ ബന്ധുകളുമായി ധാരണ ആയതിനെ തുടർന്നാണ് വൈഭവിയുടെ സംസ്കാരം അവിടെ നടത്തിയത്. വിപഞ്ചികയുടെ സംസ്കാരം മാതൃസഹോദരന്റെ വീടായ കേരളപുരം പുട്ടാണിമുക്ക് സൗപർണികയിൽ നടത്തും.

കഴിഞ്ഞ 9ന് ഉച്ചയ്ക്കാണ് കൊല്ലം ചന്ദനത്തോപ്പ് രജിത ഭവനിൽ മണിയന്റെയും ഷൈലജയുടെയും മകൾ വിപഞ്ചിക (33), മകൾ വൈഭവി എന്നിവരെ ഷാർജ അൽ നഹ്ദയിലെ ഫ്ലാറ്റിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ഭർത്താവ് നിതീഷിന്റെയും വീട്ടുകാരുടെയും പീഡനത്തെ തുടർന്നാണ് വിപഞ്ചിക ജീവനൊടുക്കിയതെന്നു ബന്ധുക്കളുടെ ആരോപണം ഉയർന്നതോടെയാണ് സംസ്കാരം നീണ്ടുപോയത്.

**ബാബു ജോർജ്**
**തലവൂർ:** പാണ്ടിത്തിട്ട തടത്തിവിള ജൂബിൽ ഭവനിൽ ബാബു ജോർജ് (59) അന്തരിച്ചു. സംസ്കാരം നാളെ ഉച്ചയ്ക്ക് പാണ്ടിത്തിട്ട സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ. ഭാര്യ: അടൂർ പന്നിവിഴ മംഗലശ്ശേരിൽ ഷേർലി ജോർജ്. മക്കൾ: ജുബിൽ ബാബു, ജിഷ ബാബു. മരുമകൻ: പുത്തൂർ മനോജ് ഭവനിൽ മനോഷ് കുഞ്ഞുമോൻ. സഹോദരങ്ങൾ: ജി. തോമസുകുട്ടി റമ്പാൻ (യച്ചാരം ബാലഗ്രാം ഡയറക്ടർ), സിസ്റ്റർ ലേയ (പത്തനാപുരം മൗണ്ട് താബോർ കോൺവെന്റ്).

**ലൂർദ് ഡേവിഡ്**
**ശക്തികുളങ്ങര:** പണ്ടാര പാടത്തിൽ സീ ഗിഫ്റ്റിൽ ലൂർദ് ഡേവിഡ് (75) അന്തരിച്ചു. സംസ്കാരം ഇന്ന് 3ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം ശക്തികുളങ്ങര സെന്റ് ജോൺ ഡി ബ്രിട്ടോ ദേവാലയത്തിൽ. ഭർത്താവ്: പരേതനായ ഡേവിഡ്. മക്കൾ: എമിൽഡ, സിസിൽഡ, ഷൈനി, ജോസ്, പാസ്കൽ. മരുമക്കൾ: യേശുദാസൻ, പ്രീത ജോസ്, പരേതരായ രാജു, സെബാസ്റ്റ്യൻ.

**ഗോപാലപിള്ള**
**പരവൂർ:** പൂതക്കുളം പുല്ലയിൽ വീട്ടിൽ ഗോപാലപിള്ള (84) അന്തരിച്ചു. ഭാര്യ: പരേതയായ പൊന്നമ്മയമ്മ. മക്കൾ: ലളിതാംബികയമ്മ, മോഹനൻ പിള്ള, ലീലാമണിയമ്മ, ശിവപ്രസാദ് പിള്ള, പ്രസന്നൻ പിള്ള, പ്രസന്നകുമാരിയമ്മ, ശ്രീജ, ശ്രീലത. മരുമക്കൾ: രാധാകൃഷ്ണപിള്ള, ശ്രീജ, കനകമണി, മോഹനൻപിള്ള, അനിൽകുമാർ, ലോജി ലാലി, പരേതരായ ശശിപിള്ള, ആനന്ദവല്ലിയമ്മ. സഞ്ചയനം വെള്ളി 8ന്.

**തങ്കമ്മ**
**കരുനാഗപ്പള്ളി:** റിട്ട. അധ്യാപിക കോഴിക്കോട് എസ് വി മാർക്കറ്റ് വള്ളാലിൽ പുത്തൻവീട്ടിൽ തങ്കമ്മ (86) അന്തരിച്ചു. സംസ്കാരം ഇന്ന് 11ന്. ഭർത്താവ്: പരേതനായ രവീന്ദ്രപ്പണിക്കർ. മക്കൾ: രാധാകൃഷ്ണൻ, രമ, പ്രകാശ്, അമ്പിളി. മരുമക്കൾ: ശോഭ, രാജൻ, ബിന്ദു, ബാബു. സഞ്ചയനം ശനി 7ന്.

**സൂസമ്മ സെബാസ്റ്റ്യൻ**
**ആര്യങ്കാവ്:** മലേകുന്നേൽ വീട്ടിൽ സൂസമ്മ സെബാസ്റ്റ്യൻ (77) അന്തരിച്ചു. സംസ്കാരം ഇന്ന് 2.30ന് ആര്യങ്കാവ് സെന്റ് മേരീസ് കത്തോലിക്കാ പള്ളി സെമിത്തേരിയിൽ. ഭർത്താവ്: പരേതനായ സെബാസ്റ്റ്യൻ. മക്കൾ: ബിജുമോൻ സെബാസ്റ്റ്യൻ, തോമസ് സെബാസ്റ്റ്യൻ, പോൾ സെബാസ്റ്റ്യൻ. മരുമക്കൾ: ഷീജ വർഗീസ്, റെനി തോമസ്, മിനി പോൾ.

**സാവിത്രിക്കുട്ടിയമ്മ**
**കൊട്ടാരക്കര:** ടൗൺ യുപിഎസ് റിട്ട. അധ്യാപിക പടിഞ്ഞാറ്റിൻകര മാധവത്തിൽ സാവിത്രിക്കുട്ടിയമ്മ (84) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപിനാഥക്കുറുപ്പ്. മക്കൾ: ജി.എസ്.സുഭാഷ്, കലാ ഗോപിനാഥ് (ഗേൾ ഫ്രണ്ട് ബ്യൂട്ടി പാർലർ). മരുമക്കൾ: ശോഭ സുഭാഷ്, പരേതനായ രാധാകൃഷ്ണൻ.

**ശ്രീദേവി അമ്മ**
**കടയ്ക്കൽ:** കോട്ടുക്കൽ ക്ലാവോട് ദേവി വിലാസത്തിൽ ശ്രീദേവി അമ്മ (56) അന്തരിച്ചു. സംസ്കാരം നാളെ 10ന്. ഭർത്താവ്: പരേതനായ സുരേന്ദ്രൻ പിള്ള. മക്കൾ: കണ്ണൻ, ശ്രീനാഥ്. മരുമകൾ: വിനീത.

**സരസമ്മ**
**മഞ്ഞക്കാല:** മഞ്ഞക്കാല ചരുവിള വീട്ടിൽ സരസമ്മ (81) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പ്രസന്നൻ, വത്സലകുമാരി, ശിവപ്രസാദ്, ജലജ കുമാരി, അജിതാ കുമാരി, സുരേഷ് കുമാർ, അനിൽ കുമാർ, ശ്രീലത. മരുമക്കൾ: സരളാ ദേവി, അമ്പിളി, മണി, ഉണ്ണികൃഷ്ണൻ, ആശ, ലീന, വിജയകുമാർ, പരേതനായ മുരളിധരൻ.

**ഗീതു**
**തൃക്കണ്ണമംഗൽ:** പനയം എകെജി ജംക്‌ഷന് സമീപം പാവൂർ പടിഞ്ഞാറ്റതിൽ വീട്ടിൽ ഗിരീഷിന്റെയും ബിന്ദുവിന്റെയും മകൾ ഗീതു (14) അന്തരിച്ചു. സംസ്കാരം നടത്തി. നീരാവിൽ എസ്എൻഡിപി വൈഎച്ച്എസിലെ വിദ്യാർഥിയായിരുന്നു.

**തങ്കമ്മ വർഗീസ്**
**പെരിനാട്:** ഞാറയ്ക്കൽ വർഗീസ് കോട്ടേജിൽ തങ്കമ്മ വർഗീസ് (86) അന്തരിച്ചു. സംസ്കാരം ഇന്ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം 2ന് പെരിനാട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ. ഭർത്താവ്: പരേതനായ പി.കെ.വർഗീസ്. മക്കൾ: കുഞ്ഞുമോൾ, ശോശാമ്മ, പി.വി.ജോൺ, പി.വി.തോമസ്, പി.വി.ജോർജ്കുട്ടി, അന്നമ്മ, എലിസബത്ത്, സൂസമ്മ, പരേതനായ ദാനിയേൽ. മരുമക്കൾ: തോമസ്, സൂസി, ലത, സുജ തോമസ്, ഷൈനി ജോർജ്, കെ.എസ്.മാത്യു, പി.വി.സോബേഴ്സ്, പി.ടി.ബിജു, പരേതനായ പാപ്പച്ചൻ.

**കെ.വിശ്വംഭരൻ പിള്ള**
**ഉമയനല്ലൂർ:** ചെന്നൈ സോങ് ആൻഡ് ഡ്രാമ ഡിവിഷൻ റിട്ട. സീനിയർ ആർട്ടിസ്റ്റ് വടക്കുംകര പടിഞ്ഞാറ് കാഞ്ഞാംകുഴി വീട്ടിൽ കെ.വിശ്വംഭരൻ പിള്ള (80) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന്. ഭാര്യ: കെ.ആർ.രമ. മക്കൾ: വിനോദ് (ഇൻഫോസിസ്, തിരുവനന്തപുരം), വിനേഷ് കണ്ണൻ (അസൈഞ്ചർ, ബെംഗളൂരു). മരുമക്കൾ: ഷാലു (എസ്ബിഐ, മൈസൂർ), പരേതയായ രാഖി. സഞ്ചയനം ശനി 7ന്.

**വാസുദേവൻ**
**ഉള്ളന്നൂർ:** കെഎസ്ഇബി റിട്ട. ജീവനക്കാരൻ സുനിൽ ഭവനിൽ വാസുദേവൻ (80) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ദേവകിയമ്മ. മകൻ: സുനിൽകുമാർ. മരുമകൾ: രാജി. സഞ്ചയനം ഞായർ 7ന്.

**കുഞ്ഞുമോൻ**
**തലവൂർ:** വിമുക്ത ഭടൻ അമ്പലനിരപ്പ് സോണിയാ മന്ദിരത്തിൽ കുഞ്ഞുമോൻ (72) അന്തരിച്ചു. സംസ്കാരം ഇന്ന് 11ന് സെന്റ് ജോർജ് ഓർത്തഡോക്സ് മലയിൽ പള്ളിയിൽ.

**ശാന്താഭായി**
**കിളിമാനൂർ:** അടയമൺ മണവൂർ വീട്ടിൽ ശാന്താഭായി (83) അന്തരിച്ചു. ഭർത്താവ്: കെ.രാജു. മക്കൾ: ഷൈൻ, ബിനിഷ്.

**ജി.കൃഷ്ണൻകുട്ടി നായർ**
**കുടവട്ടൂർ:** റിട്ട. ഫിഷറീസ് ഓഫിസർ ഓടനാവട്ടം കുടവട്ടൂർ മണിവീണയിൽ ജി.കൃഷ്ണൻകുട്ടി നായർ (74) അന്തരിച്ചു. സംസ്കാരം ഇന്നു വൈകിട്ട് 7ന്. ഭാര്യ: ഡോ. കെ.പി.സരസ്വതി അമ്മ. മക്കൾ: അതുൽ കൃഷ്ണൻ, രാകേഷ് കൃഷ്ണൻ, ഡോ. എസ്.ഐശ്വര്യ. മരുമക്കൾ: അഞ്ജു ഉണ്ണികൃഷ്ണൻ, ഡോ. നിത്യ ആർ. ഗോവിന്ദ്, ജിതിൻ ജോയ്.

**ശിവൻകുട്ടി**
**കരുനാഗപ്പള്ളി:** പുന്നക്കുളം കിഴക്ക് സുരേഷ് ഭവനത്തിൽ ശിവൻകുട്ടി (72) അന്തരിച്ചു. സംസ്കാരം ഇന്ന് 5ന്. ഭാര്യ: രത്നമ്മ. മക്കൾ: സുരേഷ്, സുനിത, സുജ. മരുമക്കൾ: വിജയ, ഹരികുമാർ, അനിൽ. സഞ്ചയനം ശനി 7ന്.

**ടി.ജി.ജോർജ്**
**കിഴക്കേകല്ലട:** പള്ളിക്കവിള തോക്കാട്ട് പുത്തൻ വീട്ടിൽ ടി.ജി.ജോർജ് (101) അന്തരിച്ചു. സംസ്കാരം നാളെ 2ന് ശുശ്രൂഷയ്ക്ക് ശേഷം കല്ലട നിലമേൽ മാർത്തോമ്മാ പള്ളിയിൽ. ഭാര്യ: കുരീപ്പള്ളി മുള്ളുവിള കുടുംബാംഗം പരേതയായ മറിയാമ്മ ജോർജ്. മക്കൾ: ഓമന, വർഗീസ്, പരേതയായ കുഞ്ഞമ്മ. മരുമക്കൾ: തോമസ്, യോഹന്നാൻ (വിമുക്ത ഭടൻ), ലിസി വർഗീസ്.

**സോജു**
**കൊല്ലം:** പട്ടത്താനം വയലിൽ പുത്തൻ വീട്ടിൽ ദർശന നഗർ-202ൽ പരേതനായ സോമരാജന്റെയും ഉഷാകുമാരിയുടെയും മകൻ സോജു (36) അന്തരിച്ചു. ഭാര്യ: ബീറ്റ. മക്കൾ: ദിവാനി, ദിയാൻ. സഞ്ചയനം വെള്ളി 8ന്.

**മനു മോനച്ചൻ**
**എഴുകോൺ:** നെടുമ്പായിക്കുളം മനു ഭവനിൽ കെ.മോനച്ചന്റെയും ലാലി മോനച്ചന്റെയും മകൻ മനു മോനച്ചൻ (32) അന്തരിച്ചു. സംസ്കാരം നാളെ 11ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം നെടുമ്പായിക്കുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ.

**എസ്.ശ്രീമതി**
**പാലോട്:** നന്ദിയോട് ആലമ്പാറ നവധാര കൃഷ്ണാലയത്തിൽ എസ്.ശ്രീമതി അന്തരിച്ചു. ഭർത്താവ്: പരേതനായ കൃഷ്ണൻ നാടാർ. മക്കൾ: നടരാജൻ, വിദ്യാധരൻ, സുശീല, ശ്രീകല, സുധാകരൻ, സുകുമാരൻ, സുരേന്ദ്രൻ, സുകുമാരി. മരുമക്കൾ: വിജയകുമാരി, ആർ.രാജു, അംബിക, മോളി, ഷൈജ, വിജയകുമാർ, പരേതരായ സുരേന്ദ്രൻ, ഗീത. സഞ്ചയനം ശനി 9ന്.

**രത്നാകരൻ**
**കോവളം:** മുട്ടയ്ക്കാട് സിയോൺ കുന്നിൽ (പുലരി റസിഡൻസ് അസോസിയേഷൻ-95)ൽ രത്നാകരൻ (63) അന്തരിച്ചു. ഭാര്യ: ലളിത. മക്കൾ: സജി, ആനി.

**തങ്കമ്മ തോമസ്**
**പറങ്കിമാംമുകൾ:** മഞ്ഞക്കാല ഐജിഎം വിഎച്ച്എസ്എസ് റിട്ട. അധ്യാപിക മണിവീട്ടിൽ തങ്കമ്മ തോമസ് (78) അന്തരിച്ചു. സംസ്കാരം നാളെ 11ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം മഞ്ഞക്കാല സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളി സെമിത്തേരിയിൽ. പറങ്കിമാംമുകൾ കല്ലുവിള കുടുംബാംഗമാണ്. ഭർത്താവ്: റിട്ട. അധ്യാപകൻ പരേതനായ തോമസ്. മക്കൾ: മാഹി സി. തോമസ്, മായാ സി. തോമസ്. മരുമക്കൾ: ജോസൻ മാത്യു, ദിപീഷ് വർഗീസ്.

**ആർ.മോഹനൻ**
**ഇടയ്ക്കിടം:** റിട്ട. എസ്ഐ മോഹനം വീട്ടിൽ ആർ.മോഹനൻ (67) അന്തരിച്ചു. സംസ്കാരം ഇന്ന് 11ന്. ഭാര്യ: ശോഭന കുമാരി (റിട്ട. അധ്യാപിക, ഗവ. യുപിഎസ് കോട്ടവട്ടം). മക്കൾ: അബിനോ മോഹൻ (എയർഫോഴ്സ്), അതുൽ മോഹൻ. മരുമകൾ: ജീനാ മോൾ (ടിസിഎസ്, തിരുവനന്തപുരം).

**നൂറുദീൻകുഞ്ഞ് മുസല്യാർ**
**കരുനാഗപ്പള്ളി:** കോഴിക്കോട് മേക്ക് പോക്കാട്ട് വീട്ടിൽ എ.നൂറുദീൻകുഞ്ഞ് മുസല്യാർ (86) അന്തരിച്ചു. ഭാര്യ: ബി.ഫാത്തിമകുഞ്ഞ്. മക്കൾ: ഷെമിമ, ഷീബ, സഫിയകുഞ്ഞ്. മരുമക്കൾ: അൻസർ, ഫിറോസ്ഖാൻ, ബഷീർ കച്ചിത്തറയിൽ.

**ഗിരീഷ് മൈക്കിൾ**
**ആലപ്പുഴ:** സെന്റ് ജോസഫ്സ് വനിതാ കോളജ് ഉദ്യോഗസ്ഥൻ തുമ്പോളി അൻസ്ഭവൻ നാലുതൈക്കൽ വീട്ടിൽ ഗിരീഷ് മൈക്കിൾ (47) അന്തരിച്ചു. മൃതദേഹം ഇന്ന് 9.30 ന് കോളജ് ഓഡിറ്റോറിയത്തിൽ കൊണ്ടുവരും. സംസ്കാരം 3.30ന് വസതിയിൽ ശുശ്രൂഷകൾക്കു ശേഷം തുമ്പോളി സെന്റ് തോമസ് പള്ളിയിൽ. ഭാര്യ: മിക്കി ഗിരീഷ് (ക്നാനായ സഭാ കോർപറേറ്റ് മാനേജ്മെന്റ് ഓഫിസ്, ആലപ്പുഴ). മകൻ: അൻസിൽ ജി. ഡാമിയൻ.

**ജോൺ സ്റ്റീഫൻ**
**പൊള്ളേത്തൈ:** അറയ്ക്കൽ വീട്ടിൽ ജോൺ സ്റ്റീഫൻ (80) അന്തരിച്ചു. സംസ്കാരം ഇന്ന് 11 ന് പൊള്ളേത്തൈ തിരുക്കുടുംബ ദേവാലയത്തിൽ. ഭാര്യ: എൽബിന. മക്കൾ: സീമാ സ്റ്റീഫൻ (പ്രധാനാധ്യാപിക, സെന്റ് തോമസ് എച്ച്എസ്, തുമ്പോളി), സീനാ സ്റ്റീഫൻ (പ്രധാനാധ്യാപിക, ജിഎൽപിഎസ്, കുട്ടമംഗലം). മരുമക്കൾ: എ.പി. വർഗീസ് (റിട്ട. എസ്ഐ), ഷിബു പി.ബെഞ്ചമിൻ (എഇഐ, ആലപ്പുഴ).

**ബി.വിൽഫ്രഡ് സാഗരം**
**തിരുമല:** ആനയിടവഴി സീയോണിൽ കൃഷിവകുപ്പ് റിട്ട.ജൂനിയർ സൂപ്രണ്ട് ബി. വിൽഫ്രഡ് സാഗരം (63) അന്തരിച്ചു. ഭാര്യ: എം.ജെ.ഹെലൻ ഷീല (എൽഎസ്ജിഡി, റിട്ട.ജൂനിയർ സൂപ്രണ്ട്). മകൻ: ഡോ. നിതിൻ സാഗരം. മരുമകൾ: ഡോ.അമിത വിജയൻ. അനുസ്മരണ ശുശ്രൂഷ വെള്ളി 4ന് ചെമ്പൂരിലെ വസതിയിൽ.

**എസ്.സരിത**
**പൂന്തുറ:** എസ്എം ലോക്ക് പുതുവൽ കുഞ്ചു വീട്ടിൽ എസ്. സരിത (38) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് മുട്ടത്തറ മോക്ഷ കവാടത്തിൽ. ഭർത്താവ്: മനോജ്. മക്കൾ: അഭിമന്യു, അഭിനയ.

**ബീന ജോർജ്**
**അഞ്ചൽ:** തഴമേൽ ഹിൽവ്യൂയിൽ ബീന ജോർജ് (50) അന്തരിച്ചു. സംസ്കാരം നാളെ 12ന് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ. ഭർത്താവ്: ജോർജ് പി. ചാണ്ടി. മക്കൾ: ശിഖാ ജോർജ്, അന്ന മറിയം ജോർജ്.

**ശാന്തകുമാരി തങ്കച്ചി**
**ചവറ:** കണ്ണത്തേഴത്ത് ശാന്തകുമാരി തങ്കച്ചി (79) അന്തരിച്ചു. സംസ്കാരം ഇന്നു 11ന്. ഭർത്താവ്: ചിങ്ങേലി നെയ്ശേരിൽ കുടുംബാംഗം പരേതനായ ഡോ. കെ.രഘുവരൻ. മക്കൾ: അനിത എസ്. തമ്പി, തിലകം എസ്. തമ്പി, ഡോ. മകുടം എസ്. തമ്പി, ഡോ. മഹേശ്വരി എസ്. തമ്പി. മരുമക്കൾ: സി.ആർ.ശശിധരൻ, ടി.പി. ശശി, ടി.ഷാജി, ഡോ. പ്രസാദ് കുമാർ. സഞ്ചയനം തിങ്കൾ 7ന്.

**അന്നമ്മ ബേബി**
**പുയപ്പള്ളി:** മീയ്യണ്ണൂർ കൊട്ടുപാറ മുരിങ്ങ മംഗലത്ത് വീട്ടിൽ പരേതനായ ബേബിയുടെ ഭാര്യ അന്നമ്മ ബേബി (88) അന്തരിച്ചു. സംസ്കാരം ഇന്ന് 10ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം 12ന് ചൂരപ്പൊയ്ക സെമിത്തേരിയിൽ. മക്കൾ: ലളിതാമ്മ, ബാബു തോമസ്, രാജൻ, പരേതയായ ലതികാമ്മ. മരുമക്കൾ: ഓമന, ഫ്രാൻസിസ്, ഡാളി, പരേതനായ സ്റ്റാലിൻ.

**സി.വി.മീരാൻ**
**അമ്പലംകുന്ന്:** റിട്ട. സബ് റജിസ്ട്രാർ ചെങ്കൂർ ഷീജാ മൻസിലിൽ സി.വി.മീരാൻ (88) അന്തരിച്ചു. ചെങ്കൂർ മുസ്‌ലിം ജമാഅത്ത് പ്രസിഡന്റും നിർമാണ സമിതി ചെയർമാനുമായിരുന്നു. ഭാര്യ: അസ്മ ബീവി (റിട്ട. ഹെൽത്ത് ഡിപ്പാർട്ടുമെന്റ്). മക്കൾ: ഷീജ, മുഹമ്മദ് ഷാ, ഷകല, ഷെമീൻ, ലൈല. മരുമക്കൾ: പൂക്കുട്ടി (റിട്ട. എക്സൈസ് ഇൻസ്പെക്ടർ), മെഹറുന്നിസ, സുലൈമാൻ (റിട്ട. ഫോറസ്റ്റ്), നസീറ (അധ്യാപിക), സുനിൽ.

**അൽഫോൻസ്**
**നീണ്ടകര:** നീലേശ്വരം തോപ്പ് ക്രിസ്റ്റീന ഭവനിൽ അൽഫോൻസ് (ജോസഫ്-66) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: ത്രേസ്യ. മക്കൾ: ആഗ്നസ്, ക്രിസ്റ്റീന. മരുമക്കൾ: റിച്ചാർഡ്, സന്തോഷ്.

**ബേബിക്കുട്ടി**
**ചെങ്ങമനാട്:** വില്ലൂർ സാബു സദനത്തിൽ ബേബിക്കുട്ടി (76) അന്തരിച്ചു. സംസ്കാരം ഇന്ന് 2ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം വില്ലൂർ ശാലേം മാർത്തോമ്മാ പള്ളിയിൽ. കൈതക്കോട് റ്റാൻസി വില്ലയിൽ കുടുംബാംഗമാണ്. ഭർത്താവ്: ടി.പാപ്പച്ചൻ. മക്കൾ: സാബു പാപ്പച്ചൻ (ബിആർസി പുനലൂർ), ഷിനു പാപ്പച്ചൻ, സജു പാപ്പച്ചൻ (വിമുക്തഭടൻ). മരുമക്കൾ: ബേബി അടിവള്ളൂർ (ബിസിനസ്), എൽസമ്മ സാബു (ബിആർസി കൊട്ടാരക്കര), രാജി സജു.

**എസ്.ബാബു**
**വർക്കല:** എഎൽഎച്ച്ഡബ്ല്യു റിട്ട.ഉദ്യോഗസ്ഥൻ അയിരൂർ ശ്രീനിലയത്തിൽ എസ്.ബാബു (70) അന്തരിച്ചു. ഭാര്യ: ഷീല. മകൾ: അനുഷ. സഞ്ചയനം നാളെ 8.30ന്.

**പി.റോൾഡൻ**
**കുണ്ടറ:** പടപ്പക്കര മൈലാടുംതടം പുത്തൻ വീട്ടിൽ പി.റോൾഡൻ (92) അന്തരിച്ചു. സംസ്കാരം ഇന്നു 10ന് പടപ്പക്കര സെന്റ് ജോസഫ് ചർച്ചിൽ. ഭാര്യ: പരേതയായ റീത്ത. മക്കൾ: ജോൺസൻ, ശശി, മേരിക്കുട്ടി, ഷേർളി, ബിന്ദു, വിജയൻ. മരുമക്കൾ: ചന്ദ്രിക, ഡാളി, നെൽസൺ, ഫ്രാൻസിസ്, സുനിത.

**രാധാമണിയമ്മ**
**പെരുമ്പുഴ:** കൊരണ്ടിപ്പള്ളിക്കു സമീപം കളയ്ക്കാട്ടു വീട്ടിൽ രാധാമണിയമ്മ (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: ഗോപാലകൃഷ്ണപിള്ള. മക്കൾ: അംബിക, അനിൽകുമാർ. മരുമക്കൾ: അജയൻപിള്ള (ലിറ്റിൽഫ്ലവർ സ്കൂൾ, കുണ്ടറ), സുനിത (അശോക ബുക്ക് സ്റ്റാൾ, കൊല്ലം). സഞ്ചയനം ഞായർ 7ന്.

**അംബുജാക്ഷി അമ്മ**
**പെരുമ്പുഴ:** പുനുക്കന്നൂർ വടക്കടത്ത് വീട്ടിൽ പരേതനായ തങ്കപ്പൻ ഉണ്ണിത്താന്റെ ഭാര്യ അംബുജാക്ഷി അമ്മ (87) അന്തരിച്ചു. സംസ്കാരം ഇന്ന് 10ന്. മക്കൾ: രവീന്ദ്രൻ പിള്ള, രമണിയമ്മ, സരസ്വതി അമ്മ, ശ്യാമള ദേവി. മരുമക്കൾ: മണിയമ്മ, വിജയൻ പിള്ള, പരേതരായ കൃഷ്ണപിള്ള, രഘുനാഥ പിള്ള. സഞ്ചയനം ഞായർ 7ന്.

**ബി.ആനന്ദവല്ലി അമ്മ**
**പോരുവഴി:** വടക്കേമുറി ഇരട്ടക്കാലയിൽ കിഴക്കതിൽ (അശ്വതി) ബി.ആനന്ദവല്ലി അമ്മ (77) അന്തരിച്ചു. സംസ്കാരം ഇന്നു 11ന്. മകൾ: എ.അംബിക കുഞ്ഞമ്മ (എച്ച്എം, എൻഎസ്എസ് യുപിഎസ് തുവയൂർ തെക്ക്). മരുമകൻ: കെ.ആർ.അനിൽകുമാർ (റിട്ട. കെഎസ്ഇബി, ഏനാത്ത്). സഞ്ചയനം ഞായർ 8ന്.

**കെ.രാധാകൃഷ്ണപിള്ള**
**ശൂരനാട് വടക്ക്:** മനക്കര എഎം എൽപിഎസ് റിട്ട. എച്ച്എം ആനയടി വിളയിൽ വീട്ടിൽ കെ.രാധാകൃഷ്ണപിള്ള (72) അന്തരിച്ചു. ഭാര്യ: ശ്രീദേവി (റിട്ട. അധ്യാപിക, ജിഎച്ച്എസ് ശൂരനാട്). മകൻ: ജ്യോതിസ്. മരുമകൾ: അഞ്ജു. സഞ്ചയനം തിങ്കൾ 8ന്.

**കളരി ഗുരുക്കൾ പി.തങ്കപ്പൻ**
**തിരുവനന്തപുരം:** പ്രമുഖ കളരി ആചാര്യനും, മാരുതി മർമ ചികിത്സ കളരി സംഘത്തിന്റെ സ്ഥാപകനുമായ, കളരി ഗുരുക്കൾ പി.തങ്കപ്പൻ (96) പുന്നയ്ക്കാമുകൾ കൊങ്കളം (ടിസി 18/810) കരിത്തലയ്ക്കൽ പുത്തൻ വീട്ടിൽ അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് തൈക്കാട് ശാന്തി കവാടത്തിൽ. കേരള കളരിപ്പയറ്റ് അസോസിയേഷന്റെ 'വീര മാർത്താണ്ഡവർമ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്' ജേതാവാണ്. ബിബിസിയുടെ 'ദ് വേ ഓഫ് ദ് വാരിയർ' എന്ന ഡോക്യുമെന്ററിയുടെ ഭാഗമായിട്ടുണ്ട്. ഇന്തോ യൂറോപ്യൻ കൾചറൽ സെന്ററുമായി ചേർന്ന് വിവിധ രാജ്യങ്ങളിൽ കളരി പ്രചാരണത്തിനു വേണ്ടി പ്രവർത്തിച്ചു. ഭാര്യ: പരേതയായ സുമതി. മക്കൾ: ടി.അജിത്കുമാർ, എസ്.ഇന്ദിരാകുമാരി, എസ്.ആശകുമാരി. മരുമക്കൾ: എസ്.സീത, വി.സതികുമാർ, എസ്. സാംകുട്ടി. സഞ്ചയനം ഞായർ 8.30ന്.

**അബ്ദുൽ ജബ്ബാർ**
**കൊല്ലം:** കൊല്ലൂർവിള പള്ളിമുക്ക് പോസ്റ്റ് ഓഫിസ് ജംക്‌ഷനിലെ അബ്ദുൽ ജബ്ബാർ സാമിൽ ഉടമ കൊല്ലൂർവിള പള്ളിക്ക് സമീപം കെടി നഗർ-രണ്ട് ഷജീനാ മൻസിലിൽ അബ്ദുൽ ജബ്ബാർ (86) അന്തരിച്ചു. വർക്കല ലബ്ബവിള കുടുംബാംഗമാണ്. ഭാര്യ: ആരിഫാ ബീവി. മക്കൾ: ഷജീന, സഫീന, ഷജിത, അബ്ദുൽ ഷജിൽ (ബിസിനസ്). മരുമക്കൾ: അബ്ദുൽ റഷീദ് (യുഎഇ), മുഹമ്മദ് നവാസ് (സൗദി), ഹാഷിം സലിം (ആസാദ് ഗ്രൂപ്പ് ഓഫ് കമ്പനി), ഡോ. റെഹ്ന (അക്കാദമിക് കൗൺസിലർ എസ്ജിഐയു, അസി. പ്രഫസർ, ടികെഎം സിഎച്ച്എൽ).

**അഡ്വ. ഇ.എച്ച്. വിജയലക്ഷ്മി കുഞ്ഞമ്മ**
**കല്ലൂപ്പാറ:** ഇണ്ടംതുരുത്തിൽ അഡ്വ. ഇ.എച്ച്. വിജയലക്ഷ്മി കുഞ്ഞമ്മ (77) അന്തരിച്ചു. സംസ്കാരം ഇന്ന് 11.30ന്. ചെങ്ങരൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ലീഗൽ അഡ്വൈസർ, കല്ലൂപ്പാറ പഞ്ചായത്തംഗം, ചങ്ങനാശേരി എൻഎസ്എസ് ഹിന്ദു കോളജ് ലക്ചറർ, കേരള ക്ഷേത്രസംരക്ഷണ മാതൃ സമിതി ജില്ലാ അധ്യക്ഷ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭർത്താവ്: ഇ.എൻ.ഗോപാലകൃഷ്ണൻ (കല്ലൂപ്പാറ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ്). മക്കൾ: ജ്യോതി സതീഷ് (അധ്യാപിക എൻഎസ്എസ് എച്ച്എസ് വെളിയനാട്), ഡോ. മഞ്ജു മധുസൂദനൻ (ഇണ്ടംതുരുത്തിൽ വൈദ്യശാല, ഇരവിപേരൂർ), ഡോ. രോഹിണി വിക്രാന്ത് (അസി. പ്രഫ. മാക്ഫാസ്റ്റ് കോളജ്, തിരുവല്ല). മരുമക്കൾ: സതീഷ് വാളോത്തിൽ (ഇരവിപേരൂർ പഞ്ചായത്ത് അംഗം), പുറമറ്റം തെക്കേടത്ത് ടി.എസ്.മധുസൂദനൻ, വിക്രാന്ത് നായർ (ബയോമെഡിക്കൽ എൻജിനീയർ).

**എൽ.തോമസ്കുട്ടി**
**കടമ്പനാട്:** മോനി ഭവനത്തിൽ (വെള്ളംചാലിൽ വടക്കേതിൽ) എൽ.തോമസ്കുട്ടി (73) അന്തരിച്ചു. സംസ്കാരം നാളെ 2ന് വസതിയിൽ ശുശ്രൂഷയ്ക്ക് ശേഷം 3ന് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ. ഭാര്യ: അടൂർ മേലേടത്ത് മോളി. മക്കൾ: മോൻസി, മോനി, മിൻസി. മരുമക്കൾ: ജോബി, സോമി.

**മേരി ജോൺ അരൂജ**
**പൊന്നാരിമംഗലം:** മൂലേപറമ്പിൽ മേരി ജോൺ അരൂജ (78) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ ജോൺ അരൂജ. മക്കൾ: മാത്യു ആന്റണി അരൂജ (വെറ്ററിനറി ഫീൽഡ് ഓഫിസർ, പുനലൂർ), ആനി ജോയ്സ് ഡിസൂസ (ടീച്ചർ, സെന്റ് ആൻസ് കോൺവന്റ്, പൊന്നാരിമംഗലം). മരുമക്കൾ: വിനീത മേരി ജോസഫ്, ജോൺ ഡിസൂസ.

**ജി.സ്റ്റീഫൻ ജോർജ്**
**തിരുവനന്തപുരം:** പെരുന്താന്നി ചിത്തിര നഗർ കൃപ ഭവനിൽ ജി.സ്റ്റീഫൻ ജോർജ് (പ്രസാദ്-63) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് പാളയം സിഎസ്ഐ ക്രൈസ്റ്റ് ചർച്ചിൽ. ഭാര്യ: ലിസി സ്റ്റീഫൻ. മക്കൾ: ജിജു എസ്.ജോർജ്, ജിജി എസ്.ജോർജ്, ക്രിസ്റ്റിന എസ്.ജോർജ്.

**സി.സേതു ഭായ്**
**തക്കല:** തിരുവിതാംകോട് കോവിൽ വട്ടം പുളിയൻകീഴ് വീട്ടിൽ സി.സേതു ഭായ് (88) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30ന്. ഭർത്താവ്: പരേതനായ ശിവശങ്കരൻ തമ്പി. മക്കൾ: എസ്.മോഹൻകുമാർ, എസ്. വേണുഗോപാൽ, എസ്.രാമചന്ദ്രൻ, എസ്.ഉഷ, എസ്.രമ, എസ്.ശശികുമാർ, എസ്.രതി. മരുമക്കൾ: കെ.ശ്രീവത്സല, ശൈലജ, വിജയലക്ഷ്മി, ശിവാനന്ദൻനായർ, നന്ദകുമാർ, ശാലിനി, സതീഷ്കുമാർ.

**കോരുത് ശാമുവൽ**
**പുതപ്പള്ളി:** ചെങ്കുളം കിഴക്കുംകര പുത്തൻവീട്ടിൽ പരേതനായ പി.ശാമുവലിന്റെ മകൻ കോരുത് ശാമുവൽ (ഷിബു-56) അന്തരിച്ചു. സംസ്കാരം നാളെ 2.30ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം ചെങ്കുളം ഇമ്മാനുവൽ മർത്തോമ്മാ പള്ളിയിൽ. ഭാര്യ: ചെറുവക്കൽ പാറവിള പുത്തൻവീട്ടിൽ മിനി യോഹന്നാൻ. മകൾ: ഡോ. ജോസ്ന കോരുത്.

**പി.എം.തങ്കപ്പൻ**
**പള്ളിമൺ:** കേരള വാട്ടർ അതോറിറ്റി റിട്ട. അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥൻ കിഴക്കേക്കര മുകളുവിള വീട്ടിൽ പി.എം. തങ്കപ്പൻ (86) അന്തരിച്ചു. സംസ്കാരം ഇന്ന് 1ന്. ഭാര്യ: പൊന്നമ്മ. മക്കൾ: ടി.പി.സുധീർ, അഡ്വ. ടി.പി.ദിലീപ് (കൊല്ലം കോടതി), ടി.പി.ദീപുലാൽ. മരുമക്കൾ: ടി.ലത (കേരള വാട്ടർ അതോറിറ്റി, കൊല്ലം), വി.കെ.നിഷ, വിജി.

**രാധാകൃഷ്ണകുറുപ്പ്**
**മടവൂർ:** പുലിയൂർക്കോണം അറുകാഞ്ഞിരം എൻ.ആർ. ഭവനിൽ രാധാകൃഷ്ണകുറുപ്പ് (61) അന്തരിച്ചു. ഭാര്യ: നിർമല. മകൾ: അഞ്ജലി കൃഷ്ണ. മരുമകൻ: വിഷ്ണു. സഞ്ചയനം വെള്ളി 8ന്.

**രാജു**
**കുന്നത്തൂർ:** തോട്ടത്തുമുറി ഷിബു ഭവനിൽ രാജു (63) അന്തരിച്ചു. മൃതദേഹം ഇന്ന് രാവിലെ 9ന് വസതിയിൽ കൊണ്ടുവരും. സംസ്കാരം 1.30ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം 3ന് ശാലോം മാർത്തോമ്മാ പള്ളിയിൽ. ഭാര്യ: റോസമ്മ. മക്കൾ: രാജേഷ് രാജു, ഷിബു രാജു. മരുമക്കൾ: ചിന്നു രാജേഷ്, ജീന ഷിബു.

**ഡി.രാജേന്ദ്രൻ പിള്ള**
**മുളവന:** പേരയം രാഹുൽ ഭവനിൽ ഡി. രാജേന്ദ്രൻ പിള്ള (65) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രത്നമണിയമ്മ. മക്കൾ: രാഗി രാജേന്ദ്രൻ, രാഹുൽ രാജേന്ദ്രൻ. മരുമക്കൾ: അജികുമാർ, നീതു. സഞ്ചയനം നാളെ 7ന്.

**രാമഭദ്രൻ**
**ഒറ്റപ്പാലം:** വിമുക്തഭടൻ പത്തൊൻപതാം മൈൽ ഹൗസിങ് ബോർഡ് കോളനി സായ് സദനിൽ പടിഞ്ഞാറേ നാപ്പാൻ വീട്ടിൽ രാമഭദ്രൻ (85) അന്തരിച്ചു. ഭാര്യ: പത്മാവതി. മക്കൾ: സുകുമാർ, സുനന്ദ. മരുമക്കൾ: ഗായത്രി, സജേഷ് പത്മനാഭൻ.

**ബി.മോഹനൻ നായർ**
**വെമ്പായം:** നെടുവേലി വിശാഖത്തിൽ ബി.മോഹനൻ നായർ (64) അന്തരിച്ചു.

**പി.പി.ഹൈദർ ഹാജി**
**വടക്കേകാട് (തൃശൂർ):** പ്രമുഖ വ്യവസായിയും ഖത്തറിൽ ഉൾപ്പെടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപകനുമായ തൊഴിയൂർ മന്ദംകോട്ട് പി.പി.ഹൈദർ ഹാജി (90) ദോഹയിൽ അന്തരിച്ചു. കബറടക്കം നടത്തി. ഖത്തർ എംഇഎസ് സ്കൂൾ, തൃശൂർ ചിറ്റിലപ്പിള്ളി ഐഇഎസ് പബ്ലിക് സ്കൂൾ, ഐഇഎസ് കോളജ് ഓഫ് എൻജിനീയറിങ്, ഐഇഎസ് കോളജ് ഓഫ് ആർക്കിടെക്ചർ, ഐഇഎസ് കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, ഐഡിയൽ എജ്യുക്കേഷനൽ സൊസൈറ്റി എന്നിവ സ്ഥാപിച്ചു. ഹൈസൺ മോട്ടോഴ്സ്, ഹൈസൺ ഹോട്ടൽസ്, ഹൈസൺ ഹെറിറ്റേജ് എന്നിവയുടെ സ്ഥാപകനും ചെയർമാനുമായിരുന്നു. ഖത്തറിലെ ഫാമിലി ഫുഡ് സെന്റർ സൂപ്പർമാർക്കറ്റ് പടുത്തുയർത്തി. ഖത്തർ ഇൻ കാസിന്റെ പ്രഥമ ഉപദേശകസമിതി അംഗവും ഖത്തർ ഐസിബിഎഫ്, ഐസിസി എന്നിവയുടെ അമരക്കാരിൽ ഒരാളുമായിരുന്നു. ഖത്തറിലെ ഇന്ത്യൻ എംബസിയുമായി ചേർന്ന് ഇന്ത്യൻ ബെനവലന്റ് ഫണ്ടിന് നേതൃത്വം നൽകി. ഭാര്യ: പരേതയായ ജമീല. മക്കൾ: ഫൈസൽ, ജമാൽ, അൻവർ, ആഷിഖ് (നാലുപേരും ഫാമിലി ഫുഡ് സെന്റർ, ഖത്തർ), നസീമ. മരുമക്കൾ: അഷ്റഫ് ഷറഫുദ്ദീൻ (ന്യൂ ഇന്ത്യൻ സൂപ്പർ മാർക്കറ്റ്, ഖത്തർ), ഷക്കീല, റജീന, റജി, റൈസ ഖദീജ.

**അബ്ദുറഹ്മാൻ മൗലവി**
**ആലുവ:** പ്രമുഖ പണ്ഡിതനും ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ ആലുവയിലെ പ്രധാന മുഖവുമായ പുറയാർ അരിമ്പൂരകത്തേട്ട് അബ്ദുറഹ്മാൻ മൗലവി (ഖാലിദ് മൗലവി-68) അന്തരിച്ചു. കബറടക്കം നടത്തി. തോട്ടക്കാട്ടുകര ജുമാമസ്ജിദിലെ അസി. ഇമാമായി സേവനം ചെയ്തു വരികയായിരുന്നു. മാറമ്പിള്ളി ജുമാ മസ്ജിദ്, മുടിക്കൽ ജുമാ മസ്ജിദ്, ചേരാനല്ലൂർ ജുമാ മസ്ജിദ്, കൊല്ലം മുതിരപ്പറമ്പ് ജുമാ മസ്ജിദ് തുടങ്ങി നിരവധി മസ്ജിദുകളിൽ ചീഫ് ഇമാമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: റഷീദ. മക്കൾ: ബുഷ്റ, മുഹമ്മദ് നൂഹ് അൽ ഹസനി. മരുമകൻ: ജമാലുദ്ദീൻ അൽ-ഖാസിമി (ഖതീബ് ചുണ്ടി ജുമാ മസ്ജിദ് ആൻഡ് മുദരിസ് ജാമിഅ കൗസരിയ്യ എടത്തല).

**എസ്.അനിത**
**കോവളം:** വാഴമുട്ടം പുല്ലുകാട് വീട്ടിൽ എസ്.അനിത (58) അന്തരിച്ചു. ഭർത്താവ്: ചന്ദ്രൻ. സഞ്ചയനം വെള്ളി 9ന്.

**ഭുവനേന്ദ്രൻ പിള്ള**
**കിളികൊല്ലൂർ:** ഇലവന്തി സൗഹാർദ നഗർ-76 ലക്ഷ്മിവിലാസം വീട്ടിൽ ഭുവനേന്ദ്രൻ പിള്ള (78) അന്തരിച്ചു. സംസ്കാരം ഇന്ന് 2ന് പോളയത്തോട് വിശ്രാന്തിയിൽ. ഭാര്യ: കനകവല്ലി. മക്കൾ: ശിവപ്രസാദ്, ജയലക്ഷ്മി, ജയപ്രകാശ്. മരുമക്കൾ: നയന, രാജേഷ്.

**അയ്യപ്പൻ ചെട്ടിയാർ**
**കടയ്ക്കൽ:** കോട്ടപ്പുറം അംബിക വിലാസത്തിൽ അയ്യപ്പൻ ചെട്ടിയാർ (87) അന്തരിച്ചു. ഭാര്യ: പരേതയായ രാജമ്മ. മക്കൾ: തങ്കമണി, അംബിക, ഷീല, ഷീജ. മരുമക്കൾ: ചന്ദ്രൻ, സുരേഷ്, അമ്പിളി.

**തങ്കമണി**
**കല്ലുംതാഴം:** പാൽകുളങ്ങര കെ ആർ നഗർ-81 മുരളി സദനത്തിൽ തങ്കമണി (71) അന്തരിച്ചു. സംസ്കാരം നാളെ 10ന് പോളയത്തോട് ശ്മശാനത്തിൽ. ഭർത്താവ്: പരേതനായ ഭരതൻ. മക്കൾ: സേതു, സൂരജ്, ഇന്ദുമതി. മരുമക്കൾ: പ്രീതി, ശ്രീജ, ശ്രീകണ്ഠൻ.

**ബെസ്റ്റിൻ ജേക്കബ്**
**കുമരകം:** മാക്കോറ ജേക്കബിന്റെയും ലൂസിയുടെയും മകൻ ബെസ്റ്റിൻ ജേക്കബ് (ചാക്കോപ്പി-39) അന്തരിച്ചു. മൃതദേഹം ഇന്ന് രാവിലെ 9ന് പള്ളി പാരിഷ് ഹാളിൽ കൊണ്ടുവരും. സംസ്കാരം 11ന് കോതനല്ലൂർ ഗർവാസീസ് ആൻഡ് പ്രോത്താസീസ് പള്ളിയിൽ.

**ആർ.രാധമ്മ**
**പള്ളിപ്പുറം:** രാമനിലയത്തിൽ ആർ.രാധമ്മ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ ആർ.പരമേശ്വരൻപിള്ള (റിട്ട.കെഎസ്ആർടിസി ഇൻസ്പെക്ടർ). മക്കൾ: രാമചന്ദ്രൻ, പ്രീത, പരേതരായ പ്രേമചന്ദ്രൻ, ഗീത, വിജയൻ. മരുമക്കൾ: ചിത്ര, വിജയകുമാർ, സുനിത, രാധാകൃഷ്ണൻ നായർ.

**ഗോമതിയമ്മ**
**അടൂർ:** ചാത്തന്നൂപ്പുഴ വടക്കേ പേക്കോടിയ്ക്കൽ ഗോമതിയമ്മ (70) അന്തരിച്ചു. സംസ്കാരം ഇന്ന് 11ന്. ഭർത്താവ്: ദാമോദരൻ നായർ. മക്കൾ: ജയകുമാരി, ശ്രീകുമാർ. മരുമക്കൾ: വിജയകുമാരൻ നായർ, ശ്രീലേഖ. സഞ്ചയനം ഞായർ 8ന്.

**ജി.ഇന്ദിരാ ദേവി**
**ആലുംകുട്:** മുഖത്തല നടുവിലക്കര അരുണോദയത്തിൽ ജി.ഇന്ദിരാ ദേവി (65) അന്തരിച്ചു. സംസ്കാരം ഇന്നു 4ന്. ഭർത്താവ്: പ്രസന്നകുമാർ. മക്കൾ: പി.അരുൺ, പി.ആതിര. മരുമക്കൾ: ടി.ശരണ്യ, അശോകൻ പിള്ള. സഞ്ചയനം ഞായർ 7ന്.

**ലളിത**
**കരകുളം:** ഹരിഭവനിൽ ലളിത (77) അന്തരിച്ചു. ഭർത്താവ്: വിശ്വനാഥൻ നാടാർ.

## സ്മരണാഞ്ജലി

FIRST DEATH ANNIVERSARY
(22.07.2025)
In loving memory of



JOY PAPPACHAN (68)
DREAM HOUSE
ThekkeVila mukku, Kundara
BY SORROWING FAMILY

Ist Death Anniversary



AKHIL Y. (MBA)
Vimala Sadanam
Two Road, East Kallada
അകാലത്തിൽ ഞങ്ങളെ വിട്ടുപോയ പൊന്നുമോന്റെ ആത്മാവിനു നിത്യ ശാന്തിക്കായി പ്രാർഥിക്കുന്നു.
ദുഃഖിതരായ കുടുംബാംഗങ്ങൾ

സഞ്ചയനം ഇന്ന്
22-07-2025



വി.സി.മോഹൻ (75)
S/o. വി. വാസുദേവൻ ചെപ്പള്ളിൽ
മോഹന വിലാസം, കാവനാട്, കൊല്ലം
സഞ്ചയന കർമങ്ങൾ (22.07.2025) തിരുവനന്തപുരത്തെ മകന്റെ വസതിയിൽ
സ്വസ്തി, SNRA 64 (G)
ശ്രീകാര്യം, കരിയം, തിരുവനന്തപുരം
Mob:9446300642
ഒരിക്കലും മരിക്കാത്ത ഓർമകളുമായി ഈ പുണ്യാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ദുഃഖിതരായ
ഭാര്യ: സരസ്വതി
മകൻ: നിഖിൽമോഹൻ, മരുമകൾ: അശ്വനി
ചെറുമക്കൾ: ആര്യാവ്, വിയാൻ

ഒന്നാം ചരമവാർഷികം
(22-07-2025)



കെ. രാജശേഖരൻ പിള്ള
പ്ലാവിളയിൽ
വരവിള, കരുനാഗപ്പള്ളി
ദുഃഖസ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ

## സ്മരണാഞ്ജലി

16-ാം ചരമവാർഷികം
(22-07-2025)



സി.പി. തോമസ്
(റിട്ട. ഹെഡ്മാസ്റ്റർ)
കിണറ്റുംവീട്, പുല്ലിച്ചിറ
പ്രാർഥനയോടെ
ഭാര്യ: സ്റ്റാൻസി തോമസ്
മക്കൾ, മരുമക്കൾ & ചെറുമക്കൾ

സംസ്കാരം നാളെ
(23-07-2025)



ശോശാമ്മ ജോൺ (85)
ഷാലോം
തണൽ നഗർ, കേരളപുരം
സംസ്കാരം ബുധനാഴ്ച പകൽ 11.00 മണിക്ക് കൊല്ലം കടപ്പാക്കട സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് കത്തീഡ്രൽ സെമിത്തേരിയിൽ.
പ്രാർഥനയോടെ
കുടുംബാംഗങ്ങൾ

സംസ്കാരം നാളെ
(23.07.2025)



റ്റി.ജി. ജോർജ് (101)
തോക്കാട്ട് പുത്തൻവീട്
പള്ളിക്കവിള, കിഴക്കേകല്ലട
ഭൗതികശരീരം രാവിലെ 9.30ന് ഭവനത്തിൽ കൊണ്ടുവരുന്നതും ഉച്ചയ്ക്ക് 2 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം കല്ലട നിലമേൽ മാർത്തോമ്മാ ഇടവകയിൽ സംസ്കാരം നടക്കുന്നതായിരിക്കും. ഭാര്യ: പരേതയായ മറിയാമ്മ ജോർജ് കുരീപ്പള്ളി മുളവിള കുടുംബാംഗം.

# മനോരമ sports



സിറാജ്

## നാളെ ബുമ്ര കളിക്കും: സിറാജ്

മാഞ്ചസ്റ്റർ● ഇംഗ്ലണ്ടിനെതിരെ നാളെ തുടങ്ങുന്ന നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യൻ പേസർ ജസ്പ്രീത് ബുമ്ര കളിക്കുമെന്ന് സഹ പേസർ മുഹമ്മദ് സിറാജ്. ' ജസ്സി ഭായ് (ബുമ്ര) നാലാം ടെസ്റ്റിൽ കളിക്കുമെന്നാണ് എന്റെ അറിവ്. പരുക്കുമൂലം പല താരങ്ങളും ടീമിൽ നിന്നു പുറത്തായി. ഈ സാഹചര്യത്തിൽ അദ്ദേഹം കളിച്ചേ മതിയാകൂ. ബുമ്രയെ കേന്ദ്രീകരിച്ചാണ് ടീമിന്റെ ബോളിങ് കോംബിനേഷൻ'- സിറാജ് പറഞ്ഞു.

SPORTS LIVE

**വനിതാ യൂറോ കപ്പ് സെമിഫൈനൽ**
ഇംഗ്ലണ്ട്- ഇറ്റലി
*(രാത്രി 12.30, ഫാൻകോഡ് ആപ്)*

**ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിനം**
*(വൈകിട്ട് 5.30, സോണി ടെൻ, സോണി ലിവ്)*

## വംശീയാധിക്ഷേപം: ജെസ് കാർട്ടറിനെ പിന്തുണച്ച് ഫിഫ



ജെസ് കാർട്ടർ

സൂറിക് (സ്വിറ്റ്സർലൻഡ്) ● വനിതാ യൂറോ കപ്പ് ഫുട്ബോളിനിടെ വംശീയാധിക്ഷേപം നേരിട്ടു എന്നു വെളിപ്പെടുത്തിയ ഇംഗ്ലണ്ട് താരം ജെസ് കാർട്ടറെ ഫിഫ പൂർണമായും പിന്തുണയ്ക്കുമെന്ന് പ്രസിഡന്റ് ജിയാനി ഇൻഫന്റിനോ. ആഫ്രിക്കൻ വംശജയായ ഇരുപത്തിയേഴുകാരി കാർട്ടർ, സെമിവരെയുള്ള ഇംഗ്ലണ്ടിന്റെ എല്ലാ മത്സരങ്ങളിലും കളിച്ചിരുന്നു. വംശീയാധിക്ഷേപം കാരണം ടൂർണമെന്റ് തീരും വരെ സമൂഹമാധ്യമങ്ങളിൽ നിന്ന് പിൻവാങ്ങുന്നതായി കാർട്ടർ ഞായറാഴ്ച അറിയിച്ചിരുന്നു.

## നേപ്പാൾ ക്രിക്കറ്റ് ടീമിന് ബെംഗളൂരുവിൽ പരിശീലനം നൽകും

ന്യൂഡൽഹി ● നേപ്പാൾ ദേശീയ ക്രിക്കറ്റ് ടീമിനു ബെംഗളൂരുവിലെ ബിസിസിഐ സെന്റർ ഓഫ് എക്സലൻസിൽ പരിശീലനം നൽകും. ട്വന്റി20 ലോകകപ്പിന്റെ യോഗ്യതാ മത്സരങ്ങൾക്കു മുന്നോടിയായാണ് ഓഗസ്റ്റ് 20 മുതൽ സെപ്റ്റംബർ 4 വരെ നേപ്പാൾ ടീമിനു ബെംഗളൂരുവിൽ പരിശീലനം ലഭ്യമാക്കുന്നത്. ഒമാനിൽ ഒക്ടോബറിലാണു യോഗ്യതാ മത്സരങ്ങൾ.

## ഓസ്ട്രേലിയയ്ക്ക് 3 വിക്കറ്റ് ജയം

കിങ്സ്റ്റൻ ● വെസ്റ്റിൻഡീസിനെതിരായ ട്വന്റി20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയയ്ക്ക് 3 വിക്കറ്റ് ജയം. അരങ്ങേറ്റക്കാരൻ മിച്ചൽ ഓവന്റെ അർധസെഞ്ചറിക്കരുത്തിൽ (27 പന്തിൽ 50) 190 റൺസ് വിജയലക്ഷ്യം ഓസ്ട്രേലിയ അനായാസം പിന്തുടർന്നു ജയിച്ചു. ഇരുപത്തിമൂന്നുകാരൻ ഓവൻ ഒരു വിക്കറ്റും നേടി. സന്ദർശകർക്കായി കാമറൺ ഗ്രീനും (26 പന്തിൽ 51) അർധ സെഞ്ചറി നേടി. സ്കോർ: വെസ്റ്റിൻഡീസ് 20 ഓവറിൽ 8ന് 189 (ചെയ്സ് 60, ബെൻ ഡ്വാർഷ്യസ് 4-36), ഓസ്ട്രേലിയ 18.5 ഓവറിൽ 7ന് 190 (ഗ്രീൻ 51, ഓവൻ 50, ഗുടകേഷ് മോട്ടി 2-29).

## ദക്ഷിണാഫ്രിക്ക ഫൈനലിൽ

ഹരാരെ ● സിംബാബ്‌വെയ്ക്കെതിരെ 7 വിക്കറ്റ് ജയത്തോടെ ദക്ഷിണാഫ്രിക്ക ത്രിരാഷ്ട്ര ട്വന്റി20 പരമ്പരയുടെ ഫൈനലിൽ കടന്നു. ആദ്യം ബാറ്റു ചെയ്ത സിംബാബ്‌വെ ഉയർത്തിയ 145 റൺസ് വിജയലക്ഷ്യം ദക്ഷിണാഫ്രിക്ക 17.2 ഓവറിൽ മറികടന്നു. ദക്ഷിണാഫ്രിക്ക-ന്യൂസീലൻഡ് ഫൈനൽ ശനിയാഴ്ച നടക്കും. സ്കോർ: സിംബാബ്‌വെ 20 ഓവറിൽ 6ന് 144 (ബെന്നറ്റ് 61, കോർബിൻ ബോഷ് 2-16), ദക്ഷിണാഫ്രിക്ക 17.2 ഓവറിൽ 3ന് 145 (ഹെർമൻ 61, ദസൻ 52).

## വനിതാ ലോകകപ്പ്: ദിവ്യ സെമിയിൽ

ബാതുമി(ജോർജിയ) ● ഇന്ത്യയുടെ ദിവ്യ ദേശ്മുഖ് വനിതാ ചെസ് ലോകകപ്പ് സെമിഫൈനലിൽ. ഇന്ത്യക്കാരി ഡി.ഹരികയെയാണ് ദിവ്യ ക്വാർട്ടറിൽ തോൽപിച്ചത്. ടൈബ്രേക്കറിൽ 2-0നായിരുന്നു ദിവ്യയുടെ ജയം. കൊനേരു ഹംപി, ടാൻ സോങ്യി, ലീ ടിങ് ജി എന്നിവർ നേരത്തേ സെമിയിലെത്തിയിട്ടുണ്ട്.

## ചെസ് ലോകകപ്പ് ഇന്ത്യയിൽ

ന്യൂഡൽഹി ● ഈ വർഷത്തെ ചെസ് ലോകകപ്പ് ഒക്ടോബർ 30 മുതൽ നവംബർ 27 വരെ ഇന്ത്യയിൽ നടക്കും. ആതിഥേയ നഗരം ഏതാണെന്നു വൈകാതെ പ്രഖ്യാപിക്കുമെന്നു ലോക ചെസ് സംഘടനയായ ഫിഡെ അറിയിച്ചു.

## ഫ്രീസ്റ്റൈൽ ചെസ്: അരോണിയന് കിരീടം

ലാസ് വേഗസ് (യുഎസ്)● ഫ്രീസ്റ്റൈൽ ഗ്രാൻഡ് സ്ലാം ചെസ് ടൂർണമെന്റിൽ അമേരിക്കൻ താരം ലെവൻ അരോണിയനു കിരീടം. ഫൈനലിൽ അരോണിയൻ അമേരിക്കയുടെ തന്നെ ഹാൻസ് നീമാനെ തോൽപിച്ചു. (1.5- 0.5).

## സബ് ജൂനിയർ ബോക്സിങ്

കണ്ണൂർ ● ബോക്സിങ് ടെക്നിക്കൽ കമ്മിറ്റി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന സംസ്ഥാന സബ് ജൂനിയർ (ആൺ, പെൺ) ബോക്സിങ് ചാംപ്യൻഷിപ് 27 മുതൽ 29 വരെ കണ്ണൂർ സ്പോർട്സ് സ്കൂളിൽ നടക്കും. 2011 ജനുവരി ഒന്നിനും 2012 ഡിസംബർ 31നും മധ്യേ ജനിച്ചവർക്ക് അവസരം. ഫോൺ: 97467 40720.



ഇന്ത്യൻ താരങ്ങളായ അഭിമന്യു ഈശ്വരൻ (ഇടത്), കരുൺ നായർ (നടുവിൽ), ധ്രുവ് ജുറേൽ എന്നിവർ പരിശീലനത്തിനിടെ.

**▸▸ ഇന്ത്യ– ഇംഗ്ലണ്ട് നാലാം ടെസ്റ്റ് നാളെമുതൽ മാഞ്ചസ്റ്ററിൽ**

**▸▸ ഇന്ത്യയ്ക്ക് വെല്ലുവിളിയായി ബാറ്റിങ് ഓർഡറിലെ അസ്ഥിരത**

# 1 2 3 4 5 6
# ആളുണ്ടോ?

മാഞ്ചസ്റ്റർ● ഇംഗ്ലണ്ടിനെതിരായ നാലാം ടെസ്റ്റ് നാളെ മാഞ്ചസ്റ്ററിൽ തുടങ്ങുമ്പോൾ കളിക്കാരുടെ പരുക്കിനെക്കാൾ ടീം ഇന്ത്യയെ അലട്ടുന്നത് ബാറ്റിങ് ഓർഡറിലെ പ്രതിസന്ധിയാണ്. മൂന്നാം നമ്പറിലും ആറാം നമ്പറിലും കളിക്കുന്ന ബാറ്റർമാർ ഫോമിലേക്ക് ഉയരാത്തതു ടീമിനു തലവേദനയാണ്. പരമ്പരയിൽ 2-1നു പിന്നിലാണ് ഇന്ത്യ.

**മൂന്നാമൻ ആര്?**

ആദ്യ ടെസ്റ്റിൽ മൂന്നാം നമ്പറിൽ ബാറ്റ് ചെയ്യാൻ എത്തിയത് യുവതാരം സായ് സുദർശൻ ആയിരുന്നു. 0, 30 എന്നിങ്ങനെയായിരുന്നു രണ്ട് ഇന്നിങ്സുകളിലും സായിയുടെ സ്കോർ. ഇതോടെ സായിയെ മാറ്റി രണ്ടും മൂന്നും ടെസ്റ്റുകളിൽ കരുൺ നായരെ മൂന്നാം നമ്പറിൽ ഇറക്കി. 31, 26, 40, 14 എന്നിങ്ങനെയാണ് മൂന്നാം നമ്പറിൽ 4 ഇന്നിങ്സുകളിലായി കരുണിന്റെ നേട്ടം. ബാറ്റിങ് ഓർഡറിൽ ഏറ്റവും തന്ത്രപ്രധാനമായ പൊസിഷനാണു മൂന്നാം നമ്പർ. എന്നാൽ, ഈ സ്ഥാനത്തു സ്ഥിരതയോടെ കളിക്കാൻ സാധിക്കുന്ന ബാറ്റർ ഇല്ലാത്തത് ഇന്ത്യയ്ക്കു പരമ്പരയിൽ ഉടനീളം തിരിച്ചടിയായി. നാലാം ടെസ്റ്റിലേക്കു വരുമ്പോൾ കരുണിനു പകരം സായിയെ തിരികെ മൂന്നാം നമ്പറിൽ കൊണ്ടുവരണമെന്ന് ആവശ്യമുണ്ട്. അരങ്ങേറ്റത്തിനായി കാത്തിരിക്കുന്ന അഭിമന്യു ഈശ്വരനു മൂന്നാം നമ്പറിൽ അവസരം നൽകണമെന്നു വാദിക്കുന്നവരുമുണ്ട്. മുൻപ് രാഹുൽ ദ്രാവിഡ് മുതൽ ചേതേശ്വർ പൂജാര വരെ അനായാസം കൈകാര്യം ചെയ്ത മൂന്നാം നമ്പറിനാണ് ഈ പ്രതിസന്ധിയെന്നോർക്കണം!

**ആറിൽ അസ്ഥിരത**

മൂന്നാം നമ്പറിലെ പ്രശ്നമല്ല ആറാം നമ്പറിൽ. അവിടെ ആള് കൂടിയതാണ് പ്രശ്നം. രവീന്ദ്ര ജഡേജ, നിതീഷ് കുമാർ റെഡ്ഡി, ഋഷഭ് പന്ത്, കരുൺ നായർ എന്നിങ്ങനെ 4 ബാറ്റർമാർ ഇതിനോടകം ആറാം നമ്പറിൽ ഭാഗ്യപരീക്ഷണം നടത്തിക്കഴിഞ്ഞു. ഇതിൽ രവീന്ദ്ര ജഡേജയ്ക്കു മാത്രമാണ് 50നു മുകളിൽ സ്കോർ നേടാൻ സാധിച്ചത്. മധ്യനിരയിലെ ബാറ്റിങ് നിയന്ത്രിക്കുകയും വാലറ്റക്കാർക്കൊപ്പം ഇന്നിങ്സ് കെട്ടിപ്പടുക്കുകയും ചെയ്യാൻ ചുമതലയുള്ള ബാറ്റിങ് പൊസിഷനാണ് ആറാം നമ്പർ. ഇവിടെ അനുഭവസമ്പത്തുള്ള ജഡേജ തന്നെ തുടരണമെന്ന് അഭിപ്രായമുണ്ട്. എന്നാൽ ആദ്യ നിര ക്രിക്കറ്റിൽ മികച്ച ബാറ്റിങ് റെക്കോർഡുള്ള വാഷിങ്ടൻ സുന്ദറിനെ ആറാം നമ്പറിൽ പരീക്ഷിക്കണമെന്നും അതല്ല, നിതീഷാണ് ആറാം നമ്പറിൽ യോഗ്യൻ എന്നും കരുതുന്നവരുണ്ട്. നിതീഷ് പരുക്കേറ്റു പുറത്തായതോടെ ടീമിൽ തിരിച്ചെത്താൻ സാധ്യതയുള്ള ഷാർദൂൽ ഠാക്കൂറിനെയും ആറാം നമ്പറിൽ പരീക്ഷിച്ചേക്കാം. ഇവരെയെല്ലാം മറികടന്ന് യുവതാരം ധ്രുവ് ജുറേൽ ആറാം നമ്പറിൽ എത്താനുള്ള സാധ്യതയും കുറവല്ല.

### ടീമല്ല, കളിക്കാരാണ് മാറേണ്ടത്: ഗംഭീർ

മാഞ്ചസ്റ്റർ● 'കളിക്കാർ ടീമിനു വേണ്ടി സ്വയം മാറണോ, അതോ ടീം കളിക്കാർക്ക് അനുസരിച്ച് മാറ്റങ്ങൾ വരുത്തണോ?'- മാഞ്ചസ്റ്ററിൽ വച്ച് കണ്ടുമുട്ടിയ ഇന്ത്യൻ ക്രിക്കറ്റ് ടീം പരിശീലകൻ ഗൗതം ഗംഭീറും മാഞ്ചസ്റ്റർ യുണൈറ്റഡ് ഫുട്ബോൾ ക്ലബ് പരിശീലകൻ റൂബൻ അമോറിയവും തമ്മിലുള്ള പ്രധാന ചർച്ച ഇതായിരുന്നു. 'ഒരു പരിശീലകന്റെ ചിന്തകളും ആശങ്കകളുമാണ് റൂബനുമായി പങ്കുവച്ചത്. മേഖല വ്യത്യസ്തമാണെങ്കിലും പരിശീലകർ നേരിടുന്ന വെല്ലുവിളി സമാനമാണ്. പുതിയൊരു താരം ടീമിലേക്കു വരുമ്പോൾ ടീമിന്റെ രീതികൾക്കനുസരിച്ച് അദ്ദേഹം മാറണം. അല്ലാതെ ഓരോ താരത്തിനും അനുസരിച്ച് ടീമിനെ മാറ്റാൻ പറ്റില്ല. ഈ കാര്യത്തിൽ റൂബനും സമാന അഭിപ്രായമാണ്'- ഗംഭീർ പറഞ്ഞു. യുണൈറ്റഡിന്റെ ട്രെയ്നിങ് ഗ്രൗണ്ടായിരുന്നു സൗഹൃദ സദസ്സിന്റെ വേദി.



ഗൗതം ഗംഭീറും (ഇടത്) റൂബൻ അമോറിയവും.

### നിതീഷിന് പരുക്ക്: പരമ്പര നഷ്ടമാകും

മാഞ്ചസ്റ്റർ● കാൽമുട്ടിനു പരുക്കേറ്റ ഇന്ത്യൻ ഓൾറൗണ്ടർ നിതീഷ് കുമാർ റെഡ്ഡിക്ക് ഇംഗ്ലണ്ട് പരമ്പരയിലെ ശേഷിക്കുന്ന മത്സരങ്ങൾ നഷ്ടമാകും. പരിശീലനത്തിനിടെ നിതീഷിന്റെ കാലിന്റെ ലിഗ്മെന്റിനു പരുക്കേറ്റതായും തുടർ ചികിത്സയ്ക്കായി നിതീഷ് നാട്ടിലേക്ക് മടങ്ങുമെന്നും ടീം മാനേജ്മെന്റ് അറിയിച്ചു. പരിശീലനത്തിനിടെ കൈവിരലിനു പരുക്കേറ്റ പേസർ അർഷ്ദീപ് സിങ്ങും നാലാം ടെസ്റ്റിന് ഉണ്ടാവില്ല.

### പന്ത് പരിശീലനം നടത്തി

മൂന്നാം ടെസ്റ്റിനിടെ കൈവിരലിനു പരുക്കേറ്റ ഋഷഭ് പന്ത് ഇന്നലെ നെറ്റ്സിൽ പരിശീലനത്തിനിറങ്ങി. ബാറ്റിങ്ങിലും വിക്കറ്റ് കീപ്പിങ്ങിലും പരിശീലനം നടത്തി. ലോഡ്സ് ടെസ്റ്റിൽ വിക്കറ്റ് കീപ്പിങ്ങിൽ നിന്ന് പന്ത് വിട്ടു നിന്നിരുന്നു.

ധ്രുവ് ജുറേലായിരുന്നു പന്തിനു പകരം കീപ്പറായത്.

### ശുഐബിനു പകരം ഡോസൺ

പരുക്കേറ്റ സ്പിന്നർ ശുഐബ് ബഷീറിനു പകരം മുപ്പത്തിയഞ്ചുകാരൻ ഇടംകൈ സ്പിന്നർ ലിയാം ഡോസണെ ഇംഗ്ലണ്ട് ടീമിൽ ഉൾപ്പെടുത്തി. 8 വർഷത്തിനു ശേഷമാണ് ഡോസൺ ഇംഗ്ലണ്ട് ടീമിലെത്തുന്നത്. ലോഡ്സ് ടെസ്റ്റിന് ഇറങ്ങിയ ടീമിൽനിന്ന് ഇംഗ്ലണ്ട് ടീമിലെ ഏകമാറ്റവും ഇതാണ്.

## യമാലിന്റെ ജഴ്സിക്ക് വൻ ഡിമാൻഡ്; ബാർസയ്ക്കു കോളടിച്ചു!

മഡ്രിഡ് ● മറഡോണയും മെസ്സിയും റൊണാൾഡീഞ്ഞോയുമൊക്കെ ധരിച്ച നമ്പർ 10 ജഴ്സി പതിനെട്ടുകാരൻ ലമീൻ യമാലിനു നൽകുമ്പോൾ ബാർസിലോന ക്ലബ് ഇത്രയും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. ലോകഫുട്ബോളിലെ പുതിയ 'കൗമാരസംഭവമായി' മാറിക്കഴിഞ്ഞ യമാലിന്റെ പേരെഴുതിയ 10-ാം നമ്പർ ജഴ്സി ലോകമെമ്പാടും ചൂടോടെ വിറ്റുപോവുകയാണ്. ബുധനാഴ്ചയാണു യമാലിനെ 10-ാം നമ്പർ താരമായി ക്ലബ് പ്രഖ്യാപിച്ചത്. 2 ദിവസത്തിനകം വിറ്റുപോയത് 70,000 ജഴ്സികളാണ്. ഇത്രയും വലിയ ജഴ്സി വിൽപന ക്ലബ് ചരിത്രത്തിൽ തന്നെ ആദ്യമായാണ്. ഈ കച്ചവടത്തിൽനിന്നു മാത്രം 10 ദശലക്ഷം യൂറോ (ഏകദേശം 100 കോടി രൂപ) ബാർസയ്ക്കു വരുമാനമുണ്ടായെന്നാണു റിപ്പോർട്ട്. ജഴ്സി വിൽപന ചൂടോടെ പുരോഗമിക്കുമ്പോഴും ചെറിയൊരു കാര്യത്തിൽ മാത്രമാണ് ആരാധകർക്കു നിരാശ. ഒരു സാധാരണ ജഴ്സിക്ക് 135 യൂറോ (13,610 രൂപ)യാണ് വില. സ്പെഷൽ എഡിഷന് ഇതിലും കൂടും!




യമാലിന്റെ പേരെഴുതിയ ജഴ്സി വിൽപനയ്ക്കു വച്ചിരിക്കുന്നു.

## വീനസ് വില്യംസ് വീണ്ടും വരുന്നു

വാഷിങ്ടൻ ● ഒരു വർഷത്തെ ഇടവേളയ്ക്കുശേഷം 45 വയസ്സിന്റെ ചെറുപ്പവുമായി വീനസ് വില്യംസ് വീണ്ടും ടെന്നിസ് കോർട്ടിലേക്ക്. ഡിസി ഓപ്പണിൽ വൈൽഡ് കാർഡ് എൻട്രിയായി എത്തുന്ന വീനസിനു സഹോദരി സെറീനകൂടി കളിക്കാൻ എത്തണമെന്ന മോഹവുമുണ്ട്. 'സെറീനകൂടി ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. അവൾ ഒപ്പമില്ലാത്തത് ഞാൻ ശരിക്കും അറിയുന്നു' വീനസ് പറഞ്ഞു. 23 ഗ്രാൻസ്ലാം ട്രോഫികൾ നേടിയിട്ടുള്ള സെറീന, വീനസിനൊപ്പം 13 ഡബിൾസ് കിരീടങ്ങളും ജയിച്ചിട്ടുണ്ട്. സെറീന (43) 2022 യുഎസ് ഓപ്പണിലാണ് അവസാനം കളിച്ചത്. 5 വിമ്പിൾഡണും 2 യുഎസ് ഓപ്പണും നേടിയിട്ടുള്ള വീനസ് അവസാനം കളിച്ചത് കഴിഞ്ഞ വർഷത്തെ മയാമി ഓപ്പണിലാണ്. ആദ്യ റൗണ്ടിൽ പുറത്തായി.

വീനസിന്റെ വരവ് സംഘാടകർക്കും കാണികൾക്കും ആവേശമായിട്ടുണ്ട്. കൂടുതൽ ടൂർണമെന്റുകളിൽ പങ്കെടുക്കണോയെന്ന് ഡിസി ഓപ്പണിനുശേഷം തീരുമാനിക്കും- വീനസ് പറഞ്ഞു.



വീനസ് വില്യംസ്

**ലോക സർവകലാശാല ഗെയിംസ്**

## 6 താരങ്ങൾക്ക് അവസരം നഷ്ടമായി

ന്യൂഡൽഹി ● ലോക സർവകലാശാല ഗെയിംസിൽ പങ്കെടുക്കാൻ ജർമനിയിലെത്തിയ ഇന്ത്യയുടെ ബാഡ്മിന്റൻ ടീമംഗങ്ങളെ അധികൃതരുടെ പിഴവിനെത്തുടർന്ന് അയോഗ്യരാക്കിയതായി ആരോപണം. ബാഡ്മിന്റൻ മിക്സ്ഡ് ഡബിൾ മത്സരത്തിൽ വെങ്കല മെഡൽ നേടിയ സംഘത്തിലെ താരങ്ങളെയാണ് വ്യക്തിഗത മത്സരത്തിൽ പങ്കെടുക്കാൻ അനുവദിക്കാതെ പുറത്താക്കിയത്. ഇന്ത്യൻ സംഘത്തിലെ എല്ലാ അംഗങ്ങളുടെയും പേര് വ്യക്തമായി നൽകുന്നതിൽ ടീം മാനേജ്മെന്റിന് പിഴവുണ്ടായതിനാലാണ് അവസരം നഷ്ടമായതെന്ന് താരങ്ങൾ ആരോപിച്ചു. 12 പേരടങ്ങുന്ന സംഘമാണ് ലോക സർവകലാശാല ഗെയിംസ് ബാഡ്മിന്റൻ മത്സരങ്ങൾക്കു ജർമനിയിലെ റിനെ-റൂറിലെത്തിയത്. ഡബിൾ മത്സരങ്ങൾ കളിച്ച ടീമുകൾ മക്കാവു, ഹോങ്കോങ്, യുഎസ്എ എന്നീ രാജ്യങ്ങളെ പരാജയപ്പെടുത്തി വെങ്കല മെഡൽ നേടി. എന്നാൽ വ്യക്തിഗത മത്സരങ്ങളുടെ ലിസ്റ്റിൽ ഇന്ത്യൻ താരങ്ങളുടെ പേര് ഉൾപ്പെട്ടില്ല. ഇതോടെ 12 അംഗ സംഘത്തിലെ 6 പേർക്ക് മത്സരങ്ങൾക്കിറങ്ങാൻ സാധിച്ചില്ല. സംഭവത്തെക്കുറിച്ച് മാനേജർമാർ വിശദീകരണം പോലും നൽകിയില്ലെന്നും അനീതിയാണ് കാണിച്ചതെന്നും താരങ്ങൾ പരാതിപ്പെട്ടു. കൂടാതെ ജഴ്സിയിൽ പേര് തെറ്റായി നൽകിയതിനും രാജ്യത്തിന്റെ പേര് പ്രദർശിപ്പിക്കാത്തതിനും താരങ്ങൾക്ക് മത്സരത്തിനിടെ 1000 യൂറോ പിഴ നൽകേണ്ടിവന്നെന്നും ആരോപണമുണ്ട്.

## ചാംപ്യൻസ് ലീഗ് ട്വന്റി20 പുനരാരംഭിച്ചേക്കും

കാലലംപൂർ● വിവിധ രാജ്യങ്ങളിലെ ഫ്രാഞ്ചൈസി ക്രിക്കറ്റ് ലീഗുകളിലെ ടീമുകൾ പങ്കെടുക്കുന്ന ചാംപ്യൻസ് ലീഗ് ട്വന്റി20 ടൂർണമെന്റ് പുനരാരംഭിച്ചേക്കും. കഴിഞ്ഞ ദിവസം സിംഗപ്പൂരിൽ സമാപിച്ച രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ (ഐസിസി) വാർഷിക സമ്മേളനത്തിൽ ടൂർണമെന്റ് പുനരാരംഭിക്കാൻ തീരുമാനിച്ചതായി വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇതുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇന്ത്യ, ഇംഗ്ലണ്ട്, ഓസ്ട്രേലിയ ക്രിക്കറ്റ് ബോർഡുകൾ അനുകൂല സമീപനം സ്വീകരിച്ചതായാണ് വിവരം. എന്നാൽ ടൂർണമെന്റ് ഈ വർഷം പുനരാരംഭിക്കുമോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

ഐസിസി നിയുക്ത സിഇഒ സൻജോഗ് ഗുപ്തയുടെ നേതൃത്വത്തിലായിരുന്നു സമ്മേളനം. 2014ലായിരുന്നു ചാംപ്യൻസ് ലീഗ് അവസാനമായി നടന്നത്. അന്ന് ഇന്ത്യയിൽ നടന്ന ടൂർണമെന്റിൽ ഐപിഎൽ ടീം ചെന്നൈ സൂപ്പർ കിങ്സാണ് വിജയികളായത്.

### ടെസ്റ്റിന് ദ്വിതല സംവിധാനം

റാങ്കിങ്ങിൽ മുന്നിലുള്ള ടീമുകൾക്ക് പ്രാധാന്യം നൽകുന്ന ദ്വിതല ടെസ്റ്റ് സംവിധാനവുമായി മുന്നോട്ടുപോകാനുറച്ച് ഐസിസി. വാർഷിക സമ്മേളനത്തിൽ ദ്വിതല ടെസ്റ്റ് സംവിധാനം ചർച്ച ചെയ്തപ്പോൾ അംഗങ്ങൾ അനുകൂല നിലപാട് സ്വീകരിച്ചു. നിലവിൽ 9 ടീമുകളാണ് ടെസ്റ്റ് ചാംപ്യൻഷിപ്പിൽ കളിക്കുന്നത്. ഇത് 12 ആയി ഉയർത്തും. ഇവരെ 6 ടീമുകൾ വീതം 2 ഗ്രൂപ്പുകളാക്കും. പ്രകടനം അനുസരിച്ച് ടീമുകൾക്കു പ്രമോഷനും തരംതാഴ്ത്തലും ഉണ്ടാകും. ടൂർണമെന്റിന്റെ അന്തിമ ഘടന ഈ വർഷം അവസാനത്തോടെ തീരുമാനിക്കും. അടുത്ത 3 ടെസ്റ്റ് ചാംപ്യൻഷിപ് ഫൈനലുകൾക്കും ഇംഗ്ലണ്ട് തന്നെ വേദിയാകുമെന്നും ഐസിസി അറിയിച്ചു.



ലാൽറാം

## ലാൽറാം ഗോകുലത്തിൽ

കോഴിക്കോട്● റിയൽ കശ്മീർ എഫ്സിയുടെ മിന്നുംതാരം ലാൽറാം ദിൻസാങ റാൾട്ടെയെ സ്വന്തമാക്കി ഗോകുലം കേരള എഫ്സി. മിസോറാമുകാരനായ മധ്യനിരതാരം ലാൽറാം ഐലീഗിന്റെ കഴിഞ്ഞ സീസണിൽ 22 മത്സരങ്ങളിലാണ് കശ്മീരിനുവേണ്ടി കളത്തിലിറങ്ങിയത്. സുദേവ ഡൽഹി, പഞ്ചാബ് എഫ്സി തുടങ്ങിയ ക്ലബ്ബുകളിലും കളിച്ചിട്ടുണ്ട്.

# വരുമോ ഖാലിദ് ERA?

**ജോ മാത്യു**

2019ൽ ഇന്ത്യൻ ഫുട്ബോൾ പരിശീലകൻ ഖാലിദ് ജമീൽ ഇൻസ്റ്റഗ്രാം അക്കൗണ്ട് തുടങ്ങിയപ്പോൾ ആദ്യം പോസ്റ്റ് ചെയ്തത് 1998ലെ ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ചിത്രമാണ്. ഇടതുവശത്ത് ഐ.എം. വിജയൻ. വലതു വശത്ത് ജോ പോൾ അഞ്ചേരി. ജോ പോളിന്റെ തോളോടുതോൾ ചേർന്ന് ഖാലിദ് ജമീൽ. ടീം ക്യാപ്റ്റൻ ബൈചുങ് ബൂട്ടിയയുടെ നീലക്കടുവകൾ എന്നറിയപ്പെട്ടിരുന്ന ടീമിന്റെ മിഡ്ഫീൽഡ് ജനറലായിരുന്നു ഖാലിദ്. 2006ൽ പരുക്കിനെത്തുടർന്ന് പ്ലേയിങ് കരിയർ അവസാനിച്ചെങ്കിലും 3 വർഷത്തിനു ശേഷം ഖാലിദ് പരിശീലകനായി കളിക്കളത്തിലേക്കു തിരിച്ചുവന്നു. ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ മുഖ്യപരിശീലകനാവാൻ അപേക്ഷ നൽകിയവരുടെ നിരയിൽ ആദ്യ സ്ഥാനത്തുണ്ട് നാൽപത്തിയെട്ടുകാരൻ ഖാലിദ്. ബയോഡേറ്റയിൽ നേട്ടങ്ങൾ എന്ന കോളത്തിലെ ഐഎസ്എൽ ടീമിന്റെ ആദ്യ ഇന്ത്യൻ ഹെഡ് കോച്ച്, 2023-24, 24-25 വർഷങ്ങളിലെ മികച്ച ഇന്ത്യൻ ഫുട്ബോൾ പരിശീലകൻ എന്നീ പോയിന്റുകൾ ഖാലിദിന്റെ സാധ്യതകൾ വർധിപ്പിക്കുന്നു.




ഖാലിദ് ജമീൽ

**കൊൽക്കത്തയോട് നോ!**

പ്ലേയിങ് കരിയറിൽ ഏറ്റവും കിടിലൻ ഫോമിലൂടെ കടന്നു പോകുന്ന നേരത്തു ഖാലിദിനെ സ്വന്തമാക്കാൻ കൊൽക്കത്തൻ ക്ലബ്ബുകൾ ആവുന്നത്ര ശ്രമിച്ചതാണ്. പക്ഷേ, കൊൽക്കത്തയിലെ ഒരു വമ്പൻ ക്ലബ്ബിന്റെ ഓഫർ ഖാലിദ് നിരസിച്ചു. അതിനുള്ള കാരണമാണ് ശ്രദ്ധേയമായത്: ആ ക്ലബ്ബിന്റെ മെയിൻ സ്പോൺസർ ഒരു മദ്യക്കമ്പനിയായിരുന്നു. ഇന്ത്യൻ ദമ്പതികളുടെ മകനായി കുവൈത്തിലാണ് ഖാലിദിന്റെ ജനനം. ഗൾഫ് യുദ്ധത്തെ തുടർന്ന് കുടുംബം ഇന്ത്യയിലെത്തി. മഹീന്ദ്ര യുണൈറ്റഡ്, എയർ ഇന്ത്യ എന്നീ ടീമുകളിലൂടെയാണ് പ്രഫഷനൽ ഫുട്ബോളിൽ ഖാലിദിന്റെ അരങ്ങേറ്റം. 1998ൽ ഉസ്ബെക്കിസ്ഥാനെതിരെ ആയിരുന്നു ആദ്യ രാജ്യാന്തര മത്സരം. 1998-2006 കാലഘട്ടത്തിൽ ഇന്ത്യയ്ക്കായി 40 മത്സരങ്ങൾ കളിച്ചു.

**റൺ ലൈക്ക് ഖാലിദ്!**

ഒതുങ്ങാൻ കൂട്ടാക്കാത്ത താടിയും മുടിയുമായി ടീഷർട്ടും ധരിച്ച് ടച്ച് ലൈനിന് അരികിൽ നിൽക്കുന്ന ഖാലിദ് ഒറ്റനോട്ടത്തിൽ ഒരു കലിപ്പനാണെന്നു തോന്നും. പക്ഷേ, ടീം ഒരു ഗോൾ നേടിയാൽ ഡഗൗട്ടിനു മുന്നിലൂടെ കയ്യും പൊക്കി ആർത്തിരമ്പി ഒരോട്ടമാണ്. കളിക്കാർ യന്ത്രമനുഷ്യർ അല്ലെന്നാണ് നിലപാട്. അവർക്കു സ്വന്തം കളി പുറത്തിറക്കാം. സീനിയർ താരങ്ങൾക്ക് ഉത്തരവാദിത്തം കൂടുതൽ നൽകി ജൂനിയർ താരങ്ങളെ സപ്പോർട്ട് ചെയ്യുന്നതാണ് രീതി. ക്ലബ്ബുകളിൽ ഇന്ത്യൻ താരങ്ങളെ പ്രധാന റോളുകൾ ഏൽപിച്ച് ഉയർത്തിയെടുക്കും. ഡിഫൻസീവായ മാൻ ടു മാൻ ശൈലിയാണ് ഖാലിദിന്റെ പ്രധാന ആയുധം. വമ്പൻ ടീമുകൾക്കെതിരെ ഇറങ്ങുമ്പോൾ പ്രതിരോധത്തിലൂന്നി സമനിലയ്ക്കായി ശ്രമിക്കുന്നു, തുടർന്ന് അവസരം ലഭിക്കുമ്പോൾ കൗണ്ടർ അറ്റാക്കിലൂടെ ഗോളടിച്ച് വിജയം നേടുന്നു. ഐഎസ്എലിൽ പല വമ്പൻമാരും ഖാലിദിന്റെ ഈ ടാക്ടിക്സിന്റെ ചൂട് അറിഞ്ഞവരാണ്. ഇന്ത്യൻ താരങ്ങളുമായുള്ള മികച്ച ബന്ധം, പരിശീലകനെന്ന നിലയിലുള്ള മികച്ച നേട്ടങ്ങൾ, ചെറുപ്പം എന്നീ ഘടകങ്ങൾ പരിശോധിക്കുമ്പോൾ ഇന്ത്യൻ പരിശീലകനായി ഖാലിദിനു നറുക്കുവീഴാൻ സാധ്യതയേറെയാണ്.

### ഐസോൾ മുതൽ ജംഷഡ്പുർ വരെ

2016-17 ഐലീഗ് സീസണിലെ ഏറ്റവും കുഞ്ഞൻ ടീമായിരുന്നു ഐസോൾ എഫ്സി. സീസണിൽ 8-ാം സ്ഥാനത്തായിരുന്നെങ്കിലും ഗോവൻ ടീമുകളുടെ പിന്മാറ്റത്തെത്തുടർന്ന് 2016-17 സീസൺ കളിക്കാൻ അവർക്ക് അവസരം ലഭിച്ചു. ബംഗാളിന്റെ കരുത്തും ബെംഗളൂരുവിന്റെ പവറും അതിജീവിച്ച് ഐസോൾ കിരീടം നേടിയതോടെ ഖാലിദ് ഹിറ്റ് കോച്ചായി. തൊട്ടടുത്ത സീസണിൽ ഈസ്റ്റ് ബംഗാൾ പൊന്നുംവില കൊടുത്ത് ടീമിലെത്തിച്ചു. തുടർന്ന് മോഹൻ ബഗാനും. 2019ൽ ഐഎസ്എൽ ക്ലബ് നോർത്ത് ഈസ്റ്റിന്റെ അസിസ്റ്റന്റ് കോച്ചായി. 2019-20 സീസണുകളിൽ ഹെഡ് കോച്ചിനെ ടീം പുറത്താക്കിയതോടെ ശേഷിച്ച മത്സരങ്ങളിൽ മുഖ്യ പരിശീലകനായി. തുടർച്ചയായി 10 മത്സരങ്ങൾ ജയിച്ച് 2020ൽ ടീം പ്ലേ ഓഫിൽ എത്തിയതോടെ മുഖ്യപരിശീലക സ്ഥാനം തുടർന്നു. 2023ൽ ജംഷഡ്പുർ എഫ്സിയുടെ പരിശീലക സ്ഥാനം ഏറ്റെടുത്തതോടെ രണ്ട് ഐഎസ്എൽ ടീമുകളുടെ പരിശീലകനാകുന്ന ആദ്യ ഇന്ത്യൻ കോച്ചായി.

Vol. No. 31, No.198. RNI Reg. No. 61311/95. Printed and Published by Jacob Mathew on behalf of The Malayala Manorama Co Private Ltd., Kottayam - 686 001, Printed at Malayala Manorama Press, Ottaplamoodu, Kottiyam, Kollam-691571 and published at Manorama Bldg., Kadappakada, Kollam-691008. Editor: Philip Mathew, Chief Editor: Mammen Mathew, Managing Editor: Jacob Mathew, Editorial Director: Jose Panachipuram. Kollam Office: P.B. No. 1652, IX/891, Kadappakada, Kollam 691008 Kerala. Phone: 0474 2740518. E mail: Editorial: editorial@mm.co.in Subscriptions: subscription@mm.co.in Advertising: marketing@mm.co.in

# മനോരമ business

## വിപണിയിൽ നേട്ടം: റിലയൻസിനു നഷ്ടം

മുംബൈ ● ആഴ്ചയിലെ ആദ്യ വ്യാപാരദിനത്തിൽ ബാങ്കിങ് മേഖലയുടെ കരുത്തിൽ ഓഹരി വിപണികൾക്കു നേട്ടത്തുടക്കം. മികച്ച പാദഫലങ്ങൾ പുറത്തുവിട്ട എച്ച്ഡിഎഫ്സി, ഐസിഐസിഐ ബാങ്കുകളുടെ ഓഹരികൾ വാങ്ങാൻ നിക്ഷേപകരെത്തി. സെൻസെക്സ് 442 പോയിന്റും നിഫ്റ്റി 122 പോയിന്റുമാണ് ഇന്നലെ ഉയർന്നത്. അതേ സമയം, ഒന്നാം പാദ ഫലം വന്നതിനു ശേഷമുള്ള ആദ്യ വ്യാപാര ദിനത്തിൽ റിലയൻസ് ഇൻഡസ്ട്രീസ് ഓഹരികൾ 3.29% ഇടിഞ്ഞു. വെള്ളിയാഴ്ച 1476.85 രൂപയ്ക്ക് വ്യാപാരം അവസാനിപ്പിച്ച ഓഹരി തിങ്കളാഴ്ച 48.65 രൂപ നഷ്ടത്തിൽ 1428.20നാണ് വ്യാപാരം അവസാനിപ്പിച്ചത്.

**സ്വർണം ↑**
പവന് ₹ 73,440
ഗ്രാമിന് ₹ 9,180

ആദായനികുതി ബിൽ: ധനമന്ത്രാലയം സിലക്ട് കമ്മിറ്റിയോട്

# ‘വെട്ടിപ്പ് ചർച്ചകൾ ഡിജിറ്റൽ; പരിശോധിച്ചേ തീരൂ’



▸▸ വിവാദ വ്യവസ്ഥ സ്വകാര്യതാ ലംഘനമെന്ന വാദം കേന്ദ്രം തള്ളി

**ജിക്കു വർഗീസ് ജേക്കബ്**

ന്യൂഡൽഹി ● കണക്കിൽപ്പെടാത്ത പണമിടപാടുകളെക്കുറിച്ചുള്ള ചർച്ചകൾ നികുതിദായകർ വാട്സാപ് അടക്കമുള്ള എൻക്രിപ്റ്റഡ് പ്ലാറ്റ്ഫോമുകൾ വഴി നടത്തുന്നതിനാൽ ഇവ പരിശോധിക്കേണ്ടത് അനിവാര്യമാണെന്ന് ധനമന്ത്രാലയം. പുതിയ ആദായനികുതി ബിൽ പരിശോധിച്ച പാർലമെന്റിന്റെ സിലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലാണ് വിവാദ ഡിജിറ്റൽ തിരച്ചിൽ വ്യവസ്ഥയെ കേന്ദ്രം ന്യായീകരിക്കുന്നത്.

ആദായനികുതി വകുപ്പിന്റെ പരിശോധനകളിൽ, ആരോപണവിധേയന്റെ കംപ്യൂട്ടറിന്റെയോ മൊബൈലിന്റെയോ പാസ്‌വേഡ് ലഭ്യമല്ലെങ്കിൽ അതിനെ മറികടന്ന് ബലമായി തുറക്കാനും നുഴഞ്ഞുകയറാനുമുള്ള അധികാരമാണ് ബില്ലിലെ വിവാദവ്യവസ്ഥയിലുള്ളത്. നികുതിദായകൻ പാസ്‌വേഡ് നൽകിയില്ലെങ്കിൽ, എൻക്രിപ്ഷൻ അടക്കമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഭേദിച്ച് ഇമെയിൽ, വാട്സാപ്, സമൂഹമാധ്യമ അക്കൗണ്ടുകളിലേക്ക് ഉദ്യോഗസ്ഥർക്ക് കടന്നുകയറാം. ഫോൺ, കംപ്യൂട്ടർ, സെർവർ, ഹാർഡ് ഡിസ്ക് എന്നിവ പിടിച്ചെടുക്കാനും അധികാരമുണ്ടാകും.

ഈ വ്യവസ്ഥകളോട് പൂർണമായും യോജിക്കുന്നതാണ് 31 അംഗ സിലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്. ഇന്നലെയാണ് സമിതി അധ്യക്ഷൻ ബൈജയന്ത് പാണ്ഡ റിപ്പോർട്ട് ലോക്സഭയിൽ വച്ചത്. ബില്ലിലെ വിവാദമായ 247(1)(ii) വകുപ്പിനെതിരെ വ്യാപകവിമർശനങ്ങൾ സമിതിക്കു മുന്നിലെത്തിയിരുന്നെങ്കിലും ഒന്നുപോലും സമിതി അംഗീകരിച്ചില്ല. വിവാദവ്യവസ്ഥ സ്വകാര്യതാലംഘനമായതിനാൽ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സമിതി അംഗമായ എൻ.കെ.പ്രേമചന്ദ്രൻ എംപി നൽകിയ കുറിപ്പ് റിപ്പോർട്ടിനൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് പരിഷ്കരിച്ച ബിൽ വരും ദിവസങ്ങളിൽ പാർലമെന്റിൽ അവതരിപ്പിക്കും. ഇതിന്മേൽ ലോക്സഭയിൽ മാത്രം 12 മണിക്കൂർ ചർച്ച നടക്കും.

### കേന്ദ്രം നിരത്തിയ വാദങ്ങൾ

- വലിയൊരു പങ്ക് സാമ്പത്തിക വിവരങ്ങളും ഡിജിറ്റൽ രൂപത്തിലാണ്. ഇവ പാസ്‌വേഡ് ഇട്ട് ലോക്ക് ചെയ്ത് ലാപ്ടോപ്, ഫോൺ, സെർവർ, ക്ലൗഡ് എന്നിവിടങ്ങളിലാണ് സൂക്ഷിക്കുന്നത്. ഇതു പരിശോധനകളിൽ വലിയ വെല്ലുവിളി.
- സാമ്പത്തിക ഇടപാട് വിവരങ്ങൾ നിശ്ചിത ഡിജിറ്റൽ ഇടങ്ങളിൽ മാത്രമല്ല, അതുകൊണ്ട് സമൂഹമാധ്യമ അക്കൗണ്ടുകളുടെയും ഇമെയിൽ അക്കൗണ്ടുകളുടെയും ലോഗിൻ വിവരങ്ങൾക്ക് ഇളവു നൽകാനാവില്ല.
- വാട്സാപ്, ഇമെയിൽ തുടങ്ങിയവയിൽ നിന്നാണ് പല കേസുകളിലും തെളിവു ലഭിച്ചത്.
- മജിസ്ട്രേറ്റ് തല അനുമതി ഇത്തരം പരിശോധനകൾക്ക് ആവശ്യമില്ല. പരിശോധനയുടെ ലക്ഷ്യം തെളിവുകൾ കണ്ടെത്തുകയാണ്. ഉദ്യോഗസ്ഥർ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ വ്യവസ്ഥകളുണ്ട്.
- ആദായനികുതിയുമായി ബന്ധപ്പെടാത്ത ഡേറ്റ പരിശോധിക്കാൻ അനുമതി നൽകരുതെന്ന വാദത്തിൽ കഴമ്പില്ല. ഡേറ്റ ശേഖരിച്ചാൽ മാത്രമേ ഇതിന് ആദായനികുതി വിഷയവുമായി ബന്ധമുണ്ടോ ഇല്ലയോ എന്ന് പറയാനാകൂ.
- വ്യക്തിപരവും ബിസിനസ്പരവുമായ ഡേറ്റ കൂടിക്കലർന്ന നിലയിലാകുമുണ്ടാവുക. പരിശോധനയുടെ സമയത്ത് ഇവ വേർതിരിക്കുകയെന്നത് പ്രായോഗികമല്ല. വിവരസുരക്ഷ ഉറപ്പാക്കുന്ന കർശന ഫൊറൻസിക് നടപടിക്രമങ്ങളാണ് വകുപ്പ് പിന്തുടരുന്നത്.
- ഇലക്ട്രോണിക് രൂപത്തിലല്ലാത്ത രേഖകൾ വച്ചിരിക്കുന്ന സ്ഥലങ്ങൾ ബലമായി തുറന്ന് പരിശോധിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ താക്കോൽ പാസ്‌വേഡ് ആണ്.

അതുകൊണ്ട് 1961ലെ ആദായനികുതിനിയമവുമായി പൂർണമായും ഒത്തുപോകുന്നതാണ് ഈ വ്യവസ്ഥ. പുതിയ അധികാരങ്ങളൊന്നും ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ല.

# വീസ കാർഡിനെ മറികടന്ന് യുപിഐയുടെ പണക്കുതിപ്പ്


▸▸ ലോകത്തു നടക്കുന്ന തത്സമയ അതിവേഗ പണമിടപാടുകളിൽ 50 ശതമാനവും യുപിഐ പ്ലാറ്റ്ഫോമിൽ

**എൻ.ജയചന്ദ്രൻ**

കൊച്ചി ● ഇന്ത്യയുടെ സ്വന്തം തത്സമയ പണമിടപാട് സംവിധാനമായ യുപിഐ (യുണിഫൈഡ് പേയ്മെന്റ് ഇന്റർഫെയ്സ്) അമേരിക്കൻ വീസ കാർഡിനെയും മറികടന്ന് ഒന്നാം സ്ഥാനത്ത്. ലോകത്തു നടക്കുന്ന തത്സമയ അതിവേഗ പണമിടപാടുകളിൽ 50 ശതമാനവും യുപിഐ പ്ലാറ്റ്ഫോമിലാണ്. 2016ൽ തുടങ്ങിയ യുപിഐ 9 വർഷം കൊണ്ടാണ് ഈ നേട്ടം കൊയ്തത്.

രാജ്യാന്തര നാണ്യനിധിയുടെ കണക്കനുസരിച്ച് ഒരു ദിവസം വീസയിലൂടെ നടക്കുന്ന ഇടപാടുകൾ 63.9 കോടി ആണെങ്കിൽ യുപിഐയിൽ അത് 64 കോടിയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇടപാടുകളിൽ യുപിഐ 32% വളർച്ച നേടി. 2024 ജൂണിൽ 1388 കോടി ഇടപാടുകൾ നടന്നപ്പോൾ ഈ വർഷം ജൂണിൽ അത് 1839 കോടിയായി കുതിച്ചുയർന്നു.

49.1 കോടി വ്യക്തികൾക്കും 6.5 കോടി കച്ചവടക്കാർക്കുമാണ് യുപിഐ ഇപ്പോൾ സേവനം നൽകുന്നത്. ഇത് 675 ബാങ്കുകളെ ഈ പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കുന്നു. ഇതുകൊണ്ടു സേവനദാതാവ് ഏതു ബാങ്കാണെങ്കിലും ഉപയോക്താക്കൾക്ക് വളരെപ്പെട്ടെന്ന് ഇടപാട് നടത്താൻ കഴിയും. പ്രധാനമായും ഗൂഗിൾ പേ, ഫോൺ പേ, പേടിഎം, ആമസോൺ പേ, ക്രെഡ്, ഭീം എന്നീ ആപ്പുകൾ വഴിയാണ് ഇടപാടുകൾ നടത്തുന്നത്. ഇവ തേഡ് പാർട്ടി ആപ്ലിക്കേഷൻസ് എന്നാണറിയപ്പെടുന്നത്. ഇവയ്ക്ക് യെസ് ബാങ്ക്, ആക്സിസ് ബാങ്ക്, ഐസിഐസിഐ ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക് എന്നിവയിലൂടെ മാത്രമേ യുപിഐ ഇടപാടിൽ കണ്ണിയാകാൻ കഴിയൂ. ഈ ബാങ്കുകളെ സ്പോൺസർ/പാർട്നർ ബാങ്കുകൾ എന്നാണ് പറയുന്നത്.



ആപ്പുകൾ ഇടപാടുകളുടെ വിവരം ഇടപാടുകാരിൽ നിന്ന് സ്വീകരിച്ച് സ്പോൺസർ ബാങ്കുകൾക്ക് എത്തിക്കും. ബാങ്കുകൾ ഇത് യുപിഐ നടത്തുന്ന നാഷനൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) യെ അറിയിക്കും. എൻപിസിഐ ഇത് പണം നൽകുന്ന ആളിന്റെ ബാങ്കിനെ അറിയിക്കും. ബാങ്ക് അയാളുടെ അക്കൗണ്ടിൽ നിന്ന് പണം നൽകിയാൽ, സ്വീകരിക്കേണ്ട ആളിന്റെ ബാങ്കിനോട് ഈ പണം സ്വീകരിക്കാൻ പറയും. ഇടപാടുകൾ പൂർത്തിയായാൽ എൻപിസിഐ ആപ്പിനെ അറിയിക്കും.

ശക്തമായ ഐടി സംവിധാനം ഇല്ലാത്തതുകൊണ്ടാണ് മറ്റു ബാങ്കുകൾ ഈ മേഖലയിൽ പ്രവേശിക്കാത്തത്.

## ഇവാക്കോയെ സ്വന്തമാക്കാൻ ടാറ്റ മോട്ടോഴ്സ്

കൊച്ചി ● രത്തൻ ടാറ്റയുടെ വിടവാങ്ങലിനുശേഷം ടാറ്റ മോട്ടോഴ്സ് പ്രധാനപ്പെട്ട ഏറ്റെടുക്കലിന് ഒരുങ്ങുന്നതായി റിപ്പോർട്ട്. ഇറ്റാലിയൻ ട്രക്ക് നിർമാതാക്കളായ ഇവാക്കോയെ സ്വന്തമാക്കാനാണ് ടാറ്റ മോട്ടോഴ്സിന്റെ നീക്കം. ഇറ്റലിയിലെ അഗ്നേലി കുടുംബത്തിന്റെ നിയന്ത്രണത്തിലാണ് കമ്പനി ഇപ്പോൾ. വാണിജ്യ വാഹന വിപണിയിലെ പ്രതാപം വീണ്ടെടുക്കാനാണ് ടാറ്റയുടെ ശ്രമം. ബ്രിട്ടിഷ് വാഹന കമ്പനിയായ ജാഗ്വർ ലാൻഡ് റോവർ, ദക്ഷിണ കൊറിയ ആസ്ഥാനമായുള്ള ദെയ്‌വു എന്നിവ നിലവിൽ ടാറ്റയുടെ നിയന്ത്രണത്തിലാണ്. ട്രക്കുകളും ബസുകളും നിർമിക്കുന്ന ഇവാക്കോ 42000 കോടി വിപണി മൂല്യമുള്ള കമ്പനിയാണ്. ഇറ്റലിയിൽ മാത്രം 14,000 തൊഴിലാളികളുണ്ട്. ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നീ വിപണികളിലും സാന്നിധ്യമുണ്ട്.

### ₹ വിനിമയ നിരക്ക്

| | ചെക്ക് | കറൻസി |
|---|---|---|
| ഡോളർ | 85.53 | 84.28 |
| പൗണ്ട് | 114.73 | 112.63 |
| യൂറോ | | 97.71 |
| സ്വിസ് ഫ്രാങ്ക് | | 104.48 |
| കാനഡ ഡോളർ | | 61.25 |
| ഓസ്ട്രേ. ഡോളർ | | 54.31 |
| സിംഗപ്പൂർ ഡോളർ | | 65.11 |
| ബഹ്റൈൻ ദിനാർ | | 223.69 |
| കുവൈത്ത് ദിനാർ | | 275.84 |
| ഒമാൻ റിയാൽ | | 218.72 |
| സൗദി റിയാൽ | | 22.32 |
| യുഎഇ ദിർഹം | | 22.78 |
| ഖത്തർ റിയാൽ | | 22.90 |

### ഓഹരി

↑ SENSEX 82,200.34 +442.61 | NIFTY 25,090.70 +122.30

| NSE | | | |
|---|---|---|---|
| ACC | 1978.40 | Tatapower | 401.85 |
| ADANI ENT | 2619.50 | Tatasteel | 163.02 |
| Ambujacem | 613.25 | TATATECH | 716.35 |
| Asianpaint | 2375.40 | Tcs | 3158.20 |
| Axis bank | 1099.60 | Techm | 1543.80 |
| BAJAJ AUTO | 8438.50 | Ultracemco | 12577.00 |
| BANK BARODA | 243.39 | VEDANTA Ltd | 453.85 |
| Bhartiartl | 1909.20 | Wipro | 260.35 |
| BHEL | 254.65 | **KERALA BASED** | |
| BPCL | 342.60 | Apollo tyr | 450.55 |
| CIPLA | 1473.90 | Avtmpl | 69.03 |
| COALINDIA | 386.80 | B P L Ltd | 86.81 |
| DLF | 852.60 | Cochin minerals | 327.75 |
| DRREDDY | 1259.30 | COCHINSHIP | 1876.30 |
| GAIL | 184.12 | CSB Bank | 422.40 |
| Grasim | 2741.90 | Dhan bank | 29.13 |
| HCLTEC | 1530.40 | ESAF | 33.34 |
| Hdfcbank | 2000.50 | Fact | 960.10 |
| Heromotoco | 4408.20 | Federal bank | 212.78 |
| Hindalco | 682.70 | Geojit | 75.25 |
| Hindunilvr | 2464.90 | Gujarat Inject | 23.35 |
| Icicibank | 1465.80 | Harrison mal | 217.03 |
| Indusindbk | 858.80 | Hindustan Organic | 37.34 |
| Infy | 1584.30 | Inditrade Capital | 7.21 |
| ITCLTD | 420.10 | KALYAN JEWEL | 591.20 |
| Jindalstel | 960.05 | Kerala Ayurveda | 587.75 |
| JIOFIN | 317.25 | Kings Infra | 133.55 |
| Kotakbank | 2165.20 | Kitex | 270.30 |
| L&T | 3502.80 | KSE Ltd (BSE) | 2406.40 |
| LICI | 928.15 | Manapuram | 270.30 |
| Lupin | 1921.00 | Muthoot capital | 350.35 |
| M&M | 3246.70 | Muthootfin | 2683.20 |
| Maruti | 12405.00 | MUTHOOTMF | 166.41 |
| Mcdowell-n | 1366.40 | Nitta gelatin | 979.10 |
| NMDC Limited | 71.91 | PTL Enterprises | 40.45 |
| Ntpc | 341.55 | PopularVehicles | 131.85 |
| Ongc | 245.04 | Rubfila | 86.57 |
| PNB | 112.60 | STEL Holdings | 410.50 |
| POWERGRID | 297.00 | Scoobee Day | 104.95 |
| Reliance | 1428.60 | South Ind bk | 29.08 |
| Sbin | 824.20 | VERTEX SEC | 4.25 |
| Sunpharma | 1692.30 | Vguard | 404.90 |
| Tatamotors | 687.45 | Wonderla | 653.10 |

ട്രസ്റ്റുകൾക്കുള്ള പേരില്ലാത്ത സംഭാവന:

## നികുതിയിളവ് ഉറപ്പാക്കണം’



ന്യൂഡൽഹി ● നോൺ-പ്രോഫിറ്റ് സ്ഥാപനങ്ങൾക്ക് (ട്രസ്റ്റുകൾ) ലഭിക്കുന്ന പേരില്ലാത്ത സംഭാവനകൾക്കുള്ള നികുതിയിളവ് ഉറപ്പാക്കണമെന്ന് പാർലമെന്റ് സിലക്ട് കമ്മിറ്റി ആവശ്യപ്പെട്ടു. മതപരവും ജീവകാരുണ്യപ്രവർത്തനങ്ങളുമുള്ള ട്രസ്റ്റുകൾക്ക് നിലവിൽ ഈ ഇളവുണ്ട്. എന്നാൽ പുതിയ ബില്ലിൽ മതപരമായ ട്രസ്റ്റുകൾക്ക് മാത്രമാണ് ഇളവ്. എന്നാൽ ഇവയ്ക്ക് സ്കൂൾ, ആശുപത്രി പോലെയുള്ള ചാരിറ്റബിൾ പ്രവർത്തനം കൂടിയുണ്ടെങ്കിൽ 30% വരെ നികുതി ഈടാക്കാം.

അതുകൊണ്ട് നിലവിലെ ആദായനികുതിനിയമത്തിലെ പരിരക്ഷ തുടരണമെന്നാണ് ആവശ്യം.

ടിഡിഎസ് (സ്രോതസ്സിൽ നിന്ന് ഈടാക്കുന്ന നികുതി) റീഫണ്ട് ലഭിക്കാനായി മാത്രം നികുതി റിട്ടേൺ ഫയൽ ചെയ്യുന്ന കുറഞ്ഞ വരുമാനക്കാർക്ക് സമയപരിധി ബാധകമാക്കരുതെന്നും സമിതി നിർദേശിച്ചു. സമയപരിധി കഴിഞ്ഞ് ഇവർ റിട്ടേൺ ഫയൽ ചെയ്താലും റീഫണ്ട് അനുവദിക്കണം.

## ജെയ്ൻ സ്ട്രീറ്റിന് ട്രേഡിങ് അനുമതി



മുംബൈ ● അമേരിക്കൻ നിക്ഷേപ സ്ഥാപനമായ ജെയ്ൻ സ്ട്രീറ്റിന് ഏർപ്പെടുത്തിയ വിലക്ക് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) നീക്കി. കർശന ഉപാധികളോടെയാണ് വ്യാപാരത്തിന് അനുമതി. എക്സ്ചേഞ്ചുകളുടെ കൃത്യമായ മേൽനോട്ടവുമുണ്ടായിരിക്കുമെന്ന് സെബി പ്രസ്താവനയിൽ വ്യക്തമാക്കി. സ്ഥാപനം കഴിഞ്ഞയാഴ്ച 4837.57 കോടി രൂപ പിഴ അടച്ചതിനെത്തുടർന്നാണ് വിലക്കു നീക്കിയത്.

കോടികളുടെ നികുതി വെട്ടിപ്പ്

## ഫ്രീ ട്രേഡ് സോൺ വഴി അടയ്ക്ക കടത്ത്

**ജെറിൻ ജോയ്**

ചെന്നൈ ● ആഭ്യന്തര വിപണിയിൽ അടയ്ക്ക വില അസാധാരണമായി ഉയർന്നിരിക്കെ, സ്വതന്ത്ര വ്യാപാര മേഖല (ഫ്രീ ട്രേഡ് സോൺ) വഴി നികുതി വെട്ടിച്ച് വൻതോതിൽ എത്തിക്കുന്നതായി ജിഎസ്ടി ഇന്റലിജൻസ് കണ്ടെത്തി. ദക്ഷിണേന്ത്യയിലെ വിവിധയിടങ്ങളിൽ നടത്തിയ പരിശോധനയിലാണു കോടികളുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയത്. പ്ലാസ്റ്റിക് തരികൾ എന്ന വ്യാജേനയാണ് അടയ്ക്ക എത്തിക്കുന്നത്. ചാക്കിന്റെ മുകൾ ഭാഗത്തു മാത്രമാണ് പ്ലാസ്റ്റിക് നിറയ്ക്കുക. ശ്രീലങ്കയിൽ നിന്ന് ഫ്രീ ട്രേഡ് സോണുകളിൽ എത്തിച്ച് വ്യാജ ഇ-വേ ബില്ലുകൾ തയാറാക്കി ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കും. കഴിഞ്ഞ ദിവസം ചെന്നൈ ശ്രീപെരുംപുത്തൂരിലെ ഗോഡൗണിൽ നടത്തിയ പരിശോധനയിൽ 2.9 കോടി രൂപ വില വരുന്ന 54 ടൺ അടയ്ക്ക പിടിച്ചെടുത്തു. അടയ്ക്കയുടെ ആവശ്യക്കാരിലേറെയും പാൻമസാല ഉൽപന്ന നിർമാതാക്കളായ ഉത്തരേന്ത്യൻ കമ്പനികളാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ ദൗർലഭ്യം സൃഷ്ടിച്ച വിലക്കയറ്റവും ഫ്രീ ട്രേഡ് സോണുകളിലെ നിയന്ത്രണങ്ങളിൽ അയവു വന്നതുമാണു കള്ളക്കടത്തു വർധിക്കാൻ കാരണം.

# കേസിൽ കുടുങ്ങിയ വാഹനങ്ങൾ എക്സൈസ് ലേലം ചെയ്യും

▸▸ ഓഗസ്റ്റ് 11 മുതൽ 21 വരെ വിവിധ ജില്ലകളിൽ പൊതുലേലം

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● കേന്ദ്രസർക്കാരിനു കീഴിലുള്ള മെറ്റൽ സ്ക്രാപ് ട്രേഡ് കോർപറേഷൻ (എംഎസ്ടിസി) വഴി ഇ ലേലത്തിൽ വിറ്റുപോകാത്ത വാഹനങ്ങൾ പൊതുലേലം വഴി വിൽക്കാൻ എക്സൈസ് വകുപ്പിനു സർക്കാർ അനുമതി നൽകി. അബ്കാരി കേസിലെ 904 വാഹനങ്ങളും ലഹരിക്കേസിലെ 477 വാഹനങ്ങളുമാണ് ഓഗസ്റ്റ് 11 മുതൽ 21 വരെ വിവിധ ജില്ലകളിലായി പൊതുലേലത്തിനു വയ്ക്കുക.

### ഓഗസ്റ്റിലെ ലേല തീയതിയും ജില്ലയും

തിരുവനന്തപുരം, മലപ്പുറം( 11ന്), കൊല്ലം, കണ്ണൂർ (12), പത്തനംതിട്ട(13), ഇടുക്കി, വയനാട് (14),കോട്ടയം, കാസർകോട്( 16), എറണാകുളം (18), തൃശൂർ(19), പാലക്കാട് (20), ആലപ്പുഴ, കോഴിക്കോട് (21).

കഴിഞ്ഞ ജനുവരി വരെ 8362 വാഹനങ്ങൾ ലേലം ചെയ്യാനായി എക്സൈസിന്റെ പക്കൽ ശേഷിക്കുന്നുണ്ട്. ഇവയിൽ ഒരുവട്ടം എംഎസ്ടിസി വഴി ഇ ലേലത്തിനു ശ്രമിച്ചിട്ടും കഴിയാതെ വന്നവ മാത്രം പൊതുലേലത്തിലൂടെ വിൽക്കാനാണ് അനുമതി. ഏറെയും ഇരുചക്ര വാഹനങ്ങളാണ്. എംഎസ്ടിസി വഴിയുള്ള ലേലം ഫലപ്രദമല്ലെന്നും വാഹനങ്ങൾ സൂക്ഷിക്കുന്നതു ബുദ്ധിമുട്ടും വരുമാന നഷ്ടവുമുണ്ടാക്കുന്നെന്നും വിലയിരുത്തിയാണ് പൊതുലേലത്തിനുള്ള തീരുമാനം. ഇക്കാര്യം പഠിച്ച സമിതി ഓരോ മാസവും പൊതുലേലം നടത്താനാണു ശുപാർശ ചെയ്തത്.

## വിപണി/വർത്തമാനം

### ഹോട്ടൽ മാനേജ്മെന്റിൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകൾ

കോട്ടയം ● പ്ലസ്-2 ജയിച്ചവർക്കും തോറ്റവർക്കും ഹോട്ടൽ മാനേജ്മെന്റിൽ 3 വർഷ ഡിഗ്രി, ഡിപ്ലോമ കോഴ്സുകൾക്ക് മൂന്നാർ കേറ്ററിങ് കോളജിന്റെ മൂന്നാറിലെ ഇന്റർനാഷനൽ ക്യാംപസിൽ ഇപ്പോൾ അപേക്ഷിക്കാം. ഹോസ്പിറ്റാലിറ്റി ആൻഡ് ഹോട്ടൽ അഡ്മിനിസ്ട്രേഷനിൽ ബിഎസ്‌സി, ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കളിനറിആർട്സ് സർട്ടിഫിക്കറ്റ് കോഴ്സ്, 10-ാം ക്ലാസുകാർക്കും പ്ലസ് 2 പാസാകാത്തവർക്കും 3 വർഷ ഡിപ്ലോമ കോഴ്സ്, ഡിഗ്രിക്കാർക്കായി മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (MHM), എംഎസ്‌സി ഫുഡ്ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് തുടങ്ങിയ ബിരുദാനന്തര കോഴ്സുകളിലേക്കും അപേക്ഷിക്കാം.

വിവരങ്ങൾക്ക് ഫോൺ: 9447746664 / 04868- 235000, വെബ്സൈറ്റ്: www.munnarcateringcollege.edu.in

### ഡോ.ഷെൽബി കുട്ടിക്ക് പുരസ്കാരം

വാഷിങ്ടൻ ഡിസി (യുഎസ്) ● വൈദ്യശാസ്ത്രത്തിനും സമൂഹസേവനത്തിനും നൽകിയ സംഭാവനയ്ക്ക് ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനവും ഏഷ്യാനെറ്റും ചേർന്നു നൽകുന്ന പുരസ്കാരം ഡോ.ഷെൽബി കുട്ടിക്ക്. പ്രശസ്ത കാർഡിയോളജിസ്റ്റും ജോൺസ് ഹോപ്കിൻസ് സർവകലാശാല മെഡിക്കൽ സ്കൂൾ പ്രഫസറുമാണ് ഡോ. ഷെൽബി കുട്ടി.

### റിഡക്ഷൻ മേള

കൊല്ലം ● ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫിസിന്റെ നേതൃത്വത്തിൽ 23 മുതൽ 30 വരെ റിഡക്ഷൻ മേള നടത്തുന്നു. ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫിസ് അങ്കണത്തിൽ നടത്തുന്ന ഈ മേളയിൽ തുണിത്തരങ്ങൾക്ക് 50% വരെ റിഡക്ഷനും 20% വരെ സ്പെഷൽ റിബേറ്റും ഉണ്ടായിരിക്കും. 0474-2743587.



കോൺഫിഡന്റ് ഗ്രൂപ്പിന്റെ തിരുവനന്തപുരത്തുള്ള പുതിയ ഫ്ലാഗ്ഷിപ് ലക്ഷ്വറി അപ്പാർട്മെന്റ് പ്രോജക്ടായ അസ്റ്റോറിയയുടെ ഭൂമിപൂജ ലാൻഡ് ഓണർമാരായ സിംസൺ എ.ഫെർണാണ്ടസ്, രേഖ സിംസൺ എന്നിവരും കോൺഫിഡന്റ് ഗ്രൂപ്പ് തിരുവനന്തപുരം സീനിയർ ജനറൽ മാനേജർ ജി.ശിവൻകുട്ടിയും ചേർന്നു നടത്തുന്നു.

### കോൺഫിഡന്റ് അസ്റ്റോറിയ: ഭൂമി പൂജ നടത്തി

തിരുവനന്തപുരം ● കോൺഫിഡന്റ് ഗ്രൂപ്പിന്റെ ലക്ഷ്വറി അപ്പാർട്മെന്റ് പ്രോജക്റ്റായ അസ്റ്റോറിയയുടെ ഭൂമി പൂജ തിരുവനന്തപുരത്ത് നടത്തി. ടെക്നോപാർക്കിനു സമീപത്താണ് പദ്ധതി. കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ റജിസ്റ്റർ ചെയ്തിട്ടുള്ള അസ്റ്റോറിയ, 2, 3 ബിഎച്ച്കെ ലക്ഷ്വറി അപ്പാർട്മെന്റുകൾ ഉൾപ്പെടുന്ന റസിഡൻഷ്യൽ പ്രോജക്റ്റാണ്. 75 ലക്ഷം രൂപ മുതലാണ് അപ്പാർട്മെന്റുകളുടെ വില ആരംഭിക്കുന്നത്.

എല്ലാ യൂണിറ്റുകൾക്കും എക്സ്ക്ലൂസിവ് പ്രൈവറ്റ് ഗാർഡൻ സ്പേസ്, ഓരോ കാറിനും പ്രത്യേകം ഇവി ചാർജിങ് സൗകര്യം, പാർട്ടി ഹാൾ, ജിം, സ്വിമ്മിങ് പൂൾ, വിശാലമായ വിസിറ്റേഴ്സ് ലോബി, കുട്ടികൾക്കായുള്ള കളിസ്ഥലം, കാർ വാഷ് ഏരിയ തുടങ്ങിയ സൗകര്യങ്ങൾ അടങ്ങിയതാണ് അസ്റ്റോറിയ പ്രോജക്ട്. റെറയുടെ കീഴിൽ റജിസ്റ്റർ ചെയ്ത 47 പ്രോജക്ടുകളാണ് നിലവിൽ കോൺഫിഡന്റ് ഗ്രൂപ്പിനുള്ളത്. 21 പ്രോജക്ടുകളിലായി 29.2 ലക്ഷം ചതുരശ്ര അടിയിൽ 2209 യൂണിറ്റുകളുടെ നിർമാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ 12 പുതിയ പ്രോജക്ടുകൾ കൂടി ഉടൻ ആരംഭിക്കാൻ പോകുകയുമാണ്. വിവരങ്ങൾക്കു 9895513333. www.confident-group.com.

### അപേക്ഷ ക്ഷണിച്ചു

കൊല്ലം ● ബിഎസ്എൻഎൽ കൊല്ലം ബിസിനസ് ഏരിയയിൽ 1 വർഷ അപ്രന്റിസ് ട്രെയ്നി ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

2022നു ശേഷം ഡിഗ്രി/ഡിപ്ലോമ/എൻജിനീയറിങ് യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. 25നു മുൻപ് അപേക്ഷിക്കണം. 9446010000.

**SHORTS**

### അഭിമുഖം മാറ്റി

കൊല്ലം ● ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയബിലിറ്റി സെന്ററിൽ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ ഒഴിവുകളിലേക്ക് ഇന്നു നടത്താനിരുന്ന അഭിമുഖം നാളത്തേക്കു മാറ്റി വച്ചതായി ജില്ലാ എംപ്ലോയ്മെന്റ് ഓഫിസർ അറിയിച്ചു.

### ഓക്സിജനിൽ നിന്ന് സാംസങ് ഫോൾഡ് സെവൻ സ്വന്തമാക്കി ദുൽഖർ സൽമാൻ

കോട്ടയം ● പ്രമുഖ ഡിജിറ്റൽ ഗാഡ്ജറ്റ്സ് ഇലക്ട്രോണിക്സ് ആൻഡ് ഹോം അപ്ലയൻസസ് വിതരണക്കാരായ ഓക്സിജൻ ദ് ഡിജിറ്റൽ എക്സ്പേർട്ടിൽ നിന്ന് ഏറ്റവും പുതിയ സാംസങ് ഫോൾഡ് സീരീസ് 7 കേരളത്തിൽ ആദ്യമായി ചലച്ചിത്രതാരം ദുൽഖർ സൽമാൻ സ്വന്തമാക്കി. ഓക്സിജൻ ഗ്രൂപ്പ് സിഇഒ ഷിജോ കെ തോമസ് കൊച്ചിയിൽ നടന്ന ചടങ്ങിൽ ഫോൺ കൈമാറി.

ഓക്സിജന്റെ കേരളത്തിലുടനീളമുള്ള ഷോറൂമുകളിൽ നിന്നും സാംസങ് ഫോൾഡ് 7, ഫ്ലിപ്പ് 7 മോഡലുകൾ സ്വന്തമാക്കുന്നവർക്ക് 12,000 രൂപ വരെ ഉറപ്പായ ആനുകൂല്യങ്ങൾ നേടാം. കൂടാതെ 256 ജിബി മെമ്മറി കപ്പാസിറ്റി ഉള്ള ഫോൺ ബുക്ക് ചെയ്യുമ്പോൾ അതേ വിലയിൽ 512 ജിബി ഫോൺ ഇസ്വന്തമാക്കാം. 24 മാസത്തെ പലിശരഹിത ഇഎംഐ സൗകര്യമുണ്ട്. വിവരങ്ങൾക്ക്: 9020 100100

### റോളർ സ്കേറ്റിങ് മത്സരം നടത്തി

കൊല്ലം ● ജില്ലയിലെ നാൽപതോളം സിബിഎസ്ഇ സ്കൂളുകളുടെ കൂട്ടായ്മയായ വേണാട് സഹോദയ കോംപ്ലക്സ് ഇന്റർ സ്കൂൾ റോളർ സ്കേറ്റിങ് ടൂർണമെന്റ് പേരൂർ എസ്എംഡി പബ്ലിക് സ്കൂളിൽ നടത്തി. വേണാട് സഹോദയ പ്രസിഡന്റ് ഡോ.കെ.കെ.ഷാജഹാൻ ഉദ്ഘാടനം ചെയ്തു.

കാവനാട് ലേക്ഫോർഡ് സ്കൂൾ (109 പോയിന്റ്) ഒന്നാം സ്ഥാനവും 56 പോയിന്റുകൾ വീതം നേടി വെട്ടിലത്താഴം നവദീപ് പബ്ലിക് സ്കൂൾ, നാന്തിരിക്കൽ ട്രിനിറ്റി ലൈസിയം സ്കൂളുകൾ രണ്ടാം സ്ഥാനവും നേടി. എസ്എംഡി സ്കൂൾ മാനേജർ ഡി.സതീശൻ സമ്മാനദാനം നിർവഹിച്ചു. സഹോദയ സെക്രട്ടറി ടി.എസ്.സനൽ, ട്രഷറർ മൈക്കിൾ ഷിനോ ജസ്റ്റസ്, എസ്എംഡി പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ഹരിജ എന്നിവർ നേതൃത്വം നൽകി.

## ധൻകർ വൈകിട്ടുവരെ സഭയിൽ, രാത്രി രാജി

# സംഭവിച്ചതെന്ത്?

**▸▸രാജിക്കു കാരണം ജസ്റ്റിസ് വർമയ്ക്ക് എതിരായ കുറ്റവിചാരണ നോട്ടിസ് സ്വീകരിച്ചതിലെ തർക്കമെന്നു സൂചന**

**ജോമി തോമസ്**

ന്യൂഡൽഹി● ആ 5 മണിക്കൂറിനിടെ എന്തു സംഭവിച്ചു? ഉപരാഷ്ട്രപതി സ്ഥാനത്തുനിന്നു ജഗ്ദീപ് ധൻകർ രാജിവച്ചപ്പോൾ ഉയരുന്ന ചോദ്യമിതാണ്. ജസ്റ്റിസ് യശ്വന്ത് വർമയെ കുറ്റവിചാരണ ചെയ്യാനുള്ള പ്രമേയ നോട്ടിസ് രാജ്യസഭയിൽ സ്വീകരിച്ചതിനെച്ചൊല്ലി കേന്ദ്രസർക്കാരുമായുണ്ടായ തർക്കമാണു രാജിയിലേക്കു നയിച്ചതെന്നാണ് ആദ്യ സൂചന.

പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നാണു നോട്ടിസ് ലഭിച്ചത്. 63 അംഗങ്ങൾ ഒപ്പുവച്ചിട്ടുണ്ടെന്നും അതേ വിഷയത്തിൽ പ്രമേയ നോട്ടിസ് ലോക്സഭയിലും ലഭിച്ചിട്ടുണ്ടെങ്കിൽ രണ്ടു സഭാധ്യക്ഷരും ചേർന്നാണു തുടർനടപടി തീരുമാനിക്കേണ്ടതെന്നുമാണ് ഇന്നലെ വൈകിട്ട് 4നുശേഷം ധൻകർ സഭയിൽ പറഞ്ഞത്. 9 മണി കഴിഞ്ഞ് രാജി പ്രഖ്യാപനം പുറത്തുവന്നു.

ഭരണ–പ്രതിപക്ഷ അംഗങ്ങളുടെ ഒപ്പോടെയുള്ളതായിരുന്നു ലോക്സഭയിലെ പ്രമേയ നോട്ടിസ്. എന്നാൽ, രാജ്യസഭയിൽ പ്രതിപക്ഷത്തിന്റേതു മാത്രമായുള്ള നോട്ടിസാണു ലഭിച്ചത്. അത്തരമൊരു നീക്കം പ്രോത്സാഹിപ്പിക്കാൻ സർക്കാർ താൽപര്യപ്പെട്ടില്ല. എന്നാൽ, അതു വകവയ്ക്കാൻ അധ്യക്ഷൻ തയാറായില്ലെന്നാണു സൂചന. പ്രമേയ നോട്ടിസ് ഇരുസഭകളിലും ലഭിച്ചാൽ ബാധകമാകുന്ന ചട്ടങ്ങളുൾപ്പെടെ വിശദീകരിച്ച്, രാജ്യസഭയിലെ നോട്ടിസിലും നടപടികൾ മുന്നോട്ടുകൊണ്ടുപോകാനാണു തീരുമാനമെന്ന് അദ്ദേഹം സൂചിപ്പിച്ചു.

രാജ്യസഭയിലെ ഇന്നലത്തെ നടപടി ധൻകർ ഉപരാഷ്ട്രപതി പദത്തിനുമേൽ സ്വയം അടിച്ച അവസാനത്തെ ആണിയായി എന്നാണ് ബിജെപി വൃത്തങ്ങൾ പറഞ്ഞത്. ജുഡീഷ്യറിക്കെതിരെ തലങ്ങും വിലങ്ങുമുള്ള വിമർശനം, ഗുസ്തിക്കാരുടെയും കർഷകരുടെയും സമരങ്ങളിൽ സർക്കാരിനെതിരെയുള്ള വിമർശനം തുടങ്ങിയവയിലൂടെ ധൻകർ ഭരണനേതൃത്വത്തിന്റെ അപ്രീതി നേടിയിരുന്നു.

എന്നാൽ, സർക്കാരിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന അധ്യക്ഷനെയാണു രാജ്യസഭയിൽ കണ്ടിരുന്നത്. പക്ഷപാതിയെന്ന് പ്രതിപക്ഷവിമർശനം നേരിടേണ്ടിയും വന്നു. കഴിഞ്ഞ ഡിസംബറിൽ ധൻകറെ അധ്യക്ഷസ്ഥാനത്തുനിന്നു നീക്കാൻ ഇന്ത്യാസഖ്യത്തിലെ 60 അംഗങ്ങൾ രാജ്യസഭയിൽ നോട്ടിസ് നൽകുന്ന സ്ഥിതിവരെ കാര്യങ്ങളെത്തി.

രാജി രാഷ്ട്രപതി സ്വീകരിക്കുന്നതോടെയാണു പ്രാബല്യത്തിലാവേണ്ടത്. എന്നാൽ, ആരോഗ്യപ്രശ്നങ്ങളാലുള്ള രാജിക്ക്



ഇന്നലെ രാജ്യസഭയിൽ കോൺഗ്രസ് നേതാവ് മല്ലികാർജുൻ ഖർഗെ പ്രസംഗിക്കുമ്പോൾ നിർദേശങ്ങൾ നൽകുന്ന ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. വിഡിയോ ദൃശ്യം.

ഉടനടി പ്രാബല്യമെന്നു കത്തിന്റെ ആദ്യ വാചകത്തിൽത്തന്നെ ധൻകർ വ്യക്തമാക്കിയതു ശ്രദ്ധേയമായി. ഉപരാഷ്ട്രപതി രാജിവച്ചാലുള്ള ഒഴിവ് താൽക്കാലികമായി നികത്താൻ എന്തു ചെയ്യണമെന്നു ഭരണഘടനയിൽ പറയുന്നില്ല. അതുകൊണ്ടുതന്നെ ഉപരാഷ്ട്രപതിയുടെ ചുമതല ഉടനെ ആർക്കെങ്കിലും നൽകുകയെന്ന വിഷയം ഉയരുന്നില്ല.

എന്നാൽ, രാജ്യസഭാ അധ്യക്ഷനെന്ന പദവിയിലെ ഒഴിവിന്റെ കാര്യം അങ്ങനെയല്ല. ഒന്നുകിൽ ഉപാധ്യക്ഷന് അല്ലെങ്കിൽ സഭയിലെ ഏതെങ്കിലും അംഗത്തിന് അധ്യക്ഷച്ചുമതല നൽകുന്നതായി രാഷ്ട്രപതി വ്യക്തമാക്കണം.

ഇന്നലെ വൈകിട്ടുവരെ സഭ നിയന്ത്രിച്ചയാളാണ് പെട്ടെന്ന് ആരോഗ്യപ്രശ്നം പറഞ്ഞു രാജിവച്ചത്. അദ്ദേഹത്തിന് ആരോഗ്യപ്രശ്നങ്ങളില്ലെന്നു പറയാനാവില്ല. കഴിഞ്ഞ മാർച്ചിൽ ഹൃദയസംബന്ധമായ പ്രശ്നങ്ങളാൽ ഏതാനും ദിവസം ആശുപത്രിയിലായിരുന്നു. രണ്ടാഴ്ച മുൻപ് കേരളത്തിൽ വന്നപ്പോൾ നെടുമ്പാശേരി വിമാനത്താവളത്തിൽ വച്ച് ദേഹാസ്വാസ്ഥ്യമുണ്ടായിരുന്നു.

ധൻകർ ആയതുകൊണ്ട് രാജി സർക്കാരിനെ സമ്മർദത്തിലാക്കാനാണോ എന്നു സംശയിച്ചവരുമുണ്ട്. 1990 ഓഗസ്റ്റിൽ ഉപപ്രധാനമന്ത്രി സ്ഥാനത്തുനിന്നു ദേവിലാലിനെ പുറത്താക്കാൻ പ്രധാനമന്ത്രി വി.പി.സിങ് തീരുമാനിച്ചപ്പോൾ അന്നു സഹമന്ത്രിയായിരുന്ന ധൻകർ രാജിവച്ചു. ജനതാദൾ അധ്യക്ഷനായിരുന്ന എസ്.ആർ.ബൊമ്മെയ്ക്കാണു രാജിക്കത്തു നൽകിയത്. എന്നാൽ, പിറ്റേന്നു രാജി പിൻവലിച്ചു.

ധൻകറുടെ രാജി ബിജെപിക്കു തിരിച്ചടിയാണെന്നതിൽ സംശയമില്ല. നേരത്തേ, വാജ്പേയി സർക്കാരിന്റെ കാലത്ത് ഉപരാഷ്ട്രപതിയായ ഭൈറോൺ സിങ് ഷെഖാവത്ത് രാഷ്ട്രപതിസ്ഥാനത്തേക്കു മത്സരിച്ചു പരാജയപ്പെട്ടപ്പോൾ കാലാവധി തികയാൻ കാത്തുനിൽക്കാതെ രാജി വച്ചിരുന്നു.

## ആരോഗ്യത്തിന് അപ്പുറം കാരണങ്ങൾ?

**റൂബിൻ ജോസഫ്**

ന്യൂഡൽഹി ● ആരോഗ്യകാരണങ്ങൾ ചൂണ്ടിക്കാട്ടിയാണു രാജിക്കത്തു നൽകിയതെങ്കിലും വൈകിട്ട് ഏഴര വരെ ഉപരാഷ്ട്രപതി ധൻകറും ഇതെക്കുറിച്ചു ചിന്തിച്ചിരുന്നില്ലെന്നു സൂചന. ഇന്ന് ഉച്ചയ്ക്ക് ഭരണ–പ്രതിപക്ഷ എംപിമാർ പങ്കെടുക്കുന്ന കാര്യോപദേശക സമിതി യോഗം അദ്ദേഹം നിശ്ചയിച്ചിരുന്നു. ഇന്നലെ വൈകിട്ട് രാജ്യസഭയിൽ സംസാരിക്കുമ്പോൾ ജസ്റ്റിസ് യശ്വന്ത് വർമയ്ക്കെതിരായ കുറ്റവിചാരണ പ്രമേയത്തിലെ വിശദാംശങ്ങൾ പരിശോധിച്ചു താൻതന്നെ സഭയെ അറിയിക്കുമെന്നും ധൻകർ വ്യക്തമാക്കിയിരുന്നു. ആരോഗ്യകാരണങ്ങൾക്ക് അപ്പുറത്ത് രാജിയിലേക്കു നയിച്ച ഇടപെടലുകൾ ഉണ്ടെന്നു വ്യക്തമാക്കുന്നതാണിത്.

ഈ സൂചനയോടെ ധൻകറുമായി ഇന്നലെ വൈകിട്ടു നടത്തിയ കൂടിക്കാഴ്ചയുടെ വിവരങ്ങൾ കോൺഗ്രസ് നേതാവ് ജയറാം രമേശ് പങ്കുവച്ചു. ഞെട്ടിപ്പിക്കുന്ന രാജിയെന്നാണ് അദ്ദേഹം പ്രതികരിച്ചത്.

വൈകിട്ട് 5 വരെ ഞാനടക്കമുള്ള എംപിമാർ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. പുറത്തുവരുന്ന വിവരങ്ങൾക്കപ്പുറം കാരണം രാജിക്കു പിന്നിലുണ്ട്. തീരുമാനം ധൻകർ പുനഃപരിശോധിക്കുമെന്നാണു കരുതുന്നത്. ഇതിന് പ്രധാനമന്ത്രി അദ്ദേഹത്തെ പ്രേരിപ്പിക്കുമെന്നും വിശ്വസിക്കുന്നു – ജയറാം രമേശ് കുറിച്ചു.

നാളെ സഹകാര്യ സംഘടനയുടെ പരിപാടിയിൽ പങ്കെടുക്കാൻ ധൻകർ രാജസ്ഥാനിലെത്തുമെന്ന് ഇന്നലെ 3.53ന് ഉപരാഷ്ട്രപതിയുടെ ഓഫിസ് അറിയിക്കുകയും ചെയ്തിരുന്നു.

# വഴിത്തിരിവുകളുടെ ധൻകർ ജീവിതം

**▸▸അപ്രതീക്ഷിത മാറ്റങ്ങളിലൂടെ രാഷ്ട്രീയകാലം**

**എൻ.പി.സി.രംജിത്**

ന്യൂഡൽഹി ● ഉപരാഷ്ട്രപതി സ്ഥാനത്തുനിന്നുള്ള രാജിപോലെ അപ്രതീക്ഷിത വഴിത്തിരിവുകൾ നിറഞ്ഞതാണു ജഗ്ദീപ് ധൻകറുടെ ജീവിതം. 1951 മേയ് 18നു രാജസ്ഥാനിലെ ജുൻജുനു ജില്ലയിലെ കുഗ്രാമമായ കിർത്തായിലാണു ജനിച്ചത്. ഫുൾ മെറിറ്റ് സ്കോളർഷിപ്പിൽ സൈനിക സ്കൂളിൽ പ്രവേശനം നേടി. ഭൗതികശാസ്ത്രത്തിലായിരുന്നു ബിരുദം. പിന്നാലെ നിയമബിരുദവും നേടി 1979ൽ രാജസ്ഥാൻ ബാർ കൗൺസിലിൽ അഭിഭാഷകനായി. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും പ്രാക്ടിസ് വ്യാപിപ്പിക്കവേയാണു ഹരിയാനയിലെ കർഷകനേതാവ് ചൗധരി ദേവിലാലിന്റെ വിളിയെത്തുന്നത്.

1987ൽ ഡൽഹി ബോട്ട് ക്ലബ്ബിൽ ദേവിലാൽ പ്രതിപക്ഷ കക്ഷികളുടെ വൻറാലി സംഘടിപ്പിച്ചിരുന്നു. ജാട്ട് വിഭാഗത്തിന്റെ ആവേശമായിരുന്ന ദേവിലാലിന്റെ വിളി ധൻകറിന് അവഗണിക്കാനായില്ല. അഞ്ഞൂറോളം വാഹനങ്ങളിൽ നിറയെ ആളുകളുമായി എത്തിയ ധൻകർ, ദേവിലാലിന്റെ മനസ്സു നിറച്ചു. 1989ലെ തിരഞ്ഞെടുപ്പിൽ ജുൻജുനു ലോക്സഭാ മണ്ഡലത്തിൽ ജനതാദൾ സ്ഥാനാർഥിയായി മത്സരിക്കണമെന്ന് ആവശ്യപ്പെടാനാണു ദേവിലാൽ പിന്നെ വിളിച്ചത്. അതോടെ ജഗ്ദീപ് ധൻകർ ജനതാദളുകാരനായി, എംപിയായി. 1990ൽ വി.പി.സിങ് മന്ത്രിസഭയിൽ ധൻകർ പാർലമെന്ററികാര്യ സഹമന്ത്രിയായി. എന്നാൽ, വി.പി.സിങ്ങുമായുള്ള അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ ദേവിലാൽ മന്ത്രിസഭ വിട്ടപ്പോൾ ധൻകറും മന്ത്രിസ്ഥാനം ഉപേക്ഷിച്ചു. പിന്നാലെ ചന്ദ്രശേഖർ മന്ത്രിസഭയിൽ ധൻകർ സഹമന്ത്രിയായി.

ചന്ദ്രശേഖർ മന്ത്രിസഭയുടെ വീഴ്ചയും രാജീവ് ഗാന്ധി കൊല്ലപ്പെട്ടതും രാജ്യത്തെ രാഷ്ട്രീയ സാഹചര്യം കോൺഗ്രസിന് അനുകൂലമാക്കി. പി.വി.നരസിംഹറാവു പ്രധാനമന്ത്രിയായതോടെ ദേവിലാലിനും ജനതാദളിനും മുന്നിൽ വഴികളടഞ്ഞു. ഇതോടെ ധൻകർ കൂറുമാറി കോൺഗ്രസുകാരനായി. 1993ൽ കോൺഗ്രസ് ടിക്കറ്റിൽ രാജസ്ഥാൻ നിയമസഭയിലെത്തി.

1994ൽ തലച്ചോറിലെ രക്തസ്രാവത്തെത്തുടർന്നു മകൻ ദീപക് മരിച്ചതു ധൻകറിനെ തളർത്തി. പിന്നാലെ സജീവരാഷ്ട്രീയം വിട്ടു. 2003ൽ ബിജെപിയിൽ ചേർന്നു. സജീവരാഷ്ട്രീയത്തിലേക്കു തിരിച്ചുവരാൻ പിന്നെയും വർഷങ്ങളെടുത്തു. ഈ ഇടവേളയിൽ സുപ്രീംകോടതിയിൽ സീനിയർ അഭിഭാഷകനായി തിളങ്ങി. 2016ൽ ബംഗാളിൽ ബിജെപിയുടെ നിയമകാര്യ വിഭാഗത്തിന്റെ ചുമതല വഹിച്ചു. തുടർന്ന് ബംഗാൾ ഗവർണറായി നിയമിതനായതു രാഷ്ട്രീയജീവിതത്തിൽ മറ്റൊരു വഴിത്തിരിവായി. അവിടെ മമത സർക്കാരുമായി ഇടഞ്ഞ് ദേശീയ രാഷ്ട്രീയത്തിലും നിറഞ്ഞു.

കോൺഗ്രസിലെ മാർഗരറ്റ് ആൽവയെ പരാജയപ്പെടുത്തിയാണ് ജഗദീപ് ധൻകർ രാജ്യത്തിന്റെ 14-ാം ഉപരാഷ്ട്രപതിയായത്. പ്രതിപക്ഷവുമായി നിരന്തരം കലഹിച്ച് അവിടെയും നിറഞ്ഞു നിൽക്കുമ്പോൾ ആ നിയോഗവും പാതിയിൽ ഉപേക്ഷിച്ച് ധൻകർ മടങ്ങുന്നു.



## വിദ്യാഭ്യാസം

മനോരമ **education**

# യുജിസി നെറ്റ് ഫലമായി

**▸▸5269 പേർക്ക് ജെആർഎഫ്**

ന്യൂഡൽഹി ● യുജിസി നെറ്റ് (ജൂൺ സെഷൻ) ഫലം പ്രസിദ്ധീകരിച്ചു. 85 വിഷയങ്ങളിലായി പരീക്ഷയെഴുതിയ 7,52,007 വിദ്യാർഥികളിൽ 5269 പേർ ജെആർഎഫ് യോഗ്യത നേടി. പിഎച്ച്ഡി പ്രവേശനത്തിനും കോളജ് അധ്യാപക നിയമനത്തിനും യോഗ്യത നേടിയത് 54,885 പേരാണ്. 1.28 ലക്ഷം പേർ പിഎച്ച്ഡി പ്രവേശനത്തിനു മാത്രമുള്ള യോഗ്യത നേടി. https://ugcnet.nta.ac.in/

### എൻജിനീയറിങ് ഒന്നാം അലോട്മെന്റ്

തിരുവനന്തപുരം ● സംസ്ഥാനത്തെ എൻജിനീയറിങ് കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്മെന്റ് പ്രസിദ്ധീകരിച്ചു. www.cee.kerala.gov.in. മെമ്മോയിൽ കാണിച്ച ഫീസ് 25ന് 11ന് അകം ഓൺലൈനായോ വെബ്സൈറ്റിൽ കൊടുത്ത ഹെഡ് പോസ്റ്റ് ഓഫിസുകൾ മുഖേനയോ അടയ്ക്കണം.

### ബിആർക് പ്രവേശനം

തിരുവനന്തപുരം ● ബിആർക് പ്രവേശനത്തിനായി പ്രവേശനപരീക്ഷാ കമ്മിഷണർക്കു നിലവിൽ മാർക്ക് വിവരങ്ങൾ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾക്ക്, യോഗ്യതാപരീക്ഷയിൽ (പ്ലസ്ടു/ഡിപ്ലോമ അഥവാ തത്തുല്യം) ലഭിച്ചിട്ടുള്ള മാർക്കുമായി വ്യത്യാസമുണ്ടെങ്കിൽ www.cee.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കാൻ ഇന്ന് ഉച്ചയ്ക്ക് 1 വരെ അവസരമുണ്ട്.

### നഴ്സിങ്, പാരാ മെഡി.: താൽക്കാലിക റാങ്ക്‌ലിസ്റ്റായി

തിരുവനന്തപുരം ● നഴ്സിങ്, പാരാമെഡിക്കൽ ഡിഗ്രി പ്രവേശനത്തിനുള്ള താൽക്കാലിക റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു. www.lbscentre.kerala. gov.in. പരാതി ഇന്ന് അഞ്ചിനകം ഓൺലൈനായി അറിയിക്കണം. 0471 2560363

### സ്പോട് അലോട്മെന്റ്

തിരുവനന്തപുരം ● എംഎസ്‌സി ഓഡിയോളജി, എംഎസ്‌സി സ്പീച്ച് ലാംഗ്വേജ് പതോളജി കോഴ്സുകളിലെ ഒഴിവുകളിലേക്കു പ്രവേശനത്തിനുള്ള സ്പോട് അലോട്മെന്റ് എൽബിഎസ് ജില്ലാ കേന്ദ്രങ്ങളിൽ നാളെ 10ന് നടക്കും. വിശദാംശങ്ങൾ അലോട്മെന്റിനു മുൻപ് www.lbscentre.kerala.gov.inൽ പ്രസിദ്ധീകരിക്കും. അലോട്മെന്റ് ലഭിച്ചാൽ അന്ന് ഫീസ് ഒടുക്കി 25ന് അകം പ്രവേശനം നേടണം. 0471 2560361

### എൽഎൽബി: ഓപ്ഷൻ 27 വരെ

തിരുവനന്തപുരം ● 3 വർഷ, 5 വർഷ എൽഎൽബി പ്രോഗ്രാമുകളിൽ 4 ഗവ. ലോ കോളജുകളിലെ മുഴുവൻ സീറ്റുകളിലേക്കും സ്വകാര്യ സ്വാശ്രയ ലോ കോളജുകളിലെ 50% സർക്കാർ സീറ്റുകളിലേക്കുമുള്ള ഓപ്ഷൻ 27നു രാത്രി 11.59 വരെ ഓൺലൈനായി നൽകാം. www.cee.kerala.gov.in

### സർവകലാശാലാ മാറ്റം: പ്രൊവിഷനൽ പട്ടിക

കോട്ടയം ● ബിരുദ ഓണേഴ്സ് പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിൽ മറ്റു സർവകലാശാലകളിൽനിന്ന് എംജി സർവകലാശാലയിലേക്കു മാറി പഠിക്കുന്നതിന് അപേക്ഷിച്ചവരുടെ പ്രൊവിഷനൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.

### പിജി, ബിഎഡ്: രണ്ടാം പ്രത്യേക അലോട്മെന്റ്

കോട്ടയം ● എംജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തരബിരുദ, ബിഎഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കുള്ള രണ്ടാം പ്രത്യേക അലോട്മെന്റ് പ്രസിദ്ധീകരിച്ചു. നാളെ വൈകിട്ട് 4നു മുൻപു പ്രവേശനം നേടണം.